KOTTAYAM PUBLIC LIBRARY

Call No. MF3 Acc. No. 29132

Author അച്യുതനുണ്ണി ചാത്തനാത്ത്

Title ദേവമാലിക

# ദേവാനാം പ്രിയഃ

(നോവൽ)

ദേവാനാം പ്രിയഃ

ചാത്തനാത്ത് അച്യുതനുണ്ണി

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2·25

KOTTAYAM PUBLIC LIBRARY KOTTAYAM 29132

MF3

S1927 B1198 99/66–67 1–2000 JK 109

V.V.V. Good.

ബിന്ദുസാരന്നുശേഷം, ഉജ്ജയിനിയിലെ ഭരണാധിപനായിരുന്ന അശോകൻ ചക്രവർത്തിയുടെ സിംഹാസനത്തിലേക്കു കയറി. ക്രൂരമായ സഹോദരനിധനംകൂടി ആ നേട്ടത്തിന്നു വേണ്ടിവന്നതായിട്ടാണു് ചിലരുടെ പക്ഷം. എങ്ങനെയായാലും, അദ്ദേഹത്തിന്റെ ഹൃദയം സ്നേഹശീതളവും കരുണാമസൃണവുമായി ഉയരാൻ സംഗതിവന്നതു് രക്തപങ്കിലവും ദാരുണവുമായ കലിംഗയുദ്ധത്തിന്നു പിറകിലാണെന്നു തീർത്തു പറയാം—ചരിത്രകാരനും ബുദ്ധമതപ്രചാരകനും ഇതിനപ്പുറമൊന്നും ചെന്നെത്തിയിട്ടില്ല.

നമുക്കിത്രത്തോളംകൊണ്ടു തൃപ്തിയടയുവാൻ സാധിക്കുന്നുണ്ടോ? ഭയങ്കരമോ യാതനാമയമോ ആയിത്തീർന്ന ഒരു സമരഭൂമിനിമിത്തം എന്നെന്നും ഭുവനമാകെ ആരാധിക്കുവാൻ പററിയ മാനസികപരിവർത്തനം ഒരു രാജകീയജീവിതത്തിൽ വന്നുചേർന്നതു് വിശ്വാസ്യതയുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുകയാണു്. സാംസ്കാരികവും രാഷ്ട്രീയവുമായ സമുദ്ഗ്രഥനത്തിലൂടെ ഭാരതീയജീവിതത്തിന്നു പുതിയൊരു ഉണർവും സൗന്ദര്യവും സംഭാവനചെയ്തു എന്നതാണല്ലോ അശോകന്റെ മഹത്ത്വം. കലിംഗസമരം വഴി അങ്ങനെയൊരു മഹത്ത്വത്തിലേക്കു വികസിച്ചെത്തുവാൻ ഒരു പവിത്രചര്യയുടെ പശ്ചാത്തലം ചക്രവർത്തിയിലുണ്ടായിരിക്കേണ്ടതാണു്. ധാർമ്മികമായ ആ പശ്ചാത്തലം ചിത്രീകരിക്കുവാനാണു് ഈ നോവലിൽ ശ്രമിച്ചിട്ടുള്ളതു്.

ഒരു വാക്കുകൂടി: ഈ നോവലെഴുതുവാൻ എനിക്കു പ്രചോദനം തന്ന ശ്രീ കെ. വി. തമ്പി, എം. ഏ., ശ്രീ സാമുവൽ ചന്ദനപ്പള്ളി, എം. ഏ. എന്നിവരോടു് ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു.

ചാത്തനാത്ത് അച്യുതനുണ്ണി

Read again and again

## ഒന്നു്

കിഴക്കൻചക്രവാളത്തിൽ പ്രഭാതം പൊട്ടിവിടർന്നു. ശാന്തസുന്ദരമായ ഒരു ദിവ്യചൈതന്യം എങ്ങും കളിയാടി. ഇളംകാറ്റിൽ നൃത്തമാടുന്ന വല്ലികൾ. മഴവില്ലുകളണിഞ്ഞ മഞ്ഞിൻതുള്ളികളിലൂടെ പ്രകാശം മുകരുന്ന പുൽക്കൊടികൾ; വിശാലതയുടെ മാഹാത്മ്യമാസ്വദിക്കുവാൻ വെമ്പുന്ന കുന്നിൻനിരകൾ; ധ്യാനനിർഭരമായ അന്തരീക്ഷം അന്തരംഗത്തിലുണർന്ന ഒരു പുതിയ അനുഭൂതിയെ ആവിഷ്കരിക്കുകയാണു്.

ആ വലിയ ഉദ്യാനത്തിന്നു നടുവിൽ പച്ചപ്പുൽപ്പരപ്പിൽ ഒരു യുവാവു് കിഴക്കോട്ടു തിരിഞ്ഞു കണ്ണടച്ചുകൊണ്ടു നില്ക്കുന്നു. നിറുകയിൽ ചേർത്തുവെച്ച കൈകൾ താമരമൊട്ടിനെ ഓർമ്മപ്പെടുത്തി. ഉറച്ച പേശികളുള്ള ആ കൊഴുത്ത ശരീരം സൂര്യരശ്മികളിൽത്തിളങ്ങി. ഇരുപത്തെട്ടു വയസ്സിലധികം പ്രായമദ്ദേഹത്തിനില്ല. ധ്യാനത്തിൽ മുഴുകിയിരുന്ന ആ തുടുത്ത മുഖത്തു് ശാന്തമായൊരു ഭാവമാണു കാണാനുള്ളതു്. അതേ നില്പിൽ കുറച്ചുനേരം നിന്നതിന്നുശേഷം പൊടുന്നനെ അദ്ദേഹം ഒരു ദണ്ഡനമസ്കാരത്തിന്നു മുതിർന്നു. പിന്നീടു പതുക്കെ എഴുന്നേറ്റു നിലത്തു വിരിച്ച ഉത്തരീയം കുനിഞ്ഞെടുത്തു് കുടഞ്ഞു ശരീരത്തിലെ പൊടിതട്ടി. പിന്നെ ആ പുൽത്തകിടിയിലൂടെ നടന്നുനീങ്ങി.

ഗംഭീരമായ ഒരു ഭാവമാണു് ആ കണ്ണുകളിൽ നിഴലിച്ചിരുന്നതു്. വിരിഞ്ഞ മാറിടവും വിടർന്ന കണ്ണുകളും നീണ്ട പുരികങ്ങളും ഉയർന്ന നാസികയും ബലിഷ്ഠമായ ഒത്ത ശരീരവുമുള്ള ആ യുവാവു് ക്ഷാത്രതേജസ്സിന്റെ പ്രതിബിംബമായിരുന്നു. അദ്ദേഹം മുന്നിലുള്ള വെണ്ണക്കൽപ്പട

വൃകരം കയറി മനോഹരമായ കൊട്ടാരത്തിലേക്കു പ്രവേശിച്ചു.

ആ സമയത്തു് ഉദ്യാനത്തിൻെറ ഒരു മൂലയിൽനിന്നു് മന്ദ്രമായൊരു മണിനാദം മുഴങ്ങി. ഉദ്യാനത്തിലും കൊട്ടാരത്തിലുമുള്ള പരിജനങ്ങരംക്കു് ഒരു മുന്നറിയിപ്പായിരുന്നു അതു്. ഉജ്ജയിനിയിലെ രാജാവായ അശോകവദ്ധനൻ ധ്യാനംകഴിഞ്ഞു് ഉദ്യാനത്തിൽനിന്നു് ഇതാ കൊട്ടാരത്തിലേക്കെഴുന്നെള്ളുന്നു എന്നത്രേ ആ മണിനാദം വിളിച്ചറിയിച്ചതു്.

രാജാവു് സഭാമന്ദിരത്തിലൂടെ നടന്നുനീങ്ങി അപ്പുറത്തുള്ള ഒരു നീണ്ട ഇടനാഴിയിലേക്കു കടന്നു. സുന്ദരമായ കൊത്തുവേലകരംകൊണ്ടലങ്കരിച്ച കൂററൻ തൂണുകരംക്കു നടുവിൽ പല വണ്ണത്തിലുള്ള ഗ്ലോപ്പകരം പ്രതിഫലിക്കുന്ന വിചിത്രമായ കണ്ണാടിത്തറയിലൂടെ നടന്നു് ആ ഇടനാഴിയുടെ അങ്ങേയററത്തുള്ള അടഞ്ഞുകിടക്കുന്ന മുറിക്കു മുന്നിലെത്തി. വാതിലുകരം ഉന്തിത്തുറന്നു് അകത്തു കടന്നു.

മുറിക്കു നടുവിൽ സ്ഥാപിച്ചിരുന്ന ഒരു കൂററൻവിളക്കിൻെറ പ്രകാശം അവിടെയെങ്ങും പരന്നിരുന്നു. നെയ്യിൽ മുങ്ങിയ അഞ്ചു നീണ്ട തിരികരം ജ്വലിക്കുന്ന ഒരു പിച്ചളനിലവിളക്കായിരുന്നു അതു്. ചുമരിന്നും വിളക്കിന്നും നടുവിൽ നിലത്തുറപ്പിച്ച ഒരു മുക്കാലിയുടെ മുകളിൽ വണ്ണാഞ്ചിതമായ പട്ടു വിരിച്ചു് ഒരു വാരം വെച്ചിട്ടുണ്ടു്. മൗര്യവംശസ്ഥാപകനും അശോകൻെറ മുത്തച്ഛനുമായ ചന്ദ്രഗുപ്തമൗര്യൻെറ വാളത്രെ അതു്. മുറിയുടെ ചുവരിൽ നിറയെ അദ്ദേഹത്തിൻെറ ചിത്രങ്ങരം എഴുതപ്പെട്ടിരിക്കുന്നു. കുതിരപ്പുറമേറി കുതിക്കുന്ന വീര്യജ്യംഭണമുററ ചിത്രമാണൊന്നു്. വില്ലുമമ്പും ധരിച്ച ലക്ഷ്യവേധത്തിന്നു തെയ്യാറായി നില്ക്കുന്നതു മറെറാന്നു്. വലംകൈയിൽ ഓങ്ങിപ്പിടിച്ച വാളുമായി നില്ക്കുന്നതു വേറൊന്നു്. അങ്ങനെയങ്ങനെ, ശൗര്യവും വീര്യവും ഗാംഭീര്യവും മാഹാത്മ്യവും സ്ഫുരിക്കുന്ന ചന്ദ്രഗുപ്തമൗര്യൻെറ ചിത്രങ്ങരം വണ്ണമോഹനമായ രേഖകളിൽ തിളങ്ങുകയാണു്.

അശോകവദ്ധനൻ മുറിയിൽ ആകപ്പാടെയൊന്നു

നോക്കിയ ശേഷം ആ വാളിന്നു മുന്നിലേക്കുചെന്നു്, ഭക്തിപൂർവ്വം ഒരു നിമിഷം നിന്നു തൊഴുതു്, നിലത്തു മുട്ടുകുത്തി നമസ്കരിച്ചു. പിന്നീടു പതുക്കെ എഴുന്നേററു പിന്നോട്ടു നടന്നു മുറിക്കു വെളിയിൽ കടന്നു.

അദ്ദേഹം വസ്ത്രം മാറുവാനുള്ള മുറിയിലേക്കു പോയി. ഒരു തവണക്കാരി നിശ്ശബ്ദമായ കാൽവെപ്പുകളോടെ വാൾ വെച്ച മുറിയിലേക്കു വന്നു. വിളക്കിന്റെ അഞ്ചു തിരികളിൽ നാലും കെടുത്തി പുറത്തുകടന്നു വാതിൽ ചേർത്തു ചാരി.

അല്പസമയത്തിന്നുള്ളിൽ രാജാവു് ഭക്ഷണശാലയിലെത്തി. അവിടെ മുറിക്കു നടുവിൽ വൃത്താകാരമായ ഒരു മേശമേൽ ഭക്ഷണം ഒരുക്കിവെച്ചിട്ടുണ്ടു്. അരികെയുള്ള ഇരിപ്പിടങ്ങളിലൊന്നിൽ സുന്ദരിയായൊരു യുവതി ഇരുന്നിരുന്നു. രാജാവു കടന്നുചെന്നപ്പോൾ അവൾ എഴുന്നേററു. അദ്ദേഹം ഒരു പുഞ്ചിരിയോടെ മേശയ്ക്കു മുന്നിൽ പ്രത്യേകം ഒരുക്കിയ ആസനത്തിൽ ഉപവിഷ്ടനായി. അടുത്തുതന്നെ മറെറാരു പീഠത്തിൽ ഇരിക്കുവാൻ യുവതിയെ ക്ഷണിച്ചു. അവൾ ഇരുന്നു് വെള്ളിക്കൂജയിൽനിന്നു പാൽ ഗ്ലാസ്സിൽ പകർന്നു് അദ്ദേഹത്തിന്റെ മുന്നിൽ വെച്ചു.

''ഈ മാമ്പഴം വളരെ നല്ലതാണല്ലോ!'' അശോകവർദ്ധനൻ പ്രേമംനിറഞ്ഞ ഒരു നോട്ടത്തോടെ ചോദിച്ചു. എന്നിട്ടു് ഒരു കഷണം മാമ്പഴം എടുത്തു് വായിലേക്കിട്ടു. ആ സൗന്ദര്യധാമത്തെ കണ്ണുകളാൽ നുകർന്നുകൊണ്ടിരിക്കെ, അദ്ദേഹം മാമ്പഴത്തെക്കുറിച്ചു മറന്നുപോലെ തോന്നി. അതെ, ആ സുന്ദരാകാരം മൂന്നു വർഷമായി തന്റെ പ്രചോദനവും ദിവ്യാനുഭൂതിയുമായിത്തീർന്നിട്ടു്. മുന്തിരിസ്സത്തിൽ അതിന്റെ മാധുര്യമെന്നപോലെ രാജാവിന്റെ ഹൃദയം ആ കന്യകയിൽ അലിഞ്ഞുചേർന്നിരുന്നു.

''വേദസാഗരീ,'' അദ്ദേഹം പ്രേമപൂർവ്വം ചോദിച്ചു, ''നീ എന്താണു് ഒന്നും പറയാത്തതു്?'' അദ്ദേഹം ഒരു കഷണം മാമ്പഴമെടുത്തു് അവൾക്കു കൊടുത്തു.

വേദസാഗരി വളരെ ചുരുക്കം വേളകളിൽ മാത്രമേ സംസാരിക്കാറുള്ളു. ഒരു പുഞ്ചിരിപോലും ആ ചുണ്ടുകൾ

ക്കു് അപരിചിതമാണു്. ആ മുഖത്തു തികച്ചും പ്രത്യേക മായ ഒരു ഭാവവും ലാവണ്യവുമായിരുന്നു ഉണ്ടായിരുന്നതു്.

''ഇക്കൊല്ലം തേന്മാവുകളിലെല്ലാം ധാരാളം പഴ മുണ്ടു്....അല്ലേ?'' അദ്ദേഹം വീണ്ടുമന്വേഷിച്ചു.

ഇത്തവണ അവളുടെ ചുണ്ടുകഠം മന്ത്രിച്ചു: ''തോട്ടക്കാ രൻ വളരെ ശ്രദ്ധിക്കുന്നുണ്ടു്.''

''എന്നുവെച്ചാൽ?'' അശോകവദ്ധനൻ അവളെക്കൊ ണ്ടു വല്ലതും പറയിക്കുവാൻ ശ്രമിക്കയായിരുന്നു.

''അയാഠം ആരെയും തോട്ടത്തിന്നകത്തു കടത്തിവിടു കയില്ല. വെള്ളം നനച്ചും വളംചേത്തും മററും ശുശ്രൂഷിക്കു ന്നുമുണ്ടു്.''

രാജാവു ചിരിച്ചു. എന്തിനാണു ചിരിക്കുന്നതെന്നു് അദ്ദേഹത്തിന്നുതന്നെ അറിയാമായിരുന്നില്ല. വേദസാ ഗരി തമാശയൊന്നും പറഞ്ഞില്ലെങ്കിലും, ആ മൊഴികഠം അദ്ദേഹത്തിന്നു മധുരമധുരമായ ഒരനുഭൂതിയായിരുന്നു.

അദ്ദേഹം പലതുമന്വേഷിച്ചു. ഒന്നും അറിയാനല്ല; വേദസാഗരിയുടെ ചുണ്ടുകളിൽനിന്നുതിരുന്ന നാദം ആസ്വ ദിക്കുവാൻ മാത്രം. അവളാകട്ടെ, അദ്ദേഹത്തിൻെറ പല ചോദ്യങ്ങഠംക്കും ഒററവാക്കിൽ ഉത്തരം പറഞ്ഞുകളഞ്ഞു! എന്നിട്ടുമദ്ദേഹം പലപ്പോഴും പൊട്ടിച്ചിരിക്കുന്നുണ്ടായി രുന്നു!

ഭക്ഷണത്തിന്നുശേഷം വേദസാഗരി അന്തഃപുരത്തി ലേക്കു പോയി. രാജാവു് വസ്ത്രം മാറുവാനുള്ള മുറിയിലേ ക്കും. അദ്ദേഹം കുതിരസ്സവാരിക്കു വേണ്ടുന്ന വസ്ത്രങ്ങഠം ധരിച്ചു തെയ്യാറായപ്പോഴേക്കും, ഒരു തവണക്കാരൻ വന്നു നമസ്കരിച്ചറിയിച്ചു:

''മഹാരാജാവു വിജയിച്ചാലും! എഴുന്നെള്ളുവാൻ സമയമായിരിക്കുന്നു.''

പതിവുപോലെ, മാർബിഠംപ്പടവുകഠംക്കു താഴെ ഉ ദ്യാനത്തിലൂടെയുള്ള നടവഴിയിൽ ഒരു വെള്ളക്കുതിര തെ യ്യാറായി നില്പുണ്ടായിരുന്നു. ഒരു കറുത്ത പട്ടുതുണി അതി ൻെറ മുതുകിൽ ഇട്ടിട്ടുണ്ടു്. കടിഞ്ഞാണോ ജീനിയോ ഇ ല്ലായിരുന്നു. അവയുടെ ആവശ്യമില്ല—ആ വാഹനത്തി

ന്നും യാത്രക്കാരനും അത്രമേലൊരു പരസ്പരധാരണയാണു ണ്ടായിരുന്നതു്.

അശോകവൎദ്ധനൻ ഒരു പുഞ്ചിരിയോടെ അതിൻെറ മുതുകിലും കഴുത്തിലും തഴുകി. പ്രഭാതഭക്ഷണം കഴിച്ചുവോ എന്നന്വേഷിച്ചു. കുതിര തലയാട്ടി. അദ്ദേഹം അതിൻെറ പുറത്തു ചാടിക്കയറിയിരുന്നു. ഉദ്യാനത്തിൽ പൂമരങ്ങൾക്കിടയിലായി നീണ്ടുകിടന്ന പാതയിലൂടെ പതിവുപോലെ ആ കുതിര പതുക്കെ നീങ്ങി.

രാവിലത്തെ കുതിരസ്സവാരി ഒരിക്കലുമദ്ദേഹം മുടക്കാറില്ല. ദിഗന്തങ്ങളിൽ തുളുമ്പുന്ന നവോന്മേഷവും പ്രകാശവും ആസ്വദിച്ചൊരു യാത്ര അത്രമേൽ രാജാവിന്നു പ്രിയംകരമായിരുന്നു. ഇത്തരമൊരു യാത്രയിലാണു് അദ്ദേഹം തൻെറ പത്നിയെ ആദ്യമായി കണ്ടെത്തിയതു്. മൂന്നുവൎഷം മുൻപാണതു്. അന്നദ്ദേഹം കൊദംഗയിൽ താവളമടിച്ചിരിക്കയായിരുന്നു. ഒരു വളവിൽവെച്ചു്, അസാധാരണമായവിധം കുതിരയൊന്നു വിരണ്ടുചാടി യാത്രക്കാരനെ തള്ളിയിട്ടു. ഏകദേശം നൂററൻപതുവാരയകലെയായി പാത മുറിച്ചു കടന്നിരുന്ന മൂന്നു യുവതികളിൽ രണ്ടുപേർ ആ കാഴ്ച കണ്ടു് അമൎത്തിച്ചിരിച്ചു. അപ്പുറത്തുള്ള നദിയിൽനിന്നു കുളികഴിഞ്ഞു മടങ്ങുകയാണവർ. അശോകൻ അവരെ ശ്രദ്ധിച്ചു. തന്നെക്കുറിച്ചെന്തോ പറഞ്ഞു ചിരിക്കുകയാണവരെന്നു് അദ്ദേഹത്തിന്നു മനസ്സിലായി. മൂന്നാമത്തെ യുവതിയും ആ കാഴ്ച കാണാഞ്ഞിട്ടല്ല. എന്നാൽ, അവൾ പുഞ്ചിരിക്കപോലും ചെയ്യാതെ, തികച്ചും ഗൗരവമുള്ള ഭാവത്തിൽ ഒന്നു നോക്കുക മാത്രമാണുണ്ടായതു്.

അദ്ദേഹം വീണ്ടും കുതിരപ്പുറത്തുകയറി അവൎക്കു സമീപമെത്തി. മൂവരും സമപ്രായക്കാരാണു്. മധുരപ്പതിനേഴിൻെറ ലാവണ്യം വഴിയുന്ന സുന്ദരിമാർ. പാതയ്ക്കപ്പുറത്തുവെച്ചു് അവർ പിരിഞ്ഞു തങ്ങളുടെ വീടുകളിലേക്കു നടന്നു. അശോകൻ ഒരു നിമിഷം ആലോചിച്ചുനിന്നു. പിന്നെ ആ മൂന്നാമത്തെ യുവതിയെ പിന്തുടൎന്നു. അവളുടെ മന്ദിരത്തിൻെറ പടികടന്നു. അവൾ പെട്ടെന്നു തിരിഞ്ഞു്, ആ സന്ദൎശകനെ അത്ഭുതംകൊണ്ടു വിരിഞ്ഞ മിഴികളോടെ

നോക്കി. ആരാണാ രാജകീയപുരുഷനെന്നു് അവരംക്ക മനസ്സിലായില്ല.

എന്തു മുടന്തൻന്യായമാണു് അശോകന്നു പറയാനുള്ള തു്? അദ്ദേഹം തന്റെ വീഴ്ചയെപ്പററി സൂചിപ്പിച്ചു.

അവരം മൊഴിഞ്ഞു: ''ഓഹോ! അങ്ങയുടെ കാലിനു് ഉളുക്കപററിയോ? വരൂ, അച്ഛനു് അങ്ങയെ സഹായി ക്കാൻ കഴിഞ്ഞേക്കും.''

''വളരെ നന്ദി.'' അദ്ദേഹം പറഞ്ഞു: ''എനിക്ക ല്പം വിശ്രമിക്കയേ വേണ്ടു.''

അവരം തലതാഴ്ത്തി വീട്ടിനുള്ളിലേക്കു കയറിപ്പോയി.

പിതാവു് അദ്ദേഹത്തെ സ്വീകരിച്ചു സല്ക്കരിച്ചു. എ ന്തൊക്കെയോ ചില മരുന്നിലകരം കൊണ്ടുവന്നു കൈകൊ ണ്ടു തിരുമ്മി നീരെടുത്തു് അദ്ദേഹം അതിഥിയുടെ ഞെരി യാണിയിൽ തടവി ഉഴിഞ്ഞു.

ഏതോ രാജപുരുഷനാണെന്നു മാത്രമേ അശോകനെ ക്കറിച്ചു് അദ്ദേഹം മനസ്സിലാക്കിയുള്ളു. കൂടുതൽ ചോദ്യോ ത്തരങ്ങരംക്കൊന്നും അവസരം കൊടുക്കാതെ അശോകവ ദ്ധനൻ യാത്രപറയുകയും ചെയ്തു.

പിറേറന്നു തന്റെ വേദന മാറിയെന്നറിയിക്കാനും യുവതിയോടു നന്ദിപറയാനുമായി അദ്ദേഹം വീണ്ടുമവി ടെ വന്നു.

മൂന്നു മാസത്തിന്നു ശേഷമാണു് ആ സന്ദശ്കൻ ആരാ യിരുന്നുവെന്നു് വൃദ്ധനായ ആതിഥേയൻ മനസ്സിലാക്കി യതു്. ഉജ്ജയിനിയിലെ രാജാവായ അശോകവദ്ധനനാ ണു തന്റെ ഗൃഹം സന്ദശിച്ചതെന്നറിഞ്ഞു് അദ്ദേഹം പുള കംകൊണ്ടു. സന്തോഷവാത്ത അത്രമാത്രമല്ലായിരുന്നു. തന്റെ മകരം വേദസാഗരിയെ വിവാഹംകഴിക്കുവാൻ അ ദ്ദേഹം ആഗ്രഹിക്കുന്നു!

ആഡംബരരഹിതമായ ഒരു ചടങ്ങിൽവെച്ചു് വേദ സാഗരി അശോകന്റെ പത്നിയായിത്തീന്നു.

അങ്ങനെ, കുതിരപ്പുറത്തുനിന്നു വീണ നാരംമുതൽ തന്റെ പ്രഭാതസവാരി പ്രേമബന്ധത്തിന്റെ മധുരാനുഭൂ തിയായിത്തീന്നു അശോകന്നു്.

## രണ്ടു്

സന്ദർശകന്മാർ പിരിഞ്ഞുപോയതിന്നുശേഷം, അശോകവദ്ധനൻ നാഴികവട്ടയിലേക്കു നോക്കി. സഭാമന്ദിരത്തിലേക്കു പോകുവാൻ സമയമായിരിക്കുന്നു. അദ്ദേഹം എഴുന്നേററു് അടുത്ത മുറിയിലേക്കു കടന്നു. ഒരു മൺപാത്രത്തിൽ സൂക്ഷിച്ചിരുന്ന ശീതളമായ ജലംകൊണ്ടു മുഖം കഴുകി, ചുവരിൽ ഉറപ്പിച്ച ലോഹക്കണ്ണാടിക്കു മുന്നിൽച്ചെന്നു നിന്നു. അരികെ, മരംകൊണ്ടു നിമ്മിച്ച മാൻതലയിൽ തൂങ്ങിക്കിടന്നിരുന്ന പരുത്തിവസ്ത്രമെടുത്തു മുഖം തുടച്ചു്, ദിവസത്തിലെ ഏററവും പ്രധാനമായ കൃത്യത്തിന്നു തയ്യാറായി.

സഭാമന്ദിരത്തിൻെറ കിഴക്കെ അററത്തുള്ള അല്പം ഉയൎന്ന മണ്ഡപത്തിൽ സിംഹാസനവും അതിന്നടുത്തൊരു മേശയും കിടന്നിരുന്നു. ആലവട്ടവും വെൺചാമരയുമേന്തി കന്യകമാർ അരികെ നില്പില്ല. നിലത്തു പരവതാനികളോ മുകളിൽ പട്ടുമേലാപ്പോ ഇല്ലായിരുന്നു. മണ്ഡപത്തിന്നഭിമുഖമായി രണ്ടു നിരയിൽ കനമുള്ള അനലംകൃതമായ ആസനങ്ങളുണ്ടു്. അവയിൽ പലവിധത്തിൽ വസ്ത്രധാരണംചെയ്ത ഉദ്യോഗസ്ഥന്മാരാണിരിക്കുന്നതു്. അവക്കു പിന്നിൽ സഭാമന്ദിരം നിറയെ പൗരന്മാർ നില്ക്കുന്നു. അശോകൻ കടന്നുവന്നപ്പോാം ഇരുന്നവരെല്ലാം എഴുന്നേററു. നിന്നിരുന്നവർ കുറെക്കൂടി പിറകിലേക്കു മാറി ഒതുങ്ങി. രാജാവു മഞ്ചത്തിൽ ഇരുന്നതിന്നുശേഷം ഉദ്യോഗസ്ഥർ ഇരിപ്പായി.

മഞ്ഞത്തലപ്പാവും ശുഭ്രമായ ഉത്തരീയവും ധരിച്ച ഒരു പ്രൗഢവയസ്സൻ മുന്നോട്ടുവന്നു രാജാവിനെ നമിച്ചതിന്നുശേഷം അദ്ദേഹത്തിൻെറ ഇടത്തുവശത്തായി ഒരാസനത്തിലിരുന്നു. അദ്ദേഹത്തിൻെറ കൈയിൽ ഒരു നാരായവും എഴുത്തോലകളുമുണ്ടു്. രാജസദസ്സിലെ ലിപികാരനാണദ്ദേഹം—ഉത്തരവുകളും നിദ്ദേശങ്ങളും രേഖപ്പെടുത്താനുള്ള ഒരു സുപ്രധാനോദ്യോഗസ്ഥൻ. രാജസഭയിൽ വളരെ ബഹുമാന്യമായ ഒരു സ്ഥാനമാണദ്ദേഹത്തിന്നുള്ളതു്.

മണ്ഡപത്തിന്നു താഴെയുള്ള ആസനങ്ങളിലൊന്നിലിരുന്ന ഒരുദ്യോഗസ്ഥനെ നോക്കി പുഞ്ചിരിച്ചുകൊണ്ടു് അശോകവർദ്ധനൻ അരുളി:

''മാന്യമഹാസേനാ! താങ്കളെക്കണ്ടിട്ടു വളരെ നാളായല്ലോ. ദൈവസഹായത്താൽ താങ്കളുടെ ആരോഗ്യം നന്നായിത്തന്നെയിരിക്കുന്നു. താങ്കൾ വളരെ ദൂരദേശങ്ങളിലായിരുന്നുവോ?''

ധർമ്മമഹാമാത്ര മഹാസേനൻ അമ്പത്തഞ്ചുവയസ്സോളം പ്രായമായ ഒരു ദൃഢഗാത്രനാണു്. കഷണ്ടി ബാധിച്ച ശിരസ്സു്. തിളങ്ങുന്ന സൂക്ഷ്മനയനങ്ങൾ. സൗമ്യമെങ്കിലും ധീരത കളിയാടുന്ന മുഖം. രാജ്യത്തിലുടനീളം ധർമ്മവും നീതിയും ശരിയാംവണ്ണം പുലർത്തപ്പെടുന്നില്ലേയെന്നു പരിശോധിക്കുവാൻ നിയമിതരായ ധർമ്മമാത്രന്മാരിൽ പ്രധാനിയാണദ്ദേഹം. അദ്ദേഹത്തിന്റെ കീഴിൽ വളരെയേറെ ഉദ്യോഗസ്ഥന്മാരുണ്ടു്. ഈ ധർമ്മരക്ഷകന്മാർ വിപുലമായ അധികാരങ്ങളുള്ളവരത്രെ. കച്ചവടക്കാരുടെ അളവുസാധനങ്ങൾ പരിശോധിക്കയും ദ്രവ്യങ്ങളുടെ വില താരതമ്യപ്പെടുത്തി നിർണ്ണയിക്കയും അമിതലാഭക്കാരെ നിയന്ത്രിക്കയുമൊക്കെ ചെയ്തുപോന്നതവരാണു്. കാലികളേയും കുതിരകളേയും വേണ്ടവിധം തീറ്റിപ്പോറ്റാതെ അവയെക്കൊണ്ടു കൂടുതൽ പണിചെയ്യിക്കുന്നവരെ അവർ ശിക്ഷയ്ക്കു വിധേയരാക്കി. ഗൃഹസ്ഥരുടെ ആതിഥ്യമര്യാദകളെ അവർ പരീക്ഷിച്ചു നോക്കി. തർക്കങ്ങളിലിടപെട്ടു സമാധാനം സ്ഥാപിക്കുവാൻ ശ്രമിച്ചു. ചുരുക്കത്തിൽ നാട്ടിലുണ്ടാകുന്ന ഒരു കാര്യവും ധർമ്മമാത്രന്മാരറിയാത്തതായി ഉണ്ടായിരുന്നില്ല.

മഹാസേനൻ എഴുന്നേററുനിന്നു: ''പ്രഭോ! വളരെ ദൂരെയൊന്നുമായിരുന്നില്ല. ജ്ഞാനവിഹാരത്തിൽ കുറച്ചു നാൾ താമസിക്കയുണ്ടായി.''

ആസനത്തിൽ വീണ്ടും ഇരുന്നുകൊണ്ടു് അദ്ദേഹം തൻെറ യാത്രാനുഭവങ്ങൾ വിവരിക്കുവാൻ തുടങ്ങി. ലിപികാരൻ പ്രധാന ഭാഗങ്ങളെല്ലാം നാരായംകൊണ്ടു് ഓലയിൽ എഴുതി. ബ്രാഹ്മിലിപിയിൽ പ്രാകൃതഭാഷയിലായിരുന്നു എഴുത്തു്.

മഹാസേനന്നു് അഭിമുഖമായി എതിർവശത്തുള്ള ഇരിപ്പിടങ്ങളിൽ ഉയൎന്ന ഉദ്യോഗസ്ഥന്മാർ പലരും ഉണ്ടായിരുന്നു. അവരിൽ ഒന്നാമത്തേതു ദേവദാസനാണു്—പ്രധാനാമാത്യൻ. ലിപികാരൻ തൻെറ ലിഖിതങ്ങൾ സമൎപ്പിക്കുന്നതദ്ദേഹത്തിനത്രെ. തൊട്ടടുത്തു പടനായകൻ ഇരിക്കുന്നു. ന്യായാധിപന്മാരുടെ തലവനായ മഹാമാത്ര സൂരദാസനും അവിടെ സന്നിഹിതനായിരുന്നു.

മഹാസേനൻ പറഞ്ഞവസാനിപ്പിച്ചു. ലിപികാരൻ തൻെറ എഴുത്തും നിൎത്തി. അനന്തരം രാജാവു് പൗരജനങ്ങളെ നോക്കി. അവരിൽ ഒരുവൻ അല്പം മുന്നോട്ടു നീങ്ങി രാജാവിനെ പ്രണമിച്ചുകൊണ്ടു് ഗുരുഗുപ്തനെന്നാണു തൻെറ പേരെന്നും, കൊദംഗയിലെ ഒരു പരുത്തിക്കൃഷിക്കാരനാണു താനെന്നുമറിയിച്ചു. ആ പ്രദേശത്തെ പരുത്തിവിളവു് ഈ വൎഷം വളരെ മോശമാണു്; അതുകൊണ്ടു സാധാരണവിലയ്ക്കു വില്ക്കുവാൻ കഴിവില്ലെന്നായിരുന്നു അയാളുടെ പരാതി.

''വിളവു മോശപ്പെടുവാൻ കാരണം?'' മന്ത്രി അന്വേഷിച്ചു. ''കാലാവസ്ഥയുടെ ദോഷമോ വിളവു നശിപ്പിക്കുന്ന കീടങ്ങളുടെ ഉപദ്രവമോ ഇല്ലെന്നാണല്ലൊ ധൎമ്മമാത്രന്മാർ അറിയിച്ചിട്ടുള്ളതു്.''

''അതൊന്നുമില്ലായിരുന്നു.'' ഗുരുഗുപ്തൻ പറഞ്ഞു. ''ചെടി ആദ്യമൊക്കെ തെഴുത്തുതന്നെ വളൎന്നു. പക്ഷേ, വിളവു വളരെ ചുരുങ്ങിപ്പോയി. എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ. കഴിഞ്ഞ കൊല്ലത്തേതിൻെറ നാലിലൊന്നേ എനിക്കുണ്ടായുള്ളു. വാഹനക്കൂലിയാണെങ്കിൽ കുറഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലത്തെ വിലയ്ക്കുതന്നെ വില്ക്കാൻ ഈ നിലയ്ക്കു ഞങ്ങൾക്കു സാദ്ധ്യമാവില്ല. കുറച്ചുകൂടി വില കൂട്ടിക്കിട്ടണം.''

എന്തായാലും വില കൂട്ടുവാൻ പററുകയില്ലെന്നു മന്ത്രി തീൎത്തുപറഞ്ഞു. അദ്ദേഹം രാജാവിനെ അറിയിച്ചു: ''നമുക്കീ വൎഷം കൂടുതൽ വസ്ത്രം നിൎമ്മിക്കേണ്ടതുണ്ടു്. പാടലീപുത്രത്തിൽനിന്നു കൂടുതൽ ആവശ്യപ്പെട്ടിരിക്കയാണു്. നമ്മുടെ പരുത്തിസ്സാധനങ്ങൾ അവർ അധികം ഇഷ്ടപ്പെട

ന്നു. പരുത്തിയായിട്ടു കൊടുത്താൽ രാജഭോഗത്തിൽ അത്രയും സ്വർണ്ണം നമുക്കിളവുകിട്ടുമല്ലോ.''

ദൂരദിക്കിലേക്കു സാമാനങ്ങളെത്തിക്കുന്ന ജോലി സംസ്ഥാനഭരണാധിപന്നുതന്നെ ഏറെറടുത്തുകൂടേയെന്നു രാജാവന്വേഷിച്ചു. സേനാപതിയാണതിന്നുത്തരം പറഞ്ഞതു്—അതു സാദ്ധ്യമാവില്ല. പിന്നീടതൊരു വഴക്കമാവും. കുറുക്കനെപ്പോലെ സൂത്രശാലികളായ കച്ചവടക്കാർക്കു രാജാവിനോടു പരാതിപ്പെട്ടാലെന്തും നേടിയെടുക്കാമെന്നറിയാം. അതാണവരങ്ങനെയൊക്കെ പറയുന്നതു്.

അശോകൻ പുഞ്ചിരിതൂകി. അവസാനം മന്ത്രിയും സേനാപതിയും മററു ചില ഉദ്യോഗസ്ഥന്മാരും ചേൎന്നു ചൎച്ചചെയ്തു്, ഏതായാലും ഈ വൎഷം വാഹനങ്ങളിൽ സാധനങ്ങൾ എത്തിക്കുന്ന ഭാരം ഭരണാധിപർതന്നെ നിൎവ്വഹിക്കാമെന്നു നിശ്ചയിച്ചു. പക്ഷേ, ഈ വൎഷം മാത്രമേ ഈ ആനുകൂല്യം കിട്ടൂ. ഇതൊരു വഴക്കമാവരുതു്. അവർ പരാതിക്കാരനെ വിവരമറിയിക്കയും ചെയ്തു. വിളവു് അയാൾ പറയുംപോലെ കഴിഞ്ഞ വൎഷത്തേക്കാൾ കുറവുതന്നെയോ എന്നന്വേഷിച്ചു് അറിയിക്കുവാൻ ന്യായപാലകരെ അവർ ശട്ടംകെട്ടുകയുണ്ടായി.

ആ സമയത്തു് ഉദ്യാനത്തിൽ മൂന്നു തവണ മണിമുഴക്കം കേൾക്കായി. പാടലീപുത്രത്തിൽനിന്നു പ്രതീക്ഷിച്ചിരുന്ന ദൂതന്മാർ വന്നെത്തി മുഖംകാണിക്കുവാൻ കാത്തുനില്ക്കുന്നു എന്നത്രെ ആ മണിമുഴക്കം സൂചിപ്പിച്ചതു്. അവരെ കൂട്ടിക്കൊണ്ടുവരുവാൻ അശോകൻ കല്പിച്ചു.

ദൃഢഗാത്രന്മാരായ ആറുപേർ സഭാമന്ദിരത്തിലേക്കു കടന്നുവന്നു രാജാവിനെ താണുതൊഴുതു. അവരിൽ രണ്ടുപേർ മുന്നോട്ടു ചെന്നു് അദ്ദേഹത്തിൻെറ അരികിൽ കിടന്ന ഉയൎന്ന പീഠത്തിന്നു മുകളിൽ രണ്ടു ചുരുളുകൾ വെച്ചു. അതുപോലെ രണ്ടു ചുരുളുകളെടുത്തു് ഒന്നു മന്ത്രിക്കും മറേറതു സേനാപതിക്കും കൊടുത്തു. പിന്നീടവർ പിന്മാറി പീഠങ്ങളിൽ ഇരിപ്പായി. അവരുടെകൂടെ വന്നവരും ഇരിപ്പിടങ്ങളിലമൎന്നു.

അശോകൻ ആ ചുരുളുകളിൽ ഒന്നെടുത്തു നിവൎത്തി.

അതു് രാജഭോഗം വസ്ത്രവും പണവുമായി ദൂതന്മാർവശം കൊടുത്തയയ്ക്കണമെന്ന ഒരഭ്യത്ഥനയായിരുന്നു. മറ്റേച്ഛരുാം സഹോദരനായ മഹേന്ദ്രൻെറ ഒരെഴുത്താണു്. അശോകനേക്കാാം നാലു വയസ്സിന്നു താഴെയാണു് മഹേന്ദ്രൻ. അവർ തമ്മിൽ ആത്മാത്ഥമായ സ്നേഹബന്ധമാണു പുലത്തിയിരുന്നതു്. അതുകൊണ്ടാവാം ആ കൈപ്പട കണ്ടതോടെ അശോകൻെറ കൺപീലികാം കനംതൂങ്ങിയതു്.

''അമ്മയ്ക്കു സുഖംതന്നെ. പക്ഷേ, അവർ സന്തുഷ്ടയല്ല. അങ്ങയെക്കുറിച്ചാണു് എപ്പോഴും വിചാരം. എനിക്കും വേദസാഗരിജ്യേഷ്ഠത്തിയെ കാണുവാനാഗ്രഹമുണ്ടു്.''

ഇത്രയുമായിരുന്നു ആ സന്ദേശം. എങ്കിലും ആ വാക്കുകാം ഭൂതകാലം മുഴുവൻ അദ്ദേഹത്തിൻെറ മനസ്സിൽ പ്രതിഫലിപ്പിച്ചു. ''ശരി. ചുരുക്കത്തിൽ അങ്ങോട്ടു ചെല്ലണമെന്നത്ഥം.'' അശോകൻ മന്ത്രിച്ചു.

സഭ തല്ക്കാലത്തേക്കു പിരിഞ്ഞുപോയി.

രാജധാനിയിൽ വരുമ്പോാം ധമ്മമഹാമാത്ര മഹാസേനൻ രാജാവിനോടൊപ്പമാണു താമസിച്ചിരുന്നതു്. രാജാവിനോടൊത്തു ഭക്ഷണംകഴിക്കാനുള്ള അവസരവും ഉജ്ജയിനിയിൽ അദ്ദേഹത്തിന്നേ സ്ഥിരമായി ലഭിച്ചിരുന്നുള്ളു. അന്നും രാത്രി ഭക്ഷണസമയത്തു് അവർ സമ്മേളിച്ചു. സ്വന്തം താല്പര്യമനുസരിച്ചു്, വേദസാഗരിയാണു് അവക്കു ഭക്ഷണം വിളമ്പുവാൻ അന്നും തയ്യാറായി നിന്നതു്.

നെയ്യിൽ ഗോതമ്പുകൊണ്ടു നിമ്മിച്ച അപ്പവും, സ്വാദിഷ്ടമായ പലതരം ഉപദംശങ്ങളും, പഴങ്ങളും പാലുമായിരുന്നു വിഭവങ്ങാം—പതിവുപോലെ എല്ലാം ലളിതം.

''അങ്ങു് രാത്രിയിൽ മാംസമുപയോഗിക്കാറില്ല, അല്ലേ?'' മഹാസേനൻ സവിനയമന്വേഷിച്ചു.

''ഇല്ല. രാത്രി ഇങ്ങനെയൊക്കെയാണു പതിവു്. ഉച്ചയ്ക്കു മാംസമുപയോഗിക്കും.''

''നായാട്ടിനും മററും ഈയിടെ അവിടുന്നു പോകാറില്ലെന്നുണ്ടോ?'' മഹാസേനൻ വീണ്ടുമാരാഞ്ഞു.

''പോകാറുണ്ടു്.'' അശോകൻ മറുപടി നല്കി. ''പക്ഷേ, ജന്തുക്കളെ കൊല്ലുന്നതിനു് ഒരു പരിമിതി

വച്ചിരിക്കയാണു്. ഭടന്മാക്കും പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ടു്.''

അല്പസമയത്തിന്നുശേഷം അവരുടെ സംസാരം തത്വചിന്താപരമായി മാറിത്തുടങ്ങി. ഭക്ഷണം കഴിക്കുമ്പോഠം സംസാരിക്കുന്നതിഷ്ടമാണശോകന്നു്. പക്ഷേ, അന്നു പ്രത്യേകിച്ചൊന്നും പറയാനില്ലായിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ മഹാസേനൻ തത്വചിന്തയിലേക്കു കടക്കയാണു പതിവു്. അദ്ദേഹം പറഞ്ഞു:

''ഈ അപ്പം മുന്നിൽക്കാണുമ്പോഠം ഇതിൻെറ ഭൂതകാലത്തെപ്പററിയാണു ഞാൻ ചിന്തിച്ചുപോകുന്നതു്: വയലിൽനിന്നു് എത്ര ദൂരം, ഏതെല്ലാംമട്ടിൽ യാത്രചെയ്താണു് ഇതിങ്ങനെ ഇവിടെ എത്തിച്ചേൎന്നതു്! കൃഷിക്കാരൻ വയലിൽ വിത്തു വിതയ്ക്കുന്നു. അതു മുളയ്ക്കാൻതുടങ്ങിയതുമുതലാരംഭിച്ചു ഈ പരിവൎത്തനപ്രക്രിയ!''

''ശരിയാണു്.'' അശോകൻ പറഞ്ഞു: ''പക്ഷേ, ഇതിവിടംകൊണ്ടവസാനിക്കയോ? ഈ മഹാശക്തി നമ്മുടെ വയററിൽ കടന്നുചെന്നു് അവിടെയുള്ള യന്ത്രപ്പണികളിൽ എന്തു പങ്കു വഹിക്കുന്നുവെന്നാലോചിക്കൂ!''

മഹാസേനനും രാജാവും ചിരിച്ചു.

''ജ്ഞാനവിഹാരത്തിൽ താങ്കഠംക്കെന്തു ഭക്ഷണമാണു കിട്ടിക്കൊണ്ടിരുന്നതു്?'' അശോകൻ ചോദിച്ചു.

''ഗോതമ്പും ചോളവുംകൊണ്ടുള്ള അപ്പവും ധാരാളം പഴങ്ങളും. പാൽ ഇത്രയും സുലഭമല്ല. അവൎക്കൊക്കെ മധുരപലഹാരങ്ങളിൽ വലിയ താല്പര്യമാണു്. അവരതൊരു പാടു തിന്നുകൂട്ടുന്നതു കാണാം.''

അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം മഹാസേനൻ ആരാഞ്ഞു:

''ദിവസത്തിൽ ഏതു സമയമാണു് അങ്ങേയ്ക്കധികമിഷ്ടം?''

ചോദ്യം വളരെ വ്യക്തമായിരുന്നില്ലെങ്കിലും അശോകൻ മറുപടി പറഞ്ഞു:

''കൃത്യമായി പറയാൻ പററുന്നില്ല. ഓരോ സമയവും എനിക്കു പ്രിയംതന്നെ. ഒന്നു കഴിഞ്ഞാൽ ഒന്നായി ഓരോ

നേരത്തും ഓരോതരം പണിയുണ്ടാവും. അതെല്ലാം ഞാൻ വളരെ താല്പര്യത്തോടെ ചെയ്യുതീക്കുന്നു. രാവിലത്തെ പ്രാത്ഥനമുതൽക്കു് രാത്രിയിലെ ഉറക്കംവരെ ഓരോന്നും എനിക്കിഷ്ടംതന്നെ.''

വേദസാഗരി പതിവുപോലെ ഉത്സാഹവതിയായിരുന്നില്ല. എന്തോ ഒരസ്വാസ്ഥചിന്ത അവളുടെ മനസ്സിൽ തുളുമ്പുന്നതുപോലെ കാണപ്പെട്ടു. ഒരുപക്ഷേ, മഹേന്ദ്രൻെറ ആ എഴുത്തായിരിക്കാം അതിനു കാരണം. അവരുക്കതു സ്വയം വായിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, അങ്ങനെയൊരു സന്ദേശം വന്നതായി അറിവുകിട്ടിയിരുന്നു. രാജാവിനു് ബന്ധുജനങ്ങളുള്ള കഥ വേദസാഗരി ഓക്കാറില്ലായിരുന്നു. അദ്ദേഹത്തിൻെറ പിതാവു് മൗര്യസാമ്രാജ്യചക്രവത്തിയാണു്, അമ്മ മഹാറാണിയാണു്, സഹോദരൻ രാജകുമാരനാണു് എന്നെല്ലാമുള്ള സത്യം സ്മരിക്കെ, വേദസാഗരി ഓത്തുപോയി—'ഹാ! ഞാനൊരു ഗ്രാമീണനായ ജന്മിയുടെ മകളാണു്. വെറും ഇടത്തരം കുടുംബം. അത്തരം ഒരു ജീവിതമാണു് ഈ അരമനയിലും ഞാൻ വരുത്തിവെച്ചിട്ടുള്ളതു്. രാജാവതെല്ലാം സന്തോഷത്തോടെ സ്വീകരിച്ചിരിക്കുന്നു—ലളിതമായ ഭക്ഷണം, ലളിതമായ വസ്ത്രം, ഉപകരണങ്ങരം എല്ലാമെല്ലാം. എന്നെ സന്തോഷിപ്പിക്കാനാവുമോ അദ്ദേഹമൊന്നും എതിത്തുപറയാത്തതു്?''

രാജാധിരാജനായ ഒരു പ്രതാപശാലിയുടെ മണിക്കൊട്ടാരത്തിൽ സുഖസമൃദ്ധികരുക്കു നടുവിൽ വളത്തപ്പെട്ട അശോകവദ്ധനനത്രെ ഇന്നിവിടെ ഒരു ഗ്രാമബാലികയുടെ ശുശ്രൂഷയിൽ സംതൃപ്തനായിക്കഴിയുന്നതു്! അഥവാ തനിക്കു വേണ്ടി അദ്ദേഹം സ്വന്തം സുഖങ്ങളെ അവഗണിക്കയാവുമോ? ആ ചിന്തയങ്ങനെ വേദസാഗരിയെ മഥിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തോടക്കാര്യം തുറന്നുചോദിച്ചറിയണമെന്നു് അവളാഗ്രഹിച്ചു.

എന്നാൽ അന്നതിന്നവസരം കിട്ടിയില്ല. ഭക്ഷണത്തിന്നുശേഷം ആലോചനാമുറിയിൽ മഹാസേനനൊത്തു് പല കാര്യങ്ങളെക്കുറിച്ചും ചച്ചചെയ്യു് അദ്ദേഹം വളരെനേരം കഴിച്ചുകൂട്ടി. ഉറങ്ങാൻ പതിവിൽക്കവിഞ്ഞു വൈകി

യാണെത്തിയതു്. അപ്പോഠം അക്കാര്യം ചോദിച്ചു ശല്യപ്പെടുത്തുന്നതു യുക്തമല്ലല്ലൊ.

പിറ്റേന്നു പ്രഭാതഭക്ഷണം കഴിക്കുന്ന അവസരത്തിൽ വേദസാഗരിക്കവസരം കിട്ടി—അദ്ദേഹമപ്പോഠം ഏകനായിരുന്നു.

''അങ്ങു് പാടലീപുത്രത്തിലേക്കു പോകുന്നില്ലേ?'' അവഠം ചോദിച്ചു.

സാധാരണത്തേപ്പോലെ അശോകൻ സന്തുഷ്ടനായിത്തന്നെ വേദസാഗരിയെ നോക്കി: ''നീ വരുന്നില്ലേ?''

''എനിക്കു് അവിടെയുള്ളവരെ അറിഞ്ഞുകൂടല്ലോ!'' വേദസാഗരി ഒന്നു നിത്തി, പതുക്കെ തുടന്നു: ''ഞാൻ വരണോ?''

''ശരി. എന്നാലൊരു കാര്യംചെയ്യാം.'' അശോകൻ നിസ്സംഗൻെറമട്ടിൽ പറഞ്ഞു, ''നമുക്കു പരിചയമുള്ളവരെ, കാണാൻ പൊയ്ക്കളയാം. ഞാനെൻെറ അമ്മയെക്കാണാൻ പോകാം. നീ നിൻെറ അച്ഛനെക്കാണാനും പുറപ്പെട്ടോളൂ. നാം അറിയുകയും സ്നേഹിക്കയും ചെയ്യുന്നവരുടെ കൂടെത്തന്നെ സ്ഥിരമായി നമുക്കങ്ങു കൂടാം.''

ഇതു പറഞ്ഞപ്പോഠം അദ്ദേഹത്തിൻെറ മുഖത്തു് തികഞ്ഞ നമ്മബോധം കളിയാടുന്നുണ്ടായിരുന്നു. ആ കണ്ണുകളുണ്ടു് പുഞ്ചിരിതൂകുന്നു! തന്നെ അടിപ്പെടുത്തിക്കളയാൻ ഒരുങ്ങിയിരിക്കയാണദ്ദേഹമെന്നു് അവഠം മനസ്സിലാക്കി. അവളും അറിയാതെ പുഞ്ചിരിക്കൊണ്ടു. മുല്ലമൊട്ടൊത്ത പല്ലുകളും തിളങ്ങുന്ന നീലക്കണ്ണുകളും വേദസാഗരിയുടെ മുഖത്തു പ്രകാശംപരത്തി. വളരെനാഠംകൂടി ആ മനോഹരമായ മന്ദസ്മിതം അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിലാവു വിടത്തി.

വേദസാഗരി മൊഴിഞ്ഞു: ''അങ്ങയുടെ അമ്മയ്ക്കു് അങ്ങയെക്കാണാഞ്ഞിട്ടു വല്ലാത്ത വിഷമം തോന്നുന്നുണ്ടാവും. അവരുടെ ആഗ്രഹം നിരസിക്കരുതു്. തലസ്ഥാനത്തു നടന്ന ഒരു സമ്മേളനത്തിനും അങ്ങു പോയിട്ടില്ലല്ലൊ.''

''ഞാൻ എൻെറ അച്ഛനായ രാജാധിരാജൻെറ കല്പനയനുസരിച്ചാണിവിടെ താമസിക്കുന്നതു്. അദ്ദേഹത്തി

ൻെറ കല്പനയും അനുവാദവും കൂടാതെ ഈ സ്ഥാനം എനിക്കുപേക്ഷിക്കാൻ വയ്യ. ഞാനിവിടെയിരുന്നു് എൻെറ കത്തവ്യം എപ്പോഴും നിർവ്വഹിക്കണമെന്നാണു് അദ്ദേഹത്തിൻെറ അഭിലാഷം.''

രാജാധിരാജനായ അച്ഛൻ! ആ വാക്കുകൾ അവളുടെ കണ്ണുങ്ങളിൽ മാറെറാലിക്കൊണ്ടു. ആ ചക്രവത്തിയുടെ അടുത്തു് തൻെറ അച്ഛൻ ആരാണു്!

അശോകൻ തുടന്നു: ''എനിക്കിവിടെ പലതും ചെയ്തു തീക്കാനുണ്ടു്. ഒരുനിമിഷംപോലും ഇവിടെനിന്നു് അനങ്ങുവാൻ നിവൃത്തിയില്ല. പക്ഷേ, നിനക്കു പോകാം. എൻെറ സഹോദരനു നിന്നെ കാണണമെന്നുണ്ടു്. പോകാൻ സമ്മതമാണെങ്കിൽ ആ ദൂതന്മാരോടുകൂടി ഞാൻ നിന്നെ അയയ്ക്കാം. പാടലീപുത്രത്തിൽ നിനക്കു് സ്നേഹം നിറഞ്ഞ സ്വീകരണം കിട്ടും. സുഹൃത്തുക്കളേയും കിട്ടും. നിന്നെക്കാണുവാൻ എൻെറ അമ്മയ്ക്കു് വളരെ സന്തോഷമായിരിക്കും.''

''ഇല്ലില്ല!'' വേദസാഗരി അസ്വസ്ഥതപൂണ്ടു. ''രാജധാനിയിൽ തനിയെ ചെല്ലുവാൻ എനിക്കു പേടിയുണ്ടു്. ഒരു വെറും ഗ്രാമീണയാണു ഞാൻ. എന്നെയുണ്ടോ തുല്യനിലയിൽ അവർ കണക്കാക്കുന്നു!''

അശോകൻ പൊട്ടിച്ചിരിച്ചുപോയി. വേദസാഗരിയും എന്തിനെന്നറിയാതെ അദ്ദേഹത്തോടൊപ്പം ചിരിച്ചു.

''നീയൊരു ഗ്രാമീണതന്നെ. അതു തീച്ച്!'' അശോകൻ പറഞ്ഞു, ''നിന്നെ ഞാൻ വിവാഹംചെയ്യുവാനൊരു കാരണവും അതാണു്. ഗ്രാമത്തിലായാലും കൊട്ടാരത്തിലായാലും ഉജ്ജയിനിയിലായാലും പാടലീപുത്രത്തിലായാലും നീ എൻെറ ഭാര്യയാണു്. എൻെറ പ്രിയപ്പെട്ട ഭാര്യയാണു്. അതിനാൽത്തന്നെ നീ രാജരാജൻെറ പുത്രിയുമാണു്.''

വേദസാഗരി നിശ്വസിച്ചു: ''ഞാൻ പഠിച്ചിട്ടില്ല. അത്താഴമൊരുക്കുവാനല്ലാതെ യാതൊന്നും എനിക്കറിഞ്ഞുകൂടാ!''

''പക്ഷേ, നീ വിഡ്ഢിയല്ല.'' അശോകൻ പറഞ്ഞു,

''കൊട്ടാരത്തിലെ മിക്ക സ്ത്രീകളും വിഡ്ഢികളാണെന്നറിയാമോ? ഒരത്താഴമൊരുക്കാൻപോലും അവക്കറിഞ്ഞുകൂടാ!''

വേദസാഗരി ചിന്തയിലാണ്ടു. അല്പംകഴിഞ്ഞു പറഞ്ഞു: ''ഞാൻ എഴുതാനും വായിക്കാനും പഠിച്ചുകൊള്ളാം.''

''ശരി പഠിച്ചോളൂ. വിചാരങ്ങളെ പകത്തുന്ന ഈ വിദ്യയുണ്ടല്ലോ—എഴുത്ത്—അതൊരു വലിയ കലയാണ്. ഒരിക്കലും മറക്കാനാവാതെ ചിന്തകൾ ജീവിച്ചുകൊണ്ടേയിരിക്കും. ഞാൻ സമയം കിട്ടുമ്പോഴെല്ലാം സഹായിക്കാം.''

അശോകൻ ഭക്ഷണം അവസാനിപ്പിച്ചുകഴിഞ്ഞിരുന്നു. നിശ്ശബ്ദയായി നിന്ന പത്നിയെ പ്രേമപൂർണ്ണമായി നോക്കിക്കൊണ്ട് ഒരു നിമിഷം അദ്ദേഹം അതേമട്ടിൽത്തന്നെയിരുന്നു. എന്നിട്ടു പതുക്കെയെഴുന്നേററു് നടന്നു നീങ്ങി.

## മൂന്നു്

നിരത്തു് പൊടി നിറഞ്ഞതും ശൂന്യവുമായിരുന്നു. കുതിരപ്പുറത്തു് ഏകനായിപ്പോകുന്ന ആ യാത്രക്കാരൻ വഴിയരികിൽ വിശ്രമിക്കാൻ പററിയ ഇടം നോക്കിക്കൊണ്ടിരുന്നു. ഇനി അര ക്രോശംകൂടി പോയാൽമതി അങ്ങാടിയിലെത്തുവാൻ. അവിടെച്ചെന്നാൽ വെള്ളവും തീററിയും ധാരാളമായിക്കിട്ടും. പക്ഷേ, കുതിരയും താനും ക്ഷീണിച്ചിരിക്കുന്നു. ചെറിയൊരു വിശ്രമം കൂടിയേതീരൂ. അതിരാവിലെ തുടങ്ങിയതാണു യാത്ര. നേരം ഉച്ചയാവാറായി ഇപ്പോൾ.

പന്തലിച്ചുനിന്ന ഒരു വേപ്പുമരത്തിന്നരികിലെത്തിയപ്പോൾ അയാൾ താഴെയിറങ്ങി. ആ വലിയ ഭാരം നീങ്ങിക്കിട്ടിയ കുതിര ആശ്വാസത്തോടെ തണലിലേക്കു നീങ്ങിനിന്നു. ആയാൾ തോളിൽനിന്നു മാറാപ്പും മൺകൂജയുമെടുത്തുമാററി മരത്തിൽ ചാരിയിരിപ്പായി.

നാല്പതു വയസ്സു കഴിഞ്ഞിട്ടുണ്ട് ആ യാത്രക്കാരന്ന്. ചീർത്ത ശരീരം കുതിരയ്ക്കു കനത്തൊരു ഭാരംതന്നെയാണ്. വട്ടമുഖവും ഉരുണ്ട തലയുമുള്ള ആ രൂപം അടുത്തുള്ള ഗ്രാമങ്ങളിൽ എല്ലാവക്കും സുപരിചിതമത്രെ. ധർമ്മമാത്രന്മാരിൽ ഒരുവനാണയാറം. ശോണനെന്നാണു പേരെങ്കിലും, ആളുകറംക്കിടയിൽ ഋഷി എന്നറിയപ്പെടുന്നു. നാട്ടുകാർ ആയാറംക്കു കല്പിച്ചുകൊടുത്ത പേരാണതു്.

ശോണൻ സഞ്ചിയിൽനിന്നു മൂന്നുനാലു പഴമെടുത്തു തിന്നു. പിന്നീടു കൂജയെടുത്തു പരിശോധിച്ചു. ഇല്ല, ഒരു തുള്ളി വെള്ളവുമില്ല.

ആയാറം കുതിരയെ നോക്കി. കുതിര ആയാളേയും.

''ഓ! നിനക്കു വെള്ളം വേണമായിരിക്കും! പക്ഷേ, തീററി ആവശ്യമില്ല, തീച്ച. രാവിലെ എത്രയാണു നീ തിന്നുമുടിച്ചതു്! ഓ! എന്തു വയറനാണു നീ! ഇങ്ങനെയൊക്കെ തിന്നാലുണ്ടല്ലോ! ഇടിച്ചു ഞാൻ പഞ്ഞിയാക്കും! പറഞ്ഞേക്കാം. അമ്പടാ, കൊതിയാ!''

അല്പനേരത്തെ വിശ്രമത്തിനുശേഷം ശോണൻ ഭാണ്ഡവും കൂജയും തോളിൽത്തന്നെ തൂക്കി എഴുന്നേററു കുതിരപ്പുറത്തു കയറി.

അയാറം താമസിയാതെ അങ്ങാടിയിലെത്തിച്ചേന്നു. പത്തുപന്ത്രണ്ടു കടകളേയുള്ളു അവിടെ. എന്നാലും, ആ നാട്ടുകാക്കും അതിലെ വരുന്ന വഴിപോക്കക്കും ആവശ്യമുള്ള സകലവസ്തുക്കളും അവിടെ കിട്ടുമായിരുന്നു. ശോണനേയും കുതിരയേയും കണ്ടപ്പോറം കച്ചവടക്കാർ സന്തോഷപൂവ്വം സ്വാഗതംചെയ്തു—അവരുടെ പ്രിയപ്പെട്ട ഋഷി! ആയാറം കുതിരമേൽനിന്നിറങ്ങിച്ചെന്നു.

ആദ്യമായി കുതിരയ്ക്കു വെള്ളം കൊടുക്കുകയാണ് ഋഷി ചെയ്തതു്. അതിനെ തണലിൽ നിത്തിയതിന്നുശേഷം ആയാളും കുറെ വെള്ളം കുടിച്ചു. കടയിൽനിന്നു പഴങ്ങറം വാങ്ങിത്തിന്നുകയും ചെയ്തു.

പലരും ഋഷിക്കു ചുററും വന്നുകൂടി. വാത്തകറം അറിയാമല്ലോ. കൃഷിയേയും കച്ചവടത്തേയുംപററി ഉപകാരപ്രദമായ നിർദ്ദേശങ്ങളും കിട്ടും. കുറെ തമാശയും കേറംക്കാം.

ഋഷി പലതിനെക്കുറിച്ചും കൈയ്യും കലാശവും കാണിച്ചു തട്ടിവിട്ടുകൊണ്ടിരുന്നു. ഒടുവിൽ അവരോടു യാത്ര പറഞ്ഞെഴുന്നേററു കുതിരയെ സമീപിച്ചു.

വീതികുറഞ്ഞ ഒരു പെരുവഴിയിലൂടെയാണു ശോണൻ യാത്ര തുടൎന്നതു്. ആ വഴി ഒരു ഗ്രാമത്തിൽ ചെന്നു ചേരുന്നു. കൃഷ്കരുടെ ഗ്രാമം. അവരുടെ ക്ഷേമംനിറഞ്ഞ ലളിതമായ വീടുകരം അവിടെ വളരെയുണ്ടു്.

അതിലൊരു വീട്ടിലേക്കാണു് ആ കുതിര നീങ്ങിയതു്. കല്ലു പടുത്തു വൈക്കോൽ മേഞ്ഞ ഒരിടത്തരം വീടു്. മുററത്തു് ഒരിടത്തൊരു പച്ചക്കറിത്തോട്ടമുണ്ടു്. മറുവശത്തു കന്നുകാലിത്തൊഴുത്തും കളപ്പുരയും. തെല്ലപ്പുറത്തായി ചോളത്തിൻെറ വൈക്കോൽ കുന്നുകൂടിക്കിടപ്പുണ്ടു്. വീട്ടുമ്മറം വീതിയും വൃത്തിയുമുള്ളതാണു്.

ആറു വയസ്സു പ്രായമുള്ള ഒരാൺകുട്ടി ഉമ്മറത്തിരുന്നു്, കൈയിലിരുന്ന കൊച്ചു വില്ലിൽ ഞാൺ മുറുക്കാൻ ശ്രമിക്കയായിരുന്നു. അതിഥിയെക്കണ്ടു തല പൊക്കി നോക്കി. അവൻ പൊടുന്നനെ എഴുന്നേററു വില്ലു് അവിടത്തന്നെയിട്ടു് അകത്തേക്കോടി. താമസിയാതെ, മുപ്പതു വയസ്സു വരുന്ന ഒരു സ്ത്രീ വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു്, ആരാണാ സന്ദൎശകനെന്നു സൂക്ഷിച്ചുനോക്കി. ഒരു പുഞ്ചിരിയോടെ അവരയാളെ ഉമ്മറത്തു കയറിയിരിക്കാൻ ക്ഷണിച്ചു.

ശോണൻ കുതിരയെ കാലിത്തൊഴുത്തിൻെറ ഒരു തൂണിൽ കൊണ്ടുപോയിക്കെട്ടി ഉമ്മറത്തു കയറി. പാദരക്ഷകരം ചവിട്ടുപടിയിൽ ഊരിവെച്ചു്, ചുററും കണ്ണോടിച്ചു. അവിടെ ഒരരുകിൽ ഒരു നൂല്പു്യന്ത്രവും കുറെ പരുത്തിയുമുണ്ടു്. അതിന്നരികിലൊരു പായു് വിരിച്ചിരിക്കുന്നു. ആതിഥേയി കൊണ്ടുവന്ന ജലംകൊണ്ടു കാലും മുഖവും കഴുകി അയാരം ആ പായിൽച്ചെന്നിരുന്നു; യന്ത്രം നന്നായി പരിശോധിച്ചു. എന്തിനു വെറുതെയിരിക്കുന്നു, വേലയ്ക്കു വസ്തു അടുത്തുതന്നെയുള്ളപ്പോരം! ശോണൻ നൂല്പു് ആരംഭിച്ചു. ആ വിദ്യയിൽ ആയാരം വളരെ സമൎത്ഥനായിരുന്നു.

സമയം നട്ടുച്ച കഴിഞ്ഞപ്പോരം, മുപ്പത്തഞ്ചു വയസ്സോളം പ്രായമുള്ള ഒരുദൃഢകായൻ രണ്ടു കാളകളേയും തെളിച്ചു

കൊണ്ടു പടികടന്നെത്തി. ആയാളവയെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടി. കുറെ ചോളവൈക്കോലും ചിന്നിയിട്ടുകൊടുത്തു. കുതിര തിരിഞ്ഞുനിന്നു് ആയാളേയും ആ കാളകളേയും നോക്കി. വൈക്കോലിൽ അതിന്നു പ്രത്യേകമൊരു കണ്ണുണ്ടായിരുന്നു. ആ കുതിരയേതെന്നു് ആയാാം ആലോചിച്ചു. ഏതോ ഒരു അതിഥിയുണ്ടു് വീട്ടിൽ എന്നൂഹിക്കയും ചെയ്തു. ഉമ്മറത്തു നടന്നടുത്ത അയാാം അതിഥിയെക്കണ്ടു സന്തോഷത്തോടെ അഭിവാദ്യംചെയ്തു:

''ഋഷിമഹാരാജ്! നമസ്തേ, നമസ്തേ!''

ശോണൻ നൃല്പ്ംനിത്തി ആതിഥേയൻെറനേരെ തിരിഞ്ഞു.

ആ കൃഷിക്കാരൻ അദ്ധനഗ്നനാണു്. ഒരു പരുത്തിവസ്ത്രം മുട്ടുമറയുമാറുടുത്തിട്ടുണ്ടു്. തലയിലൊരു കെട്ടും. ശരീരം വല്ലാതെ വിയർത്തൊലിച്ചിരുന്നു. അയാളുടെ ശബ്ദം കേട്ടു ഗൃഹനായിക ഒരുപാത്രം ജലവുമായി ഉമ്മറത്തെത്തി. ആയാാം അതു വാങ്ങി കാലും മുഖവും കഴുകി. പൊടിപുരണ്ട വസ്ത്രം മാററി വൃത്തിയുള്ളതു ധരിച്ചു. സന്തോഷത്തോടെ അതിഥിയെ സ്വീകരിക്കുന്നതിനു സന്നദ്ധനായി.

രക്ഷിതൻ ആ ഗ്രാമത്തിലെ അത്യുധാനിയായ ഒരു കൃഷ്കനാണു്. അയാാം ഒരു പരുക്കന്മട്ടുകാരനായിരുന്നുവെങ്കിലും ശോണഷിക്കു് ആയാളെ പഥ്യമായിരുന്നു. രക്ഷിതന്നു സ്വന്തമായ ചില അഭിപ്രായങ്ങളൊക്കെയുണ്ടു്. എവിടേയും ആ ആശയങ്ങാം പ്രകടിപ്പിക്കയും ചെയ്തുപോന്നു. ശക്തിയായ ഭാഷയിലയാാം വാദിക്കും—തോററാലും ശരി, ജയിച്ചാലും ശരി! എഴുത്തും വായനയും പഠിക്കേണ്ടതില്ലെന്നായിരുന്നു അയാളുടെ ഒരുറച്ച വാദം. വയലിൽനിന്നുതന്നെ പഠിക്കാനുള്ളതെല്ലാം പഠിക്കാം. പ്രയോഗിക്കുകയുംചെയ്യാം. പിന്നെ ഓലയിൽ കുത്തിക്കുറിച്ചുകൊണ്ടിരിക്കുന്നതെന്തിനു്? ഇങ്ങനെ വിചിത്രമായ പല ആശയങ്ങളുമുണ്ടു് രക്ഷിതന്നു്. ഏതായാലും, ആയാളുമായി സംസാരിക്കുമ്പോാം അത്തരം വാദങ്ങളിലൊന്നും ചെന്നു ചാടാൻ ഇടയാക്കാറില്ല ശോണൻ.

''ഇത്തവണ പരുത്തിക്കൃഷിയൊക്കെ എങ്ങനെ?'' ഋഷി അന്വേഷിച്ചു.

''താങ്കൾ പറഞ്ഞുതന്ന വിധമൊക്കെ ചെയ്തു. അതു കൊണ്ടു തരക്കേടില്ലെന്നു പറയാം. എനിക്കാണെങ്കിൽ പരുത്തിക്കൃഷി അധികമൊന്നുമില്ല, വൻതോതിൽ വില്ക്കാൻതക്കവണ്ണം. ഇല്ലാത്തവർക്കു വീട്ടുപയോഗത്തിന്നുമാത്രം വിളവുണ്ടാക്കുകയേ പററൂ. ഞാനതേ ചെയ്യുന്നുള്ളൂ. ഇവിടത്തെ വസ്ത്രമൊക്കെ ഇതുകൊണ്ടങ്ങു കഴിഞ്ഞുപോകും. നൂലുണ്ടാക്കിക്കൊടുത്തു കച്ചവടക്കാരോടു വസ്ത്രം ഞാൻ വാങ്ങും.''

''ലാഭക്കച്ചവടമാണോ?'' ഋഷി പുഞ്ചിരിയോടെ ചോദിച്ചു.

''ഹേയ്, ഞാനങ്ങനെയൊന്നുമാലോചിക്കാറില്ല. നൂലു കൊടുക്കും; ആവശ്യത്തിന്നു വസ്ത്രവും കിട്ടാറുണ്ട്.''

ആ സമയത്ത് അകത്തുനിന്നൊരു പക്ഷിയുടെ ശബ്ദം കേട്ടു. അതെന്താണെന്ന് ഋഷി തിരക്കി.

''അതോ, അതു മകൻ വളർത്തുന്ന തത്തയാണ്.'' രക്ഷിതൻ പറഞ്ഞു, ''ഒരു വല്ലാത്ത രസികൻ ജന്തു; പക്ഷേ, ഒരു സ്ഥിരം ഉപദ്രവം!''

ആയാൾ മകനെ വിളിച്ചു തത്തയെ കാണിച്ചുകൊടുക്കാനാവശ്യപ്പെട്ടു. അവൻ അഭിമാനത്തോടെ തൻെറ ഓമനയെ പ്രദർശിപ്പിച്ചു. മരംകൊണ്ടു നിർമ്മിച്ച വൃത്തിയുള്ളൊരു കൂട്ടിലടച്ചിരിക്കയാണ് അതിനെ. ചുവന്ന കൊക്കും കാലുകളുമുള്ള ഒരു പച്ചത്തത്ത. അത് എന്തൊക്കെയോ കൊഞ്ചിക്കൊണ്ട് ഒന്നിളകിയിരുന്നു രക്ഷിതനേയും ഋഷിയേയും തുറിച്ചുനോക്കി.

''ഞാനിവനെ തീററാൻ പോകയാണ്.'' ബാലൻ കൂടു തൂക്കിയെടുത്തു.

''ഇതിനെ തീററലാണ് ഇവൻെറ പ്രധാന പണി.'' രക്ഷിതൻ പറഞ്ഞു. ''എന്തു വയറാണെന്നോ ഈ അസത്തിൻെറ! ഒരു ദിവസം—ഉണ്ടാവും, ഇതിൻെറ കഴുത്തു പിരിച്ചു ഞാൻ അടുക്കളയിലേക്കു കൊടുത്തയയ്ക്കും!''

''ഓ! ഭയങ്കരം!'' ബാലൻ ചോദിച്ചു. ''നമ്മുടെ

29132 KOTTAYAM

കാവൽക്കാരനല്ലേ ഇവൻ? രാത്രി മുഴുവൻ ഉറക്കമൊഴിച്ച് ഉഷാറായി ഇരിക്കുന്ന ഇവനെ കൊന്നാൽ ആരാ പിന്നെ നമ്മുടെ കന്നിനെ നോക്കാൻ? കളപ്പുര നോക്കാൻ?''

അപ്പോഴം, മുററത്തു് വലിയൊരു പൂവാലൻകോഴി വന്നു. വരാന്തയിൽ ഇരുന്നവരെയൊന്നും തീരെ ഗണിക്കാതെ അവനൊന്നു ഞെളിഞ്ഞു നിന്നു കഴുത്തുയർത്തി ക്കൂവി. എന്നിട്ടു മുററത്തിന്നരികിൽക്കിടന്നു വൈക്കോൽ ചികഞ്ഞുതുടങ്ങി.

''ഇതാ വേറൊരുപദ്രവം!'' രക്ഷിതൻ പറഞ്ഞു: ''ഇതും രണ്ടു പിടക്കോഴികളും! ഇവൻെറ വകതന്നെ. സകല ദിക്കിലും ചുററിപ്പററി നടക്കും. ഒരു പേടിയുമില്ലെന്നേ! എന്തൊരു ശല്യമാണു്!''

''മുട്ട തരുന്നുണ്ടല്ലോ!'' ഋഷി പറഞ്ഞു.

''മുട്ടയൊക്കെ തരുന്നുണ്ടു്. പക്ഷേ, എത്ര ധാന്യംവേണം ഇവററയുടെ പൊത്തു നിറയാൻ! നാലു മുട്ട വിററാൽ ഒരു ചെമ്പുകാശു കിട്ടും. അതിനു് ദിവസേന ഒരു ചെമ്പു കാശിന്നു കിട്ടുന്ന ധാന്യം തിന്നുകയും വേണം!''

''കോഴിക്കുഞ്ഞുങ്ങളില്ലേ?''

''ഇല്ലില്ല. ഇനി അതുംകൂടിയേ വേണ്ടു. എന്താണവററയെ വളർത്തിയിട്ടൊരു ഗുണം! എനിക്കറിഞ്ഞുകൂടാ. പരുന്തും കാക്കയും സദാ കറങ്ങി നടക്കും. അവ റാഞ്ചിക്കൊണ്ടുപോകാനോ!''

ഗൃഹനായിക വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ഭക്ഷണത്തിന്നു സമയമായെന്നു സൂചിപ്പിച്ചു. രക്ഷിതനും ഋഷിയും എഴുന്നേററു കൈ കഴുകി അകത്തേക്കു കടന്നു.

സാമാന്യം വലുപ്പവും നല്ല വൃത്തിയുമുള്ള ശീതളമായ മുറി. ഒരുകിൽ പായ് വിരിച്ചിട്ടുണ്ടു്. രക്ഷിതനും അതിഥിയും അതിലിരുന്നു. ഗൃഹനായിക ഗോതമ്പുകൊണ്ടും ചോളപ്പൊടികൊണ്ടും നിർമ്മിച്ച അപ്പവും വെണ്ണയും ഇലകളിൽ വിളമ്പി. മൂന്നുനാലു് ഇലക്കുമ്പിളുകളിൽ സസ്യക്കറികളും, കൊഴുത്ത തൈരും ചുക്കുവെള്ളവും—ഇത്രയുമായിരുന്നു വട്ടം. വിഭവങ്ങളേക്കാളേറെ ആതിഥേയിയുടെ വിനയപൂർണ്ണമായ സല്ക്കാരമാണു് ഋഷിക്കു രുചിച്ചതു്.

ഋഷി അല്പം ജലമെടുത്തു് മുന്നിലുള്ള ഭക്ഷണത്തിന്മേൽ തളിച്ചു്, കണ്ണടച്ചു പതുക്കെ മന്ത്രിച്ചു:

''പ്രഭോ! മനുഷ്യനേയും അവൻെറ ഉദരത്തേയും സൃഷ്ടിച്ചവനേ! ഈ ഭക്ഷണം ഞങ്ങൾക്കു കൂടുതൽ ശക്തി തരുമാറാകണേ, സന്തോഷത്തോടെ ദാനംചെയ്യുവനെ അവിടുന്നു മറക്കരുതേ!''

ഒരു കാക്ക വാതില്ക്കലേക്കു ചാടിയെത്തി, തല ചെരിച്ചു് ഒററക്കണ്ണുകൊണ്ടു ചുററുപാടുമൊന്നു നിരീക്ഷിച്ചു് അതു് അകത്തേക്കുമൊരു ചാട്ടംകൊടുത്തു. രക്ഷിതൻ ഒരുകഷണം അപ്പം പൊട്ടിച്ചു് വരാന്തയിലേക്കെറിഞ്ഞു: ''അതെടുത്തോ. എന്നിട്ടു നിൻെറ പാട്ടിനു പോ, ഭൂതമേ!''

കാക്ക അപ്പത്തിന്നു പുറകേ വരാന്തയിലേക്കു കടന്നു. അതും കൊത്തിയെടുത്തു് അനുസരണയോടെ പറന്നു പോയി.

''വല്ലാത്ത ചൂടുള്ള ദിവസം!'' ഋഷി അഭിപ്രായപ്പെട്ടു. എങ്ങനെ ഈ പൊരിയുന്ന വെയ്‌ലത്തു് രക്ഷിതൻ ഉച്ചവരെ പണിയെടുത്തു എന്നത്ഭുതപ്പെട്ടു.

''ഞാൻ തോട്ടത്തിലായിരുന്നു.'' രക്ഷിതൻ പറഞ്ഞു.

''തോട്ടത്തിൽ കൃഷി ധാരാളമുണ്ടോ?'' ഋഷി അന്വേഷിച്ചു.

''ഉം. ആവശ്യത്തിന്നുള്ളതൊക്കെ മിക്കവൊറുമുണ്ടു്.''

''അങ്ങാടിയിൽനിന്നു് എന്തൊക്കെ വാങ്ങിക്കാറുണ്ടു്?''

''പ്രധാനമായി ഉപ്പും എണ്ണയുംതന്നെ.'' രക്ഷിതൻ പറഞ്ഞു.

''എന്തെല്ലാം വില്ക്കാറുണ്ടു്?''

''ഗോതമ്പു മിക്കവൊറും വില്ക്കയാണു പതിവു്. ചോളത്തിൽ പാതിയും വില്ക്കും. പിന്നെ, പാലും.''

''നല്ല വില കിട്ടാറുണ്ടല്ലൊ. അതായതു് നിങ്ങൾക്കു ചതിപററാറില്ലല്ലൊ?''

''എനിക്കറിഞ്ഞുകൂടാ. അങ്ങനെ പിശകാറില്ല.'' രക്ഷിതൻ.

''ഒരു ചെമ്പുകാശിനു് രണ്ടുപാത്രം എണ്ണ കിട്ടും. അതു നിങ്ങൾക്കു കിട്ടാറുണ്ടോ?''

''ഉണ്ടു്—കിട്ടാറുണ്ടു്.''

അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഋഷി ചോദിച്ചു: ''എന്റെ സ്നേഹിതാ! താങ്കളൊരു പണക്കാരനാണെന്നാണു് എന്റെ വിചാരം. അധികംവരുന്ന പണമൊക്കെ എന്തു ചെയ്യുന്നു?''

''അയ്യോ! ഞാനൊരു പണക്കാരനൊന്നുമല്ല. വല്ലതുമൊക്കെ മിച്ചം വന്നാൽ അതൊരു മൺകൂജയിലാക്കി തോട്ടത്തിൽ കുഴിച്ചിടുകയാണു് പതിവു്. എന്തോ കുറച്ചു് അതിൽ കണ്ടേക്കും.''

''പലരും ചെയ്യുന്നതിങ്ങനെയാണു്.'' ഋഷി പറഞ്ഞു: ''എന്തിനാണു പണം തോട്ടത്തിൽ കുഴിച്ചിടുന്നതു്? വീട്ടിന്നുള്ളിൽ വെയ്ക്കാമല്ലോ. ഇവിടെയെങ്ങും കള്ളന്മാരുടെ ശല്യമില്ലല്ലൊ.''

''എന്തിനാണതു്! തോട്ടത്തിലായാലും വീട്ടിലായാലും എന്താണു് വ്യത്യാസം?''

''നിങ്ങൾ എന്തു നികുതി കൊടുക്കാറുണ്ടു്?'' ഋഷി ആരാഞ്ഞു.

''ഓ! ഞാനൊന്നും കൊടുക്കാറില്ല!''

''ഒന്നും! രാജഭോഗമൊന്നും കൊടുക്കാറില്ല!'' ഋഷി അത്ഭുതമായി.

രക്ഷിതൻ പറഞ്ഞു: ''കൊയ്ത്തു കഴിഞ്ഞാൽ കുറെ ധാന്യം ഞാൻ കൊടുത്തയയ്ക്കാറുണ്ടു്—രാജാവു് എന്റെ വീട്ടിൽ വന്നു് ഭക്ഷണം കഴിക്കാറില്ലല്ലൊ എന്നുവെച്ചു്! അതാണോ നികുതി? പണമായിട്ടു ഞാൻ ഒന്നും കൊടുക്കാറില്ല.''

''അതെന്താ പണമായിട്ടു കൊടുക്കാത്തതു്?''

''രാജാവിന്നു പണം തിന്നാൻ പറ്റുമോ?'' രക്ഷിതൻ ചോദിച്ചു. ''എന്തു വിലയാണീ പണത്തിന്നുള്ളതു്? എനിക്കറിഞ്ഞുകൂടാ.''

ഋഷി: പണത്തിനൊരു വിലയുമില്ലേ? അതല്ലേ ഏററവും വിലപ്പെട്ടതു്?.

''ഭ്ര! പണം!'' രക്ഷിതൻ പുച്ഛരസത്തോടെ പറഞ്ഞു: ''ഒരു ചത്ത സാധനം! വയലിൽ വിതച്ചാലുണ്ടോ പണം മുളയ്ക്കുന്നു! അതു തനിയേ വദ്ധിക്കുമോ? ഒരുമണി ഗോതമ്പ് രണ്ടു കൊല്ലംകൊണ്ടു മുന്നൂറു മണിയായി വദ്ധിക്കും. പണം അങ്ങനെയാണോ? ഒരു ധമ്മവുമില്ലാത്ത വസ്തു!''

''പക്ഷേ,'' ഋഷി ചോദിച്ചു, ''അതു നിങ്ങളെ സഹായിക്കുന്നില്ലേ? അതില്ലാതെ എണ്ണയും ഉപ്പും വാങ്ങാനാവുമോ?''

''ഉം? എന്തുകൊണ്ടു വാങ്ങിക്കൂടാ?'' രക്ഷിതൻ വിട്ടില്ല. ''ഗോതമ്പും ചോളവും കൊടുത്തു പകരം ഞാൻ ഉപ്പും എണ്ണയും വാങ്ങും. ഞാനത്രയൊന്നും വകവെയ്ക്കുന്നില്ല നിങ്ങളുടെ പണത്തെ. ഏതെങ്കിലും കച്ചവടക്കാർ വരുമ്പോഴൊക്കെ കഴിയുന്നതും പണമിടവാടു ഞാൻ ഒഴിവാക്കുകയാണു പതിവ്.''

''ആ പണമൊക്കെ രാജാവിൻെറ മുദ്രയുള്ളതാണ്,'' ഋഷി പറഞ്ഞു.

''ആ—അതെ, അതൊക്കെ അദ്ദേഹത്തിന്റെയാണ്. അദ്ദേഹത്തിൻെറ മുതൽ അങ്ങോട്ടുതന്നെ തിരിച്ചയയ്ക്കുയാണു ഞാൻ ചെയ്യാറ്. അതു ഞാനെന്തിനു സൂക്ഷിക്കുന്നു?''

അല്പം കഴിഞ്ഞു ഋഷി ചോദിച്ചു: ''താങ്കൾക്കു രാജാവിനെ കാണണമെന്നുണ്ടോ?''

''തീച്ചയായും. അദ്ദേഹം ഇവിടെയെങ്ങാനും വരുമ്പോൾ കാണണം.''

''ഒരു കുതിരയെ കിട്ടിയാൽ താങ്കൾക്കു് ഉജ്ജയിനിയിൽ പോയാലെന്താണ്? അദ്ദേഹത്തെ കാണാം. കൊട്ടാരവും നഗരവുമൊക്കെ കാണാമല്ലൊ?''

''ഹേയ്!'' രക്ഷിതൻ പറഞ്ഞു, ''ഉജ്ജയിനിയിൽ എനിക്കെന്തു കാര്യമിരിക്കുന്നു? എനിക്കെന്താണവിടെ സ്ഥാനം? ഇവിടെ വയലിലാണെങ്കിൽ എന്നെക്കൊണ്ടാവശ്യമുണ്ട്. തോട്ടത്തിലും ഒരുപാടു പണിയുണ്ട്. ദൈവം എനിക്കിവിടെ കല്പിച്ചുതന്ന പ്രവൃത്തി ഞാൻ ചെയ്യണ്ടേ?''

ഋഷി ഒന്നും പറഞ്ഞില്ല. ആ കഷ്കന്റെ സ്വന്തം വേല

യോടും വയലിനോടുമുള്ള സ്നേഹവും ബഹുമാനവും അദ്ദേഹം ഉള്ളുകൊണ്ടഭിനന്ദിച്ചു.

ഊണുകഴിഞ്ഞു കൈ കഴുകി ഋഷി ഉമ്മറത്തു പായിൽ വന്നു് ഇരുന്നു. രക്ഷിതൻ അതിഥിയുടെ കുതിരയ്ക്കു വെള്ളവും തീററിയും കൊടുത്തു.

വെയിലാറിയപ്പോൾ ശോണഋഷി പോകുവാൻ തെയ്യാറായി. അടുത്ത ഗ്രാമത്തിലുള്ള വിഹാരത്തിൽ സന്ധ്യയ്ക്കുമുമ്പേ ചെന്നുചേരണം. ആതിഥേയൻെറ സല്ക്കാരത്തിന്നും സന്മനസ്സിന്നും നന്ദി പറഞ്ഞുകൊണ്ടു മുററത്തിറങ്ങിയ ഋഷിയുടെ പക്കൽ രക്ഷിതൻ ഒരു വലിയ ഉണ്ട നൂൽ കൊടുത്തിട്ടു പറഞ്ഞു: ''ഒന്നാന്തരം നൂലാണിതു്. ദയവുചെയ്തു താങ്കൾ ഇതുകൂടി ഉജ്ജയിനിയിലേക്കു കൊണ്ടുപോകുമോ?''

''തീർച്ചയായും. ആർക്കാണിതു്?'' ഋഷി ചോദിച്ചു.

''രാജാവിൻെറ പത്നിക്കു് ഒരു ചെറിയ സമ്മാനമാണു്. എൻെറ ഭാര്യയുടെ വകയാണിതു്. ഇതു പ്രഭ്വിക്കു കൊടുക്കണമെന്നാണു് അവളുടെ മോഹം.''

## നാലു്

ഉജ്ജയിനീരാജ്യത്തിലെ സമ്പന്നമായ ഒരു പ്രവിശ്യയാണു കൊദംഗ. അവിടത്തെ പ്രധാന വിള പരുത്തിയാണു്. നെയ്ത്തുവ്യവസായം വളരെയധികം പുരോഗമിച്ചിരുന്നു. കൃഷിക്കാരിൽനിന്നു പരുത്തിയും നൂലും വാങ്ങി നെയ്ത്തുകാർക്കു് എത്തിച്ചിരുന്നതു കച്ചവടക്കാരാണു്. അവർക്കതിൽ നല്ല ലാഭം കിട്ടിപ്പോന്നു. ഒരുവേള കൃഷി അല്പം മോശമായാലും കച്ചവടക്കാർക്കു വലിയ നഷ്ടമൊന്നും പററാനില്ല. എന്നാൽ കൃഷിക്കാർക്കങ്ങനെയല്ല. പരുത്തിയും നൂലും വണ്ടിയിൽ കയററി കച്ചവടക്കാർക്കു് അവർ കൊണ്ടുപോയി വില്ക്കണം. വാടകയ്ക്കു വണ്ടി വിളിക്കുകയാണവർ പതിവു്. കൃഷി മോശമായെന്നു പറഞ്ഞാൽ വാടക കുറച്ചുകിട്ടുമോ! കച്ചവടക്കാരൻ വളരെ വിലയൊന്നും കൂട്ടിത്തരുവാനും പോകുന്നില്ല:

സാധാരണ വിളവങ്ങനെ മോശമാകാറില്ലാത്തതു കൊണ്ടു പ്രശ്നങ്ങളൊന്നും ഉണ്ടാകാറില്ല. എന്നാൽ അക്കൊല്ലം കാലാവസ്ഥയുടെ തകരാറുകൊണ്ടു കൃഷിക്കാൎക്കു പരിഭ്രമമായി. കച്ചവടക്കാരോടു തൎക്കിച്ചിട്ടൊന്നും കാൎയ്യമില്ലെന്നു് അവൎക്കു്സ്സലായറിയാം. അതുകൊണ്ടു മറ്റെന്തെങ്കിലും പോംവഴി കണ്ടുപിടിക്കതന്നെ വേണം. ഗ്രാമീണർ കൂടിയാലോചിച്ചു. രണ്ടുമൂന്നു സമ്മേളനങ്ങൾ അവർ വിളിച്ചുകൂട്ടി. അവസാനം രാജാവിൻെറ അടുക്കൽ ഒരു നിവേദകസംഘം പോകുവാൻ തീരുമാനിച്ചു.

പരുത്തി ശേഖരിക്കുന്ന കാലം വന്നെത്തിയാൽ സാധാരണ റോഡുകളിൽ വലിയ കോലാഹലമാണു്. ഉത്സാഹംനിറഞ്ഞ ശബ്ദങ്ങൾ ഉയന്നു കേൾക്കാം. വണ്ടികൾ നിരനിരയായി മാൎക്കററിലേക്കു നീങ്ങിക്കൊണ്ടിരിക്കും. കൈ നിറയെ പണവുമായി കൃഷിക്കാർ മടങ്ങിവരുന്നതു കാണാം. എന്നാൽ അത്തവണ ഒരൊററ വണ്ടിപോലും റോഡിലെങ്ങും ശബ്ദിച്ചില്ല. പരുത്തി അതാതിടത്തു കെട്ടിക്കിടന്നു. ചുരുക്കം ചിലർ മാത്രം തലച്ചുമടായി നൂലും ചുമന്നുകൊണ്ടു മാൎക്കററിലേക്കു പോകുന്നതു കാണാമായിരുന്നു.

ആ സ്തംഭനാവസ്ഥ കൃഷിക്കാരനേയും നൂല്പുകാരനേയും നെയ്ത്തുകാരനേയും മാത്രമല്ല വിഷമിപ്പിച്ചതു്. കമ്പോളത്തിൽ പണംവരവു നിലച്ച മട്ടായി. പരുത്തി സ്തംഭിച്ചതോടെ പല രംഗത്തും സ്തംഭനമായി.

കൊദംഗയിലെ പ്രധാനോദ്യോഗസ്ഥനും ന്യായാധിപനുമായ മഹാമാത്രൻെറ മനസ്സിനെ ഇതൊന്നും അല്പംപോലും സ്വൈരംകെടുത്തിയില്ല. കൊദംഗപട്ടണത്തിൻെറ നടുവിൽ മനോഹരമായ ഒരു ഹൎമ്മ്യത്തിലാണു് മഹാമാത്രപുരുഷദത്തൻെറ കോടതി. രൂപത്തിലും ഭാവത്തിലും തികഞ്ഞ അന്തസ്സു പാലിക്കുന്നവനാണു് പുരുഷദത്തൻ. അദ്ദേഹത്തിൻെറ കൃത്യനിഷ്ഠയും ന്യായശീലവും സ്വഭാവമഹിമയും സുപ്രസിദ്ധമായിരുന്നു. അദ്ദേഹത്തെ സഹായിക്കുവാൻ ധൎമ്മമാത്രന്മാരിൽ ഒരു പ്രധാനിയായ യമനകനും ഉണ്ടായിരുന്നു. കോടതിയിൽ വന്നെത്തുന്ന കേസ്സുകളുടെ

ന്യായാന്യായതകളെപ്പററി വിസ്തരിച്ചന്വേഷണംനടത്തി പുരുഷദത്തനെ വിവരമറിയിക്കുകയാണ് യമനകൻെറ പ്രധാന ജോലി. ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിക്കുവാൻ വേറേയും ധമ്മമാത്രന്മാരുണ്ട്.

പരുത്തിയെ സംബന്ധിച്ച ആവലാതി പുരുഷദത്തൻെറ ന്യായാസനത്തിലും എത്തി. കച്ചവടക്കാരായിരുന്ന ആവലാതിക്കാർ. അവർ കൃഷ്കന്മാരെ പ്രതിചേത്തു പരാതി ബോധിപ്പിച്ചു. കൃഷിക്കാർ സാധാരണമട്ടിൽ പരുത്തി വണ്ടിയിൽക്കയററി കൊണ്ടുവരുന്നില്ലെന്നും അതുകൊണ്ടു തങ്ങൾക്കും നാടിന്നു പൊതുവേയും വിഷമാവസ്ഥയായിരിക്കുന്നുവെന്നുമാണ് അവർ വാദിച്ചതു്. ശുദ്ധിയാക്കിയ പരുത്തിയും നൂലും പല കൃഷിക്കാരും കുറേശ്ശെയായി തലയിൽ ചുമന്നു കൊണ്ടുപോയി നൂല്പുകാക്കു കൊടുക്കുന്നു. തങ്ങളുടെ പതിവുവരുമാനം അതിനാൽ തീരെ നിലച്ചുപോയിരിക്കുന്നു.

യമനകൻ ചോദിച്ചു: ''ആകട്ടെ, അവരങ്ങനെ ചെയ്യുന്നെങ്കിൽ ചെയ്യട്ടെ. അത്ര വലിയ ഒരു കുററമാണോ ഇതു്?''

'അവർ അടുത്തുള്ള ആളുകൾക്കു് വേണമെങ്കിൽ കുറച്ചെന്തെങ്കിലും വിററുകൊള്ളട്ടെ.'' കച്ചവടക്കാർ പറഞ്ഞു. ''പക്ഷേ, ദൂരെ കൊണ്ടുപോയി തന്നത്താൻ വില്ക്കുന്നതു ശരിയാണോ? അവരിൽനിന്നു പരുത്തി വാങ്ങി ദൂരത്തുള്ള നൂല്പുകാക്കെത്തിക്കുന്നതു ഞങ്ങളാണല്ലൊ പതിവായി ചെയ്യാറുള്ളതു്. അതിന്റെ തുച്ഛമായ ലാഭമെങ്കിലും ഞങ്ങൾക്കു കിട്ടിയിരുന്നതു നഷ്ടപ്പെടുകയാണ്.''

പുരുഷദത്തൻ പറഞ്ഞു: ''നിങ്ങളോടു നേരിട്ടു കച്ചവടം നടത്തുകയില്ലെന്നല്ല കൃഷിക്കാർ പറയുന്നതു്. വണ്ടിക്കൂലി സംബന്ധിച്ചാണ് ഇപ്പോഴത്തെ തക്കം. ഇക്കുറി വിളവു കുറഞ്ഞുപോയി. വണ്ടിക്കൂലി ചെലവാക്കി നിങ്ങൾക്കു് എത്തിച്ചാൽ അദ്ധ്വാനത്തിന്നു പ്രതിഫലം അവക്കു കിട്ടില്ലല്ലോ. അവക്കു നഷ്ടം പററും.''

''ഞങ്ങൾക്കാണു നഷ്ടം പററുന്നതു്. ഇപ്പോൾ ചര

ക്കുകാം നന്നെ കുറഞ്ഞുപോയിരിക്കുന്നു. അതിനാൽ കച്ചവടം സ്തംഭിച്ച മട്ടാണു്.''

യമനകൻ ഉറച്ചുപറഞ്ഞു: ''നിങ്ങാംക്കോ നഷ്ടം! അതു നന്നായി! ലാഭത്തിൽ ഒരു ചെറിയ അംശം നിങ്ങാംക്കു നഷ്ടപ്പെടുന്നുണ്ടാവാം. എന്നാൽ അദ്ധ്വാനിച്ച കൃഷിക്കാരനു് അവനിറക്കിയ മുതലിൻെറ അംശമാണു് നഷ്ടപ്പെടുക! വിളവു നന്നായിരിക്കുമ്പോാം അവർ നിങ്ങാംക്കു് അധികപ്പടി പരുത്തി വെറുതേ തന്നിട്ടില്ലേ? ഉണ്ടെന്നെനിക്കറിയാം.''

ന്യായാധിപൻ ചോദിച്ചു: ''നിങ്ങാം രാജാവിന്നു് എന്തു നികുതി കൊടുക്കുന്നു?''

''അഞ്ചു പണതങ്കങ്ങാം.''

''അദ്ദേഹം ആറു പണതങ്കങ്ങാം ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ. കൊടുക്കില്ലേ?''

''ഹോ! അത്രയും ചോദിക്കുന്നതു ന്യായമല്ലല്ലോ!'' കച്ചവടക്കാർ പറഞ്ഞു.

''ഓഹോ! രാജാവു നിങ്ങാംക്കു് അവകാശം തന്നിട്ടുണ്ടു് അദ്ദേഹത്തിൻെറ പ്രവൃത്തി ന്യായമോ അന്യായമോ എന്നു പറയാൻ. ന്യായമായ നികുതിയേ നിങ്ങളോടു ഇൗടാക്കുന്നുള്ളു. എന്നാൽ, ഇപ്പോഴിതാ, കൃഷിക്കാരെ ന്യായമായി സഹായിക്കണമെന്നു പറയാൻ അദ്ദേഹത്തിന്നവകാശമില്ല—അല്ലേ?'' പുരുഷദത്തൻ ഓരോരുത്തനേയും മാറി മാറി നോക്കി.

കച്ചവടക്കാർ എന്തു പറയണമെന്നറിയാതെ കുഴങ്ങി. ഒടുവിൽ അവരുടെ തലവൻ പറഞ്ഞു:

''അതിനു് അദ്ദേഹം ഞങ്ങളോടു കല്പിച്ചരുളിയിട്ടില്ലല്ലോ.''

''ഞാൻ നിങ്ങളോടു് ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. ഞാൻ ഇവിടെ അദ്ദേഹത്തിൻെറ പ്രതിപുരുഷനാണെന്നറിഞ്ഞുകൂടേ? അദ്ദേഹത്തിന്റെപേരിൽ ഞാൻ നിങ്ങളോടു വീണ്ടും ഇതാ ആവശ്യപ്പെടുന്നു. ഇത്തവണ വണ്ടിക്കൂലി നിങ്ങാം ചെലവാക്കണം. പാവപ്പെട്ട കൃഷിക്കാരനു നഷ്ടം വരുത്തരുതു്.''

''അയ്യോ! അതു്....ഒരുപാടു ചെലവുവരും.'' കച്ചവടക്കാർ പറഞ്ഞു.

''ശരിയാണു്. നിങ്ങൾ ചെലവാക്കുമ്പോൾ പണം ഒരുപാടു്! മററുള്ളവരാണു ചെലവാക്കുന്നതെങ്കിൽ തുച്ഛവും! അല്ലേ?''

പുരുഷദത്തൻ തുടൎന്നു: ''നിങ്ങൾ ഒന്നാലോചിച്ചു നോക്കു. വണ്ടിക്കൂലി നിങ്ങൾ ചെലവാക്കുന്നില്ലെങ്കിൽ ഇത്തവണ പരുത്തിക്കച്ചവടവും ലാഭവും മുഴുവൻ നിങ്ങൾക്കു നഷ്ടപ്പെടും. ചെലവാക്കുകയാണെങ്കിൽ കിട്ടുന്ന ലാഭത്തിൻെറ ചെറിയൊരംശമേ നഷ്ടപ്പെടുന്നുള്ളു. നൂല്പ്പുകാരനു നൂലു കിട്ടണം. അവൻ അതു് എങ്ങനേയും സമ്പാദിക്കാതിരിക്കയില്ല. കൃഷിക്കാരൻ തലച്ചുമടായി കൊണ്ടുപോയി വില്ക്കുയോ, അവൻ ഗ്രാമത്തിൽ വന്നു കൃഷിക്കാരനോടു വാങ്ങിക്കൊണ്ടു പോവുകയോ ചെയ്യും. ഇതു രണ്ടും സംഭവിച്ചില്ലെങ്കിൽത്തന്നെ രാജാവു് പരുത്തി നൂല്പ്പുകാരനെത്തിക്കാൻ വേറെ ഏൎപ്പാടു ചെയ്തുകൊള്ളും. ഇപ്പോഴത്തെ ഈ കച്ചവടസ്തംഭനം ഉടനെ മാറാതിരിക്കയില്ലാ; തീൎച്ച. നഷ്ടംവരുന്നതു നിങ്ങൾക്കായിരിക്കും. അല്പം ലാഭം നോക്കി വലിയ നഷ്ടം വലിച്ചുവെക്കരുതു്. ബുദ്ധിയായി പെരുമാറൂ. ഇത്തവണത്തെ വണ്ടിക്കൂലി നിങ്ങൾതന്നെ ചെലവാക്കൂ.''

കച്ചവടക്കാർ തമ്മിൽത്തമ്മിൽ ആലോചിച്ചു ന്യായാധിപൻ പറയുന്നതു ശരിയെന്നു സമ്മതിച്ചു പിന്മാറി.

അന്നു വൈകുന്നേരം രണ്ടു തത്തകൾ പറന്നുവന്നു് ന്യായമന്ദിരത്തിൻെറ പടിഞ്ഞാറുവശത്തുള്ള മുറിയിലേക്കു കടന്നു. കോടതി പിരിഞ്ഞയുടനെയായിരുന്നു ആ സംഭവമുണ്ടായതു്. പലരും ജിജ്ഞാസയോടെ തത്തകളുടെ പുറകെ, ആ മുറിയുടെ പാൎശ്വത്തിലെത്തി. കോടതിയെസ്സംബന്ധിച്ചിടത്തോളം സുപ്രധാനമായ എന്തോ ഒന്നു് സംഭവിച്ചിരിക്കുന്നുവെന്നു് അവരുടെ ഭാവം വ്യക്തമാക്കിയിരുന്നു. ഒരു കോടതിയുദ്യോഗസ്ഥൻ തത്തകളിരുന്ന മുറിയിലേക്കു കടന്നു. അയാൾ അവയെ നോക്കി 'ഹ!' എന്നൊരു ശബ്ദമുണ്ടാക്കി. അവയും ചിറകടിച്ചു് അതുപോ

ലെ ശബ്ദിച്ചു തങ്ങളേതെന്നു വെളിപ്പെടുത്തി. ഉദ്യോഗസ്ഥൻ ഉടനെ പുരുഷദത്തനെ വിവരമറിയിച്ചു: ''ഇതാ ദൂതന്മാർ വന്നിരിക്കുന്നു.''

ന്യായാധിപൻെറ നിർദ്ദേശമനുസരിച്ചു് ആ ഉദ്യോഗസ്ഥൻതന്നെ അവയെ സ്വീകരിക്കുവാൻ സന്നദ്ധനായി. അല്പസമയത്തിനുള്ളിൽ പരിചാരകർ തേനും പഴങ്ങളും ചോറുമായി തത്തകളുടെ അടുത്തേക്കെത്തി.

രാജരാജൻെറ സാമ്രാജ്യത്തിൻെറ വടക്കേ അററത്തു് ഹിമാലയത്തിൻെറ താഴ്വരയിലുള്ള രാമപൂർവ്വത്തിൽനിന്നും ഇത്തരം നൂററുകണക്കിനുള്ള തത്തകളെ മെരുക്കിയെടുത്തിട്ടുണ്ടു്. ചക്രവർത്തിയുടെ സന്ദേശങ്ങൾ സാമന്തന്മാർക്കെത്തിക്കുക, സാമന്തരാജാക്കന്മാരുടെ സന്ദേശങ്ങൾ ഓരോ പ്രവിശ്യയിലെയും ന്യായാധിപന്മാർക്കെത്തിക്കുക തുടങ്ങിയ ദൂതവൃത്തിയിൽ പ്രത്യേകം പരിശീലനം കൊടുത്തിട്ടുണ്ടവയ്ക്കു്. ബുദ്ധിയും വേഗവും മെരുക്കവുമുള്ള ആ പക്ഷികൾ ഒട്ടും പിഴയ്ക്കാതെ തങ്ങളുടെ കൃത്യം അനുഷ്ഠിച്ചുപോന്നു.

പരിചാരകൻ സല്ക്കരിച്ച വിഭവങ്ങളെല്ലാം വളരെ വേഗം ആ പക്ഷികൾ അകത്താക്കി. അപ്പോഴേക്കും ഉദ്യോഗസ്ഥൻ മുറിയിൽ കടന്നുചെന്നു. അവയ്ക്കറിയാം ആയാൾ ആവശ്യപ്പെടുന്നതെന്തെന്നു്. അവയിൽ ഒരു തത്തയുടെ കുഴുത്തിലായിരുന്നു പനയോലയിൽ കുറിച്ച രാജസന്ദേശം തൂങ്ങിക്കിടന്നതു്. ഉദ്യോഗസ്ഥൻ അടുത്തുചെന്നു് അതഴിച്ചെടുത്തു പുരുഷദത്തൻെറ കൈയിലെത്തിച്ചു.

അശോകൻെറ സന്ദേശമായിരുന്നു അതു്. ന്യായാധിപൻ അതിങ്ങനെ വായിച്ചു:

''പരുത്തി സേനാപതിയുടെ മേൽനോട്ടത്തിൽ കൃഷിക്കാരുടെ അടുത്തുനിന്നു കച്ചവടക്കാർക്കെത്തിക്കുന്നതാണു്. ഇക്കാര്യത്തെക്കുറിച്ചു വേണ്ടുന്ന നിർദ്ദേശങ്ങൾ ലഭിക്കുവാൻ പത്തു ദിവസത്തിനകം സേനാപതിയുടെ ആളുകൾ അവിടെ വന്നെത്തും.''

യമനകൻ മാത്രമേ അപ്പോൾ ന്യായാധിപൻെറ അരികിൽ ഉണ്ടായിരുന്നുള്ളു. അവരിരുവരും ആ സന്ദേശ

K. G. V. Kudamaloor



Kudamaloor

ത്തെപ്പററി ചച്ചയാരംഭിച്ചു. രാജാവിൻെറ ഈ തീരുമാനം അനാവശ്യമാണെന്നായിരുന്നു പുരുഷദത്തൻെറ അഭി പ്രായം.

Kottayam 17

''ഇക്കാര്യം വാങ്ങുന്നവനും വില്ക്കുന്നവനും തമ്മിൽ തീക്കാനുള്ളതേയുള്ളു. അതാണു നല്ലതു്. വണ്ടിയുടെ കാര്യം ഭരണാധികാരികരം ഏറെറടുത്താൽ സ്വകാര്യവണ്ടിക്കാർ എന്തു ചെയ്യും? അവക്കതൊരു നഷ്ടമാവില്ലേ?''

യമനകനും അതുതന്നെയായിരുന്നു അഭിപ്രായം. സ്വ കാര്യവണ്ടിയുടമകരംക്കു് ഇക്കാലത്താണു കാര്യമായൊരു വരവുള്ളതു്. അതു നഷ്ടപ്പെടുത്തുക എന്നുവെച്ചാൽ കഷ്ട മാണു്.

''മാത്രമല്ല,'' യമനകൻ പറഞ്ഞു, ''സേനാപതിയു ടെ ആളുകരം വണ്ടിയുമായി വന്നാൽ അതു വെറും അനാവ ശ്യച്ചെലവുകരംക്കും ഇടവരുത്തും. നമുക്കെല്ലാം വെറുതെ കൂ ടുതൽ പണിയുമാവും.''

''വണ്ടിക്കാക്കു മാത്രമല്ല, ഭരണകൂടത്തിനും നഷ്ടംത ന്നെ. എന്തിനു്? കച്ചവടക്കാരനു് അതിലാഭം ഉണ്ടാക്കി ക്കൊടുക്കാൻ!''

''രാജാവിന്നിങ്ങനെ കല്പിക്കാൻ തോന്നിയതെ ന്തോ!'' യമനകൻ ആശ്ചര്യപ്പെട്ടു.

പുരുഷദത്തൻ പറഞ്ഞു: ''വസ്ത്രത്തിൻെറയും ഭക്ഷണ സാധനങ്ങളുടെയും വിലയുടെ കാര്യത്തിൽ കണിശക്കാര നാണദ്ദേഹം. ഒരു ചെമ്പുകാശു വില വദ്ധിച്ചാൽ അദ്ദേഹ മതു സമ്മതിക്കില്ല. ഇപ്പോരം വിലക്കൂടുതലിൻെറ പ്രശ്നം വന്നെങ്കിലോ എന്നു കരുതിയാണീ നടപടി.''

''പക്ഷേ. ഇപ്പോഴത്തെ ഈ കൃഷിപ്പിഴവു് അപകട കരമാണു്.'' യമനകൻ പറഞ്ഞു.

''ഓ! അതൊന്നും സാരമില്ല, അടുത്ത വിള നന്നാ യാൽ മതിയല്ലോ. അല്ലെങ്കിലും, ഇപ്പോഴത്തെ ഈ വില്പ നസമ്പ്രദായം മാറുകതന്നെ വേണം. കൃഷിക്കാരൻ കൃഷി ക്കാരനാണു്, കച്ചവടക്കാരനല്ല. ഇപ്പോഴത്തെ നിലയ്ക്കു് അവൻ രണ്ടു പണിയും നടത്തണം. ഉല്പാദനംനടത്തണം, വണ്ടിപിടിച്ചു കൊണ്ടുപോയി പിശകി വില്പനയും നട

ത്തണം. അതു മാററണം. വണ്ടിപിടിക്കയും ഗ്രാമത്തിൽ വന്നു വാങ്ങിക്കൊണ്ടുപോയി വില്ക്കുകയും കച്ചവടക്കാരൻ തന്നെ ചെയ്യണം.''

ന്യായാധിപൻ അപ്പോഠംത്തന്നെ ഉജ്ജയിനിയിലേക്കു കൊടുത്തയയ്ക്കാൻ ഒരു കത്തു തെയ്യാറാക്കി.

തത്തകഠം ആ എഴുത്തുമേന്തി പറന്നുപോയി.

സേനാപതിക്കും അമാത്യനും പുരുഷദത്തൻെറ അഭിപ്രായഗതിതന്നെയാണുണ്ടായിരുന്നതു്. അവർ അക്കാര്യത്തെ സംബന്ധിച്ചു നീണ്ട ചച്ചകഠം നടത്തുകയും ചെയ്തിരുന്നു. പക്ഷേ, കൊദംഗയിലെ സ്ഥിതിഗതികളെപ്പററി ഇരുവക്കും പൂണ്ണമായ അറിവില്ലാഞ്ഞതിനാൽ രാജാവിൻെറ അഭിപ്രായമനുസരിച്ചുവെന്നേയുള്ളു. അതുകൊണ്ടു്, പുരുഷദത്തിൻെറ ഉപദേശരൂപമായ അഭിപ്രായമറിഞ്ഞപ്പോഠം അവർ സന്തോഷിച്ചു.

അശോകനും പുരുഷദത്തൻെറ ആശയഗതി അഭിലഷണീയമായിത്തോന്നി.

''ന്യായാധിപൻ ചെയ്ത ഏപ്പാടുകളാണു നല്ലതു്.'' അമാത്യൻ പറഞ്ഞു: ''കൃഷിക്കാരോ ഭരണാധികാരികളോ അല്ല, കച്ചവടക്കാർതന്നെയാണു് വണ്ടിക്കൂലി കൊടുക്കേണ്ടതു്.''

''തീച്ചയായും.'' അശോകൻപറഞ്ഞു,'' നാമതിനെക്കുറിച്ചു തീരെ ചിന്തിക്കാഞ്ഞതെന്തേ? എനിക്കത്ഭുതമായിത്തോന്നുന്നു! ഏതായാലും ഈ പുതിയ ഏപ്പാടു പ്രയോഗത്തിലെങ്ങനെയിരിക്കുന്നു എന്നറിയണം.''

''ഞങ്ങഠം വിവരമറിയിച്ചുകൊള്ളാം.''മഹാസേനൻ പറഞ്ഞു.

''കച്ചവടക്കാരുടെ പ്രതികരണവും അറിയേണ്ടതുണ്ടു്.'' രാജാവു തുടന്നു: ''ധമ്മമാത്രന്മാരെ പ്രത്യേകം ശട്ടം കെട്ടിക്കൊള്ളണം. കച്ചവടക്കാർ കാര്യം നിവ്വഹിക്കുമെന്നതിനു സംശയമില്ല. പക്ഷേ, അവരുടെ മനസ്സു് എന്താണെന്നു നമുക്കറിയണം. പൂണ്ണമനസ്സോടെ അവർ കൃഷിക്കാരേയും നാടിനേയും സഹായിക്കാൻ തെയ്യാറാവുകയാണോ? ഏതായാലും കച്ചവടക്കാക്കു ലാഭത്തിൽ സ്വല്പം

കുറയും. അതിൽ നമുക്കു ഖേദവുമുണ്ട്. പക്ഷേ, ഇത്തരം സന്ദർഭങ്ങളിലാണ് മനഃസ്ഥിതി ശരിക്കു മനസ്സിലാക്കാൻ സാധിക്കുക.''

## അഞ്ച്

വേദസാഗരിയുടെ പഠനം കുറച്ചുകാലംകൊണ്ടു വളരെ പുരോഗമിച്ചു. പനയോലയിൽ ഒരുവിധം വേഗതയിൽ എഴുതുവാൻ അവരും സാമർത്ഥ്യം നേടി. ഗാനകലയിലും നൃത്തത്തിലും വിദഗ്ദ്ധയായ പ്രഭാവതിയായിരുന്നു വേദയുടെ അടുത്ത തോഴി—യൗവനത്തിലേക്കു കാലൂന്നിയ സുന്ദരിയായൊരു കന്യക. അവളും രാജ്ഞിയോടൊപ്പം എഴുത്തും വായനയും അഭ്യസിക്കുന്നുണ്ടായിരുന്നു. ഒരിക്കൽ പഠനമദ്ധ്യേ വേദസാഗരി പറഞ്ഞു:

''എൻെറ ലിപികരം വളരെ വലുതായിപ്പോകുന്നുണ്ട്—അല്ലേ? കുറെക്കൂടി ചെറുതാക്കി എഴുതാൻ ശീലിക്കണമെന്നു് ലിപികാരൻ പറയാറുണ്ട്.''

''അതു വിഷമമാണ്. നല്ല ക്ഷമവേണം.'' പ്രഭാവതി അഭിപ്രായപ്പെട്ടു.

''പക്ഷേ, ബുദ്ധിമുട്ടിനു തക്ക ഫലമുണ്ടല്ലോ എന്നാണ് സമാധാനം.'' വേദസാഗരി പറഞ്ഞു: ''ആശയങ്ങളും അഭിപ്രായങ്ങളും ദൂരസ്ഥലത്തേക്കു് അതുപടി എത്തിക്കാൻ കഴിയുന്നതു് ഒരു നേട്ടമല്ലേ? അതും മിണ്ടാൻ കഴിയാത്ത ഓലവഴി!''

''അത്ര വലിയ ഒരു നേട്ടമാണോ ഇതു്?'' പ്രഭാവതി സംശയിച്ചു. ''ഒരു ദൂതൻെറ കൈയിൽ വേണ്ടേ ഇതു കൊടുത്തയയ്ക്കാൻ? അപ്പോരം പിന്നെ എഴുതാൻ പാടുപെടുന്നതെന്തിനു്? പറഞ്ഞയച്ചാൽ മതിയല്ലോ. അതല്ലേ കൂടുതൽ എളുപ്പം?''

''പ്രഭയ്ക്കു തെററിപ്പോയി!'', വേദസാഗരി വിശദീകരിച്ചു. ''ദൂതൻെറ ഓർമ്മയിൽ വേണ്ടേ സന്ദേശം ചുമന്നുകൊണ്ടുപോകാൻ! അവിടെ ചെല്ലുമ്പോഴേക്കു് ഒരംശം മറന്നുപോയാലോ! സന്ദേശംതന്നെ അയാരം വളച്ചൊടി

ച്ചാലോ! കൂടാതെ തത്തകാം സന്ദേശം കൊണ്ടുപോകുന്നതും കൊണ്ടുവരുന്നതും നീ കണ്ടിട്ടില്ലേ? മിണ്ടാൻ കഴിയാത്ത ആ പക്ഷികളുടെ അടുത്തു് പറഞ്ഞയയ്ക്കാൻ പററുമോ? പോരെങ്കിൽ എഴുത്തിൽക്കൂടെ ഒരാളുടെ വ്യക്തിത്വം ശരിക്കും വ്യക്തമാകും. ആശയങ്ങൾ പൂർണ്ണമായും എത്തിക്കയും ചെയ്യാം.''

അതു ശരിതന്നെ എന്നു പ്രഭാവതിക്കു ബോദ്ധ്യമായി. വേദസാഗരി വീണ്ടും പറഞ്ഞു:

''ഇതാ, ഈ രേഖകൾ നോക്കൂ. രണ്ടുകൊല്ലം മുൻപു് പാടലീപുത്രത്തിലേക്കയച്ച രാജഭോഗത്തിൻെറ കണക്കും മററുമാണിതു്. ഇതു് അപ്പടിതന്നെ ഇപ്പോഴും നമുക്കു മനസ്സിലാക്കാൻ കഴിയുന്നില്ലേ? എഴുത്തിൻെറ മറെറാരു ഗുണം ഇതാണു്. ഈ കണക്കുകൾ ഇങ്ങനെത്തന്നെ ഓർമ്മിക്കാൻ ആർക്കെങ്കിലും സാധിക്കുമോ? എഴുതിവച്ചാൽ അതു് എന്നെന്നേക്കും ജീവിക്കും.''

* * *

വസന്തകാലം വന്നെത്തിയിരുന്നു. പതിവുപോലെ, കൂടുതൽ കച്ചവടക്കാരും യാത്രക്കാരും നഗരങ്ങളിലും ഗ്രാമങ്ങളിലും പ്രത്യക്ഷപ്പെട്ടു. രാജഭവനിലേക്കു് ഒട്ടേറെ സന്ദർശകന്മാർ ദിവസേന വന്നുകൊണ്ടിരുന്നു. യാത്രാമദ്ധ്യേ വിശ്രമം മാത്രമാശിച്ചു വന്നവർ സാധരണയായി തോട്ടക്കാരനെയാണു സമീപിച്ചിരുന്നതു്. ഉദ്യാനത്തിലെ വിശാലമായ മന്ദിരങ്ങളിൽ അതിഥികൾക്കു വിശ്രമത്തിന്നും ഭക്ഷണത്തിന്നും ഏർപ്പാടുകൾ ഉണ്ടായിരുന്നു. പ്രവചനങ്ങൾ നടത്തുന്ന ജ്യോതിസ്യന്മാർക്കു സ്വാഗതമരുളുന്നതു് രാജഭവൻെറ വടക്കുവശത്തുള്ള മന്ദിരമാണു്. സ്വപ്നം വ്യാഖ്യാനിക്കുന്നവരും കൈരേഖക്കാരും അവിടെത്തന്നെയാണൊത്തുകൂടുക. കൊട്ടാരത്തിലെ പാചകശാലയുടെ മേൽനോട്ടക്കാരിയായ ലക്ഷ്മിക്കു് അക്കൂട്ടരോടു വളരെ പഥ്യമാണു്. കൈ നീട്ടിപ്പിടിച്ചും ഭാവിഫലങ്ങൾ അന്വേഷിച്ചും അവരും അന്തഃപുരത്തിലെ പല സ്ത്രീജനങ്ങളും അവിടെ ചുററിപ്പററി നടക്കുന്നതു കാണാം. അതുകൊണ്ടൊന്നാണു് ഗുണം—ഭാവിഫലക്കാർക്കു് സമൃദ്ധമായ ഭക്ഷണം സുലഭമായിരുന്നു. മതപ

ണ്ഡിതന്മാരും സന്യാസിമാരും ധമ്മമഹാമാത്ര മഹാസേന നെയോ അദ്ദേഹത്തിൻെറ കീഴദ്ദ്യോഗസ്ഥന്മാരെയോ ആണ സമീപിച്ചിരുന്നതു്. മഹാസേനൻ വൈദികമതം അനുസരിക്കുന്ന ഒരു ബ്രാഹ്മണനായിരുന്നു. എങ്കിലും മററു മതങ്ങളെയെല്ലാം അദ്ദേഹം സമാദരിച്ചുപോന്നു. വീര വൈഷ്ണവന്മാർ, കപിലന്മാർ, പാഷണ്ഡന്മാർ, ജൈനർ, ബുദ്ധമതക്കാർ എന്നിങ്ങനെ വിവിധമതസ്ഥരായ തീൎത്ഥ യാത്രികരും സന്യാസികളും തുല്യമായ ബഹുമാനത്തോടെ അവിടെ സ്വീകരിക്കപ്പെട്ടു.

ശൈവമതസ്ഥനായ ഒരു കലാകാരൻ മഹാസേനന്റെ പ്രത്യേകപ്രീതിക്കു പാത്രമായി. ഒരു കമ്പി മാത്രമുള്ള തികച്ചും ഗ്രാമീണമായ ഒരു വീണയിൽ അതിമനോഹര മായ ഗാനങ്ങരം ആലപിക്കുന്നതിൽ വിദഗ്ദ്ധനായിരുന്നു ആ സന്യാസി. ശിവതാണ്ഡവനൃത്തമാടുന്നതിലും അദ്ദേ ഹത്തിനു് അസാമാന്യമായ കഴിവുണ്ടായിരുന്നു. രാജഭവ നിലെ നൃത്താലയത്തിൽ നല്ല സദസ്സുകരംക്കു മുന്നിൽ അദ്ദേ ഹത്തിൻെറ കലാപരിപാടികരം പലതവണ അരങ്ങേറു കയുണ്ടായി. കൃഷ്ണഭക്തന്മാരുടെ കാളിയമൎദ്ദനഗീതങ്ങളും നൃത്തങ്ങളും രാധാകൃഷ്ണകീൎത്തനങ്ങളും വളരെപ്പേരെ പുള കിതഗാത്രരാക്കിക്കൊണ്ടിരുന്നു.

സന്ദൎശകരിൽ മറെറാരു കൂട്ടർ ചിത്രവില്പനക്കാരായി രുന്നു. സ്വയം വരച്ചതും മററുള്ളവർ വരച്ചതുമായ ചായ ച്ചിത്രങ്ങളും രേഖാചിത്രങ്ങളും അവർ വിററിരുന്നു. മര ത്തിൽ ചായപ്പണികളും കൊത്തുവേലകളും ചെയ്യുന്നതിൽ പേരെടുത്തൊരു ചിത്രകാരനാണു് ജഗദ്ദത്തൻ. കൊല്ലത്തി ലൊരിക്കൽ ചായങ്ങളും ഉളികളുമായി അയാരം രാജഭവ നിൽ എത്തും. പത്തുപതിനഞ്ചു ദിവസം കൊട്ടാരത്തിൽ താമസിച്ചു് മനോഹരമായ കലാവസ്തുക്കരം നിൎമ്മിച്ചു് രാജാവിനു് ഉപഹാരമായി അൎപ്പിക്കും. ഗ്രാമീണജീവിത ത്തിൻെറയും പ്രകൃതിയുടെയും ദൃശ്യങ്ങരം ആവിഷ്കരിക്കുന്ന തിൽ പ്രവീണനായിരുന്നു ആ കലാകാരൻ. അത്തവണ അയാരം രചിച്ച ഒരു കൊത്തുവേല അശോകനെ വളരെ ആകൎഷിച്ചു. രണ്ടു കാളകളെ തെളിച്ചുകൊണ്ടു് ഒരു കൎഷ

കൻ വയലിലേക്കിറങ്ങുന്ന ഒരു ശില്പം. അതിസുന്ദരമായ ആ കലാവസ്തുവിനുമാത്രം പ്രതിഫലമായി രാജാവു് ജഗദ്ദത്തനു് അഞ്ചു പത്തതങ്കങ്ങൾ സമ്മാനിച്ചു.

ആ വസന്തത്തിൽ രാജ്യത്തിലെ ഗ്രാമദേശങ്ങളിലൂടെ ഒരുല്ലാസയാത്ര നടത്തുവാൻ അശോകൻ ആലോചിച്ചു. കൃഷിക്കാരുടേയും തൊഴിലാളരുടേയും ജീവിതരംഗങ്ങൾ നേരിൽ കാണാം; ശാലീനമായ പ്രകൃതിയുടെ സൗന്ദര്യം ആവോളം ആസ്വദിക്കുകയും ചെയ്യാം. യാത്രയെപ്പററി അമാത്യനും ധമ്മമഹാമാത്ര മഹാസേനനുമായി ചച്ച ചെയ്തുകൊണ്ടു് ഒരു സായന്തനത്തിൽ അശോകൻ ഉദ്യാനഹമ്മ്യത്തിലിരിക്കയായിരുന്നു. അപ്പോൾ ഒരു പ്രതീഹാരി പ്രവേശിച്ചു താണുതൊഴുതു് അറിയിച്ചു: ''പ്രഭോ! ജയിച്ചാലും. ഉജ്ജയിനിയിൽനിന്നു് ഒരു സന്ദേശം.''

അയാൾ കൈയിലിരുന്ന ഓല രാജാവിനെ ഏല്പിച്ചു. അതിപ്രകാരമായിരുന്നു:

''പ്രിയസഹോദരൻ മഹേന്ദ്രൻ അശോകവദ്ധനരാജകുമാരനെ അറിയിക്കുന്നതു്: പ്രിയദശി, അച്ഛൻ സുഖമില്ലാതെ കിടപ്പിലായിരിക്കുന്നു. അങ്ങയെ കൊണ്ടുവരുവാൻ ആളുകളെ അയച്ചിട്ടുണ്ടു്.''

തത്തകാംവശം കൊടുത്തയച്ചതായിരുന്നു ആ സന്ദേശം.

അല്പനേരത്തെ മൗനത്തിനുശേഷം ചിന്തയിൽനിന്നുണന്ന അശോകൻ പറഞ്ഞു: ''രോഗം അല്പം ഗൗരവമുള്ളതാണെന്നു തോന്നുന്നു. ഒരുങ്ങുവാൻ സമയം കിട്ടിക്കൊള്ളട്ടെ എന്നു കരുതി മഹേന്ദ്രൻ നേരത്തെ എന്നെ അറിയിച്ചതാണു്.''

അമാത്യനും മഹാസേനനും ചിന്താധീനരായി, മൂകരായി ഇരുന്നു. രാജാവു തുടന്നു: ''അച്ഛൻ വളരെ ആരോഗ്യവാനും ഉത്സാഹപൂണ്ണനുമായിരുന്നു. പക്ഷേ, വാദ്ധക്യം അദ്ദേഹത്തെ കിടപ്പിലാക്കിയതാകണം.''

ദൂതന്മാർ വന്നുചേന്നാൽ വിവരങ്ങളെല്ലാം പൂണ്ണമായി അറിയാം. പക്ഷേ, അവർ വന്നുചേരുന്നതുവരെ കാത്തുനില്ക്കേണമോ എന്നായിരുന്നു അശോകനു സംശയം. ഉടൻതന്നെ പാടലീപുത്രത്തിലേക്കു പുറപ്പെടുകയല്ലേ ഉത്തമം?

അമാത്യനും അതേ അഭിപ്രായംതന്നെയാണ് പ്രകടിപ്പിച്ചതു്.

അശോകൻ കൊട്ടാരത്തിൽ ചെന്നു തൻെറ ശയനമുറിയിൽ കയറി ചിന്താവ്യാകുലനായി ഇരുന്നു. അപ്പോഠം വേദസാഗരി അവിടേക്കു കടന്നുവന്നു. ഭർത്താവിൻെറ ഈ ഭാവപ്പകർച്ചയ്ക്കു കാരണമെന്തെന്നവഠംക്കു മനസ്സിലായില്ല. അദ്ദേഹം ഒരു നിശ്വാസത്തോടെ ധ്യാനത്തിൽനിന്നുണന്നു പറഞ്ഞു: ''വേദേ, എനിക്കെന്തെങ്കിലും കുടിക്കണം. ചൂടുള്ള പാലായിക്കൊള്ളട്ടെ.''

വേദസാഗരി ഉടനെതന്നെ മുറിവിട്ടിറങ്ങി, താൻതന്നെ പാനീയം കൊണ്ടുവരുവാൻ പോയി. എന്താണു പ്രിയദർശി ഇത്രമാത്രം അസ്വസ്ഥനായിരിക്കുന്നതു്? എന്തോ കുഴപ്പമുണ്ടായിട്ടുണ്ടല്ലോ! അതെന്താവാമെന്നു വേദസാഗരി അത്ഭുതത്തോടെ ഉൽക്കണ്ഠപ്പെട്ടു.

പാൽ കുടിച്ചതിനുശേഷം അശോകൻ പറഞ്ഞു: ''വേദേ, ഇവിടെ അടുത്തിരിക്കു.''

''എന്താണങ്ങേക്കു പററിയതു്? എന്താണങ്ങയുടെ അസ്വസ്ഥത? എന്നോടു പറയൂ.'' വേദസാഗരി അദ്ദേഹത്തിൻെറ കവിളിൽ മന്ദമായി തഴുകിക്കൊണ്ടു്, അടുത്തിരുന്നു.

ആ സുപ്രധാനമായ സന്ദേശത്തെക്കുറിച്ചു് അശോകൻ പറഞ്ഞുകേഠംപ്പിച്ചു. വേദസാഗരി ആ കുറിപ്പു തനിയെ രണ്ടുവട്ടം വായിച്ചുനോക്കി. ഇനിയെന്തുവേണം എന്ന മട്ടിൽ ഭർത്താവിനെ ഉൽക്കണ്ഠയോടെ നോക്കി. അദ്ദേഹം പറഞ്ഞു: ''നമുക്കുടനെ പോകണം.''

നമുക്കു്?....വേദസാഗരി ഒരു ക്ഷണം മടിച്ചുനിന്നു്, ചോദിച്ചു: ''ഞാൻകൂടെ വരണമോ?''

''അതെ, നീയില്ലാതെ ഞാൻ പോവുകയില്ല. എനിക്കു പോകണം. നിനക്കു് എൻെറ അച്ഛനെ കാണണ്ടേ? കൊട്ടാരവും പാടലീപുത്രവും കാണണ്ടേ? എന്താ, ഇപ്പോഴും നാണം വിട്ടുമാറിയില്ലേ?''

''തീച്ചയായും എനിക്കു കാണണം. ലജ്ജയൊന്നും ഇല്ല.''

വേദസാഗരിക്കു് പോയി എല്ലാം കാണുവാൻ ആശയു ണ്ടായിരുന്നു. ആദ്യം തോന്നിയ ഭയവും ലജ്ജയും ഇപ്പോഠം അവളെ വിട്ടുമാറിയിരിക്കുന്നു. താനാരംഭിച്ച പഠനവും ഭത്താവിൻെറ സ്നേഹോദാരമായ പ്രോത്സാഹനങ്ങളും ത ന്നിൽ വളരെ പരിവത്തനങ്ങഠം വരുത്തിയിട്ടുണ്ടെന്നു് അവഠംക്കുതന്നെ മനസ്സിലായിരുന്നു.

''അങ്ങനെ പറയൂ.'' അശോകൻ പറഞ്ഞു. ''ലജ്ജി ക്കാനും ഭയപ്പെടാനും എന്തിരിക്കുന്നു? രാജരാജൻെറ പുത്ര ൻെറ ഭാര്യയാണു നീ. അച്ഛനും അമ്മയ്ക്കും നിന്നെക്കണ്ടാൽ എന്തുമാത്രം സന്തോഷമുണ്ടാകും! ഒന്നുമാത്രമേ നിനക്കിനി യും വേണ്ടതുള്ളു. ധൈര്യം. പാടലീപുത്രത്തിലെ ജീവിതം ഇവിടത്തേതുപോലെയാവില്ല. എങ്കിലും സാരമില്ല.''

''അതെന്താണു്? അങ്ങു ധൈര്യം വേണമെന്നു പറയു മ്പോഴാണെനിക്കുധൈര്യം!'' വേദസാഗരി പറഞ്ഞു.

അശോകൻ സ്ഥിതിഗതികഠം വിസ്തരിച്ചുകൊടുത്തു: ''ഇവിടത്തേതുപോലെ അത്രയധികം സ്വാതന്ത്ര്യമൊന്നും അവിടെ ഉണ്ടാവില്ല. എനിക്കു ഭക്ഷണം വിളമ്പിത്തരാ നൊന്നും അവിടെവെച്ചു് അനുവാദം കിട്ടിയെന്നു വരില്ല. ഒരു പണിയും സ്വയം ചെയ്യാൻ സാധിക്കയില്ല. എപ്പോഴും ചുറ്റും തോഴിമാരും പരിചാരികമാരും ഉണ്ടാവും. ചിലർ സുഗന്ധതൈലം പുരട്ടും; ചിലർ വസ്ത്രങ്ങളണിയിക്കും; വേറെ ചിലർ തലമുടി കെട്ടിവെച്ചു മുല്ലമാലയണിയിക്കും; മററുചിലർ ആഭരണങ്ങഠം ചാത്തിത്തരും. ചുരുക്കത്തിൽ, എൻെറ ഭാര്യ ആ രാജകൊട്ടാരത്തിൽ ഒരു വെറും പാവയെ പ്പോലെ ഇരിക്കണം. ഒരൊററപ്പണി മാത്രം. ഇടയ്ക്കിടയ്ക്കു മധുരപലഹാരവും അതുമിതുമായി തിന്നുകൊള്ളുകതന്നെ.''

''ഓ! അതു ഭയങ്കരംതന്നെ!'' വേദസാഗരി പറഞ്ഞു, ''മററുള്ളവരെന്നെ വസ്ത്രംധരിപ്പിച്ചുതരികയോ! ഉം— ഉം! ഞാനനുവദിക്കില്ല അതൊന്നും. അങ്ങെന്തു പറഞ്ഞാ ലും ശരി!''

അശോകൻ പൊട്ടിച്ചിരിച്ചുപോയി. അദ്ദേഹം ചിരി ക്കുന്നതു കണ്ടപ്പോഠം, അറിയാതെ വേദയും പുഞ്ചിരിതൂകി. മധുരമായ ആ മന്ദസ്മിതം മാദകമായൊരനുഭൂതിയാണദ്ദേ

ഹത്തിനു്. അസുലഭമായൊരു ദിവ്യസൗന്ദര്യത്തിന്റെ അനുഭൂതി. അശോകൻ ഒരു നിമിഷത്തേക്കു പാടലീപുത്രത്തേയും യാത്രയേയുമെല്ലാം മറന്നുപോയി! പ്രേമപൂൎണ്ണമായ സൗന്ദര്യം ജീവിതത്തിൻെറ വേദനകളെ വിസ്മരിപ്പിക്കുന്നു!

ഒരു നെടുവീൎപ്പോടെ അശോകൻെറ ചിന്തകൾ പാടലീപുത്രത്തിലേക്കു്, പിതൃസമീപത്തിലേക്കുതന്നെ വ്യഗ്രതയോടെ കുതികൊണ്ടു.

അന്നു വൈകുന്നേരവും രാത്രിമുഴുവനും വേദസാഗരി പാടലീപുത്രത്തിലെ ജീവിതത്തേയും അവിടത്തെ ആളുകളേയുംകുറിച്ചു മാത്രമായിരുന്നു വിചാരപ്പെട്ടതു്. പിറേറന്നു രാവിലെ ഭക്ഷണവേളയിൽ അവൾ രാജാവിനോടന്വേഷിച്ചു:

''നാം എന്നേക്കാണു മടങ്ങുക?''

''അതു പറയാൻ പററില്ല. കഴിയുംവേഗം മടങ്ങാം. പോകുംമുമ്പേ മടങ്ങിവരാൻ ധൃതിയായോ?''

അല്പം കഴിഞ്ഞു വേദസാഗരി പറഞ്ഞു: ''ഞാനിന്നലെ ഒരു സ്വപ്നം കണ്ടു. കാവിവസ്ത്രവും താടിയുമുള്ള ഒരു സന്യാസി വന്നു നാമിനി മടങ്ങുകയില്ലെന്നു പറഞ്ഞുവെന്നു്. ഇതു പറഞ്ഞു് അദ്ദേഹം എങ്ങോട്ടോ പോവുകയും ചെയ്തു.''

''സ്വപ്നം വ്യാഖ്യാനിക്കുന്നവർ ഇതിനെപ്പററി എന്തു പറയുന്നു?'' അശോകൻ അന്വേഷിച്ചു.

''എന്തോ, എനിക്കറിയില്ല. ഞാനാരോടും ചോദിച്ചുമില്ല. പക്ഷേ, എൻെറ മനസ്സു സ്വയം പറയുന്നപോലെ തോന്നുന്നു, നാമിനി മടങ്ങുകയില്ലെന്നു്.''

''ആവോ! ആ വിദൂരമായ ഭാവിയെക്കുറിച്ചൊന്നും എനിക്കറിഞ്ഞുകൂടാ. ഒരുമാസത്തിന്നുള്ളിൽ നമുക്കു മടങ്ങുവാൻ കഴിയുമെന്നാണെൻെറ ഊഹം. ആകട്ടെ, അധികകാലം നാമവിടെ കൂടിയാൽത്തന്നെ എന്താണു്?''

''ഓ! ഒന്നുമില്ല.'' വേദ പറഞ്ഞു. ''അങ്ങു പാടലീപുത്രത്തിലാണെങ്കിൽ എനിക്കു് ഉജ്ജയിനിയിൽ എന്തിരിക്കുന്നു? അങ്ങെവിടെയാണോ അവിടമാണെനിക്കു പ്രിയം. പക്ഷേ—''

''ഉം? എന്താണു്?''

''അങ്ങേക്കു ദിവസത്തിൽ ഒരുനേരമെങ്കിലും ഇങ്ങനെ അടുത്തിരുന്നു വിളമ്പിത്തരുവാൻ എനിക്കനുവാദം തരണം—എൻെറ ശുശ്രൂഷ അങ്ങേക്കിഷ്ടമാണെങ്കിൽ. എനിക്കിതു് എത്രമാത്രം പ്രിയമാണെന്നു് അങ്ങേക്കറിയാമോ?''

''നിന്റെ സ്വാതന്ത്ര്യമൊന്നും ഞാൻ അപഹരിച്ചിട്ടില്ലല്ലോ?'' അശോകൻ മന്ദസ്മിതത്തോടെ പറഞ്ഞു, ''അപ്പോഴത്തെ സൗകര്യത്തിനൊത്തു നമുക്കു ചെയ്യാം. അതെല്ലാം പോകട്ടെ. പോകാൻ വേഗം തയ്യാറാകണം. നമ്മളെ ഇത്ര കാലം ശുശ്രൂഷിച്ച ഈ പരിജനങ്ങൾക്കു നല്ല സമ്മാനങ്ങൾ കൊടുക്കണമെന്നു നിനക്കു തോന്നുന്നില്ലേ?''

''വളരെ, വളരെ! പക്ഷേ, നാമിവിടന്നു് എന്നെന്നേക്കുമായി പോകയാണെന്നവർക്കു തോന്നിക്കരുതല്ലോ?''

''ആ, അതിനെപ്പററിയൊക്കെ നമുക്കിപ്പോൾ പറയാനാവുമോ? ഒരുപക്ഷേ, മറേറതെങ്കിലും രാജ്യത്തിലേക്കെന്നെ നിയമിച്ചെന്നും വരാം. ഒന്നും തീർച്ചയില്ല. അതുകൊണ്ടാണു നാമവർക്കു നല്ല സമ്മാനങ്ങൾ കൊടുക്കണമെന്നു പറഞ്ഞതു്. എന്നാലും, മടങ്ങാൻ കഴിയുമെന്നുതന്നെ നമുക്കാശിക്കുക.''

പ്രിയദർശിക്കു് അതിനെപ്പററി തീർച്ചയില്ലെങ്കിലും സ്വപ്നത്തിൽക്കണ്ട ആ താടിക്കാരൻ പ്രവചിച്ചതു ശരിയാകുമെന്നു വേദസാഗരിക്കു തോന്നി. അവളുടെ അന്തരംഗം അതുതന്നെ ആവർത്തിച്ചുകൊണ്ടിരുന്നു.

അശോകൻ വീണ്ടും പറഞ്ഞു:

''മറെറാരു കാര്യംകൂടി. നിനക്കൊരു തോഴിയെ വേണമല്ലോ. നീ ഏററവും അധികം സ്നേഹിക്കയും വിശ്വസിക്കയും ചെയ്യുന്ന ഒരുവളെ തിരഞ്ഞെടുത്തോളൂ.''

തുടർന്നുവന്ന ഓരോ ദിവസങ്ങളും വേദസ്സു് നീണ്ട കിനാവുകളായിരുന്നു. അടഞ്ഞുകിടന്നൊരു വാതിൽ ഇതാ മുന്നിൽ തുറന്നിരിക്കുന്നു. അതുവരെ കാണാൻ കഴിഞ്ഞിട്ടില്ലാത്ത എന്തെല്ലാം അത്ഭുതങ്ങളാണു താൻ കാണുവാൻ പോകുന്നതു്! ആ വാതിലിൽക്കൂടി പ്രവേശിക്കണമോ? മുൻ

പിലത്തെപ്പോലെ താനപ്പോഴും സന്തുഷ്ടയായിരിക്കുമോ?...എന്തായാലും ഒന്നവരംക്കു തീച്ച്യയായി. അതിലെ മുന്നോട്ടു കാൽ വെയ്ക്കുകയാണെങ്കിൽ അതു് ഇഷ്ടത്തോടും ധൈര്യത്തോടുംകൂടിത്തന്നെ വേണം. ഒരു കുലീനമായ തറവാട്ടിലാണു താൻ ജനിച്ചതു്; ഈശ്വരൻ ഇതാ, ഒരു രാജപത്നിയായി തന്നെ മാററിയിരിക്കുന്നു. അത്യന്തം അവിചാരിതമായ ആ സ്ഥാനലാഭത്തിൽ താൻ പതറിയില്ല, പിന്മാറിയില്ല. അദ്ദേഹത്തിൻെറ ജീവനായിത്തന്നെ ഇന്നുവരെ ജീവിച്ചു. ഇനിയും എന്തിന്നു പതറുന്നു? ആഭിജാത്യവും തൻേറടവും എന്തിനു കളഞ്ഞുകുളിക്കുന്നു? അദ്ദേഹത്തിൻെറ പ്രതീക്ഷകരംക്കൊപ്പം വളരുകയാണു് തൻെറ കത്തവ്യം.

രാജരാജൻെറ പുത്രഭാര്യ!...ഇനി?

ഒരു പുതിയ ഉന്മേഷവും ആത്മവിശ്വാസവും വേദസാഗരിയുടെ മനസ്സിൽ നിറഞ്ഞുവിതുമ്പി, രോമാഞ്ചദായകവും അഭിമാനപൂണ്ണവുമായ ഒരു ഭാവം!

തോഴിയുടെ പ്രശ്നം വേഗം പരിഹരിക്കപ്പെട്ടു. വേദ പ്രഭാവതിയെ വിളിച്ചു പറഞ്ഞു:

''ഞാൻ പാടലീപുത്രത്തിലേക്കു പോവുകയോ? അങ്ങനെയാണോ?'' പ്രഭാവതിയുടെ കണ്ണുകരം വിടന്നു. ''ദേവി അദ്ദേഹത്തോടഭിപ്രായപ്പെട്ടതാണോ ഇതു്?''

''അല്ല. ഞാൻ കൂടെച്ചെല്ലണമെന്നു് അദ്ദേഹമാണു പറഞ്ഞതു്. നീയും വരുന്നുണ്ടെങ്കിൽ ഞാൻ കൊണ്ടുപോകാം. ആലോചിച്ചു നാളെ പറഞ്ഞാലും മതി.''

''ഹാ! എനിക്കെന്തു സന്തോഷമാണു്!'' പ്രഭയുടെ മുഖം പ്രകാശമാനമായി, ''ഓ! ദുഗ്ഗേ! ഞാൻ തീച്ച്യായും ഭാഗ്യവതിയാണു്!''

''ഒരുകാര്യം പറഞ്ഞേക്കാം.'' വേദസാഗരി പറഞ്ഞു. ''ദൂരം ഒരുപാടുണ്ടു്. യാത്ര ക്ലേശകരമായേക്കാം. അതു കൊണ്ടു പെട്ടെന്നു ചാടിപ്പുറപ്പെടണമെന്നില്ല. നല്ലപോലെ ആലോചിച്ചിട്ടു മതി.''

''ഞാൻ തീർച്ചയായും വരാൻ തെയ്യാറാണു്. ദേവി

എന്നോടിതു ചോദിച്ചതിൽ എനിക്കെത്ര സന്തോഷമുണ്ടെ ന്നോ! ഞാൻ കൃതാൎത്ഥയായി.''

''എന്നാൽ ശരി, പോന്നോളൂ. നമുക്കു നല്ല വസ്ത്രങ്ങ‌ളും കുറെ വേണം. നീതന്നെ എല്ലാം തെരഞ്ഞെടുത്തു വെ യ്ക്കണം.''

പ്രഭാവതി ആനന്ദത്തോടെ ഒരു മാൻകിടാവിനെ പ്പോലെ തുള്ളിച്ചാടി, നൃത്തമോഹനമായ പാദന്യാസത്തോ ടെ മുറിയിൽനിന്നു പുറത്തുപോകുവാനൊരുങ്ങി. അവ‌ൾ വാതിൽക്കലെത്തുംവരെ വേദസാഗരി അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. പാവം! എത്ര ശാലീനയായ പെൺകുട്ടി! തന്നെപ്പോലെ ഒരു ഗ്രാമീണകന്യകയാണവ ളും...അതുകൊണ്ടുതന്നെയാവാം അവളും ലളിതമായ ജീവി തരീതിയെ കൂടുതൽ സ്നേഹിക്കുന്നതു്. പക്ഷേ, ഇപ്പോഴും താനൊരു കൊച്ചു പെൺകുട്ടിയാണെന്നാണവ‌ൾക്കു വിചാ രം. കണ്ടില്ലേ, എന്തൊരു പ്രസരിപ്പാണവ‌ൾക്കു്! കേവല മൊരു പെൺകുഞ്ഞിനെപ്പോലെ....!

വേദസാഗരിക്കു ചിരിവന്നു.

''പ്രഭേ!'' വേദ വിളിച്ചു.

പ്രഭാവതി അഞ്ജനമെഴുതിയ നീലക്കണ്ണുക‌ൾ വെട്ടിച്ചു തോഴിയെ നോക്കി, തിരിഞ്ഞുനടന്നു.

''എന്തേ?''

''ഇവിടെ വാ!''

വേദസാഗരി മന്ദസ്മിതത്തോടെ പ്രഭയെ അടിമുടി നോക്കി. അവ‌ൾ അടുത്തുവന്നുനിന്നിട്ടും വേദ ഒന്നും ഉരി യാടാതങ്ങനെ നോക്കുന്നതുകണ്ടു്, പ്രഭാവതിക്കു് ഒട്ടൊരാ ശ്ചര്യമുണ്ടായി. അവ‌ൾ വിടൎന്ന മിഴികളോടെ അന്വേഷി ച്ചു: ''എന്തേ, ദേവി വിളിച്ചതു്?''

വേദസാഗരി സ്നേഹവാത്സല്യങ്ങളോടെ പ്രഭയുടെ കൈപിടിച്ചു് അടുത്തുനിൎത്തി ചോദിച്ചു:

''പ്രഭേ! നീ ഇപ്പോഴും ഒരു കൊച്ചു പെൺകുട്ടിയാ ണെന്നാണോ നിൻെറ വിചാരം?''

''എന്തേ? ഞാനെന്തു ചെയ്തു?'' പ്രഭാവതിക്കു മനസ്സി ലായില്ല.

''നീയേ, നീ ഒരു യുവതിയായിക്കഴിഞ്ഞിരിക്കുന്നു, കേട്ടോ!'' വേദ പുഞ്ചിരിച്ചുകൊണ്ടു തുടന്നു: ''ഈ കനം കുറഞ്ഞ വസ്ത്രങ്ങളൊന്നും ഇനി ഉപയോഗിക്കരുതു്. നിനക്കാ ചേലയുടുത്താലെന്താണു്?''

പ്രഭാവതിക്കു് ഒട്ടൊരു ലജ്ജതോന്നി.

''ഓ! ഞാനത്രയ്യൊന്നും വലുതായിട്ടില്ല!''

''അതു നിനക്കു തോന്നുകയല്ലേ? എത്രപേർ....!'' വേദ ഒന്നു നിത്തി, പ്രഭാവതി വേദസാഗരിയുടെ മുഖത്തേക്കു നോക്കി. അവരാംക്കറിയാതെ ചിരിവന്നുപോയി.

''ങ്ങ!...അതുകൊണ്ടു്, ഇനി നീ ഇങ്ങനെയൊന്നും കളിച്ചുനടന്നാൽ പററില്ല.'' വേദസാഗരി തുടന്നു:

''മനസ്സിലായല്ലൊ കാര്യം? പോയി, ആ സാരിയുടുത്തു് ഒന്നിങ്ങോട്ടു വാ. ഞാൻ കാണട്ടെ.''

## ആറു്

പാടലീപുത്രത്തിൽനിന്നയച്ച ആളുകരം പ്രതീക്ഷിച്ചതിലുമധികം നേരത്തെ വന്നെത്തി. രാജധാനി മാത്രമല്ല പട്ടണം മുഴവനുംതന്നെ അവരുടെ സമാഗമം കാത്തിരിക്കയായിരുന്നു. എന്തു വാത്തയുംകൊണ്ടാണാവോ അവരെത്തിച്ചേരുക എന്ന ഉൽക്കണ്ഠ എല്ലാവരുടെ മനസ്സിലും അലതല്ലി.

വെള്ളിക്കോപ്പുകളണിഞ്ഞ വെളുത്തകുതിരമേലേറി നാലുപേർ കൊട്ടാരവാതിൽക്കലെത്തിയപ്പോരം, ഉദ്യാനത്തിലെ ഘണ്ടാനാദം മൂന്നുതവണ മുഴങ്ങി. രാജസദസ്സിൽനിന്നു് ഉദ്വേഗപൂൎണ്ണമായ നയനങ്ങരം ഉദ്യാനത്തിലേക്കു നീണ്ടുചെന്നു. താമസിയാതെ, ആ സന്ദേശഹാരികരം സഭാമന്ദിരത്തിൻെറ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. അവർ രാജാവിനെ താണുതൊഴുതു്, ഉപചാരപൂൎവ്വം സന്ദേശം അദ്ദേഹത്തിൻെറ മുന്നിൽ വെച്ചു പിന്മാറി നില്പായി.

രാജരാജൻെറ പ്രധാനാമാത്യനായിരുന്നു ആ സന്ദേശം കുറിച്ചിരുന്നതു്. പട്ടുവസ്ത്രത്തിൽ എഴുതപ്പെട്ട ആ ചുരുരം

നിവത്തി അശോകൻ അതിൽ കണ്ണോടിച്ചു. രാജരാജൻ ശയ്യാവലംബിയായിരിക്കുന്നതു കൂടാതെ, അദ്ദേഹത്തിന്നു പ്രിയദശിയേയും പത്നിയേയും കാണുവാൻ ആഗ്രഹമുണ്ടെന്നും അതുകൊണ്ടു കഴിവതും നേരത്തെ പുറപ്പെടണമെന്നും കൂടെ ആ എഴുത്തിൽ പ്രസ്താവിച്ചിരുന്നു.

അശോകൻ ആ സന്ദേശം അമാത്യന്റെ കൈയിൽ കൊടുത്തു. അദ്ദേഹവും ധമ്മമഹാമാത്രനും മററു സചിവന്മാരും അതു വായിച്ചുനോക്കി.

അപ്പോഠംത്തന്നെ യാത്രാസന്നാഹങ്ങഠം സജ്ജീകരിക്കുവാൻ കല്പനയായി. പിറ്റേന്നു മുഴവനും, സൈന്യശിബിരംമുതൽ അടുക്കളവരെ തിരക്കുപിടിച്ച ജോലികളിൽ വ്യാപൃതമായിരുന്നു. യാത്രയ്ക്കുവേണ്ടി മധുരപലഹാരങ്ങളും വസ്ത്രങ്ങളുംമറ്റും ഒരുക്കുന്നതിൽ അന്തഃപുരജനങ്ങഠം ബദ്ധശ്രദ്ധരായി. അശോകന്റെ അഭാവത്തിൽ ഭരണകാര്യങ്ങളെങ്ങനെയെല്ലാം ആയിരിക്കണമെന്നതിനെക്കുറിച്ചുള്ള അന്തിമതീരുമാനങ്ങഠം ഒന്നുകൂടി പുനഃപരിശോധനചെയ്കയായിരുന്നു രാജസദസ്യന്മാർ. സേനാപതി, രാജാവിന്റെ പരിവാരമായി പുറപ്പെടുവാനുള്ള ഭടന്മാക്കു നിദ്ദേശങ്ങഠം നല്കി. നൂറു് ഒന്നാംതരം കുതിരകളെ തിരഞ്ഞെടുത്തു. കുതിരവണ്ടികഠം സജ്ജമാക്കി. വഴിയിൽ അതതു സൗകര്യങ്ങഠം ശ്രദ്ധിച്ചുകൊള്ളുവാനായി മുമ്പേതന്നെ ഒരു സേനാവിഭാഗത്തെ അയയ്ക്കുകയും ചെയ്തു.

പിറേറന്നു രാവിലെ കുളിയും ദേവാരാധനയും കഴിഞ്ഞതിനുമേൽ അശോകൻ ഉദ്യാനപാലകന്റെ വസതിയിലേക്കു നടന്നുചെന്നു. ഓടിവന്നെതിരേററു്, ആ വൃദ്ധൻ പ്രിയപ്പെട്ട രാജാവിന്റെ കാൽക്കൽ കണ്ണുനീരോടെ വീണു നമസ്കരിച്ചു. അശോകൻ വികാരഭരത്തോടെ, അയാളെ പിടിച്ചെഴുന്നേല്പിച്ചു പുറത്തു തഴുകി സമാശ്വസിപ്പിച്ചു.

വേദസാഗരിക്കു് ഒരുപാടു കാര്യങ്ങഠം ചെയ്തുതീക്കുവാനുണ്ടായിരുന്നു. അന്തഃപുരത്തിലെ തിരക്കുകഠം ഒരുവിധം അവസാനിപ്പിച്ചു് അവഠം ഉദ്യാനത്തിലേക്കിറങ്ങി. അവിടെ വന്നു നിരന്ന ബാലികാബാലന്മാക്കു വേദ

സാഗരി താൻതന്നെ ഓരോ പട്ടവസ്ത്രവും മധുരപലഹാരങ്ങളും നല്കി. ഉദ്യാനപാലകനടക്കം എല്ലാ പരിജനത്തിനും ഓരോ പത്മതങ്കം സമ്മാനിച്ചു, കൊട്ടാരത്തിൽ ഒരാളും പോലും വിസ്മരിക്കപ്പെട്ടില്ല.

ഉദ്യാനത്തിലെ മണിമുഴക്കം യാത്രയ്ക്കുള്ള മുഹൂർത്തമായെന്നറിയിച്ചു. വേദസാഗരിക്ക് അന്തഃപുരത്തിൽനിന്നു പുറത്തു കടന്നുകിട്ടുവാൻ വളരെ വിഷമിക്കേണ്ടിവന്നു. "നമുക്കിനിയും ഒരു മാസത്തിന്നകം കാണാമല്ലോ," എന്നിങ്ങനെ പലതവണ അവൾ പറയുന്നുണ്ടായിരുന്നു. കണ്ണീർ പുരണ്ട അനേകം നയനങ്ങൾ ചൂഴ്ന്നുനില്ക്കെ, അവസാനം, ഇടയ്ക്കിടെ തിരിഞ്ഞുനോക്കിക്കൊണ്ടു വേദസാഗരി ഉദ്യാനത്തിലേക്കുള്ള കല്പടവുകളിറങ്ങി. അവിടെ കൂടിനിന്ന പുരുഷാരം നിശ്ശബ്ദമായി അവൾക്കു യാത്രാനുമതി നല്കി. ഭാരമേറിയ ഹൃദയത്തോടെ, നനഞ്ഞ കൺപീലികളോടെ, ഒരിക്കൽക്കൂടി അന്തഃപുരചതുശ്ശാലത്തിലേക്കു തിരിഞ്ഞുനോക്കി, വേദസാഗരി തനിക്കു കയറുവാനായി കാത്തുനിന്ന കുതിരയുടെ പുറത്തു കയറി. പ്രഭാവതിയും ദേവിയുടെ പിന്നാലെ മറ്റൊരു കുതിരയുടെ പുറത്തുകയറി. ചിരപരിചിതരായ ആ മൃഗങ്ങൾ പതുക്കെ മുന്നോട്ടു നീങ്ങി. അതിന്നു പുറകേ രാജാവും ധർമ്മമഹാമാത്ര മഹാസേനനും അവരവരുടെ അശ്വങ്ങളിലേറി.

ഗോപുരത്തിനു വെളിയിൽ കാത്തുനിന്ന കുതിരപ്പട്ടാളത്തിൽ അമ്പതുപേർ മുന്നണി ചമച്ചു. അവക്കു പുറകേ വേദസാഗരിയും പ്രഭയും രാജാവിനാലും മഹാസേനനാലും അംഗരക്ഷകരാലും അനുഗതരായി. അവക്കു പിന്നാലെ കുതിരവണ്ടികൾ അശ്വാരൂഢരായ അമ്പതു സേനാനികൾ പിന്നണിസൈന്യമായി ഏററവും പുറകിൽ. ആ സംഘം അനാഡംബരവും എന്നാൽ പ്രഭാവപൂർണ്ണവുമായ ഒരു ഘോഷയാത്രയായി, നഗരവീഥിയിലൂടെ കിഴക്കോട്ടു നീങ്ങി. ആബാലവൃദ്ധം പൗരന്മാർ, ഇരുവശത്തും തിങ്ങിക്കൂടി നില്പുണ്ടായിരുന്നു. ആറുകൊല്ലക്കാലമായി തങ്ങളുടെ ഐശ്വര്യങ്ങളെ വളർത്തിയ പ്രിയപ്പെട്ട ആ രാജാവിന്റെ വേർപാടിൽ അവരെല്ലാം ദുഃഖാർത്തരായി. ഇനിയുമദ്ദേഹം

SBC 648

വേഗം മടങ്ങിവരുവാൻ ഇടയാകേണമേ എന്നു പ്രാൎത്ഥിക്കുകയായിരുന്നു സൎവ്വരും.

പട്ടണത്തിന്നു പുറത്തു കടന്നപ്പോഠം കുതിരകഠംക്കു വേഗത വൎദ്ധിച്ചു. കാലാവസ്ഥ അനുകൂലമായിരുന്നു. നിരപ്പായ പാതയിലൂടെ ഉത്സാഹപൂൎവ്വം കുതിരകഠം താളാത്മകമായി മുന്നേറി. അന്നു വൈകുന്നേരം, പ്രതീക്ഷിച്ചതിലുമധികം നേരത്തെ, അവർ താവളത്തിലെത്തിച്ചേൎന്നു. വേദസാഗരിയും പ്രഭാവതിയും തികച്ചും ഉന്മേഷവതികളായിരുന്നു. യാത്രാക്ഷീണം അവൎക്കു ബാധകമല്ലാത്തതുപോലെ തോന്നി. വഴിയിലെ പുതുമയുള്ള കാഴ്ചകളും സുന്ദരമായ കാലാവസ്ഥയും വൃക്ഷച്ഛായകളിലൂടെ നീണ്ടു പരന്നുകിടന്ന വഴിയും, ഏറെ വേഗതയില്ലാത്ത യാത്രയും പുതിയ അനുഭൂതികളാൽ അവരുടെ അന്തരംഗം നിറച്ചിരുന്നു.

പിറ്റേന്നും യാത്ര സുഖകരമായിരുന്നു. അന്നു സന്ധ്യയ്ക്കുമുമ്പായി അവർ ഒരു വിഹാരത്തിൽ ചെന്നുചേൎന്നു. ആ സ്ഥലം ഒരു ചെറിയ പട്ടണമാണു്. അശോകൻെറ സമാഗമം പ്രതീക്ഷിച്ചു വളരെ പൗരന്മാർ അവിടെ കൂടിനില്പുണ്ടായിരുന്നു. ജയശബ്ദങ്ങളോടെ അവരദ്ദേഹത്തെ സ്വീകരിച്ചു. നെയ്യും പാലും മധുരപലഹാരങ്ങളുംമററുമായി ഒട്ടുവളരെ ഉപഹാരങ്ങളാൽ അവരദ്ദേഹത്തെ സല്ക്കരിച്ചുപചരിച്ചു. ലാളിത്യത്തിന്നും സ്നേഹശീലത്തിന്നും ഔദാര്യത്തിന്നും കീൎത്തികേട്ട വേദസാഗരി അവൎക്കെല്ലാം കണ്ണിന്നും കരളിന്നും ഉത്സവമായി.

അടുത്ത ദിവസം രൂപനാഥിൽ ആ സംഘത്തെ സ്വീകരിക്കുവാൻ ന്യായാധിപൻ പരിവാരങ്ങളോടെ കാത്തുനില്പുണ്ടായിരുന്നു. അവിടെ അവൎക്കു് ഒരു ദിവസം മുഴുവനും വിശ്രമത്തിന്നേൎപ്പാടുകഠം ചെയ്തിരുന്നു.

ഉജ്ജയിനിയിൽനിന്നു് നേരെ കിഴക്കോട്ടു് നൂററിഅൻപതു ക്രോശം അവർ യാത്രചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനിയും ഇത്രയുംകൂടെ പോകണം പാടലീപുത്രത്തിലെത്തുവാൻ. വേദസാഗരിയും പ്രഭാവതിയും യാത്രകൊണ്ടു് ഏറെയൊന്നും ക്ഷീണിച്ചിരുന്നില്ല; ഒട്ടും മടുത്തിരുന്നുമി

ല്ല. ഏതായാലും, ഒരു ദിവസത്തെ വിശ്രമം അവർ സസന്തോഷം സ്വാഗതംചെയ്തു.

ഇനിയുമുള്ള യാത്ര എതിലെ വേണമെന്നു തീച്ച്പ്പെടു ത്തിക്കഴിഞ്ഞിരുന്നില്ല. രണ്ടു വഴികളുണ്ടു് പാടലീപുത്ര ത്തിലേക്കു്—ഒന്നു് പ്രയാഗയിലൂടെയും മററതു് ബുദ്ധ ഗയയിലൂടെയും. ന്യായാധിപൻ ഇക്കാര്യത്തെക്കുറിച്ചു് മഹാസേനനുമായി ആലോചിച്ചു. ബുദ്ധഗയയിലൂടെയുള്ള വഴി കൂടുതൽ എളുപ്പമുള്ളതായതിനാൽ, മഹാസേനൻ അതു തന്നെയാണു തിരഞ്ഞെടുത്തതു്. അശോകനും ആ അഭി പ്രായത്തോടു യോജിച്ചു. അടുത്ത താവളം സജ്ജമാക്കുവാ നും മാർഗ്ഗം തെളിക്കുവാനുമായി നിയുക്തമായ സേനാവിഭാ ഗം ആ വഴിയേ നീങ്ങി

പിറേറന്നു രാവിലെ എല്ലാവരും യാത്ര തുടന്നു. ന്യായാധിപൻ രണ്ടു ക്രോശം അവരെ അനുഗമിച്ചതിനു ശേഷം മടങ്ങിപ്പോന്നു.

തുറന്ന ഭൂവിഭാഗങ്ങളിലൂടെയും, ഗോതമ്പുവയലുകറം ക്കു നടുവിലൂടെയും നയനാനന്ദകരമായ പ്രകൃതിദൃശ്യങ്ങളു ടെ വിരുന്നേററു് അവരങ്ങനെ നീങ്ങി. വൈകുന്നേരം ഒരു ഗ്രാമത്തിലായിരുന്നു താവളം. പലവിധം ഉപഹാരങ്ങളേ ന്തി കാത്തുനിന്ന ഗ്രാമീണർ രാജാവിനെ എതിരേററു. അന്നു രാത്രി, ഗ്രാമത്തലവൻ പ്രത്യേകം ഏപ്പാടു ചെയ്തി രുന്ന ഒരു സംഘം നത്തകിമാർ സുന്ദരമായ ഒരു ഗ്രാമീണ നൃത്തപരിപാടി അവതരിപ്പിക്കയുണ്ടായി. വേദസാഗരി ഓരോ നത്തകിക്കും പ്രത്യേകം സമ്മാനങ്ങളരുളി.

അടുത്ത ദിവസം സായന്തനത്തോടെ ബുദ്ധഗയ സമീ പിച്ചു. ആ പ്രസിദ്ധ നഗരത്തിൻെറ ഭരണാധികാരിയും ഭരണാധിപനുമായിരുന്ന മഹാമാത്ര ഗുണവമ്മൻ അശ്വാ രൂഢനായി സ്വീകരണസന്നാഹങ്ങളോടെ ഗോപുരദ്വാര ത്തിൽ കാത്തുനിന്നിരുന്നു. രാജകീയമായ ആർഭാടങ്ങളോടു കൂടി അശോകനെ അദ്ദേഹം സ്വീകരിച്ചുപചരിച്ചു. ചക്രവ ത്തിയോ മററു സാമന്തന്മാരോ ബുദ്ധഗയയിൽ വന്നാൽ താ മസിക്കുവാനായി പ്രത്യേകം അരമന അവിടെ പണിചെ യ്തിട്ടുണ്ടു്. അശോകൻ ആ കൊട്ടാരത്തിലേക്കെഴുന്നെള്ളി.

പ്രഥമോപചാരങ്ങൾക്കുശേഷം ഗുണവർമ്മൻ വ്യാകുലഭാവത്തോടെ രാജാവിൻെറ മുന്നിൽ നിലകൊണ്ടു. അദ്ദേഹത്തിൻെറ ചുണ്ടുകൾ എന്തോ മന്ത്രിക്കുവാനൊരുങ്ങുന്നതുപോലെ കാണായി. അപ്രതീക്ഷിതമായ ആ പര്യാകുലത കണ്ടു്, അശോകൻെറ മനസ്സിൽ ഒരു കൊള്ളിമീൻ പാഞ്ഞു. അദ്ദേഹം പുരികം ചുളിച്ചു ചോദ്യഭാവത്തിൽ ഗുണവർമ്മനെ നോക്കി.

ന്യായാധിപൻ പതുക്കെ അറിയിച്ചു:

''പ്രഭോ! ദൈവഹിതം ആൎക്കു തടുക്കാൻ കഴിയും! മഹത്തായ ഈ സാമ്രാജ്യത്തെ കണ്ണീരിലാഴ്ത്തിക്കൊണ്ടു് മഹാനായ സംരക്ഷകൻ, ചക്രവർത്തി, ഇന്നു പുലച്ചയ്ക്കു മുമ്പു്....''

''ങ്ഹേ!'' അശോകൻ അപ്രതീക്ഷിതമായ ആ ആഘാതമേററു തരിച്ചുപോയി!

ന്യായാധിപൻ തുടൎന്നറിയിച്ചു: ''ഇന്നു സന്ധ്യയ്ക്കാണു് സന്ദേശം കിട്ടിയതു്.''

അശോകനു മേനിയാകെ തളരുന്നതുപോലെ തോന്നി. ചുണ്ടുകൾ വരണ്ടുപോയി. സംസാരിക്കുവാൻ കഴിഞ്ഞില്ല. നിശ്ചലനായി അങ്ങനെ അദ്ദേഹം കുറച്ചുസമയം ഇരുന്നുപോയി. ആരുമൊന്നും ഉരിയാടിയില്ല. ഒടുവിൽ ഉത്തരീയത്താൽ കണ്ണുകൾ തുടച്ചു് നിശ്ശബ്ദനായി എഴുന്നേററു് അശോകൻ അകത്തേക്കു പോയി.

മഹാസേനൻ ഒരു നിശ്വാസത്തോടെ ആത്മഗതമെന്നോണം പറഞ്ഞു:

''തികച്ചും അവിചാരിതം!''

''വാസ്തവം!'' ഗുണവർമ്മൻ പറഞ്ഞു: ''മൂന്നുനാലു ദിവസമായി അവിടെനിന്നു് യാതൊരു വർത്തമാനവും ഇല്ലായിരുന്നു. മിനിഞ്ഞാന്നു് ഉച്ചയ്ക്കാണു് ഞാൻ ദൂതന്മാരെ അയച്ചതു്. ഇന്നു് പക്ഷികൾ സന്ദേശവുമായി വന്നുചേൎന്നു. ദൂതന്മാർ നാളെ എത്തിയേക്കാം.''

രാജാവും പരിവാരവും ബുദ്ധഗയയിൽ എത്തിയിട്ടുള്ള വിവരം പക്ഷികൾവഴി പാടലീപുത്രത്തിലെത്തിക്കുവാനദ്ദേഹം ഏൎപ്പാടുകൾ ചെയ്തു.

അശോകൻ പൂജാമുറിയിലേക്കു പോയി വിതുമ്പുന്ന കണ്ണുകളോടെ, മുട്ടുകുത്തി നമസ്കരിച്ച് ഇടറുന്ന ശബ്ദത്തിൽ പിതാവിൻെറ സദ്ഗതിക്കായി പ്രാർത്ഥിച്ചു. അനന്തരം തന്റെ സ്വകാര്യമുറിയിൽ വന്ന് മേലങ്കി ഊരിയെറിഞ്ഞു്, വെറും നിലത്തു് പത്മാസനത്തിലിരുന്ന് ധ്യാനത്തിൽ മുഴുകി.

അപ്പോഴാണ്, വേദസാഗരി മുറിയിലേക്കു കടന്നു വന്നതു്. അദ്ദേഹത്തിൻെറ ആ ഇരിപ്പു കണ്ടു് അവശം, ഒരു നിമിഷം വാതില്ക്കൽത്തന്നെ നിന്നു. സദാ ഉന്മേഷ പൂർണ്ണമായിക്കാണാറുള്ള അദ്ദേഹത്തിൻെറ മുഖത്തു് പ്രകടമായ ആ ഭാവമാററം അവളെ അത്ഭുതപ്പെടുത്തി. വേദസാഗരി പതുക്കെ നടന്നുചെന്ന് അദ്ദേഹത്തിൻെറ അരികിൽ നിന്നു.

അശോകൻ പതുക്കെ കണ്ണുതുറന്നു. ഒരു നെടുവീർപ്പോടെ എഴുനേററു മഞ്ചത്തിൽ ചെന്നിരുന്നു. എന്നിട്ടു് ആ ശോകവാർത്ത പത്നിയെ അറിയിച്ചു.

രാജരാജൻെറ മരണം! വേദസാഗരിക്കതു പെട്ടെന്നു വിശ്വസിക്കാനേ കഴിഞ്ഞില്ല. കനത്ത ഒരടിയേററതുപോലെ അവശം മിഴിച്ചു നിന്നുപോയി. ചിതറിയ ചിന്തകളെ ഒടുവിൽ ഒരുവിധം സമാഹരിച്ച് അവശം കൂടുതലറിയുവാൻ വെമ്പി.

അശോകൻ പറഞ്ഞു: ''കൂടുതൽ വിവരമൊന്നും ഇവിടെ അറിഞ്ഞുകഴിഞ്ഞിട്ടില്ല. ദൂതന്മാർ നാളെ എത്തും. അപ്പോഴേ എല്ലാം വിശദമായി അറിയാനാവൂ.''

''കഷ്ടം! അദ്ദേഹം നമ്മളെ രണ്ടുപേരേയും കാണാനാശിച്ചു. നമ്മശം എത്ര ദൂരെയാണിപ്പോഴും!'' വേദ അല്പം കഴിഞ്ഞു തുടൎന്നു, ''ഞാനെത്ര ഭാഗ്യംകെട്ടവളാണ്! അദ്ദേഹത്തെ ഒരുനോക്കു കാണുവാൻപോലും എനിക്കു കഴിഞ്ഞില്ലല്ലൊ!''

അശോകൻ ഒന്നുമുരിയാടിയില്ല. അദ്ദേഹം അച്ഛനെക്കുറിച്ചുള്ള സന്തപ്തസ്മരണകളിൽ മുഴുകി, വാതായനത്തിലൂടെ പുറത്തെ ഉദ്യാനത്തിലേക്കു നോക്കിക്കൊണ്ടിരുന്നു.

പിറേറന്നു രാവിലെതന്നെ യാത്ര തുടരുവാൻ അശോ

കൾ തീച്ച്പ്പെട്ടത്തി. പൗരജനങ്ങരം സ്നേഹാനുതാപപൂണ്ണ മായ സാന്ത്വനഭാവത്തോടെ അദ്ദേഹത്തെ യാത്രയാക്കുവാൻ കൊട്ടാരത്തിൻെറ അങ്കണത്തിൽ തടിച്ചുകൂടിയിരുന്നു. അവർ അദ്ദേഹത്തെ നഗരത്തിൻെറ ബഹിർഭാഗംവരെ അനുയാത്രചെയ്തു.

രണ്ടാമത്തെ ദിവസം സായന്തനത്തോടെ പാടലീ പുത്രം ദൂരെ ദൃശ്യമായി. പ്രശാന്തമൂകമായ ആ മഹാനഗരം ഉന്നതപ്രഭാവനും സ്നേഹസമ്പന്നനുമായ രാജാധിരാജൻെറ വിയോഗത്തിൽ കേവലം ശൂന്യവും നിജ്ജീവവുമായി അശോകനു തോന്നി. സൂര്യകിരണങ്ങളേററു തിളങ്ങുന്ന ഉയന്ന കൊടിമരങ്ങളിൽ താഴ്ത്തികെട്ടിയ പട്ടക്കുറകരംപോ ലും നിരുന്മേഷമായി കുനിഞ്ഞു കിടപ്പായിരുന്നു.

ഗോപുരദ്വാരമട്ടക്കെ അശ്വാരൂഢരായ ഒരു സംഘം രാജകീയപുരുഷന്മാർ നേരെ വരുന്നതായിക്കണ്ടു. അവരു ടെ മുമ്പിൽ, പൊൻകോപ്പുകളണിഞ്ഞ വെളുത്ത കുതിര മേൽ മഹേന്ദ്രനെക്കണ്ടപ്പോരം അശോകൻെറ ഹൃദയം നാനാ വികാരങ്ങളാൽ വെമ്പിത്തുളമ്പി.

ഭടന്മാരെല്ലാം കുതിരപ്പുറത്തുനിന്നിറങ്ങി. രണ്ടു വരി യായി നിന്നു. മഹേന്ദ്രൻ നിലത്തിറങ്ങി, അവക്കിടയി ലൂടെ നടന്നുചെന്നു. അശോകനും ചാടിയിറങ്ങി രണ്ടു കൈ യും നീട്ടി അനുജനെ സമീപിച്ചു. സ്നേഹപൂണ്ണവും ശോക സങ്കുലവുമായിരുന്നു ആ സമാഗമം.

അശോകൻ പിന്നീട് വേദസാഗരിയെ കുതിരപ്പുറത്തു നിന്നിറങ്ങുവാൻ സഹായിച്ചു. മഹേന്ദ്രൻ തൊഴുകൈയോ ടെ ജ്യേഷ്ഠത്തിയെ സ്വാഗതംചെയ്തു.

നഗരത്തിലേക്കു പ്രവേശിക്കുമ്പോരം അപ്പോഴത്തെ പരിതഃസ്ഥിതിയിൽ, ആർഭാടവും പരിവാരവും കഴിയു ന്നതും ചുരുക്കുവാനവർ തീച്ച്യാക്കി, അംഗരക്ഷകരായ നാലു് അശ്വഭടന്മാർ മുന്നിൽ; അവക്കു പിന്നിലശോകൻ, പിറകേ വേദസാഗരി; പിന്നാലേ മഹേന്ദ്രൻ; പ്രഭാവതി യും ധമ്മമഹാമാത്രനും അദ്ദേഹത്തിന്നു പുറകേ; നാലു് അശ്വഭടന്മാർ ഏററവും പിന്നിൽ—ഇങ്ങനെ അവർ ഗോ പുരം കടന്നു രാജപാതയിൽ പ്രവേശിച്ചു.

വേദസാഗരി തൻെറ നിലപാടിനെക്കുറിച്ചോർത്തു പോയി. ഗ്രാമത്തിലുള്ള പിതൃഗൃഹവും പരിസരങ്ങളും അവളുടെ അന്തരംഗത്തിൽ തെളിഞ്ഞുവന്നു. ഉജ്ജയിനിയിലെ ജീവിതരംഗങ്ങൾ ഓരോന്നായി മിന്നൽപ്രഭയോടെ ചിന്തയുടെ വെള്ളിത്തിരശ്ശീലയിൽ വന്നു മറഞ്ഞു. ഇരുപാട്ടും നിന്ന എണ്ണമററ പൗരജനങ്ങളുടെ കണ്ണുകളെല്ലാം തന്നിൽ കേന്ദ്രീകരിച്ചിരിക്കയാണു്. വേദസാഗരിയുടെ ഹൃദയം ഭാവതരംഗിതമായി. എങ്കിലും, ആ മുഖം എന്നത്തേയുംപോലെ ശാന്തവും നിഷ്കളങ്കവും പ്രകാശപൂർണ്ണവുമായിരുന്നു.

പൗരന്മാർ ജയശബ്ദങ്ങളോടെ അവരുടെ പ്രിയപ്പെട്ട രാജകുമാരനെ സ്വീകരിച്ചു. രാജധാനിക്കു സമീപം കൊട്ടാരവാതിലിന്നടുത്തായി വിചിത്രവസ്ത്രങ്ങൾ ധരിച്ച അമ്പതോളം ഭടന്മാർ വില്ലുമമ്പുമേന്തി നിന്നിരുന്നു. അശോകൻ അടുത്തെത്തിയപ്പോൾ അവരുടെ വില്ലുകളിൽനിന്നു് തിളങ്ങുന്ന ക്രൂരമ്പുകൾ ഒരുമിച്ചു മൂളിപ്പറന്നു് അന്തരീക്ഷത്തിലേക്കുയൎന്നു. ഗോപുരത്തിലെ വലിയ മണി രണ്ടു പ്രാവശ്യം മുഴങ്ങി.

അവിടെ അകത്തു കാത്തുനിന്നിരുന്ന പ്രധാന അമാത്യൻ രാജാവിനെ താണുതൊഴുതു സ്വീകരിച്ചു. രാജകീയമായ പരിച്ഛദങ്ങളോടെ അദ്ദേഹം കൊട്ടാരത്തിലേക്കാനയിക്കപ്പെട്ടു.

## ഏഴു്

പിതാവിൻെറ മരണത്തെക്കുറിച്ചു മഹേന്ദ്രനും മഹാഅമാത്യനുമായി സംസാരിച്ചതിന്നുശേഷം അശോകവർദ്ധനൻ അമ്മയെക്കാണുവാൻ അന്തഃപുരത്തിലേക്കു പോയി. വേദസാഗരിയെ അന്തഃപുരജനങ്ങൾ ഉപചാരങ്ങളോടെ വന്നു നേരത്തേ കൂട്ടിക്കൊണ്ടുപോയിരുന്നു.

തവണക്കാരി രാജകുമാരന്നു വഴികാണിച്ചുകൊടുത്തു. മൂന്നാമത്തെ നിലയിൽ.ചിത്രവേലകളുള്ള വാതിലുകളോടു

കൂടിയ ഒരു മുറിയുടെ മുന്നിലെത്തിയപ്പോഠം അവഠം നിന്നു് അദ്ദേഹത്തെ താണുതൊഴുതു പിൻവാങ്ങി.

ആ വലിയ മുറിയുടെ ഏതാണ്ടു നടുവിലായി, സ്വർണ്ണ ഗ്ഗോപ്പുകളും പട്ടുമേൽക്കട്ടിയുമുള്ള വലിയ മഞ്ചത്തിൽ മഹാറാണി ഇരുന്നിരുന്നു. ശോകപൂരിതമായ കണ്ണുകളിൽ നിറഞ്ഞ ജിജ്ഞാസയോടെ അവർ വാതില്ക്കലേക്കു നോക്കി. അശോകൻ ഓടിച്ചെന്നു് അമ്മയുടെ കാല്ക്കൽ വീണുനമിച്ചു് പാദങ്ങഠം നിറുകയിൽ ചേർത്തു.

''ഹാ! പ്രിയദശീ! എന്റെ മകനേ, എന്റെ മകനേ!'' മഹാരാജ്ഞി തേങ്ങിക്കരഞ്ഞുകൊണ്ടു മകനെ പിടിച്ചെഴുന്നേല്പിച്ചു നിറുകയിൽ മുകന്നു. ഇടറുന്ന ശബ്ദത്തിലവർ തുടന്നു: ''ഒരുവശത്തു തീരാദുഃഖം! ഒരുവശത്തു സന്തോഷം!''

''അമ്മേ! ഞാനൊരു പാപിയാണു്. എനിക്കു കുറേ നേരത്തേ വന്നെത്താൻ കഴിഞ്ഞില്ലല്ലോ.'' അശോകൻ നിരുദ്ധകണ്ഠനായി. ''എനിക്കു മാപ്പുതരണേ, അമ്മേ! ഈശ്വരന്റെ വിധി അങ്ങനെയാവാം.''

''ഇല്ല, അതിലാരേയും കുററപ്പെടുത്താനില്ല.'' മഹാരാജ്ഞി പറഞ്ഞു, ''എന്റെ മകൻ ഭരണകാര്യങ്ങഠംക്കുവേണ്ടി ദൂരെ പോയതാണല്ലോ.''

അല്പസമയം ഇരുവരും നിശ്ശബ്ദരായി—വളരെയേറെ സംസാരിക്കുവാനുണ്ടെങ്കിലും എന്തു പറയണമെന്നറിയാത്തതുപോലെ. ഒടുവിൽ രാജ്ഞി മൗനം ഭഞ്ജിച്ചു:

''എത്ര കാലമായി മകനേ, നിന്നെ കണ്ടിട്ടു്. നിനക്കു സുഖംതന്നെയായിരുന്നില്ലേ?''

''അച്ഛന്റെ കല്പന അനുസരിക്കുന്നതുതന്നെ എനിക്കു സുഖവും സന്തോഷവുമായിരുന്നു, അമ്മേ.''

''എവിടെ? എന്റെ മകളെവിടെ?'' രാജ്ഞി അന്വേഷിച്ചു. ''വേദയെ കൊണ്ടുവന്നില്ലേ?''

''ഉവ്വ്. അവഠം വന്നിട്ടുണ്ടു്.'' അശോകൻ പറഞ്ഞു.

''ആങ്ഹാ! എന്നിട്ടെവിടെ? എനിക്കവളെ കാണാൻ തിടുക്കമുണ്ടെന്നു നിനക്കറിഞ്ഞുകൂടേ? വിളിക്കു ഇങ്ങോട്ടു്. എത്ര കാലമായി ഞാൻ കാത്തിരിക്കുന്നു!''

അശോകൻ വാതില്ക്കൽ നിന്ന പരിചാരികയെ നോക്കി. അപ്പോഴേക്കും മഹാരാജ്ഞി അവളെ വിളിച്ചു: ''വിജയേ, വേദസാഗരി അന്തഃപുരത്തിലുണ്ട്. കൂട്ടി ക്കൊണ്ടുവരു.''

വിജയ പുറത്തു കടന്നപ്പോഴേക്കും മഹേന്ദ്രൻതന്നെ ജ്യേഷ്ഠത്തിയെ അമ്മയുടെ അരികിലേക്ക് ആനയിക്കുന്ന തായിക്കണ്ടു. വേദസാഗരി തൊഴുകൈയോടെ മുറിയിൽ ക്കടന്ന് അമ്മയുടെ കാല്ക്കൽ മുട്ടുകുത്തി നമസ്കരിച്ചു.

''എഴുന്നേൽക്കൂ മകളേ!'' രാജ്ഞി വേദസാഗരിയുടെ തോളിൽ തഴുകിക്കൊണ്ടു പറഞ്ഞു, ''ഞാൻ നിന്നെ നന്നാ യിക്കാണട്ടെ.''

വേദസാഗരി വിനയപൂർണ്ണമായ ഭാവത്തോടെ എഴു ന്നേററുനിന്നു. ആ നീലക്കണ്ണുകളിലും പനിനീർപ്പൂവൊത്ത കവിളുകളിലും പ്രശാന്തവും ഗംഭീരവുമായ ഒരസാധാരണ സൗഭാഗ്യം ആ അമ്മ കണ്ടറിഞ്ഞു.

''അവൾ തികച്ചും സുന്ദരിതന്നെ, അല്ലേ പ്രിയ ദർശീ?''

പ്രിയദർശി ഒന്നും പറഞ്ഞില്ല. രാജ്ഞി തുടർന്നു:

''അതെ, തീർച്ചയായും. എനിക്കു വളരെ തൃപ്തിയാ യി. നിനക്കു യോജിച്ചവൾതന്നെ. വരൂ, മകളേ! ഞാൻ നിന്നെ ഉമ്മവെയ്ക്കട്ടെ.''

രാജ്ഞി വേദസാഗരിയുടെ കവിളുകൾ രണ്ടു കൈത്ത ലങ്ങളാലും തഴുകി, നിറുകയിലും കവിളിലും ചുംബിച്ചു. ''എനിക്കു നിന്നെ വളരെ ഇഷ്ടപ്പെട്ടു. എപ്പോഴും എൻെറ കൂടെ ഇവിടെ നിൽക്കൂ മകളേ, എനിക്കു നിന്നെ എപ്പോഴും കാണണം. എൻെറ മകൻ നിന്നെ കണ്ടെത്തിയതിൽ ഞാൻ സന്തോഷിക്കുന്നു.''

പിന്നീട്, രാജ്ഞിയുടെ ആഗ്രഹമനുസരിച്ച് പ്രഭാ വതിയും അവിടെ ആനീതയായി. പ്രഭാവതി ഒട്ടുദൂരെ നിന്നു മുട്ടുകുത്തി നമസ്കരിച്ചു.

''എഴുന്നേൽക്കൂ പെൺകുഞ്ഞേ!'' രാജ്ഞി വാത്സല്യ ത്തോടെ ആരാഞ്ഞു: ''നീ ഒരു കന്യകയാണല്ലോ?''

''അതെ, പ്രഭൊ!'' പ്രഭാവതി മൊഴിഞ്ഞു.

''നീ എൻെറ മകളുടെ പ്രിയപ്പെട്ട തോഴിയാണെന്നറിഞ്ഞു് ഞാൻ സന്തോഷിക്കുന്നു. ഇവിടെ നിനക്കൊന്നിനും അസൗകര്യമുണ്ടാവില്ല.''

''വിജയേ!'' രാജ്ഞി പരിചാരികയെ വിളിച്ചേല്പിച്ചു: ''ഇവക്കു രണ്ടുപേക്കും ഈ നിലയിൽത്തന്നെ രണ്ടു മുറികൾ ഏൎപ്പാടുചെയ്യൂ. ആരെല്ലാമാണു് ഇവരുടെ പരിചാരികമാർ? ഏതായാലും മദനികയെക്കൂടി അയയ്ക്കാൻ പറയൂ.''

പ്രിയദൎശി അമ്മയോടു് ഇനിയും വന്നുകൊള്ളാമെന്നേററു വിടവാങ്ങി. രാജ്ഞി മകനെ ചേൎത്തണച്ചു് മൂൎദ്ധാവിൽ മുകൎന്നു്, ''പോയി ഗുരുജനങ്ങളെയെല്ലാം കാണൂ മകനേ!'' എന്നു നിൎദ്ദേശിച്ചയച്ചു.

അശോകൻ ഇനിയും മറെറാരമ്മയെ തേടുകയാണെന്നു കണ്ടറിഞ്ഞ തവണക്കാരി അദ്ദേഹത്തിന്നു കൊട്ടാരത്തിൻെറ കിഴക്കെ അററത്തുള്ള വിശാലമായ മട്ടുപ്പാവിന്നരികിൽ ഒരു മുറിയിലേക്കു വഴികാണിച്ചു. ബിന്ദുസാരൻെറ ആദ്യപത്നിയും വീതാശോകൻെറ മാതാവുമായ ആ മഹാരാജ്ഞിയും അഗാധമായ ദുഃഖസാഗരത്തിൽ മുഴുകി ചിന്താവിമൂകയായി പല്യങ്കത്തിൽ ചാഞ്ഞു് ഇരിക്കയായിരുന്നു. ഒരു പരിചാരിക അടുത്തുനിന്നു ചാമരത്താൽ വീശിക്കൊണ്ടിരുന്നു. അശോകൻ അവരുടെ കാൽക്കൽ നമസ്കരിച്ചെഴുന്നേററു. രാജ്ഞി അദ്ദേഹത്തിൻെറ പുറത്തു തഴുകിക്കൊണ്ടു പറഞ്ഞു: ''പ്രിയദൎശീ! മകനേ, രണ്ടുദിവസത്തിനുള്ളിൽ നീ എത്തിച്ചേരുമെന്നു് ഞാനറിഞ്ഞിരുന്നു.''

''അല്പം വൈകിപ്പോയി അമ്മേ! എൻെറ ഭാഗ്യക്കേടു്!'' അശോകൻ പറഞ്ഞു. ''വിവരം അറിഞ്ഞ ഉടനെ പുറപ്പെട്ടുവെങ്കിലും...''

''എന്തുചെയ്യാം!'' രാജ്ഞി ദീൎഘമായി നിശ്വസിച്ചു. ''സാരമില്ല മകനേ! ഈശ്വരവിധിയാണതു്. അദ്ദേഹം....ഭാഗ്യവാൻ!....അധികം കിടന്നു വിഷമി....''രാജ്ഞിയുടെ കണ്ഠം ഇടറി, അവർ ഉത്തരീയത്താൽ കണ്ണുകൾ തുടച്ചു.

അല്പം കഴിഞ്ഞു് അവർ ചോദിച്ചു: ''ഉജ്ജയിനി

നിനക്കിഷ്ടപ്പെട്ടുവോ? അവിടെ എല്ലാം സുഖംതന്നെയല്ലേ?''

''എല്ലാ രാജ്യങ്ങളും ഈ മഹത്തായ സാമ്രാജ്യത്തിൻെറ ഭാഗമാണല്ലൊ. രാജരാജൻെറ പ്രജകൾ എവിടെയായാലും നമുക്കവരെ ഒന്നുപോലെ പ്രിയപ്പെടണമല്ലൊ. ഉജ്ജയിനി എനിക്കേത്രയും പ്രിയംതന്നെ.''

''നന്നു് മകനേ, നന്നു്. നിൻെറ ആശയത്തെ ഞാനഭിനന്ദിക്കുന്നു. രാജരാജൻെറ ഈ സ്വഭാവവും നിനക്കു കിട്ടിയതിൽ ഞാനാനന്ദിക്കുന്നു. ഉജ്ജയിനിയിലെ നമ്മുടെ പ്രജകൾ വളരെ നല്ലവർതന്നെ—അല്ലേ?''

''തീർച്ചയായും. ഇവിടെയുള്ളവരേക്കാളും നല്ലവരാണെന്നെനിക്കു തോന്നുന്നു.''

''അതെന്താണങ്ങനെ?''

''അവർ വളരെ സരളശീലരാണു്. ലളിതമാണവരുടെ ജീവിതം. ഈശ്വരനിൽ ഉറച്ച വിശ്വാസവും തികഞ്ഞ അദ്ധ്വാനശീലവും അവക്കുണ്ടു്. തികച്ചും സംതൃപ്തരാണവർ.''

അല്പസമയംകൂടി സംസാരിച്ചതിന്നുശേഷം അശോകൻ അവരോടു വിടവാങ്ങി. വേദസാഗരി ആ അമ്മയേയും വന്നുകണ്ടു് നമസ്കരിച്ചു. രാജ്ഞി അവളെ പിടിച്ചെഴുന്നേല്പിച്ചു് ആശ്ലേഷിച്ചു.

* * *

മഹാസേനൻ പ്രധാനാമാത്യനായ മൂലദേവനോടൊപ്പം സഭാമന്ദിരത്തിലേക്കു കടന്നു. കറയററ ശില്പസൗകുമാര്യത്തിൻെറ കേളീരംഗമായിരുന്നു വിശാലവും ഗംഭീരവുമായ ആ ശാല. മഹാസേനൻ അത്ഭുതത്താൽ വിടൎന്ന മിഴികളോടെ ചുററുപാടും പര്യവേക്ഷണംചെയ്തു. നൂററിയിരുപതടി നീളവും എൺപതടി വീതിയുമുള്ള ആ ശാലയിൽ ആറുവരിയായി കരിവീട്ടികൊണ്ടുള്ള ഉരുണ്ട കനത്ത തൂണുകളുണ്ടു്. അടിയിലും മുകളിലും അററങ്ങളിൽ സ്വൎണ്ണരേഖകളും വെള്ളിരേഖകളും പ്രകാശിക്കുന്ന ആ കൂററൻ സ്തൂപങ്ങൾ നിറയെ വിചിത്രമായ ശില്പവേലകളാൽ സമലംകൃതമാണു്. മേല്ക്കൂട്ടിയിൽ തൂങ്ങിയാടുന്ന ഗ്ലോപ്പു

കൾക്കിടയിലൂടെ മുന്തിരിവള്ളികളുടേയും തത്തകളുടേയും മററും എണ്ണമററ ചായച്ചിത്രങ്ങൾ ഒളിവിതറുന്നു. ഇളംനീലയും ഇളംചുവപ്പും ചായംതേച്ച മിനുമിനുത്ത ചുമരുകളിൽ നിറയെ അതിമനോഹരമായ ജീവിതചിത്രങ്ങളാണു്. ഇടതുഭാഗത്തെ ചുമരിന്നു നടുവിൽ മൗര്യവംശസ്ഥാപകനായ ചന്ദ്രഗുപ്തമൗര്യൻെറ ഗംഭീരമായ പൂർണ്ണകായരൂപം വരയ്ക്കപ്പെട്ടിരിക്കുന്നു. ചുററുപാടും അദ്ദേഹത്തിൻെറ സംഭവബഹുലമായ ജീവിതത്തിലെ വളരെയേറെ നിമിഷങ്ങൾ അനശ്വരമാക്കപ്പെട്ടിരിക്കയാണു്. മറുവശത്തെ ചുവരിൽ സേനാവിഭാഗങ്ങളുടെ ചിത്രങ്ങളും യുദ്ധരംഗങ്ങളുമാണധികവും. ഇടയിലിടയിൽ കൊച്ചുകൊച്ചു ചായച്ചിത്രങ്ങൾ ഒട്ടേറെയുണ്ടു്—പ്രകൃതിയുടേയും പക്ഷിമൃഗാദികളുടേയും ചില സുന്ദരമുഖങ്ങൾ. ഒരു വെൺപിറാവു് അതിൻെറ കുഞ്ഞോമനയ്ക്കു ധാന്യമണി കൊത്തിക്കൊടുക്കുന്നതാണവയിലൊന്നു്. സന്ദേശമെഴുതിയ ഓലക്കരണം കഴുത്തിൽ കെട്ടിഞാത്തിപ്പറക്കുന്ന ഒരു പച്ചത്തത്ത; വളഞ്ഞു പുളഞ്ഞു പാറക്കെട്ടുകളിൽ തടഞ്ഞൊഴുകുന്ന കാട്ടാറിന്നു വക്കിൽ വെള്ളം കുടിക്കുവാൻ വന്നു കുനിഞ്ഞുനില്ക്കുന്ന ഒരു പുള്ളിമാൻ, ഇണയെ അനുനയിപ്പിക്കുന്ന ഒരു ഗജവീരൻ; പീലിവിടർത്തി നൃത്തമാടുന്ന ഒരു മയിൽ—ഇങ്ങിനെയിങ്ങനെ മധുരാനുഭൂതികളുണർത്തുന്ന ജീവിതമുഖങ്ങൾ.

വിശിഷ്ടമായ പരവതാനികൾ വിരിച്ച നിലത്തു കിഴക്കെ അററത്തായി ഉയർന്ന ഭൂമികയിൽ രാജസിംഹാസനവും താഴെ മന്ത്രിമാരുടേയും പുരോഹിതൻേറയും മററു സദസ്യരുടേയും വിചിത്രമായ ആസനങ്ങളും സ്ഥലംപിടിച്ചിരിക്കുന്നു. ഉദാത്തമായൊരു സൗഭാഗ്യം ഒരു ഗാംഭീര്യം, അവിടെയെല്ലാം ഓളംവെട്ടുന്നതായി മഹാസേനൻ കണ്ടു.

വലത്തെ ചുവരിൽ ഒരു പ്രത്യേകചിത്രം മൂലദേവൻ ചൂണ്ടിക്കാണിച്ചു—വലിയൊരു ഗോപുരദ്വാരത്തിന്നരികിൽ ഭീമാകാരന്മാരായ രണ്ടു കാവല്ക്കാർ ബദ്ധശ്രദ്ധരായി നില്ക്കുന്നു. കലാവിരുതുററ ഗോപുരവാതിൽ നിറയെ ചെന്താമരമാലകൾ കൊത്തിവെച്ചിരിക്കയാണു്. മഹാസേ

നൻ അതിമനോഹരമായ ആ ചിത്രം നോക്കിനില്ക്കെ മൂലദേവൻ പറഞ്ഞു:

''അതു ചിത്രം മാത്രമല്ല. ആ വാതിൽ തുറക്കാവുന്നതാണു്. പ്രത്യേകായുധങ്ങളും രേഖകളും സൂക്ഷിക്കുന്ന നിലവറയിലേക്കുള്ള വഴിയാണതു്.''

മഹാസേനനു പിറേറന്നു രാവിലെ ആ മുറി കാണിച്ചുകൊടുക്കാമെന്നു് മൂലദേവൻ സമ്മതിച്ചു.

സഭാശാലയ്ക്കു തെക്കുവശത്തുള്ള വലിയ അങ്കണത്തിന്നപ്പുറത്തു് രണ്ടു നീണ്ട കെട്ടിടങ്ങളുണ്ടു്. സേനാനായകന്മാരുടേയും അമാത്യന്മാരുടെയും കാര്യാലോചനാമന്ദിരങ്ങളാണവ. അവയ്ക്കപ്പുറത്തു് ചക്രവർത്തിയുടെ അംഗരക്ഷകന്മാരുടെ വാസസ്ഥലങ്ങളാണു്. അവയ്ക്കും അരക്രോശമകലെയാണു് സേനകളുടെ അഭ്യാസഭൂമിയും കുതിരലായവും ഗജനികേതങ്ങളും. കൊട്ടാരത്തിൻെറ കിഴക്കുവശത്തു് രമണീയമായ ഉദ്യാനം ഗംഗാനദിവരെ നീണ്ടുകിടക്കുന്നു. വടക്കും പടിഞ്ഞാറും എണ്ണമററ രാജമന്ദിരങ്ങളും രാജപുരുഷന്മാരുടെ മാളികകളും ഉയർന്നുനില്ക്കുന്നു.

സായന്തനവിധികൾക്കു സമയമായതിനാൽ മഹാസേനൻ പ്രതീഹാരിയോടൊപ്പം തനിക്കായി കല്പിക്കപ്പെട്ട വാസസ്ഥലത്തേക്കു തിരിച്ചു.

ചക്രവർത്തിയുടെ നിര്യാണത്തിനുശേഷം രാജ്യഭാരം സ്വാഭാവികമായി, അദ്ദേഹത്തിന്റെ മൂത്ത പുത്രനും അശോകവർദ്ധനൻെറ ജ്യേഷ്ഠസഹോദരനുമായ വീതാശോകനിൽ നിക്ഷിപ്തമായി. പ്രകാശ് എന്ന ഓമനപ്പേരിലറിയപ്പെടുന്ന വീതാശോകനു് മുപ്പത്താറു വയസ്സു പ്രായമുണ്ടു്. കൊട്ടാരത്തിലെ രണ്ടാമത്തെ നിലയിലാണു് അദ്ദേഹത്തിന്റെ മുറികൾ. പകൽ ചുരുക്കംസമയങ്ങളിൽ മാത്രമേ പ്രകാശ് ആ മുറികളിലോ താഴെയുള്ള ചിത്രശാലയിലോ കാണപ്പെടാറുള്ളു. ഗംഗാനദിക്കരുകിൽ ഉദ്യാനത്തിലോ സ്ഫടികഹർമ്മ്യത്തിലോ ആണു് മിക്കവാറും അദ്ദേഹം കഴിച്ചുകൂട്ടാറുള്ളതു്.

അശോകവർദ്ധനൻ വന്നതിൻെറ പിറേറന്നു രാവിലെ പ്രകാശ് പ്രിയദർശിയെ പിതാവിൻെറ ശവകുടീരത്തി

ലോകർ കൂട്ടിക്കൊണ്ടുപോയി. അശോകൻ കണ്ണുനീരോടെ കുടീരത്തിന്നു മുന്നിൽ നമസ്കരിച്ചു. ഇരുവരും വളരെനേരം മൂകരായി അവിടെയങ്ങനെ നിന്നു. വാക്കുകളിൽക്കവിഞ്ഞ വികാരപൂർണ്ണതയായിരുന്നു ആ രണ്ടു സഹോദരന്മാരുടെ ഹൃദയാന്തരത്തിലും നിറഞ്ഞുനിന്നതു്. അനന്തരം പ്രകാശ് നമ്രശിരസ്കനായി ഗംഗാതീരത്തിലേക്കു നടന്നു. അശോകൻ ഒരു നെടുവീർപ്പോടെ കൊട്ടാരത്തിലേക്കും.

* * *

ദിനങ്ങൾ ചിലതു കടന്നുപോയി.

പ്രഭാതകൃത്യങ്ങൾക്കു ശേഷം ഒരുദിവസം മഹാസേനൻ മൂലദേവനെ സന്ദർശിച്ചു. അവർ തമ്മിൽ ഭരണപരമായ പല കാര്യങ്ങളെക്കുറിച്ചും ചർച്ചചെയ്കയുണ്ടായി— പ്രത്യേകിച്ച് ഉജ്ജയിനിയിലെ ഭരണകാര്യങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങളെപ്പററി. ധർമ്മമാത്രന്മാരുടെ പ്രവർത്തനങ്ങൾ മൌര്യസാമ്രാജ്യത്തിലെ മററു രാജ്യങ്ങൾക്ക് അപരിചിതമായിരുന്നു. ആ പുതിയ സമ്പ്രദായം ജനതയുടെ ജീവിതത്തിൽ വെളിച്ചംവീശുവാനും ഭരണത്തിന്നു ലാഘവം ഉണ്ടാക്കുവാനും കഴിവുള്ളതാണെന്നു മൂലദേവന്നു മനസ്സിലായി.

''ധർമ്മത്തിന്നു ജീവിതത്തിൽ ഒരുറച്ച സ്വാധീനം കൈവരുത്തുകയാണു ലക്ഷ്യം.'' മഹാസേനൻ പറഞ്ഞു. ''ജീവിതത്തിൻെറ എല്ലാ മണ്ഡലത്തിലും ധർമ്മമായിരിക്കണം നിയാമകം. ആ ബോധം ജനങ്ങളിൽ ഉണ്ടാക്കുവാനാണു ഞങ്ങൾ രാവും പകലും പ്രയത്നിക്കുന്നതു്. നഗരത്തിലെ കച്ചവടക്കാരൻേറയും ഗ്രാമത്തിലെ കഷ്കൻേറയും തൊഴിലാളിയുടേയും രക്തത്തിൽ ധർമ്മം അലിഞ്ഞുചേരണം.''

''തീർച്ചയായും മഹത്തായൊരു യത്നമാണതു്.'' മൂലദേവൻ അഭിപ്രായപ്പെട്ടു. ''വളരെ വിഷമംപിടിച്ചതുമാണു്.''

''ദൂരെനിന്നു കാണുന്നപോലെ അത്രയൊന്നും വിഷമമല്ല അതു്.'' മഹാസേനൻ വിശദീകരിച്ചു, ''ധർമ്മം സാധാരണക്കാരൻെറ ഹൃദയത്തിൽ സ്വതവേ കുടികൊള്ള

ന്നുണ്ട്. അവനെ അതു മനസ്സിലാക്കുക, അവനെ നേർവഴിക്കു തിരിച്ചുവിടുക—അത്രയേ നാം ചെയ്യേണ്ടതുള്ളൂ.''

മൂലദേവൻ ആ ആശയത്തോടനുകൂലിച്ചു. മഹാസേനൻ തുടൻു: ''വേലയോടുള്ള കൂറ്—അതാണൊന്നാമതായി പഠിപ്പിക്കേണ്ടതു്. രണ്ടാമതു്, സ്വയം സമ്പൂർണ്ണതയ്ക്കുള്ള ഒരാവേശവും വളർത്തിയെടുക്കണം. ബാഹ്യമായ സ്വയം പൂർണ്ണത ആന്തരമായ പൂർണ്ണതയെ താനെ വരുത്തിക്കൊള്ളും. താങ്കൾ ദയവുചെയ്തു ഞങ്ങളുടെ ഗ്രാമങ്ങൾ സന്ദർശിച്ചാലും! അവർ എത്രത്തോളം വളർന്നുകഴിഞ്ഞിട്ടുണ്ടെന്നു നേരിൽ മനസ്സിലാക്കാം. അവിടെ ഗ്രാമഗൃഹങ്ങളിൽ അതിഥി ആരായാലും പൂജ്യനാണു്. സർവ്വത്ര വിനയവും ഔദാര്യവും കാണാം. ആ കൃഷിക്കാർക്കും തൊഴിലാളക്കും അവരുടെ വേല എത്ര പ്രിയങ്കരമാണെന്നോ! ലളിതമായി ജീവിക്കുവാൻ സ്വതവേ ഇഷ്ടമുള്ളവരാണവർ. ഓരോ വീട്ടിലും നൂൽപ്പുയന്ത്രങ്ങളുണ്ട്. അവരവർക്കാവശ്യമുള്ള വസ്ത്രത്തിനു് മിക്കവാറും സ്വയം നൂലുണ്ടാക്കുകയാണവർ. ഈ ആശയം വളരെയൊന്നും ബുദ്ധിമുട്ടാതെ പ്രചരിപ്പിക്കാനും നടപ്പിൽവരുത്താനും ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. മററൊരു ചെറിയ ഉദാഹരണം പറയാം. അതിഥികൾ വന്നാൽ, ആരായാലും, ആ നൂൽപ്പുയന്ത്രത്തിൽ അല്പനേരം പ്രവർത്തിക്കാൻ അയാൾ നിർബ്ബദ്ധനായിത്തീരും—സ്വയം. ആയാൾക്കതു സ്വയം തോന്നുവാനുള്ള ഒരന്തരീക്ഷം സൃഷ്ടിച്ചിരിക്കയാണു്. നോക്കൂ, അയാൾ എത്രവാര നൂലുണ്ടാക്കുന്നു എന്നതു പ്രശ്നമല്ല. ആ യന്ത്രത്തിനടുത്തു വിശ്രമിക്കുമ്പോൾ അതിഥിയുടെ മനസ്സിലും അയാൾ ആ യന്ത്രം തിരിക്കുമ്പോൾ ആതിഥേയൻെറ മനസ്സിലും വാസ്തവത്തിൽ ധർമ്മം സ്പന്ദിക്കുകയല്ലേ? ആ ബോധം സ്വയം വളരുകയും വികസിക്കുകയുമല്ലേ?''

''തീർച്ചയായും! തീർച്ചയായും അതൊരു മഹത്തായ കാൽവെപ്പാണു്. മൂലദേവൻ പറഞ്ഞു. ''ആ മനോഭാവത്തിനു സാമൂഹ്യമായ വിലയുണ്ട്.''

അദ്ദേഹം തുടൻന്വേഷിച്ചു: ''ധർമ്മമാത്രന്മാരെ പുലത്തുവാൻ ഭരണകൂടത്തിന്നു് എന്തു ചെലവുവരും?''

''വളരെയൊന്നുമില്ല. ത്യാഗം അവരുടെ മുദ്രാവാക്യമാണു്. രാജ്യത്തിൻെറ നാനാഭാഗത്തും അവക്കായി വിഹാരങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. അവിടെ ഭക്ഷണവും വിശ്രമവും ആവശ്യത്തിനു പണവും അവക്കു ലഭിക്കും. ശമ്പളം തുച്ഛമാണു്. അതിലവക്കു വലിയ ശ്രദ്ധയുമില്ല. തങ്ങൾ ചെയ്യുന്ന പ്രവൃത്തിയിൽ അവർ തികച്ചും വിശ്വസിക്കുന്നു. ആത്മാത്ഥമായി പ്രവത്തിക്കുന്നു. രാജസദസ്സിലേക്കു് ഗ്രാമങ്ങളിലും നഗരങ്ങളിലുംനിന്നു വാത്തകൾ എത്തിക്കുന്നതവരാണു്. ജനങ്ങളുടെ തക്കങ്ങളിൽ ഇടപെടുകയും കച്ചവടത്തിലുംമററുമുള്ള അനീതികൾ പരിഹരിക്കാൻ ശ്രമിക്കയും ചെയ്യുന്നു. ന്യായാധിപന്മാരെ ധമ്മം നിറവേററുന്നതിൽ കണക്കററു സഹായിക്കുന്നുണ്ടവർ. ജനതയേയും ഭരണകൂടത്തേയും തമ്മിലിണക്കുന്ന ജീവനുററ കണ്ണിയാണു് ധമ്മമാത്രന്മാർ. ചെലവു് ഇവിടെ ഒരു പ്രശ്നമേയല്ല. അഥവാ, പണം ചെലവായാൽത്തന്നെ എന്താണു്? ജനങ്ങളെ യഥാത്ഥമായി ജീവിക്കുവാൻ പഠിപ്പിക്കുന്നതിന്നല്ലാതെ മറെറന്തിന്നുള്ളതാണു് ധനം? ധാമ്മികമായ പശ്ചാത്തലവും ആസൂത്രണവുമില്ലാത്ത ഭരണം എന്തു ഭരണമാണു്?''

''രാജാവിൻെറ വ്യക്തിത്വമാണെപ്പോഴും ഭരണത്തിൻെറ വ്യക്തിത്വം. ഉജ്ജയിനിക്കു് അതൊരു വലിയ നേട്ടം തന്നെയാണു്.'' മൂലദേവൻ പറഞ്ഞു.

''സംശയമില്ല. യുവാവാണെങ്കിലും അശോകവദ്ധനൻ നിറഞ്ഞ കഴിവും ആത്മപ്രഭാവവും കാണിക്കുന്നുണ്ടു്. ആദ്യത്തെ മൂന്നുകൊല്ലം മുഴുവൻ അദ്ദേഹം സദാ കുതിരപ്പുറത്തുതന്നെയായിരുന്നു. അദ്ദേഹം മിക്കവാറും ഏകനായിത്തന്നെ രാജ്യം മുഴുവനും സഞ്ചരിച്ചു. ചിലപ്പോൾ സ്വന്തം വേഷത്തിലും പലപ്പോഴും വേഷംമാറിയും. കഷ്കന്മാരുടേയും തൊഴിലാളികളുടേയും അതിഥിയായി പലദിവസം അദ്ദേഹം അവരുടെ ലളിതമായ വൈക്കോൽപ്പുരകളിൽ കഴിച്ചുകൂട്ടിയിട്ടുണ്ടു്. അവരോടൊപ്പം ഊണുകഴിച്ചിട്ടുണ്ടു്. അവരുടെ ജീവിതപ്രശ്നങ്ങളെക്കുറിച്ചു് നേരിട്ടറിഞ്ഞിട്ടുണ്ടു്. അങ്ങനെ ഉജ്ജയിനി എന്താണെന്നും എങ്ങനെയാണെന്നും മനസ്സിലാക്കുകയാണു് അദ്ദേഹം ആദ്യമാ

യിച്ചേയ്സ്റ്റതു്. അതുകൊണ്ടുതന്നെ തികച്ചും അനുഭാവപൂർണ്ണവും സമത്ഥവുമായ ഒരു സമീപനത്തിനു് അദ്ദേഹത്തിനു സാധിച്ചു.''

''രാജകുമാരൻ അഭിനന്ദനീയനാണു്.'' മൂലദേവൻ ഉത്സാഹഭരിതനായി. ''താങ്കൾ ചിത്രീകരിക്കുന്ന ഉജ്ജയിനിയിലെ ജീവിതാന്തരീക്ഷം മറെറാരിടത്തും കാണുമെന്നു തോന്നുന്നില്ല.''

''അതൊരു സ്വപ്നമല്ല.'' മഹാസേനൻ പറഞ്ഞു. ''ഉജ്ജയിനി അനുഭവിക്കുന്ന ഒരു യാഥാത്ഥ്യമാണു് ആ ലാളിത്യവും സംസ്കാരവും. ഇത്രയും ലളിതമായ ജീവിതം നയിക്കുന്ന മറെറാരു രാജാവും ഈ ഭൂമിയിലുണ്ടാകുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ പത്നി ഉജ്ജയിനിയിലെ മനോഹരമായ ഗ്രാമജീവിതത്തിൻെറ, പരിശുദ്ധിയുടെ പ്രതിബിംബമാണു്. യൗവനത്തിൻെറ ആദ്യഘട്ടത്തിലെത്തിയതേ ഉള്ളുവെങ്കിലും എന്തൊരു പാകതയും കഴിവും ഗാംഭീര്യമുറ്റ വിശുദ്ധിയുമാണെന്നോ രാജ്ഞിക്കു്! അവർ അദ്ദേഹത്തിൻെറ സ്വഭാവത്തിലും ചിന്താഗതിയിലും സാരമായി സ്വാധീനം ചെലുത്തിയിട്ടുണ്ടു്—മൂകമായ, സ്നേഹപൂർണ്ണമായ സ്വാധീനം!''

''രാജ്ഞിയുടെ വ്യക്തിത്വം ആദ്യമേ കണ്ടപ്പോൾ തന്നെ എനിക്കു ബഹുമാന്യമായിത്തോന്നി.'' മൂലദേവൻ പറഞ്ഞു. ''അവരുടെ ആ മുഖഭാവം—ഞാനതു പ്രത്യേകം ശ്രദ്ധിച്ചു.''

## എട്ട്

രാജരാജന്റെ മരണത്തിന്നുശേഷം ഏതാണ്ടൊരു മാസം ചെന്നിരിക്കും. ഒരു സായന്തനത്തിൽ വീതാശോകനും അശോകവദ്ധനനും ഭാവികാര്യങ്ങളെക്കുറിച്ചു സംസാരിച്ചുകൊണ്ടു ഗംഗാതീരത്തിലേക്കു നടന്നു.

''ഉജ്ജയിനിയിലേക്കു മടങ്ങുവാൻ എന്താണിത്ര ബദ്ധപ്പാടു്?'' പ്രകാശ് സ്നേഹപൂർവ്വം ചോദിച്ചു. ''അവിടെ

എന്താണിത്ര വലിയ ആകൎഷണമെന്നു് എനിക്കു മനസ്സി ലാവുന്നില്ല!''

''ധൎമ്മമാണു് പ്രകാശ്! മററൊന്നുമല്ല.''

പ്രകാശ് പൊട്ടിച്ചിരിച്ചു. ''നീ ഇപ്പോഴും ചെറുപ്പ മാണു പ്രിയദൎശീ! ചില കാര്യങ്ങളൊന്നും നിനക്കറിയി ല്ലായിരിക്കും! ധൎമ്മം എവിടെയിരുന്നും നിൎവ്വഹിക്കാമ ല്ലോ. ഈ ഭൂമിയിൽ കുടവട്ടം സ്ഥലത്തു് എവിടെയി രുന്നും ധൎമ്മമനുഷ്ഠിച്ചുകൂടേ?''

''രാജരാജന്നു് പ്രജകളോടുള്ള കൎത്തവ്യത്തെപ്പററി യാണു് ഞാൻ പറഞ്ഞതു്.'' പ്രിയദൎശി പറഞ്ഞു.

''ആറു കൊല്ലം ആ കൎത്തവ്യം സമൎത്ഥമായി നീ നിറ വേററി—ഒരു നീണ്ട കാലഘട്ടം. ഇനിയും അതു തുടരു വാൻ ഉജ്ജയിനിയിലേക്കുതന്നെ പോകണമെന്നുണ്ടോ? പാടലീപുത്രത്തിലിരുന്നാൽ ഒരു കൎത്തവ്യവും നിനക്കു നിറവേററാനാവില്ലേ?''

''ശരിയാണു ജ്യേഷ്ഠാ! ധൎമ്മം എവിടെയിരുന്നാലും അനുഷ്ഠിക്കാം. ഇവിടെയായാലും ഉജ്ജയിനിയിലായാലും കോസലത്തിലായാലും രാമപൂൎവ്വത്തിലായാലും ഏതു രാജ്യ ത്തിലിരുന്നാലും.''

ഇരുവരും അല്പനേരം മൂകരായി. ആഴമേറിയ ചിന്ത യുടെ കയത്തിൽ പ്രകാശിൻെറ മനം ആണ്ടു മുങ്ങുകയായി രുന്നു. അദ്ദേഹം പൊടുന്നനെ ചോദിച്ചു: ''രാമപൂൎവ്വം!.... ആരാണിപ്പോഠം രാമപൂൎവ്വത്തിലെ ഭരണം നടത്തുന്നതു്?''

''രുദ്രദേവൻ. ആ വൃദ്ധനെ ജ്യേഷ്ഠൻ ഓൎക്കുന്നില്ലേ?''

''ഓൎക്കാതെ! തീൎച്ചയായും ഓൎക്കുന്നുണ്ടു്.'' പ്രകാശ് പറഞ്ഞു: ''കുട്ടിക്കാലത്തു ഞാനദ്ദേഹത്തിൻെറ താടിയിൽ പിടിച്ചു വലിക്കാറുണ്ടായിരുന്നു. എന്നെ കുതിരസ്സവാരി പഠിപ്പിച്ചതദ്ദേഹമാണു്. മുത്തച്ഛൻെറ സൈന്യത്തിലദ്ദേ ഹം യോദ്ധാവായിരുന്നു.''

അദ്ദേഹം എന്നേയും പഠിപ്പിച്ചിട്ടുണ്ടു്. ഇപ്പോഠം വള രെ വയസ്സായിരിക്കുന്നു. എന്നാലും എന്തൊരു തൻേറടമാ ണെന്നോ!''

അല്പം കഴിഞ്ഞു് അശോകൻ ചോദിച്ചു: ''എന്തേ ചോദിക്കാൻ കാരണം?''

''എനിക്കു രാമപൂർവ്വത്തെപ്പററി വല്ലാത്തൊരു പ്രതിപത്തിയാണു്.'' പ്രകാശ് പറഞ്ഞു: ''അവിടത്തെ കുതിച്ചുപായുന്ന നദികളും കൂററൻ വൃക്ഷങ്ങളും അരണ്യജീവിതവും! ഇവിടെ കൊട്ടാരത്തിൽക്കാണുന്ന മരങ്ങളത്രയും ആ കാടുകളിൽനിന്നെത്തിയവയാണെന്നറിയാമല്ലൊ? അവ സന്ദേശവാഹകരാണു്. രാമപൂർവ്വത്തിലെ ആ മരങ്ങൾക്കു് നമ്മെ ഒരു സന്ദേശമറിയിക്കാനുണ്ടു്.'' പ്രകാശ് ഭാവനയുടെ ചിറകിലേറി ഹിമാലയപ്രാന്തങ്ങളിലേക്കു്, ആ കാടുകളിലേക്കു കുതികൊണ്ടു. അശോകൻ എന്തു പറയണമെന്നറിയാതെ വിഷമിച്ചു. അരണ്യത്തിൻെറ സന്ദേശവാഹകന്മാർ! —അദ്ദേഹത്തിന്നൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ആ തത്വശാസ്ത്രം അശോകൻെറ ഭാവനയ്ക്കുപ്പുറത്തായിരുന്നു.

ഒടുവിൽ, പ്രിയദശി ചോദിച്ചു:

''ജ്യേഷ്ഠൻ ഒരു ചെറിയ സന്ദശനത്തിന്നാഗ്രഹിക്കുന്നുണ്ടോ? രുദ്രദേവൻ അങ്ങയെ ആ കാടുകളിലേക്കു കൂട്ടിക്കൊണ്ടു പോവും.''

പ്രകാശ് അല്പനേരം കഴിഞ്ഞു് ഒരു നെടുവീർപ്പോടെ പറഞ്ഞു: ''പക്ഷേ, കാടുകൾക്കു മാത്രം എന്താണിത്ര പ്രത്യേകത? അവ തികച്ചും സുന്ദരംതന്നെ. എന്നാൽ ഈ പാവനയായ ഗംഗാദേവി അതുപോലെത്തന്നെ പ്രിയയാണെനിക്കു്. ഇവളെൻെറ നിത്യസഖിയാണു്. ഞങ്ങളന്യോന്യം തികച്ചും മനസ്സിലാക്കുന്നു.''

അശോകവദ്ധനൻ കൂടുതൽ കുഴപ്പത്തിലായി! പ്രകാശ് പുരാണത്തിൻെറ ലോകത്തിലേക്കു പോവുകയാണു്. ഇനിയും വല്ലതും പറഞ്ഞാൽ അദ്ദേഹത്തിൻെറ വാക്കുകൾ കൂടുതൽ ഭാവനാമയമേ ആവൂ. വിഷയം മാററുകയാണു് ഉചിതമെന്നു് അശോകനു മനസ്സിലായി. അദ്ദേഹം ചോദിച്ചു: ''താങ്കൾ അമ്മയെ എന്നും കാണാറില്ലേ?''

''ഇല്ല. കുറച്ചുദിവസമായി കണ്ടിട്ടു്. എന്നെ കാണണമെന്നു തോന്നിയാൽ അമ്മ ആളയയ്ക്കുകയാണു പതിവു്.''

''അങ്ങേയ്ക്കിവിടെ ഏകാന്തതയനുഭവപ്പെടാറില്ലേ?''

പ്രകാശിൻെറ കവിളുകഠം തുടുത്തു. ആ കണ്ണുകളിലൊരു തിളക്കം വ്യാപിച്ചു:

''ആ കൊട്ടാരത്തിലെ തിക്കംതിരക്കിനുമിടയിലാണ് ഏകാന്തത എനിക്കു തോന്നാറുള്ളതു്.'' അദ്ദേഹം പറഞ്ഞു; ''ഇവിടെ എൻെറ നിത്യസഖിയുണ്ടു്—ഇതാ എൻെറ ഗംഗ. പിന്നെ ഈ പൂമരങ്ങളും വല്ലികളും. ഇപ്പോഴിതാ നീയും വന്നിരിക്കുന്നു. എൻെറ പ്രിയദശീ! നീ വന്നതിൽ എനിക്കെന്തു സന്തോഷമാണു്!''

പ്രകാശ് കൈ നീട്ടി അശോകൻെറ തോളിൽ തടവി. ആ കണ്ണുകളിലെ തിളക്കം പതുക്കെ മങ്ങുന്നതായിത്തോന്നി. അവാച്യമായൊരു വികാരം ആ കവിളുകളെ കൂടുതൽ തുടുപ്പിച്ചു. പ്രകാശ് അനുജൻെറ കണ്ണുകളിലേക്കു നോക്കി തുടൎന്നു: ''പക്ഷേ, നീ നിൻെറ ധൎമ്മം നിറവേററുന്നതിൽ എപ്പോഴും വ്യാപൃതനാണു്. സംസാരിക്കുവാൻ നിനക്കു സമയമില്ല—അല്ലേ?''

അശോകന്നു് തൻെറ ധൈര്യം നഷ്ടപ്പെടുന്നതായി അനുഭവപ്പെട്ടു. എങ്കിലും മനസ്സിനെ നിയന്ത്രിച്ചുനിൎത്തി, അദ്ദേഹം പതുക്കെ പറഞ്ഞു: ''എനിക്കെപ്പോഴും ഇവിടെ വന്നിരുന്നു് അങ്ങയോടു സംസാരിക്കണമെന്നുണ്ടു്. പക്ഷേ, എനിക്കു് അങ്ങയുടെ ഭാവനയോ ബുദ്ധിയോ ഇല്ല. എനിക്കു കാടുകളേയോ നദികളേയോപററി സംസാരിക്കുവാനറിഞ്ഞുകൂടാ. അത്രയും ഉയൎന്ന മണ്ഡലത്തിൽച്ചെന്നെത്തുവാൻ എൻെറ ചിന്തയ്ക്കു കഴിവില്ല. എനിക്കു മനുഷ്യനെക്കുറിച്ചു മാത്രമേ സംസാരിക്കുവാനറിയൂ.''

അവർ വീണ്ടും മൂകരായി. അല്പനേരം കഴിഞ്ഞു് വീതാശോകൻ ഗംഗാനദിയിലേക്കുന്തിനിന്ന ഒരു പാറക്കെട്ടിൽ പോയി ഇരുന്നു. ഉദാത്തമായ ആ അന്തരീക്ഷത്തിൻെറ നിത്യമൂകമായ സംഗീതത്തിൽ അദ്ദേഹത്തിന്റെ ആത്മാവു് അലിഞ്ഞുചേരുകയായിരുന്നു.

പ്രിയദശി ഒരു നെടുവീപ്പോടെ കൊട്ടാരത്തിലേക്കു നടന്നു.

അവിടെ മൂലദേവൻ അദ്ദേഹത്തെ കാത്തു് ഇരിക്കുന്നു

ണ്ടായിരുന്നു. അമാത്യൻ രാജകുമാരനെ മന്ത്രശാലയിലേക്കു കൂട്ടിക്കൊണ്ടുപോയി.

മൂലദേവൻ പറഞ്ഞു: ''സിംഹാസനം ശൂന്യമായിരിക്കയാണല്ലോ. രണ്ടുമൂന്നു ദിവസമായി കല്പനകാത്തിരിക്കയാണു് ഞങ്ങൾ.''

''എന്തു കല്പന?'' അശോകൻ ചോദിച്ചു.

''പ്രഭോ! അഭിഷേകത്തിൻെറ കാര്യം പ്രകാശ്‌രാജകുമാരനും അങ്ങും മറന്നുപോയോ?''

''അഭിഷേകം!'' അശോകൻ അല്പനേരത്തെ ചിന്തയ്ക്കുശേഷം തുടന്നു. ''അങ്ങനെയൊന്നു വേണോ മാന്യമൂലദേവാ? ചക്രവത്തിയുടെ മൂത്ത മകനായ എൻെറ ജ്യേഷ്ഠൻ അദ്ദേഹത്തിൻെറ പിൻഗാമിയാണല്ലോ. അച്ഛൻെറ മരണത്തോടെ അദ്ദേഹം സ്വാഭാവികമായും സിംഹാസനത്തിലിരുന്നുകഴിഞ്ഞു. ഞങ്ങൾക്കതിൽ ഒരു സംശയവുമില്ല. ജനങ്ങൾക്കും സംശയമില്ല. ആ നിലയ്ക്കു് ഇനിയൊരു കിരീടധാരണം ആഘോഷിക്കേണ്ടതുണ്ടോ? എന്തിനു വെറുതേ അനാവശ്യമായ ആർഭാടവും ബഹളവും? ഈ മാസം മുഴുവനും നാം ദുഃഖിക്കുക; അടുത്തമാസം മുഴുവനും ഉത്സവമാഘോഷിക്കുക! അതു ശരിയല്ല.''

''പക്ഷേ, ഭരണാധികാരി അധികാരത്തിൽ വരുന്നതിൻെറ ഒരു ഭാഗമാണല്ലോ ഈ ആഘോഷം.'' മൂലദേവൻ പാരമ്പര്യമോമ്മിപ്പിച്ചു.

''അതെ, സമ്പ്രദായമതാണു്.'' അശോകൻ പറഞ്ഞു. ''ഏതായാലും അങ്ങു് പ്രകാശിനോടുകൂടി സംസാരിക്കുക. എന്നിട്ടു നമുക്കുതമ്മിൽ കാണാം.''

അശോകൻ എഴുന്നേററു. മൂലദേവൻ ജ്യേഷ്ഠനെക്കൊണ്ടു് അഭിഷേകകാര്യം സമ്മതിപ്പിച്ചാൽ അതു് ആ അമാത്യവര്യൻെറ നയതന്ത്രപടുതയ്ക്കു് ഒന്നാന്തരം ഉദാഹരണമാവുമെന്നു് അദ്ദേഹം വിചാരിച്ചു.

പിറേറന്നു രാവിലെ പതിവുപോലെ അശോകൻ മഹേന്ദ്രനുമൊത്തു് കുതിരസ്സവാരിക്കിറങ്ങി. അഭിഷേകകാര്യത്തെക്കുറിച്ചു് അമാത്യനുമായി സംസാരിച്ച വിവരം

അശോകൻ അനുജനോടു പറഞ്ഞു. തൻെറ അഭിപ്രായവും ആവൎത്തിച്ചു.

മഹേന്ദ്രൻ പറഞ്ഞു: ''മൂലദേവൻ ജ്യേഷ്ഠനോടു ചോദിക്കയില്ല. എനിക്കതറിയാം. ഇത്രയൊക്കെ പ്രായവും പാണ്ഡിത്യവും നയവും തന്ത്രവുമൊക്കെ ഉണ്ടെങ്കിലും പ്രകാശിനെ നേരിടുവാനദ്ദേഹത്തിന്നു ധൈര്യം പോരാ. ആട്ടെ, പ്രകാശ് അങ്ങയോടെന്തു പറഞ്ഞു?''

''ആ വിഷയത്തെക്കുറിച്ചു ഞാൻ സ്പൎശിച്ചതേയില്ല.''

''അല്പം വിഷമം പിടിച്ച കാൎയ്യമാണതു്. പ്രകാശിന്നു നിശ്ചിതമായ ചില കാഴ്ചപ്പാടുകളൊക്കെയുണ്ടു്. ഒരു പക്ഷേ, ഇക്കാൎയ്യത്തെക്കുറിച്ചു് അദ്ദേഹത്തോടു പറയാൻ അങ്ങേയ്ക്കു മാത്രമേ കഴിയൂ.''

''ഇനിയും ഇതിനെപ്പററി വളരെയൊന്നും ആലോചിക്കാനില്ല.'' അശോകൻ പറഞ്ഞു. ''അഭിഷേകത്തിൻെറ പ്രശ്നം ഉപേക്ഷിക്കയാണു നല്ലതു്. ജ്യേഷ്ഠൻ സിംഹാസനത്തിലിരുന്നു് രാജ്യകാൎയ്യങ്ങരം നിൎവ്വഹിക്കണം—അത്രയേ വേണ്ടു. അതദ്ദേഹം ചെയ്യില്ലേ?''

അല്പനേരത്തെ മൗനത്തിന്നുശേഷം മഹേന്ദ്രൻ പറഞ്ഞു: ''നമ്മുടെ അമ്മയോടാണു് പ്രകാശിന്നധികം അടുപ്പം. പ്രകാശിനെ സമ്മതിപ്പിക്കാൻ അങ്ങേയ്ക്കു വിഷമം തോന്നുന്നുണ്ടെങ്കിൽ അമ്മയോടു പറഞ്ഞുനോക്കാം.''

മഹേന്ദ്രൻ പ്രവചിച്ചതു ശരിയായിരുന്നു. മൂലദേവൻ പ്രകാശിനെ കണ്ടുവെങ്കിലും അഭിഷേകത്തെക്കുറിച്ചൊന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല. അശോകവൎദ്ധനൻ അമ്മയെ സമീപിച്ചു.

വേദസാഗരിയും ആ മുറിയിലുണ്ടായിരുന്നു.

രാജ്ഞി ചോദിച്ചു: ''പ്രിയദൎശീ! സവാരി കഴിഞ്ഞുവോ?''

''ഉവ്വമ്മേ. അതെന്നും പതിവുള്ളതാണു്. മഹേന്ദ്രനാണു് അതിൽ കൂടുതൽ കൃത്യക്കാരൻ.''

''അവൻ അവൻെറ കുതിരയെപ്പോലെ ചുറുചുറുക്കുള്ളവനാണു്.'' അമ്മറാണി ചിരിച്ചുകൊണ്ടു തുടൎന്നു: ''പക്ഷേ, ആ ജന്തുവിനേക്കാളും സാഹസക്കാരനും. ജീനിയും കടി

ഞ്ഞാണമൊന്നും അവന്നു വേണ്ട! പ്രകാശ്ശം കുതിരസ്സവാരിയിൽ മിടുക്കനാണ്. അവൻ നിങ്ങളോടൊപ്പം വരാറില്ല, അല്ലേ?''

''ഇല്ല. ജ്യേഷ്ഠൻ ചിലപ്പോഠംമാത്രം വൈകുന്നേരം സവാരിചെയ്യും.''

''പ്രകാശിനെ നീ ഇടയ്ക്കിടയ്ക്കു ചെന്നു കാണാറില്ലേ?''

''ഉവ്വ്. ഇന്നലേയും കണ്ടു.''

അനായാസമായി സന്ദർഭം കിട്ടിയിരിക്കുന്നു. പ്രകാശിൻെറ കാര്യം ഇപ്പോഠം പറയാൻ നല്ല സമയമാണ്. പറഞ്ഞാലോ? അശോകൻ ഓർത്തു. അല്ലെങ്കിൽ വേണ്ട. വേദസാഗരി കേഠംക്കെ അതിനെക്കുറിച്ചു ചർച്ചചെയ്യുന്നതു ശരിയാണോ? അമ്മയ്ക്കെന്തു തോന്നുമെന്നറിഞ്ഞുകൂടാ.

അശോകൻ വിഷയം മാററി. അദ്ദേഹം വേദസാഗരിയെ നോക്കി അമ്മയോടു പറഞ്ഞു:

''അമ്മേ, ഈ പെൺകുട്ടിക്കിവിടെ ഒരു പണിയുമില്ല. എന്താണിവഠംക്കു വല്ല പണിയും കൊടുത്താൽ? ഇവഠംക്കു ചായപ്പണികഠം അസ്സലായറിയാം. തുന്നുവാനും നൂൽക്കുവാനും വായിക്കാനുമെഴുതാനും അടുക്കളപ്പണിപോലും അറിയാം. കുതിരസ്സവാരിയിലും കേമിയാണ്!''

അമ്മറാണി പുഞ്ചിരിച്ചു. വേദസാഗരിയും.

''എന്തുതരം ചായപ്പണിയാണ് അറിയുക?'' അമ്മ അന്വേഷിച്ചു.

''മൺപാത്രങ്ങളിൽ ഒന്നാന്തരം ചായച്ചിത്രങ്ങഠം വരയ്ക്കും.'' അശോകൻ പറഞ്ഞു. ''കനമുള്ള മൺകൂജയോ പൂച്ചട്ടിയോ മറേറാ കൊണ്ടുവരാൻ പറയൂ. അതിൽ ഒന്നാന്തരം ചായച്ചിത്രങ്ങഠം വരയ്ക്കാൻ വേദയ്ക്കറിയാം. അതു് മുറിക്കു നല്ല അലങ്കാരമായിരിക്കും.''

അമ്മരാജ്ഞിക്കു കൗതുകം തോന്നി. അവർ വിജയയെ വിളിച്ചു മൺപാത്രങ്ങഠംക്കുവേണ്ടി ഏർപ്പാടുചെയ്യുവാൻ അപ്പോഠംത്തന്നെ പറഞ്ഞേല്പിച്ചു,

എഴുത്തും വായനയും നല്ലതുതന്നെ. പക്ഷേ, മഹാരാജ്ഞിക്കതിൽ വലിയ താൽപര്യമില്ലായിരുന്നു. നല്ല

പെൺകുട്ടികറം വെറുതെ എഴുതിയും വായിച്ചും വിരലും കണ്ണും കേട്ടവരുത്തുന്നതെന്തിന്?

ഞാൻ പറയാൻവന്ന കാര്യം എങ്ങനെ അവതരിപ്പിക്കുമെന്നായി അശോകൻെറ ചിന്ത. ഏതായാലും ഇപ്പോഴത്തു വേണ്ടെന്നുവെയ്ക്കുകയല്ലേ ഉത്തമം? ഒന്നുകൂടി ആലോചിച്ചപ്പോറം പ്രകാശിനെക്കണ്ടതിന്നുശേഷം വേണ്ടിവന്നാൽ വരാമെന്നു് അദ്ദേഹം തീച്ച്യാക്കി.

പ്രകാശ് ആ സമയത്തു് ഗംഗാതീരത്തുള്ള സ്ഫടികഹമ്മ്യത്തിലായിരുന്നു. അശോകൻ അവിടേക്കു ചെന്നു.

പ്രകാശ് കൈയിലിരുന്ന പുഷ്പത്തിൻെറ ഇതളുകറം തിരിച്ചും മറിച്ചും പരിശോധിച്ചുകൊണ്ടിരിക്കയാണു്. അശോകൻ അരികെ വന്നപ്പോറം അദ്ദേഹം ചോദിച്ചു:

''പൂക്കളുടെ നിറത്തെപ്പററി നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?''

പ്രകാശ് ഉത്തരത്തിന്നു കാത്തുനില്ക്കാതെ തുടന്നു:

''ആ ചെറിയ വിത്തിൽ ഈ മനോഹരമായ നിറവും ഉണ്ടായിരുന്നു—തണ്ടും ഇലയും പൂക്കളുമായി വളരുവാൻ കാത്തുകിടന്ന ആ ചെറിയ വിത്തിൽ. പ്രകൃതി എന്തൊരത്ഭുതമാണല്ലേ?''

''പ്രകൃതി നല്ലൊരു കലാകാരിയാണു്.''—അശോകൻ പറഞ്ഞു. താൻ പറയാൻ വന്ന കാര്യവും ജ്യേഷ്ഠൻെറ ചിന്താഗതിയും തമ്മിലുള്ള അകലത്തെക്കുറിച്ചായിരുന്നു അശോകൻെറ വിചാരം മുഴുവനും. എങ്കിലും, അദ്ദേഹത്തിൻെറ സംസാരത്തിൽ പങ്കുചേരാതിരിക്കുന്നതെങ്ങനെ?

''എന്തൊരു മഹത്തായ സൃഷ്ടിശക്തിയാണു്!'' പ്രകാശ് പറഞ്ഞു. ''അനന്തമായ ചൈതന്യമാണതു്. അതൊരിക്കലും നശിക്കുന്നില്ല. ചെടിയും മരവും മനുഷ്യനും അവനുണ്ടാക്കുന്ന കൃത്രിമമായ കൊട്ടാരവും ബന്ധങ്ങറംപോലും നശിച്ചു മണ്ണടിയും. എന്നാൽ ആ വിത്തു മുളയ്ക്കുന്നതിനും വളരുന്നതിനും പിന്നിലുള്ള ശക്തി അനശ്വരമാണു്.''

പ്രകാശ് ഇങ്ങനെയങ്ങു തുടന്നാൽ വളരെദ്ദൂരം ചെന്നേ നില്ക്കുകയുള്ളൂ എന്നശോകനറിയാം. ഏതായാലും അദ്ദേഹത്തെ ഇടയിൽ കയറി തടുക്കുന്നതു ശരിയല്ലല്ലോ. അതി

നാൽ അശോകൻ മൗനമവലംബിച്ചു. പ്രകാശിൻെറ ഭാവന ഊഴിയുമാഴിയും വാനവും കടന്നു ചക്രവാളത്തിൻെറ അപ്പുറത്തുകൂടി പറന്നു നീങ്ങി. ഒടുവിൽ അദ്ദേഹം സമാപിച്ചു: ''പക്ഷേ, ഒന്നാണു കഷ്ടം! കാണപ്പെടുന്ന ഈ വസ്തുക്കളെല്ലാം നശിച്ചുപോകും. നശിച്ചുപോകാത്തതിനെ കാണാനും സാദ്ധ്യമല്ല!''

അശോകൻ അപ്പോഴും ഒന്നും പറഞ്ഞില്ല.

പ്രകാശ് അല്പംകഴിഞ്ഞു് അന്വേഷിച്ചു:

''പ്രിയദർശീ! നിൻെറ മനസ്സിലെന്തോ ഉള്ളതുപോലെ തോന്നുന്നല്ലോ?''

''ഉണ്ടു് ജ്യേഷ്ഠാ!'' അശോകൻ നിശ്വസിച്ചു. ''മഹാ അമാത്യൻ ജ്യേഷ്ഠനെക്കാണാൻ ഇന്നലെ വന്നുവെങ്കിലും ഒന്നും പറയാൻ പററിയില്ല.''

''പറയൂ. എന്നാൽ ആദ്യമേ പറയാമായിരുന്നല്ലോ. എന്താണു കാര്യം?''

''ഭാവിയെക്കുറിച്ചാണു്. അങ്ങു് രാജ്യകാര്യങ്ങളിൽ ശ്രദ്ധിക്കാത്തതെന്താണു്? അച്ഛൻ അന്തരിച്ചതോടെ സിംഹാസനത്തിലിരിക്കയാണല്ലോ അങ്ങു്. പാരമ്പര്യവും നിയമവും അവകാശവുമനുസരിച്ചു മൂത്ത മകനാണു് ആ സ്ഥാനത്തിനഹൻ. അതാണു യുക്തവും ന്യായവും.''

പ്രകാശ് പൊടുന്നനെ ചോദിച്ചു:

''ചുരുക്കത്തിൽ ഞാൻ എന്നെത്തന്നെ രാജരാജനായങ്ങു വാഴിച്ചുകഴിഞ്ഞെന്നാണോ?''

പ്രകാശിൻെറ ആ ചോദ്യത്തിന്നടിയിൽ അദ്ദേഹത്തിൻെറ മനസ്സിൽക്കിടന്നിരുന്ന ആശയമെന്തെന്നു് അശോകന്നു നന്നായറിയാമായിരുന്നു. അദ്ദേഹം പറഞ്ഞു:

''അല്ലല്ല. അച്ഛൻെറ മരണത്തോടെ അദ്ദേഹംതന്നെ ആ സ്ഥാനം അങ്ങേക്കു തന്നിരിക്കയാണു്. അങ്ങാണല്ലോ മൂത്ത പുത്രൻ. അങ്ങിനി മുറയ്ക്കു ഭരണകാര്യങ്ങൾ നിവ്വഹിക്കണം. ഇതു ഞങ്ങളുടെ അഭ്യത്ഥനയാണു്. ആഗ്രഹമാണു്. അമാത്യന്മാരുടേയും ഈ മഹാസാമ്രാജ്യത്തിലെ പ്രജകളുടേയും ആശയാണു്.''

പ്രകാശ് ചിന്താധീനനായി. അല്പംകഴിഞ്ഞു് അദ്ദേ

ഹം സഹോദരൻെറ കൈ കടന്നുപിടിച്ചു തൻ്റെ നെഞ്ചിൽ ചേർത്തു് അദ്ദേഹത്തിൻെറ കണ്ണുകളിൽ ഉററുനോക്കിക്കൊണ്ടു വികാരഭരിതനായി പറഞ്ഞു:

''പ്രിയദശീ! എൻെറ പ്രിയപ്പെട്ട സഹോദരാ! നാം തമ്മിലെന്താണു ഭേദം? അച്ഛൻ ബാക്കിയിട്ട പ്രവൃത്തി നീ മുഴുവനാക്കു. എനിക്കുവേണ്ടിയെങ്കിലും അതു ചെയ്യൂ. എൻെറ ആഗ്രഹമതാണു്. ഞാനിതുവരെ എന്നെത്തന്നെ പഠിച്ചുകഴിഞ്ഞിട്ടില്ല.''

അശോകൻ നിശ്ശബ്ദനായി. പ്രകാശ് തുടന്നു: ''കുറച്ചുകാലത്തേക്കെങ്കിലും എനിക്കുവേണ്ടി നീ അതു ചെയ്യില്ലേ? എൻെറ ആശ നിറവേററൂ. രാജ്യം അനാഥമാകരുതു്. ഞാൻ പറഞ്ഞതു കേൾക്കു.''

പ്രകാശിൻെറ ശക്തിയേറിയ കണ്ണുകളിലേക്കു് ഏറെ നേരം അങ്ങനെ നോക്കിയിരിക്കുവാൻ അശോകനു സാധിച്ചില്ല. അദ്ദേഹം ജാലകങ്ങൾക്കിടയിലൂടെ പുറത്തേക്കു നോക്കി. അതാ ഗംഗാനദി ശാന്തഗംഭീരയായി ഒഴുകുന്നു. ദേവവ്രതൻെറ ദിവ്യമാതാവു്—അശോകൻ ഓത്തു.

നിമിഷങ്ങൾ കടന്നുപോയി. താനെന്താണു പറയേണ്ടതെന്നു് ഒരു പിടിയും അശോകനു കിട്ടിയില്ല. ജീവിതത്തിലാദ്യമായി അത്യന്തം നിണ്ണായകമായ ഒരു ഘട്ടം ഇതാ വന്നുചേന്നിരിക്കയാണു്. പ്രകാശിൻെറ കണ്ണുകളെപ്പോലെ ദൃഢവും ഗംഭീരവും സ്നേഹപൂണ്ണവുമായിരുന്നു ആ ശബ്ദവും. ജ്യേഷ്ഠൻ അന്തരംഗത്തിൻെറ അടിത്തട്ടു തുറന്നു കാണിക്കയാണു ചെയ്തതു്.

''ശരി. എൻെറ പ്രിയപ്പെട്ട ജ്യേഷ്ഠാ! അങ്ങേക്കു ഞാൻ വഴങ്ങുന്നു. രാജ്യം അനാഥമാകരുതല്ലോ.''

അശോകൻ വികാരഭരിതനായി. പ്രകാശ് ആവേഗത്തോടെ അനുജനെ ആശ്ലേഷിച്ചു.

ഇരുവരും ഒരക്ഷരവും ഉരിയാടിയില്ല. പ്രകാശ് കൃതാത്ഥതാഭാവത്തോടെ അല്പനേരം അങ്ങനെത്തന്നെ നിന്നു് മുറ്റത്തേക്കിറങ്ങി. അശോകനും അദ്ദേഹത്തെ പിന്തുടന്നു. നിശ്ശബ്ദരായി അവർ കൊട്ടാരത്തിലേക്കു നടന്നു.

ഉച്ചയോടടുത്തു വേദസാഗരി മുറിയിലേക്കു കടന്നു

വന്നപ്പോറം അശോകൻ ചിന്താമഗ്നനായി പല്യങ്കത്തിൽ കിടക്കുന്നതാണു കണ്ടതു്. ആ സമയത്തു് അദ്ദേഹമങ്ങനെ കിടക്കുക പതിവില്ലാത്തതാണു്. വേദസാഗരി അടുക്കെ മെത്തയിൽ ചെന്നിരുന്നു, പതുക്കെ ചോദിച്ചു: ''എന്തു പററി അങ്ങേയ്ക്കു്?''

അശോകൻ ഒന്നും പറഞ്ഞില്ല. ആ മുഖഭാവത്തിന്നൊരു മാററവും ഉണ്ടായില്ല. അവറം വീണ്ടും അന്വേഷിച്ചു:

''എന്താണു കാര്യം? എന്താണൊരു ചിന്ത?''

അശോകൻ പതുക്കെ മുഖം തിരിച്ചു. അതേമട്ടിൽത്തന്നെ വേദയുടെ മുഖത്തേക്കു് അല്പനേരം നോക്കി. ആ മുഖഭാവം പതുക്കെ മാറുന്നതായി അവറം കണ്ടു. ഒടുവിൽ അശോകൻ പറഞ്ഞു: ''ഒന്നുമില്ല വേദേ. ഞാൻ ജ്യേഷ്ഠനുമായി രാജ്യകാര്യത്തെക്കുറിച്ചല്പം സംസാരിച്ചു. അദ്ദേഹം... ആ....അത്രതന്നെ.''

അശോകനെ ഇത്രമാത്രം ചിന്താകുലനാക്കുന്ന രാജ്യകാര്യമേതെന്നു വേദസാഗരിക്കു മനസ്സിലായില്ല. എങ്കിലും, അവറം അതിനെക്കുറിച്ചു് ഒന്നും ചോദിച്ചില്ല. തന്നെ അറിയിക്കേണ്ടതാണെങ്കിൽ അദ്ദേഹമതു പറയുമല്ലോ. ഏതായാലും അശോകൻ പതുക്കെ തൻെറ സാധാരണഭാവം വീണ്ടെടുത്തതിൽ അവറം സന്തോഷിച്ചു.

''അങ്ങേക്കു ഭക്ഷണം ഇങ്ങോട്ടു കൊണ്ടുവരാൻ ഏർപ്പാടു ചെയ്യണോ?'' വേദ ചോദിച്ചു.

''വേണ്ട. അമ്മ കാത്തിരിക്കും. ഞാൻ അമ്മയോടൊപ്പമുണ്ണണമെന്നു് അവർക്കു വലിയ നിർബ്ബന്ധമാണു്.''

''അതെ. അതു ശരിയാണു്. അമ്മ വിജയയെ അയയ്ക്കാൻ തുടങ്ങിയപ്പോറം ഞാൻതന്നെ അങ്ങയെത്തേടി വന്നതാണു്. മഹേന്ദ്രനും അവിടെ കാത്തിരിക്കുന്നുണ്ടു്.''

അശോകൻ എഴുന്നേററു.

രാവിലെ അശോകവർദ്ധനൻ ജ്യേഷ്ഠനെ സന്ദർശിച്ച കാര്യം മഹേന്ദ്രൻ അറിഞ്ഞിരുന്നു. അതിനെക്കുറിച്ചു ചോദിച്ചറിയുവാൻ അദ്ദേഹത്തിന്നതിയായ ഉൽക്കണ്ഠയും ഉണ്ടായിരുന്നു. ഭക്ഷണവേളയിൽ അമ്മയും വേദസാഗരിയും

അടുത്തുണ്ടായിരുന്നതിനാൽ ഒന്നും അന്വേഷിക്കുവാൻ കഴി ഞ്ഞില്ല.

മററു പല കാര്യങ്ങളെക്കുറിച്ചും അമ്മയോടും മഹേന്ദ്ര നോടും സംസാരിച്ചുവെങ്കിലും, അശോകൻെറ മനസ്സിൽ ഭാവിയെക്കുറിച്ചുള്ള കുഴഞ്ഞുമറിഞ്ഞ ചിന്തകളാണുണ്ടായി രുന്നതു്. ഒരു കനത്ത ഉത്തരവാദിത്വം തൻെറ തലയിൽ വീണുകഴിഞ്ഞിരിക്കയാണു്. ഇനി ഏതായാലും ഇടറി യിട്ടു കാര്യമില്ല. തികഞ്ഞ ആത്മാർത്ഥതയോടും ധൈര്യ ത്തോടുംകൂടി എല്ലാ പ്രശ്നങ്ങളേയും അഭിമുഖീകരിക്കയാണു കർത്തവ്യം; അന്തരിച്ച പിതാവിനോടും ജ്യേഷ്ഠനോടും പ്രജ കളോടുമുള്ള മഹത്തായ കർത്തവ്യം; മൗര്യവംശത്തോടുള്ള കർത്തവ്യം. അതെ, അതു നിറവേററുകതന്നെ വേണം.

ഭക്ഷണം കഴിഞ്ഞു പുറത്തിറങ്ങിയപ്പോഠം മഹേന്ദ്രൻ ഒപ്പമുണ്ടായിരുന്നു. അശോകൻ ഏററവും ചുരുങ്ങിയ വാക്കു കളിലൂടെ രാവിലെ നടന്ന സുപ്രധാനമായ സന്ദർശനത്തെ ക്കുറിച്ചു് അനുജനോടു പറഞ്ഞു. പിറേറന്നു രാവിലെത്ത ന്നെ ഒരു രാജകീയസമ്മേളനത്തിന്നു് ഏപ്പ്പാടുചെയ്യുവാൻ മൂലദേവനെ ഉടൻ അറിയിക്കണമെന്നും മഹേന്ദ്രനെ ഏല്പിച്ചു,

*    *    *

കൊട്ടാരത്തിലും പുറത്തും വളരെയേറെ പരിഷ്കാര ങ്ങഠം വരുത്തുവാനുണ്ടു്. അതെങ്ങനെ വേണമെന്നായി അശോകൻെറ ചിന്ത. ധൂർത്തും അഹന്തയും ദുരഭിമാനവും നിറഞ്ഞ അന്തരീക്ഷത്തിലാണു് മററു പല കൊട്ടാരങ്ങളേ യും സമൃദ്ധിയുററ തലസ്ഥാനങ്ങളേയുംപോലെ തൻെറ കൊട്ടാരവും പാടലീപുത്രവും ശ്വസിക്കുന്നതു്. ആ ദൂഷിച്ച ചുററുപാടുകഠംക്കൊരു മാററം വരുത്തിയേ കഴിയൂ. ലളിത വും വിശുദ്ധവുമായ ജീവിതരീതി ആവിഷ്കരിക്കുകതന്നെ വേണം. പക്ഷേ, അതു് ഉജ്ജയിനിയിൽ സാധിച്ചതുപോ ലെ എളുപ്പമൊന്നും പാടലീപുത്രത്തിൽ സാദ്ധ്യമാവില്ല. പാരമ്പര്യം അരക്കിട്ടുറപ്പിച്ച മനോഭാവങ്ങഠം ഒരൊററ ദിവസംകൊണ്ടു് അടിയോടെ ഇളകുകയില്ല. പതുക്കെപ്പതു ക്കെ ലക്ഷ്യം നേടുകയാണു വേണ്ടതു്.

അതിൻെറ ഒന്നാമത്തെ പടിയായി വേദസാഗരിയെ അന്തഃപുരത്തിൻെറ മേൽനോട്ടക്കാരിയായി നിയമിക്കുവാൻ അശോകൻ തീച്ച്യയാക്കി. ഇപ്പോഠം ആ സ്ഥാനം വഹിക്കുന്നതൊരു വൃദ്ധയാണു്. വാദ്ധക്യത്തിന്റെപേരിൽ അവരെ ആ സ്ഥാനത്തുനിന്നൊഴിവാക്കാം.

രാജ്ഞി അന്തഃപുരത്തിൻെറ മേൽനോട്ടക്കാരിയാവുകയോ! തികച്ചും പുതുമയുററ ഒരസാധാരണസംഭവം. അന്തഃപുരത്തിൽ മാത്രമല്ല, കൊട്ടാരത്തിൽ മുഴവനുംതന്നെ അതിന്നുണ്ടാകാവുന്ന പ്രതികരണമെന്തായിരിക്കും? അമ്മമാർ എന്തു വിചാരിക്കും? പ്രകാശ്...ഇല്ല, പ്രകാശ് ബുദ്ധിമാനാണു്. അദ്ദേഹത്തിന്നു തൻെറ അന്തരംഗം തുറന്നുകാട്ടിയാൽ മനസ്സിലാക്കാനും ആസ്വദിക്കാനും കഴിയും. മഹേന്ദ്രൻ പ്രായോഗികമായ പുതുമകളേയും ലാളിത്യത്തേയും ഇഷ്ടപ്പെടുന്നവനാണു്.

തൽക്കാലത്തെ പ്രതികരണമെന്തായാലും മന്ദസ്മിതത്തോടെ അതിനെയെല്ലാം നേരിടുകതന്നെ വേണം. അല്പം കഴിയുമ്പോഠം എല്ലാം നേരെ വന്നുകൊള്ളും.

പ്രകാശിനോടും മഹേന്ദ്രനോടും മൂലദേവനോടും തന്റെ പരിപാടിയെക്കുറിച്ചാലോചിച്ചതിന്നുമേലാവാം അമ്മമാരേയും വേദസാഗരിയേയും അറിയിക്കുവാനെന്നു് അശോകൻ തീച്ച്യയാക്കി.

പിന്നീടദ്ദേഹം ജ്യേഷ്ഠനെച്ചെന്നു കണ്ടു. അദ്ദേഹം വളരെ ഉല്ലാസവാനായി പുതിയ ചിത്രഫലകങ്ങഠം പരിശോധിച്ചുകൊണ്ടു തൻെറ മുറിയിലിരിക്കുകയായിരുന്നു. പിറേറന്നു രാവിലെ നടത്താനുദ്ദേശിച്ചിരിക്കുന്ന സമ്മേളനത്തെക്കുറിച്ചു് അവർ തമ്മിൽ ചച്ച്ചെയ്തു.

''ഞാൻ വരണമെന്നു നിബ്ബന്ധമാണെങ്കിൽ വരാം. പക്ഷേ, അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.'' പ്രകാശ് പറഞ്ഞു.

''തീർച്ചയായും ആവശ്യമുണ്ടു്.'' അശോകൻ വിശദമാക്കി. ''അങ്ങു കുറച്ചുകാലത്തേക്കു് ഈ ഭാരം എന്നെ ഏല്പിച്ചിരിക്കയാണു്—അങ്ങേക്കു പകരം, അങ്ങേക്കു

വേണ്ടി ചുമതലകഠം നിറവേററുവാൻ. അതുകൊണ്ടു തീച്ച്യയും അങ്ങയുടെ സാന്നിദ്ധ്യം കൂടിയേകഴിയൂ.''

പ്രകാശ് ഒരു പുഞ്ചിരിയോടെ അല്പനേരം അശോകൻെറ മുഖത്തു നോക്കി, പതുക്കെ പറഞ്ഞു:

''ശരി.''

## ഒമ്പതു്

പ്രിയദശ്ി മഹേന്ദ്രനോടൊപ്പം സഭാമന്ദിരത്തിലേക്കു കടന്നു. അവിടെ മന്ത്രിമാരും സവ്വസൈന്യാധിപനും മറ്റു യന്ന ഉദ്യോഗസ്ഥന്മാരും മഹാസേനനും സന്നിഹിതരായിരുന്നു. അവർ ജയശബ്ദങ്ങളോടെ അശോകനെ സ്വീകരിച്ചു.

പ്രകാശ് എത്തിക്കഴിഞ്ഞില്ല. എങ്കിലും ഔപചാരികമായി സമ്മേളനനടപടികഠം ആരംഭിക്കുവാൻ അശോകൻ തീരുമാനിച്ചു. തലേന്നു ജ്യേഷ്ഠനുമായി താൻ നടത്തിയ സംഭാഷണത്തെക്കുറിച്ചും ജ്യേഷ്ഠൻെറ തീരുമാനത്തെക്കുറിച്ചും പ്രിയദശ്ി വിശദമായി അവരെ അറിയിച്ചു.

അപ്പോഴേക്കു വീതാശോകൻ വന്നുചേന്നു. അദ്ദേഹം ആസനസ്ഥനായതിന്നുശേഷം ഒരു മന്ദസ്മിതത്തോടെ ചുററുപാടും നോക്കി.

''പ്രിയദശ്ിയുടെ ആഗ്രഹമനുസരിച്ചാണു ഞാൻ ഈ സമ്മേളനത്തിന്നു വന്നതു്.'' പ്രകാശ് പറഞ്ഞു: ''ചച്ച്കളിലൊന്നും പങ്കെടുക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല.''

ചക്രവത്തിയുടെ മൂത്തപുത്രനും യഥാത്ഥ അനന്തരാവകാശിയുമായ വീതാശോകരാജകുമാരൻ തല്ക്കാലം വിശ്രമമാശിക്കയാണെന്നും, അദ്ദേഹത്തിന്നുവേണ്ടി രാജ്യഭരണം നിവ്വഹിക്കുവാൻ അദ്ദേഹം തന്നെ നിയമിച്ചിരിക്കയാണെന്നും അശോകവദ്ധനൻ സഭ്യരെ അറിയിച്ചു.

സമ്മേളനശാല നിശ്ശബ്ദമായി. എന്തു പറയണമെന്നു് ആക്കുമറിഞ്ഞുകൂടായിരുന്നു. നിമിഷങ്ങഠം അസ്വസ്ഥമായി കടന്നുപോയി. ഒടുവിൽ വീതാശോകൻതന്നെ ആ മൂകത ഭഞ്ജിച്ചു:

''മാന്യ മൂലദേവാ! എന്താണു താങ്കരം നിശ്ശബ്ദനായി ഇരിക്കുന്നതു്?''

മൂലദേവൻ പറഞ്ഞു: ''പ്രഭോ! ഇക്കാര്യത്തിൽ ഞങ്ങളെന്തു പറയാനാണു്? അവിടുന്നുതന്നെ തീർച്ചയാക്കേണ്ടുന്ന കാര്യമാണല്ലോ ഇതു്. അവിടുന്നു കല്പിക്കുന്നതെന്തും ഈയുള്ളവക്കു സ്വീകാര്യംതന്നെ.''

വീതാശോകൻ സംതൃപ്തിയോടെ പ്രിയദശിയേയും സദസ്സിനേയും ഒന്നുകൂടി നോക്കി പുഞ്ചിരിതൂകി. അനന്തരം നിശ്ശബ്ദനായെഴുന്നേററു പുറത്തു കടന്നു.

എല്ലാവരും ഇരുന്നതിനുശേഷം മൂലദേവൻ സഹമന്ത്രിമാരേയും ഉദ്യോഗസ്ഥന്മാരേയും സംബോധനചെയ്തു് ഇങ്ങനെ പറഞ്ഞു:

''അന്തിമമായ തീരുമാനമതാണു്. അതുകൊണ്ടു്, ബിന്ദുസാരചക്രവത്തിയുടെ സ്വഗ്ഗാരോഹണംമുതൽ അശോകവദ്ധനരാജകുമാരൻ സിംഹാസനസ്ഥനായെന്നു നാം തീരുമാനിക്കണം.''

''ജയ ജയ പ്രിയദശി അശോകമഹാരാജ്!'' എന്നു മൂന്നുവട്ടം സദസ്യർ ഉൽഘോഷിച്ചു.

അടിയന്തിരമായി ചെയ്തുതീക്കേണ്ടുന്ന രാജ്യകാര്യങ്ങളിലേക്കു പ്രവേശിച്ചുകൊള്ളുവാൻ അശോകൻ കല്പന നൽകി. മൂലദേവൻ എഴുന്നേററു് അറിയിച്ചു: ''പ്രഭോ! ഉജ്ജയിനിയിലെ രാജാസനം ശൂന്യമായിരിക്കയാണു്. അതാണു് ഏററവും പ്രധാനമായ ഇപ്പോഴത്തെ കാര്യം. അവിടുന്നു് ഒട്ടും താമസിയാതെ ഒരു സാമന്തനെ അവിടെ അവരോധിക്കണം.''

അശോകൻ ചോദിച്ചു: ''മാന്യമൂലദേവാ! താങ്കളുടെ മനസ്സിൽ ആരെങ്കിലുമുണ്ടോ?''

''ഇല്ല.'' ഉത്തരം പൊടുന്നനെ പുറപ്പെട്ടു.

ചക്രവത്തി മഹേന്ദ്രന്റെ നേരെ തിരിഞ്ഞു:

''മഹേന്ദ്രാ, എന്താണഭിപ്രായം?''

താനാരേയും കാണുന്നില്ലെന്നു മഹേന്ദ്രനറിയിച്ചു. പിന്നീടു സേനാപതിയോടും മഹാസേനനോടും അതേ

ച്ചോദ്യംതന്നെ അശോകൻ ചോദിച്ചു. അവക്കും പ്രത്യേക മാതൃയും പെട്ടെന്നു പറയുവാൻ കഴിഞ്ഞില്ല.

അശോകൻ ചിന്താമഗ്നനായി. അല്പനേരം കഴിഞ്ഞു് അദ്ദേഹം പറഞ്ഞു: ''ശരി. ഉജ്ജയിനിയിലെ അമാത്യനായ ദേവദാസനെക്കുറിച്ചെന്തു പറയുന്നു? അദ്ദേഹം പ്രാപ്തനാണു്, പരിചയസമ്പന്നനാണു്.''

ആരുമൊന്നും ഉരിയാടിയില്ല. ചക്രവത്തി തുടന്നു: ''തല്ക്കാലം നാമദ്ദേഹത്തെ വാഴിക്കുന്നു. ദൂതന്മാരെ അയച്ചുകൊള്ളൂ. മഹാസേനാ, താങ്കളും അവരോടൊപ്പം പോവുക. നമ്മുടെ പ്രത്യേക സന്ദേശം ദേവദാസനെ അറിയിച്ചു കഴിയുന്നതും വേഗം മടങ്ങുക.''

''അവിടുത്തെ കല്പനപോലെ.'' മഹാസേനൻ പറഞ്ഞു.

മൂലദേവൻ എഴുന്നേററു് അറിയിച്ചു: ''ഇനി നമുക്കു സേനാപതിമാരുടെ സമ്മേളനം വിളിച്ചുകൂട്ടേണ്ടതുണ്ടു്.''

''ശരി, അവക്കും ദൂതന്മാരെ അയയ്ക്കുക. മഹാസേനാപതേ, വേണ്ടതുപോലെ എല്ലാം ചെയ്തുകൊള്ളുക.''

സാമന്തരാജാക്കന്മാരുടെ സമ്മേളനവും ഉടനെ വിളിച്ചുകൂട്ടേണ്ടതുണ്ടെന്നു മൂലദേവൻ ഓമ്മിപ്പിച്ചു. അവക്കും സന്ദേശഹാരികളെ അയച്ചുകൊള്ളുവാൻ കല്പനയായി.

നാലുനാറം കഴിഞ്ഞതിനുശേഷം മൂലദേവനേയും മഹേന്ദ്രനേയും മഹാസേനനേയും ഒരു പ്രത്യേക സ്വകാര്യസമ്മേളനത്തിനു് അശോകൻ വിളിച്ചു. അന്തഃപുരത്തിൽ താൻ വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്കാരത്തെക്കുറിച്ചു ചക്രവത്തി അവരെ വിശദമായി അറിയിച്ചു. പാരമ്പര്യത്തിനു് അനുയോജ്യമല്ലാത്തതാണല്ലോ ആ പരിഷ്കാരമെന്നു മൂലദേവനഭിപ്രായമുണ്ടു്. എങ്കിലും ചക്രവത്തിയുടെ കഴിവും ഉജ്ജയിനിയിലെ ഭരണരീതിയുടെ മേന്മയും ലക്ഷ്യത്തിന്റെ മഹത്വവും ബുദ്ധിമാനായ ആ അമാത്യന്റെ ഹൃദയത്തെ ആവജ്ജിച്ചുകഴിഞ്ഞിരുന്നു. അതിനാൽ മഹേന്ദ്രനോടും മഹാസേനനോടുമൊപ്പം മൂലദേവനും ചക്രവത്തിയോടനുകൂലിച്ചു.

അനന്തരം അശോകവദ്ധനൻ ജ്യേഷ്ഠനെ സന്ദശിച്ചു്

പുതിയ പദ്ധതിയെക്കുറിച്ച് അദ്ദേഹത്തിൻെറ അഭിപ്രായവും ഉപദേശവും ആരാഞ്ഞു. ഒരു പുഞ്ചിരിയോടുകൂടെ പ്രകാശ് പറഞ്ഞു:

''ഇഷ്ടംപോലെ ചെയ്യുക. പാരമ്പര്യത്തേക്കാരം പ്രായോഗികതയ്ക്കും ലാളിത്യത്തിനും വില കല്പിക്കുന്നവനാണു ഞാനെന്നറിഞ്ഞുകൂടേ?''

പ്രതീക്ഷിച്ച ഉത്തരംതന്നെയായിരുന്നു അതു്.

ഇനി അമ്മമാരോടു് അഭിപ്രായമന്വേഷിക്കുമ്പോഴാണു വിഷമം നേരിടുക—അശോകൻ ആലോചിച്ചു. ലളിതമായ ജീവിതമെന്ന ആശയത്തെക്കുറിച്ചവക്കു് ഒന്നുമേ ചിന്തിക്കാനാവില്ല.

എങ്കിലും, വളരെയൊന്നും എതിരു പറയാതെ അമ്മമാരെ സമ്മതിപ്പിക്കുവാൻ അശോകന്നു് ഏറെ ബുദ്ധിമുട്ടേണ്ടിവന്നില്ല.

* * *

മഹാസേനൻ വൈകുന്നേരം ചക്രവത്തിയെ മുഖംകാണിച്ചു. പിറേറന്നു രാവിലെ താൻ ഉജ്ജയിനിയിലേക്കു പുറപ്പെടുകയാണെന്നറിയിച്ചു.

''പ്രഭോ! ഞാൻ ഉജ്ജയിനിയിൽനിന്നു മടങ്ങുന്നതെന്തിനാണ്?'' അദ്ദേഹം ചോദിച്ചു.

''വിചിത്രമായ ചോദ്യം!'' അശോകൻ പറഞ്ഞു. ''ആകട്ടെ, ഞാനൊന്നു ചോദിക്കട്ടെ. താങ്കളെ ഉജ്ജയിനിയിൽ പിടിച്ചുനിത്തുന്ന ശക്തി ഏതാണു്?''

''ഉജ്ജയിനിയിൽ എൻെറ കത്തവ്യങ്ങളവശേഷിക്കുന്നു. അതാണെന്നെ അവിടേക്കാകഷിക്കുന്നതു്. ഇവിടെ വന്നതിന്നുശേഷം ഇത്രദിവസവും ഞാൻ ഒരു പ്രവൃത്തിയും ചെയ്തില്ലല്ലോ!''

അശോകൻ പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു: ''ഉജ്ജയിനി ഈ സാമ്രാജ്യത്തിലെ ഒരു രാജ്യം മാത്രമല്ലേ? അതിന്നിപ്പോരം സ്വന്തം കാലിൽ നില്ക്കാറുമായി. ഇനിയും ശ്രദ്ധിക്കപ്പെടേണ്ടതായി മൌര്യസാമ്രാജ്യത്തിൽ വേറെ രാജ്യങ്ങളുണ്ടെന്നറിയാമല്ലോ? അവിടെ താങ്കളുടെ സഹായം എനിക്കാവശ്യമുണ്ടു്. ഉജ്ജയിനിയിൽ മഹാമാ

ത്യനായി മററൊരാളെ താങ്കൾ തിരഞ്ഞെടുത്തുകൊള്ളുക. വേദദാസനെ ആ വിവരവും അറിയിക്കുക. ഏതായാലും താങ്കൾ മടങ്ങിവരികതന്നെ വേണം.''

മഹാസേനന്നു് അതു കൂടുതൽ സ്വീകാര്യവും സന്തോഷകരവുമായി. പുതിയ മണ്ഡലങ്ങളിൽ ക്രിയാത്മകമായ തൻെറ പരിപാടികളുമായി കടന്നുചെല്ലുവാൻ അദ്ദേഹത്തിന്നുത്സാഹം തോന്നി.

* * *

കൊട്ടാരത്തിന്നു തെക്കുവശത്തു് ഉദ്ദേശം ഒരു ക്രോശം അകലെ ഗംഗയുടെ തീരഭൂമിയിൽ തികച്ചും ഒററപ്പെട്ടു നില്ക്കുന്ന ഒരുനിര മൺകുടിലുകൾ കാണാം. വൃത്തിയായി മെഴുകിയ നിലവും പുല്ലുമേഞ്ഞ മേല്പുരയും ഉള്ള ആ ആശ്രമങ്ങൾക്കുമുന്നിൽ പച്ചപ്പരവതാനി വിരിച്ചതുപോലെ ദീർഘചതുരാകൃതിയിൽ ഒരു പുൽമൈതാനമുണ്ടു്. അതിന്നു നടുവിൽ അല്പം ഉയൎന്നുകാണുന്ന ചതുരാകാരമായ വേദിയിൽ ഒരു ഹോമകുണ്ഡം ഉജ്ജ്വലിക്കുന്നു.

പ്രഭാതം എത്തിനോക്കുവാൻ തുടങ്ങുകയാണു്. ആശ്രമവാസികൾ അവരുടെ നിത്യകൎമ്മങ്ങളിൽ വ്യാപൃതരായിരിക്കുന്നു. കുളികഴിഞ്ഞു് ഒരു കൈയിൽ ജലപാത്രവും മറുകൈയിൽ ദർഭയും ഹോമസാധനങ്ങളുമായി തററുടുത്ത ഒരു സംഘം മധ്യവയസ്കർ ആ വേദിയിലേക്കു വന്നു. ജലപാത്രങ്ങളും ഹോമദ്രവ്യങ്ങളും വേദിയിൽ വെച്ചു് അല്പമകലെ നീങ്ങി യോഗാസനങ്ങൾ പരിശീലിക്കുവാൻ മുതിൎന്നു. അല്പം കഴിഞ്ഞപ്പോൾ ഒരു സംഘം യുവാക്കളും വന്നുചേൎന്നു. അവരും വേദിയിൽ ജലപാത്രങ്ങൾ വെച്ചു് കുറച്ചകലെ നീങ്ങി യോഗാഭ്യാസപരിശീലനം തുടങ്ങി.

കുറെ കഴിഞ്ഞപ്പോൾ തേജസ്വിയായ ഒരു മദ്ധ്യവയസ്കൻ വേദിക്കു മുന്നിൽവന്നു് ഒരു ശംഖു് കൈയിലെടുത്തു് സ്നിഗ്ദ്ധഗംഭീരമായ ശബ്ദം മുഴക്കി. യോഗികൾ യോഗാസനങ്ങളവസാനിപ്പിച്ചു. ജലപാത്രങ്ങളെടുത്തു്, കാലും മുഖവും കഴുകി വേദിക്കുചുററും കൂപ്പുകൈകളോടെ നില്പായി. ശംഖനാദം മുഴക്കിയ യോഗി ഹോമകുണ്ഡത്തിന്നു മുന്നിലിരുന്നു് മന്ത്രോച്ചാരണങ്ങളോടെ ഒരു കരണ്ടിയിൽ

നിന്നു നെയ് കോരി അഗ്നിയിലൊഴിച്ച് ദേവപൂജയാരംഭിച്ചു.

പൂജാവസാനത്തിൽ വീണ്ടും ശംഖനാദം മുഴങ്ങി. യോഗികൾ അവരവരുടെ ആശ്രമങ്ങളിലേക്കു പിരിഞ്ഞുപോയി.

ഭക്ഷണത്തിന്നുശേഷം അവർ ഒരു ശാലയിൽ സമ്മേളിച്ചു. കൂട്ടത്തിൽ ഏററവും പ്രായംകൂടിയ ഭദ്രദാസൻ മററുള്ളവൎക്കഭിമുഖമായി ഒരു പീഠത്തിൽ ഇരിപ്പുറപ്പിച്ചു. അദ്ദേഹം അവരെ സംബോധനചെയ്തു് ശാന്തഗംഭീരമായ ശബ്ദത്തിൽ പറഞ്ഞുതുടങ്ങി:

''ഇന്നലെ നാം ധൎമ്മത്തെക്കുറിച്ചാണു പറഞ്ഞതു്, ഇന്നു് ജീവിതമൂല്യങ്ങളെപ്പററി അല്പം ചൎച്ചചെയ്യാം. ഈശ്വരൻെറ സൃഷ്ടികളിൽ ഏററവും വിലപ്പെട്ടതത്രേ മനുഷ്യൻ. വ്യക്തികളുടെ വൈവിധ്യവും നാനാത്വവും അത്ഭുതാവഹമായി പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും അതു കേവലം ബാഹ്യമാണു്. ആത്യന്തികമായ സത്തയെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും ഒന്നത്രേ. ലൗകികമായ സുഖങ്ങളേയും പദാൎത്ഥങ്ങളേയും ചുററിപ്പററി നില്ക്കുന്നവയാണു് എല്ലാ അന്തരങ്ങളും. അവ ക്ഷുദ്രങ്ങളാണു്; ക്ഷണികങ്ങളാണു്. ഒരുവന്നു് ഇന്നു വളരെ സമ്പത്തും പ്രതാപവുമുണ്ടാകാം. നാളെ അതെല്ലാം നഷ്ടപ്പെടുന്നു. ലക്ഷ്മി ചഞ്ചലയാണു്. അവളെ വിശ്വസിക്കുവാൻ വയ്യ. ബാഹ്യമായ മാനുഷികഭാവങ്ങളങ്ങനെ മാറിക്കൊണ്ടേയിരിക്കും. എന്നാൽ ആന്തരമായ വ്യക്തിത്വം, നിഗൂഢമായ യാഥാൎത്ഥ്യം, സ്ഥിരമായിരിക്കും.''

ഭദ്രദാസൻ ആത്മതത്വത്തെക്കുറിച്ചും മനുഷ്യൻെറ ജീവിതാദൎശത്തെക്കുറിച്ചും പരാമൎശിച്ചുകൊണ്ടു് വാചാലതയോടെ ദീൎഘമായി പ്രസംഗിച്ചു. സദസ്യർ ഇടയ്ക്കിടയ്ക്കു് ചോദ്യങ്ങളോരോന്നു് ഉന്നയിച്ചുകൊണ്ടിരുന്നു. അദ്ദേഹം അവയ്ക്കെല്ലാം സമുചിതമായ മറുപടി നൽകി.

സമ്മേളനം സമാപിച്ചതിന്നുശേഷം യോഗികൾ അവരവരുടെ ആശ്രമങ്ങളിലേക്കു നടന്നു. ചിലർ ഗ്രന്ഥങ്ങൾ നിവൎത്തി വായനയാരംഭിച്ചു. മററുചിലർ മന്ത്രങ്ങളുരുവിട്ടു

കൊണ്ടിരുന്നു. വേറെ ചിലർ നദീതീരത്തുള്ള വൃക്ഷച്ഛായ കളിൽ ചെന്നിരുന്നു് ചിന്തയിലാണ്ടു.

ഏതാണ്ടു മദ്ധ്യാഹ്നമടുത്തപ്പോഠം ഒരു രാജപുരുഷൻ ഭദ്രദാസനെ സമീപിച്ചു് അറിയിച്ചു: ''ചക്രവത്തിതിരു മനസ്സുകൊണ്ടു് വൈകുന്നേരം ഭഗവാന്മാരെ സന്ദശിക്കു വാൻ എഴുന്നെള്ളുന്നുണ്ടു്.''

ആഹ്ലാദകരമായ വാത്ത. രാജരാജൻ ആശ്രമം സന്ദ ശിച്ചിട്ടു വളരെക്കാലമായി. പുതിയ ചക്രവത്തി സ്ഥാനാ രോഹണംചെയ്തു ഉടനെ തങ്ങളെ സന്ദശിക്കുവാൻ വരുമെ ന്നു് അവർ തീരെ പ്രതീക്ഷിച്ചിരുന്നതല്ല. ഭദ്രദാസൻ ശിഷ്യരിൽ ചിലരെ വിളിച്ചു് ആശ്രമവും പരിസരവും ഒന്നുകൂടി ശുചിയാക്കുവാനും ചക്രവത്തിയെ സ്വീകരിക്കു വാൻ അഘ്യപാദ്യങ്ങളൊരുക്കുവാനും നിദ്ദേശിച്ചു.

സായന്തനത്തോടെ അശോകവദ്ധനൻ മഹാ അമാത്യ നോടൊത്തു രണ്ടു ഭടന്മാരുടെ പരിവാരത്തോടെ ആശ്രമ ത്തിലെത്തി. യോഗിമാർ അദ്ദേഹത്തെ സ്വീകരിച്ചു് ഉപ ഹാരങ്ങളരുളി.

വൃക്ഷച്ഛായകളിൽ പ്രത്യേകം ഒരുക്കിവെച്ചിരുന്ന ഇരിപ്പിടങ്ങളിൽ ചക്രവത്തിയും അമാത്യനും ഇരുന്നു. ഭദ്രദാസൻ അല്പമകലെ ഒരു പീഠത്തിൽ ഉപവിഷ്ടനായി. യോഗിമാർ അദ്ദേഹത്തിന്നു പിന്നിൽ പുൽത്തകിടിയിൽ ഇരിപ്പുറപ്പിച്ചു.

അശോകൻ ഭദ്രദാസനോടു കുശലമന്വേഷിച്ചു: ''മാന്യ ഭദ്രദാസാ! ആശ്രമവാസികളുടെ എല്ലാക്കാര്യങ്ങളും മുടക്കം കൂടാതെ നടന്നുപോകുന്നില്ലേ?''

''പ്രഭോ! എല്ലാം ഭംഗിയായി നടക്കുന്നു.'' ഭദ്രദാ സൻ പറഞ്ഞു. ''ഈശ്വരൻ ഞങ്ങളോടു വളരെ കരുണയു ള്ളവനാണു്. അദ്ദേഹം രാജരാജനെ ഞങ്ങളുടെ സംരക്ഷക നായി തന്നിരിക്കുന്നു.''

''രാജ്യത്തുള്ള മറ്റു് ആശ്രമങ്ങളുമായി താങ്കഠം ബന്ധം പുലത്തുന്നുണ്ടോ?''

''ഉണ്ടു്. അന്യോന്യം സന്ദേശങ്ങഠം അയയ്ക്കാറുണ്ടു്. എല്ലാ യോഗികളും സുഖമായി കഴിയുന്നു.''

''യോഗികാംക്ക ജീവിതത്തോടുള്ള മനോഭാവമെങ്ങ നെ? ഉപദേശങ്ങളെല്ലാം ഫലംനല്കുന്നുണ്ടല്ലോ?''

''ഉണ്ട്. ലോകത്തേയും അവനവനേയും കുറിച്ച് അവർ പഠിച്ചുവരുന്നുണ്ട്. ഉപദേശങ്ങാംക്ക വേണ്ടതുപോ ലെ പ്രതികരണം കാണുന്നുണ്ട്.''

''വളരെ സന്തോഷം, മാന്യ ഭദ്രദാസാ! അമാത്യന്ന് യോഗിമാരുടെ സഹായം ഇപ്പോഠം ആവശ്യമായിരിക്കു ന്നു. താങ്കഠം കുറെപ്പേരെ തെരഞ്ഞെടുത്ത് അയച്ചുതരണം. അമാത്യൻ അതിനെക്കുറിച്ചു പറയും.''

മൂലദേവൻ വിവരിച്ചു: ''പ്രജകളെ ചക്രവത്തിയോടു കൂടുതൽ അടുപ്പിക്കയാണു ലക്ഷ്യം. നമ്മുടേതുപോലെയുള്ള ഒരു വലിയ സാമ്രാജ്യത്തിൽ എല്ലാ ഘടകങ്ങളേയും ബ ന്ധിക്കുന്ന ഒരു ശക്തി ആവശ്യമാണല്ലോ—മാലയിൽ നൂലെന്നപോലെ. നൂൽ കാണപ്പെടാതിരിക്കുന്നു, എന്നാൽ അതിൻെറ മഹത്തായ കത്തവ്യം മൂകമായി നിവ്വഹിക്കു ന്നു. അതുപോലൊരു നൂലാണ് ഇപ്പോഠം ആവശ്യമായി രിക്കുന്നതു്. പ്രജകളെ ജീവിതധമ്മവും കത്തവ്യവും പഠി പ്പിക്കുക, കമ്മോന്മുഖരാക്കുക—അതിന്നു യോഗിമാക്കു കൂടുതൽ യോഗ്യതയും കഴിവുമുണ്ട്.''

''അതൊരു മഹത്തായ കത്തവ്യമാണ്. വളരെ ഉപ കാരപ്രദവുമാണ്.'' ഭദ്രദാസൻ പറഞ്ഞു.

''തീച്ചയായും. ഏററവും ഉപകാരപ്രദമായ പ്രവൃത്തി. താങ്കാംക്കും ഈ പദ്ധതിയോട്ട് ആനുകൂല്യമുണ്ടെന്നറിഞ്ഞു സന്തോഷമുണ്ട്. താങ്കളെപ്പോലുള്ള ആശ്രമാധിപന്മാരു മായി ചച്ചചെയ്തു് ഒരു പരിപാടി ആസൂത്രണം ചെയ്യു വാൻ ഞാനാഗ്രഹിക്കുന്നു. മററു് ആശ്രമാധിപന്മാരെ വി വരമറിയിച്ച് ഒരു സമ്മേളനം വിളിച്ചുകൂട്ടാമോ? സാമ്രാ ജ്യത്തിലുടനീളമുള്ള എല്ലാ ആശ്രമങ്ങളിലും വിവരമറിയി ക്കുവാൻ തല്ക്കാലം ബദ്ധപ്പെടണ്ട. ഇതിന്നു ചുററുപാടും ഒര മ്പതു ക്രോശം സ്ഥലത്തുള്ള ആശ്രമങ്ങഠം മതി തല്ക്കാലം.''

''അറിയിക്കാം. ഒരു മാസത്തിന്നുള്ളിൽ അവരെ യെല്ലാം വിളിച്ചുകൂട്ടുവാൻ കഴിയുമെന്നു തോന്നുന്നു.''

''ശരി. ഒരു മാസമായിക്കൊള്ളട്ടെ. അടുത്ത മാസം ഈ ദിവസം.''

''അന്നുതന്നെ ആവാം.''

എല്ലാവരും എഴുന്നേററു. ചക്രവൎത്തി ആശ്രമത്തിന്നു ചുററും നടന്നുനോക്കി. ഗംഗാതീരത്തിലൂടെ സ്വല്പദൂരം നടന്നു കൊട്ടാരത്തിലേക്കു തിരിച്ചു.

വഴിക്കു് അശോകവൎദ്ധനൻ അമാത്യനോടു പറഞ്ഞു: ''ഈ ആശ്രമവാസികൾ വാസ്തവത്തിൽ ഒരു പണിയും ചെയ്യുന്നില്ല. എന്താണവൎക്കിവിടെ ജോലി? അവരെങ്ങനെ സമയം കഴിച്ചുകൂട്ടുന്നു?''

''അവർ ലോകത്തിൻെറ മുഴുവനും നന്മയ്ക്കായി പ്രാൎത്ഥിക്കുന്നു.'' മൂലദേവൻ പറഞ്ഞു: ''ആദൎശപരമായ ഒരു തരം ജീവിതമാണവരുടേതു്.''

''ആദൎശപരമായ ജീവിതം സ്വയംപര്യാപ്തമായിരിക്കണം. അതാണെൻെറ കാഴ്ചപ്പാടു്. മററുള്ളവർ തരുന്ന വസ്തുക്കളാണു നിങ്ങളനുഭവിക്കുന്നതെങ്കിൽ അതിനു പകരമായി അതേ വിലയുള്ള ചിലതങ്ങോട്ടും കൊടുക്കേണ്ടതുണ്ടു്. അങ്ങോട്ടുമിങ്ങോട്ടും വഴി എപ്പോഴും ഒപ്പമാണല്ലോ? അങ്ങോട്ടു കൊടുക്കുന്നതു കൂടുതൽ വിലയുള്ളതാണെങ്കിൽ അതിനെ ദാക്ഷിണ്യമായി എണ്ണാം. ഈ യോഗിമാരെല്ലാം എനിക്കും താങ്കൾക്കും മററുള്ളവൎക്കും വേണ്ടി പ്രാൎത്ഥിക്കുന്നു എന്നു പറയുന്നു. കാര്യം നല്ലതുതന്നെ. പക്ഷേ, ഒന്നാണു്—മറെറാരുത്തന്നുവേണ്ടിയുള്ള പ്രാൎത്ഥന എത്രത്തോളം ഫലവത്താകും? ആവോ! എനിക്കതിൽ സംശയമുണ്ടു്. ഏതായാലും അവർ പ്രാൎത്ഥിച്ചുകൊള്ളട്ടെ. പക്ഷേ, അവൎക്കന്നവും വസ്ത്രവും നല്കുന്ന ജനങ്ങൾക്കുവേണ്ടി അവരിനിയും ചിലതുകൂടി ചെയ്യേണ്ടതുണ്ടു്. പ്രാൎത്ഥന അവരുടെ സൗജന്യമോ ദാക്ഷിണ്യമോ ആയി ഇരിക്കട്ടെ. ഉയൎന്ന ചിന്താഗതിയുള്ളവൎക്കു ദാക്ഷിണ്യം അത്യാവശ്യമാണല്ലോ?''

''പ്രഭോ!'' മൂലദേവൻ ആരാഞ്ഞു: ''അങ്ങയുടെ മനോഗതം മുഴുവനും എനിക്കു വ്യക്തമായില്ല. അവൎക്കെന്തു ചെയ്യുവാൻ കഴിയും?''

''അവക്കു നൃത്തമല്ലൊ. ചിത്രപ്പണികഠം ചെയ്തുകൂടേ? നെയ്ത്തു പഠിച്ചുകൂടേ? വയലിൽച്ചെന്നു കുറച്ചു സമയം കൃഷകനെ സഹായിച്ചുകൂടേ? അങ്ങനെ എന്തെല്ലാം ചെയ്യാം! അവക്കതു തീച്ചയായും കഴിയുമെന്നാണെനിക്കു തോന്നുന്നതു്. അവക്കതിന്നു സമയമുണ്ടു്. രാവും പകലും ഒരേ ഇരുപ്പിൽ അന്യനുവേണ്ടി പ്രാത്ഥിക്കുകയല്ലല്ലോ അവർ ചെയ്യുന്നതു്.''

''ആത്മീയമായ ഉയച്ചയ്ക്കാണവർ ശ്രമിക്കുന്നതു്. അതോടൊപ്പം ഭൗതികമായ വസ്തുക്കളുൽപാദിപ്പിക്കാനും അവർ ശ്രമിക്കുന്നതു്....''

അശോകൻ ചിരിച്ചു. ''ഉയന്ന മാനസികനിലവാരമുള്ളവരാണവരെന്നല്ലേ വെച്ചിരിക്കുന്നതു്? ശരി, ഞാനതു സമ്മതിച്ചുകൊടുക്കുന്നു. പക്ഷേ, മററുള്ളവക്കു വേണ്ടതുപോലെ ഭൗതികവസ്തുക്കളവക്കും വേണമല്ലോ. ഭൗതികവസ്തുക്കളുടെ സഹായത്തോടെ മാത്രമേ ആത്മീയമായ ഉയച്ച നേടാൻ പററൂ. അവക്കും തിന്നണം, കുടിക്കണം, വസ്ത്രമണിയണം—വേണ്ടേ?''

മൂലദേവൻ ഒന്നും പറഞ്ഞില്ല. അശോകൻ തുടന്നു: ''താങ്കഠം ഒന്നു ചിന്തിച്ചുനോക്കൂ—ഈശ്വരൻ പദാത്ഥങ്ങളിലൂടെ വ്യക്തമാകുന്നതു കാണാം. ഒരു വിത്തു മുളച്ചുവരുമ്പോഠം ഈശ്വരൻെറ അനാവരണമാണു നാം അതിലൂടെ കാണുന്നതു്. പരുത്തി നൂലായി പരിണമിക്കുന്നതു് ഈശ്വരൻെറ മറെറാരു സാക്ഷാൽക്കാരമാണു്. കാണാൻതക്ക വിധം വേറൊരു നിലനില്പു് ആത്മാവിന്നില്ലതന്നെ. പൂവില്ലാതെ സുഗന്ധം മാത്രം നിലനില്ക്കുമോ? വിത്തില്ലാതെ അതിൻെറ മുളയ്ക്കുവാനുള്ള ശക്തിക്കു നിലനില്പുണ്ടോ? അതുപോലെ ഈ യോഗികളുടെ ആത്മീയചൈതന്യം അവരുണ്ടാക്കുന്ന ഭൗതികവസ്തുക്കളിലൂടെ കാണണമെന്നാണു ഞാൻ ആശിക്കുന്നതു്.''

മൂലദേവൻ നിശ്ശബ്ദനായി നിന്നതേയുള്ളു. അശോകൻ വീണ്ടുംപറഞ്ഞു: ''മാന്യ മൂലദേവാ! താങ്കഠം പറയുന്നു, അവർ പ്രാത്ഥനകൊണ്ടു് ജനങ്ങളോടു കടംവീട്ടുന്നു എന്നു്. അവർ പരലോകത്തിൻെറ കച്ചവടക്കാരാണോ?''

The Century of the Ocean

''ആശ്രമങ്ങരം ഉണ്ടായതുമുതല്ക്കേ അവരിങ്ങനെയൊക്കെയാണു ജീവിച്ചുപോന്നിട്ടുള്ളതു്. അങ്ങു് ആശിക്കുന്ന പരിഷ്കാരം വരുത്തുവാൻ എനിക്കുമിപ്പോരം ആഗ്രഹം തോന്നുന്നു.'' മൂലദേവൻ പറഞ്ഞു.

''താങ്കളിതിനെക്കുറിച്ചു നല്ലതുപോലെ ചിന്തിച്ചുനോക്കൂ. ഈ ആശ്രമങ്ങളെ കൂടുതൽ ഉപകാരപ്രദമായ രീതിയിലാക്കാൻ കഴിയുമെന്നു തോന്നുന്നുണ്ടെങ്കിൽ നമുക്കൊന്നു ശ്രമിച്ചുനോക്കാം. യോഗികരംക്കു ശരിയായ ദാക്ഷിണ്യശീലമുണ്ടെങ്കിൽ അതവരുടെ പ്രവൃത്തിയിൽ കാണിക്കണം. അവരനുഭവിക്കുന്ന ഭൗതികവസ്തുക്കളുടെ ഒരംശമെങ്കിലും അവക്കു സ്വയം ഉൽപാദിപ്പിക്കാൻ സാധിക്കണം. എന്നാൽ ജനങ്ങരംക്കുവേണ്ടിയുള്ള അവരുടെ പ്രാത്ഥന ഒരു ദാക്ഷിണ്യമായി കണക്കാക്കാം.''

''അങ്ങു് പറയുന്നതെനിക്കു മനസ്സിലാകുന്നുണ്ടു്. അതു തികച്ചും ശരിയാണു്. ഇപ്പോഴേ ഇക്കാര്യത്തെപ്പററി ചിന്തിക്കാൻ എനിക്കിടവന്നുള്ളു.''

''കാശിയിലുള്ള മഹാ ആശ്രമത്തെക്കുറിച്ചെന്താണഭിപ്രായം?''

''ഈ ആശ്രമത്തെക്കാരം വലുതാണു്. ധാരാളം യോഗിമാരുണ്ടു്. അത്രതന്നെ.''

''അപ്പോരം അത്രയും അലസത കൂടുമെന്നത്ഥം.'' ചക്രവത്തി ചിരിച്ചു. ''അവരെക്കൊണ്ടു രാഷ്ട്രത്തിന്നുപകാരമായ പ്രവൃത്തി നമുക്കു ചെയ്യിക്കണം. ഞങ്ങരം ഉജ്ജയിനിയിൽ എന്താണു ചെയ്തിരുന്നതെന്നു മഹാസേനൻ താങ്കളോടു പറഞ്ഞുകാണും. അതിനെക്കുറിച്ചെന്തു വിചാരിക്കുന്നു?''

''വളരെ നന്നായിത്തോന്നി എനിക്കതു്. നമുക്കിവിടേയും ആ പദ്ധതി ആവിഷ്കരിച്ചേ പററൂ. ഇവിടെയെന്നല്ല, സാമ്രാജ്യത്തിലുടനീളം.''

''കാശിയിലുള്ള ആശ്രമത്തെ കേന്ദ്രമാക്കി പ്രവത്തനം ആസൂത്രണം ചെയ്യാം. ഏതായാലും, സാമന്തന്മാരുടേയും സേനാപതിമാരുടേയും സമ്മേളനത്തിൽ അവിടത്തെ മേധാവിയേയും ക്ഷണിക്കണം.''

''ക്ഷണിക്കാം.'' മൂലദേവന് ആ പദ്ധതിയെക്കുറിച്ചു കൂടുതൽക്കൂടുതൽ ആലോചിക്കുന്തോറും ഉത്സാഹം തോന്നി. അതോടൊപ്പം അശോകനോടുള്ള ആദരവു പതിരട്ടി വർദ്ധിച്ചു. ചെറുപ്പമാണെങ്കിലും കാര്യങ്ങളുടെ മർമ്മങ്ങൾ കണ്ടറിയാൻ എന്തൊരു കഴിവാണ്! എന്തൊരു പ്രായോഗികമായ ധർമ്മബോധമാണ്! ഇത്തരം ഒരു ചക്രവർത്തിയുണ്ടെങ്കിൽ രാജ്യലക്ഷ്മി തനിയേ വന്നുകൊള്ളുകതന്നെ ചെയ്യും! ഇത്രയും വർഷത്തെ ഭരണപരിചയവും രാഷ്ട്രനീതിയിൽ പാണ്ഡിത്യവുമൊക്കെ ഉണ്ടായിട്ടും തനിക്കിതുവരെ ഇങ്ങനെയൊരു ചിന്ത ഉദിച്ചതേയില്ലല്ലോ എന്നും അദ്ദേഹത്തിന്നു തോന്നി.

## പത്ത്

കോസലരാജാവായ പത്മസംഭവൻ സമ്മേളനത്തിന്നു കുറെദിവസം മുമ്പുതന്നെ വന്നെത്തി. അദ്ദേഹത്തിൻെറ പത്നിയായ യശോമതി അശോകൻെറ സഹോദരിയാണ്. അവരും ഭർത്താവിനോടൊപ്പം വന്നിരുന്നു.

യശോമതിക്ക് ഏതാണ്ട്. ഇരുപത്താറു വയസ്സു പ്രായം കാണും. തടിച്ചുകൊഴുത്ത ശരീരം രത്നാഭരണങ്ങളുടെ ശോഭയിൽ കുളിച്ചിരിക്കുന്നു. ഒരുപാടു ചിരിക്കുന്ന പ്രകൃതക്കാരിയാണവർ. രാജകീയമായ ആഡംബരങ്ങളുടേയും അലസജീവിതത്തിൻേറയും ഒരുജ്ജ്വലപ്രതീകം.

അമ്മയുടെ മുറിയിൽച്ചെന്ന് അഭിവാദനങ്ങളർപ്പിച്ചതിന്നു ശേഷം യശോമതി അന്വേഷിച്ചു: ''ജ്യേഷ്ഠത്തിയമ്മ എവിടെ?''

വേദസാഗരിയെ യശോമതി കണ്ടിട്ടില്ല. അമ്മയുടെ അരികിൽ അവരും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. അല്ലെങ്കിൽ തോഴികളാൽ ചുററപ്പെട്ടു സർവ്വാലങ്കാരഭൂഷിതയായി ഉദ്യാനത്തിലോ സ്വന്തം മുറിയിലോ മണിഭൂമികയിലോ ഉല്ലസിക്കുന്നുണ്ടാവാമെന്ന് യശോമതി വിചാരിച്ചു.

അമ്മ പറഞ്ഞു: ''വേദ താഴത്തെ നിലയിലാണ്.''

• വിജയയോടു വേദസാഗരിയെ വിളിച്ചുകൊണ്ടുവരുവാൻ അവർ പറഞ്ഞപ്പോൾ യശോമതി അത്ഭുതത്തോടെ വിലക്കി: ''വേണ്ട വേണ്ട. ഞാനങ്ങോട്ടു ചെല്ലാം.''

അമ്മ പുഞ്ചിരിച്ചു. ''വേണ്ട മകളേ! എൻെറ വേദസ്സു് അങ്ങനെയുള്ള ദുരഭിമാനങ്ങളൊന്നുമില്ല. അവളവിടെ തിരക്കിലായിരിക്കും. നീ അങ്ങോട്ടു ചെന്നാലും സൈ്വരമായി സംസാരിക്കണമെങ്കിൽ അവളിങ്ങോട്ടു വരേണ്ടിവരും. ഇവിടെ അപ്പുറത്താണവളുടെ മുറി.''

''എന്നാലും....'' യശോമതി വീണ്ടും സംശയിച്ചു. രാജരാജൻെറ പത്നി, ജ്യേഷ്ഠത്തിയമ്മ തന്നെ കാണാൻ ഇങ്ങോട്ടു വരികയോ!

അമ്മ പറഞ്ഞു: ''വേദയെ നിനക്കറിഞ്ഞുകൂടാ. ഇത്ര നല്ല ഒരു പെൺകുട്ടിയെ ഞാൻ കണ്ടിട്ടില്ല. എന്തൊരു സ്നേഹമുള്ള സ്വഭാവമാണെന്നോ! വലിയ ആർഭാടമോ ചിരിയോ ഒന്നുമില്ല. എല്ലാമവൾക്കൊന്നു പ്രത്യേകമാണു്. എനിക്കുതന്നെ അവളെ നിനക്കു പരിചയപ്പെടുത്തണം. അതിനാണിങ്ങോട്ടു വരാൻ ആവശ്യപ്പെടുന്നതു്.''

അല്പം കഴിഞ്ഞു് അവർ ചൂണ്ടിക്കാട്ടി: ''അതാ നോക്കു്—''

മുറിയുടെ വാതിലിന്നടുത്തു മൂലകളിൽ ഉയന്ന പീഠങ്ങൾക്കുമുകളിൽ രണ്ടു മൺകുജകൾ ഇരിക്കുന്നു. രണ്ടിലും രാജമല്ലിയും പനിനീരും ധാരാളം വിടൎന്നുനില്ക്കുന്ന പുതിയ കമ്പുകൾ വെച്ചിട്ടുണ്ടു്. കുജകളിൽ അതിമനോഹരവും വിചിത്രവുമായ ചിത്രങ്ങൾ സുന്ദരമായ നിറക്കൂട്ടുകളിൽ വരച്ചിരിക്കുന്നു. യശോമതി കൗതുകത്തോടെ അടുത്തുചെന്നു നോക്കി. തീച്ചയായും മഹാനായ ഏതോ ചിത്രകാരൻെറ കരവിരുതാണതെന്നു് അവരോത്തു. ഏററവും ലളിതവും ഏററവും മനോഹരവുമായ ആ അലങ്കാരവസ്തുക്കൾ ആരുടെ സംഭാവനയാണെന്നു് അന്വേഷിച്ചു.

അവ വേദസാഗരിയുടെ വകയാണെന്നറിഞ്ഞപ്പോൾ യശോമതി അത്ഭുതപ്പെട്ടുപോയി.

അമ്മ തുടന്നു പറഞ്ഞു: ''ഇതുപോലെ വേറേയുമുണ്ടു്

അവളുടെ കൈവിരുതുകൾ. എല്ലാം നിനക്കു് അവൾത്തന്നെ കാണിച്ചുതരും. ഇതാ വേറൊന്നു നോക്കൂ്—''

അമ്മ ഒരു വിചിത്രമായ കൈലേസ്സെടുത്തുകൊടുത്തു. വർണ്ണനൂലുകളാൽ തുന്നിയതാണതു്. ''ഇതു് അവളെനിക്കു തുന്നിത്തന്നതാണു്. ചിത്രശാലയിൽ ചെന്നാൽ അവൾ വരച്ച ചിത്രങ്ങളും നിനക്കു കാണാം.''

യശോമതിക്കു ജ്യേഷ്ഠത്തിയമ്മയെപ്പററി വളരെ ബഹുമാനം തോന്നി. സാധാരണ രാജ്ഞിമാക്ക്റിയാത്ത പലതുമവക്ക്റിയാം. കൊട്ടാരത്തിൽ വേദസാഗരി വന്നതിന്നുശേഷമുണ്ടായിട്ടുള്ള പല മാററങ്ങളെപ്പററിയും അമ്മ പറഞ്ഞുകേൾപ്പിച്ചു. എല്ലാററിനും ഒരടുക്കും ചിട്ടയും വീണിട്ടുണ്ടു്. അനാവശ്യമായ ആഡംബരങ്ങളും ബഹളവും ഇല്ലാതായിരിക്കുന്നു. പരിജനങ്ങളെല്ലാം കൂടുതൽ ബോധപൂർവ്വം പെരുമാറുന്നു. സ്നേഹവും ദാക്ഷിണ്യവും ഗുരുജനങ്ങളോടുള്ള വിനയവും ലളിതമായ ജീവിതരീതിയുംകൊണ്ടു് വേദസാഗരി എല്ലാവരേയും സ്വാധീനിച്ചുകഴിഞ്ഞിരിക്കയാണു്.

''അതാ എൻെറ മകൾ വരുന്നു.'' അമ്മ വാതില്ക്കലേക്കു നോക്കി. വേദസാഗരി വിജയയോടും പ്രഭാവതിയോടുമൊപ്പം കടന്നുവന്നു. യശോമതി എഴുന്നേററുനിന്നു. അമ്മ അവരെ അന്യോന്യം പരിചയപ്പെടുത്തിക്കൊണ്ടു് യശോമതിയോടു പറഞ്ഞു: ''ഇവളാണു് ഇന്നു് ഈ കൊട്ടാരത്തിൻെറ ജീവൻ.''

വേദസാഗരി യശോമതിയെ ആലിംഗനംചെയ്തു.

കുശലപ്രശ്നങ്ങൾക്കിടയിൽ യശോമതി വേദസാഗരിയെ ആശ്ചര്യത്തോടെ നോക്കിക്കാണുകയായിരുന്നു. എത്ര ലളിതവും സുന്ദരവുമായ രൂപം! നീണ്ടുകറുത്ത കണ്ണുകളിൽ അത്യാകർഷകവും അഗാധവുമായ ഒരു ഭാവം നിറഞ്ഞുതുളുമ്പുന്നു. പ്രശാന്തമായ മന്ദസ്മിതം ആ ചെഞ്ചുണ്ടുകളിൽ വിടർത്തിയ സ്വർഗ്ഗീയമായ നിലാവു് എത്ര ആഹ്ലാദകരമാണു്! കടഞ്ഞെടുത്തതുപോലെയാണു് ഓരോ അങ്ഗവും. അലങ്കാരങ്ങൾ പ്രകൃതിതന്നെ അണിയിച്ചിരിക്കുന്നു.

എഴുതാനും വായിക്കാനും തുന്നുവാനും ചിത്രം വരയ്ക്കു

വാനും പരിജനങ്ങൾക്ക് ഓരോരോ ജോലിയിലും വേണ്ട ഉപദേശങ്ങൾ നല്കവാനും വേണ്ടിവന്നാൽ അടുക്കളപ്പണിയ്ക്കു മേൽനോട്ടം വഹിക്കുവാൻപോലും അറിയാവുന്ന ചക്രവത്തിനി! യശോമതി വീണ്ടും വീണ്ടും അക്കാര്യംതന്നെ ആലോചിച്ചു. ഇത്തരമൊരു ജ്യേഷ്ഠത്തിയമ്മയെ അല്ലായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നതു്. രാജകീയമായ ഐശ്വര്യങ്ങളാൽ ചുറ്റപ്പെട്ട കൊട്ടാരത്തിലെ മണിഭൂമികകളിൽ മേലനങ്ങാതെ ജീവിതമാസ്വദിക്കുന്ന യശോമതിക്ക് ഇങ്ങനെയൊരന്തരീക്ഷത്തെക്കുറിച്ചു ചിന്തിക്കപോലും അസാദ്ധ്യമായിത്തോന്നി. എങ്കിലും വേദസാഗരിയുടെ ഭാവവും സ്നേഹപൂർണ്ണമായ വാക്കുകളും പെരുമാററവും അറിയാതെതന്നെ ഒരാകർഷണവലയം സൃഷ്ടിക്കുന്നതായി അവർ കണ്ടു. പാരമ്പര്യങ്ങളിൽനിന്നകന്നുനില്ക്കുന്നതെങ്കിലും ചക്രവത്തിനിയുടെ സ്വഭാവത്തിൻെറ എല്ലാ അംശത്തിലുമൊരു കുലീനത, ഒരു സുന്ദരമായ പുതുമ, അവർ ശ്രദ്ധിച്ചു.

പതുക്കെപ്പെതുക്കെ, വേദസാഗരിയുടെ അഭിപ്രായങ്ങൾ യശോമതിക്കും സ്വീകാര്യവും അനുകരണീയവുമായിത്തുടങ്ങി. അവരിരുവരും പലപ്പോഴും പുതിയ ആശയങ്ങളെസ്സംബന്ധിച്ചു ചർച്ചചെയ്തു. എഴുതുവാനും വായിക്കുവാനും തുന്നുവാനുമൊക്കെ പഠിച്ചാൽ സമയം ഉപകാരപ്രദമാക്കാമെന്നു യശോമതിക്കും തോന്നി. തൊട്ടതിനും പിടിച്ചതിനുമെല്ലാം പരിജനങ്ങളെ വിളിക്കാതെ സ്വയം ചെയ്യാവുന്ന ചെറിയ ജോലികൾ എന്തുകൊണ്ടു ചെയ്തുകൂടാ എന്നു് അവരും ചിന്തിച്ചു. ആഭരണങ്ങളുടേയും അനാവശ്യമായ ആഡംബരങ്ങളുടേയും കാര്യത്തിലും കുറെ കുറവു വരുത്തുവാൻ അവർ സ്വയം തീരുമാനിച്ചു.

*　　　*　　　*

സേനാപതിമാരുടെ സമ്മേളനം തുടങ്ങിക്കഴിഞ്ഞിരുന്നു. ആറു ദിവസം നീണ്ടുനിന്ന ആ സമ്മേളനത്തിൻെറ അവസാനത്തെ ദിവസം വർണ്ണശബളമായ ഒരു സേനാശക്തിപ്രകടനം കോട്ടയ്ക്കു പുറത്തുള്ള വിസ്തൃതമായ മൈതാ

നത്തിൽ നടന്നു. അശ്വഭടന്മാരുടെ ഒരു ഘോഷയാത്ര നഗരത്തിലെ പ്രധാനവീഥിയിലൂടെ നീങ്ങുകയുമുണ്ടായി.

സമാപനസമ്മേളനത്തിലാണ് ചക്രവത്തി അവരോട് സംസാരിച്ചതു്. അദ്ദേഹത്തിന്നു പുതിയ ചില പരിപാടികളെക്കുറിച്ചു പറയാനുണ്ടായിരുന്നു. സേനകാം പൊതുജനങ്ങളുമായി ബന്ധമൊന്നും പുലത്താത്തവരാണല്ലോ. അതു ശരിയല്ലെന്നും ജനതയുമായി അടുത്തിടപെടുവാൻ തക്കവിധം ചില ഉത്തരവാദിത്വങ്ങൾ ഏറെറടുക്കുവാൻ അവർ ശ്രമിക്കേണ്ടതാണെന്നുമായിരുന്നു ചക്രവത്തിയുടെ അഭിപ്രായം. അദ്ദേഹം പറഞ്ഞു: ''ചില പദ്ധതികളെല്ലാം ഞാൻ ആലോചിച്ചുവെച്ചിട്ടുണ്ടു്. സാമാനങ്ങൾ ദൂരദേശത്തേക്കു കൊണ്ടുപോകുന്ന കാര്യമാണൊന്നു്. വടക്കെ അററത്തുള്ള രാജ്യത്തുനിന്നു് അഞ്ഞൂറു ക്രോശം സഞ്ചരിച്ചു തെക്കെ അററത്തെത്തുന്ന രോമക്കമ്പിളി പല പല കച്ചവടക്കാരുടേയും കൈയിലൂടെ മാറി മാറി സഞ്ചരിക്കയാണിന്നു്. അവരെല്ലാം കുറേശ്ശെക്കുറേശ്ശെ വില വദ്ധിപ്പിച്ചു വില്ക്കുന്നതിനാൽ തെക്കെ അററത്തു വരുമ്പോഴേക്കു് ഒന്നും രണ്ടും ഇരട്ടി വിലയാണതിന്നു്. നമ്മുടെ സൈന്യത്തിനു് ഈ വിലവ്യത്യാസം ഇല്ലാതാക്കുചെയ്യുവാൻ കഴിയും. അവരുടെ കുറ്റൻ വാഹനങ്ങളുണ്ടല്ലോ. ദൂരത്തേക്കു പരുത്തി, കമ്പിളി, മരുന്നു് തുടങ്ങിയ സാധനങ്ങൾ വണ്ടികളിൽ കൊണ്ടുപോകാം. എഴുപതു ക്രോശത്തിൽ അധികം ദൂരത്തേക്കുള്ളതേ ഏറെറടുക്കേണ്ടു. അങ്ങനെയായാൽ നാടൻ കച്ചവടക്കാക്കും വണ്ടിയുടമകൾക്കും വലിയ നഷ്ടമൊന്നും വരാനില്ല. ജനങ്ങൾക്കു് ഉപകാരവുമാകും.

''അതുപോലെ നമ്മുടെ സേനകൾക്കു് വൈദ്യവിഷയത്തിലും സേവനം ചെയ്യാം. കാട്ടുപ്രദേശങ്ങൾക്കടുത്തുള്ള സേനാവിഭാഗത്തിന്നു് മരുന്നുചെടികളും തേനും പശുകളും ശേഖരിക്കാവുന്നതാണു്. ഇങ്ങനെയുള്ള പ്രവൃത്തികൾ ഉല്പാദനം വദ്ധിപ്പിക്കുമെന്നു മാത്രമല്ല, ഭടന്മാക്കു് ജനങ്ങളുമായി സമ്പക്കമുണ്ടാകാനും സഹായിക്കും. എന്തെല്ലാം വിധത്തിൽ സേനകൾക്കു് നാടിനെ സേവിക്കാൻ കഴിയുമെന്നു് കൂടുതൽ ചച്ചചെയ്തു തീരുമാനിക്കുക. ഞാൻ എന്റെ

ചില അഭിപ്രായങ്ങരം ഉദാഹരണമായി പറഞ്ഞെന്നു മാത്രം. യുദ്ധകാലത്തു മാത്രമല്ല, സമാധാനകാലത്തും രാജ്യസേവനം നിർവ്വഹിക്കുവാൻ സാധിക്കുമെങ്കിൽ നല്ലതല്ലേ? പ്രത്യേകിച്ച് നാമിപ്പോരം യുദ്ധത്തിനൊന്നും കോപ്പുകൂട്ടുന്നുമില്ല.''

മഹാ അമാത്യനും സേനാപതിമാരും ഇതിനെക്കുറിച്ചു ചർച്ചകരം നടത്തി. മഹാ സേനാപതിയും മററു മൂന്നു സേനാപതിമാരും അമാത്യ ഭദ്രദേവനും അടങ്ങുന്ന ഒരു പ്രത്യേകക്കമ്മറററിയെ കൂടുതൽ ചിന്തിച്ചു വിശദമായ ആസൂത്രണങ്ങരം നടത്തുവാൻ നിയോഗിക്കുകയും ചെയ്തു.

രാജാക്കന്മാർ ഓരോരുത്തരായി വന്നുചേൎന്നുകൊണ്ടിരുന്നു. അവൎക്കെല്ലാം സപരിവാരം താമസിക്കുവാൻ രാജകീയമന്ദിരങ്ങരം സജ്ജമാക്കപ്പെട്ടിരുന്നു. ധൎമ്മമഹാമാത്രമഹാസേനനും ഉജ്ജയിനിയിൽനിന്നു മടങ്ങിയെത്തി. കാശി ആശ്രമത്തിൻെറ അദ്ധ്യക്ഷനായ പൎവ്വതകനും ശ്രാവസ്തിയിലേയും ബുദ്ധഗയയിലേയും ന്യായാധിപതികളായ വീരബലനും ഗുണവൎമ്മനും പ്രത്യേകം ക്ഷണമനുസരിച്ചു വന്നുചേൎന്നവരായിരുന്നു. വീരബലൻ പാടലീപുത്രത്തിലെ രാജസദസ്സുകളിൽ സമുന്നതമായ വ്യക്തിത്വം പുലൎത്തിവന്ന ഒരു രാഷ്ട്രതന്ത്രജ്ഞനാണ്. അദ്ദേഹം ഏതു പ്രശ്നത്തിലും മഹാ അമാത്യനു വലിയൊരു സഹായിയായിരുന്നു.

സഭാമന്ദിരം പലതരം അലങ്കാരവസ്തുക്കളാൽ പ്രശോഭിതമാക്കപ്പെട്ടു. സുഗന്ധധൂപങ്ങരം എരിക്കുന്നതിനുള്ള പീഠങ്ങരം അവിടവിടെ ഒരുക്കിയിരുന്നു. പുതിയ പരവതാനികരം വിരിച്ച നിലത്ത് രാജാസനങ്ങളും മന്ത്രിമാൎക്കും മററുദ്യോഗസ്ഥന്മാൎക്കും ഇരിക്കുവാനുള്ള പ്രത്യേക ഇരിപ്പിടങ്ങളും പട്ടിൽ പൊതിഞ്ഞു മിന്നി.

സമ്മേളനദിവസം സമാഗതമായി. രാജാക്കന്മാരും അവൎക്കു പുറകെ മന്ത്രിമാരും മററു മേധാവികളും മന്ദിരത്തിലേക്കു കടന്നു. ചക്രവൎത്തി പ്രിയദൎശി അശോകവൎദ്ധനൻ മൂലദേവനോടും മഹേന്ദ്രദേവനോടുമൊപ്പം പ്രവേശിച്ചപ്പോരം ജയശബ്ദങ്ങളാൽ അന്തരീക്ഷം മുഖരിതമായി.

LIBRARY KOTTAYAM.

യവനികയ്ക്കു പിന്നിൽനിന്നു് ഗായികമാരുടെ പ്രാത്ഥനാരൂപമായ ഒരു സംഘഗാനത്തോടെ സമ്മേളനനടപടികഠം ആരംഭിച്ചു. മൂലദേവൻ എഴുന്നേററു് സദസ്സിനെ സംബോധനചെയ്തു. ഉജ്ജയിനിയിലെ രാജാവായിരുന്ന അശോകവദ്ധനരാജകുമാരനു് ചക്രവത്തിപദം അലങ്കരിക്കേണ്ടിവന്ന പരിതഃസ്ഥിതികഠം അദ്ദേഹം പ്രസംഗത്തിലൂടെ വ്യക്തമാക്കി. പിന്നീടു്, രാമപൂവ്വത്തിലെ രാജാവായ രുദ്രദേവൻ അശോകന്റെ വ്യക്തിത്വത്തെയും ഉജ്ജയിനിയിലെ ഭരണത്തിലൂടെ അദ്ദേഹം നേടിയിട്ടുള്ള മഹത്തായ ലക്ഷ്യങ്ങളേയും അഭിനന്ദിച്ചുകൊണ്ടു സംസാരിച്ചു.

അനന്തരം സാമന്തരാജാക്കന്മാർ ഓരോരുത്തരായി എഴുന്നേററു് ചക്രവത്തിയുടെ മുന്നിലേക്കു നീങ്ങി, അദ്ദേഹത്തിൻെറ കാല്ക്കൽ ഓരോ പത്മതങ്കം ഉപഹാരമായി അപ്പിച്ചു. അവർ രണ്ടടി പുറകോട്ടു നടന്നു് അദ്ദേഹത്തെ നമസ്കരിച്ചു്, അവരവരുടെ സിംഹാസനത്തിലേക്കു മടങ്ങി.

മഹാ അമാത്യനും, മഹാ സേനാപതിയും, ഉപസേനാപതിമാരും, അതുപോലെ ചക്രവത്തിയുടെ കാല്ക്കൽ ഉപഹാരങ്ങളപ്പിച്ചു. പിന്നീടു് കാശി ആശ്രമാദ്ധ്യക്ഷനായ പവ്വതകനും മഹാസേനനും സ്വൎണ്ണനാണ്യങ്ങഠം കാഴ്ചയായപ്പിച്ചു.

അനന്തരം സഭ ശാന്തമായിപ്പിരിഞ്ഞു. രാജാക്കന്മാർ അശോകചക്രവത്തിയുടെ പ്രത്യേക കാര്യാലയത്തിലേക്കു മൂലദേവനോടൊപ്പം അനുഗമിച്ചു. രാജ്യകാര്യങ്ങളെക്കുറിച്ചു് പ്രാഥമികമായ ചില ചച്ചകളിൽ അവരേപ്പെട്ടു.

* * *

അന്നു മുഴുവനും വേദസാഗരി അക്ഷമയോടെയാണു കഴിച്ചുകൂട്ടിയതു്. സമ്മേളനവേളയിൽ താൻ കണ്ടുപിടിച്ച ഒരു വിസ്മയകരമായ കാര്യം പ്രിയദശിയെ അറിയിക്കുവാൻ രാജ്ഞി ബദ്ധപ്പെട്ടു. പക്ഷേ, രാജ്യകാര്യങ്ങളിൽ മുഴുകിയിരുന്ന അദ്ദേഹത്തോടു് സ്വൈരമായൊന്നു സംസാരിക്കുവാൻ ഇടകിട്ടുകയുണ്ടായില്ല. രാത്രി വളരെ വൈകുന്നതു

വരെ അദ്ദേഹം ആലോചനാമണ്ഡപത്തിൽ രാജാക്കന്മാരു ടെയും മന്ത്രിമാരുടെയും നടുവിൽത്തന്നെയായിരുന്നു.

പിറേറന്നു രാവിലെ സന്ദർഭം കിട്ടിയപ്പോഠം വേദ സാഗരി അറിയിച്ചു: ''ഉജ്ജയിനിയിൽവെച്ചു ഞാൻ ഒരു സ്വപ്നം കണ്ടതായി പറഞ്ഞില്ലേ? അങ്ങു് അതോക്കു ന്നുണ്ടോ?''

''തീച്ചയായും ഓക്കുന്നു.'' എന്താണങ്ങനെ ചോദി ക്കുവാൻ എന്നമട്ടിൽ അശോകൻ മുഖമുയത്തി.

''ആ സ്വപ്നത്തിൽ എൻെറ അരികെ വന്ന വൃദ്ധനെ ഞാൻ കണ്ടുപിടിച്ചിരിക്കുന്നു.''

അശോകൻ അത്ഭുതപ്പെട്ടു: ''സ്വപ്നത്തിൽക്കണ്ട ആ താടിക്കാരനേയോ? ഈ കൊട്ടാരത്തിൽ കണ്ടുവോ?''

''കണ്ടു. രാമപൂവ്വത്തിലെ രാജാവു്!''

''രുദ്രദേവനോ! ആ വൃദ്ധൻ ഒരൊററ രാത്രികൊണ്ടു് രാമപൂവ്വത്തിൽനിന്നു് ഉജ്ജയിനിവരെ വന്നു മടങ്ങിപ്പോ യെന്നോ!''

''ആ....അതൊന്നും എനിക്കറിഞ്ഞുകൂടാ! പക്ഷേ, ഇതുതന്നെയായിരുന്നു ആ രൂപം. നീണ്ട താടിയുള്ള ആ മുഖം ഇപ്പോഴും വ്യക്തമായി ഞാൻ ഓക്കുന്നുണ്ടു്.''

''അതൊരു തമാശയാണല്ലൊ. ആകട്ടെ, രുദ്രദേവ നെ ഇങ്ങോട്ടു വിളിക്കാൻ പറയൂ.''

വേദസാഗരി തവണക്കാരിയെ അയച്ചു. അല്പം കഴി ഞ്ഞപ്പോഠം ആ വന്ദ്യവയോധികൻ പ്രത്യക്ഷപ്പെട്ടു. അശോ കൻെറ നിദ്ദേശമനുസരിച്ചു് എതിരെ ഒരു പീഠത്തിൽ അദ്ദേഹം ഇരുന്നു.

മഹാരാജാവു പറഞ്ഞു: ''മാന്യരുദ്രദേവാ! താങ്കളൊരു വലിയ കുററം ചെയ്തിരിക്കുന്നു. കുറച്ചുമാസംമുമ്പു് താങ്കഠം ഉജ്ജയിനിയിൽ വന്നു മടങ്ങിപ്പോന്നു. ഞങ്ങളോടൊപ്പം രണ്ടുദിവസം താമസിച്ചില്ലെന്നതോ പോകട്ടെ, വിവര മൊന്നറിയിക്കയെങ്കിലും ചെയ്തില്ലല്ലൊ.''

രുദ്രദേവൻ അത്ഭുതസ്തബ്ധനായി.

''പ്രഭോ! അതു ശരിയല്ല. അങ്ങനെയൊന്നുണ്ടായിട്ടി ല്ല. ആരാണീ കള്ളക്കഥ പറഞ്ഞതു്?''

''കണ്ണുകൊണ്ടു കണ്ട ആളാണു് പറഞ്ഞതു്. ഞങ്ങളെ യങ്ങനെ എളുപ്പം വിഡ്ഢിയാക്കാമെന്നു കരുതണ്ട.'' മഹാ രാജാവു പറഞ്ഞു.

''ജീവിതത്തിലിന്നുവരെ ഒരൊററ നുണപോലും ഞാൻ പറഞ്ഞിട്ടില്ല. ആരാണാ സാക്ഷി? എനിക്കൊന്നു കാണണം.''

''സംഭവമിതാണു്.'' മഹാരാജാവു വിവരിച്ചു: ''ഞങ്ങരം ഇങ്ങോട്ടു വരുവാൻ ഒരുങ്ങിക്കൊണ്ടിരുന്ന പ്പോരം ഒരു ദിവസം സ്വപ്നത്തിൽ ഒരു വന്ദ്യവയോധികൻ വേദയുടെ അരികിലേക്കു വന്നു. പാടലീപുത്രത്തിലേക്കു പോന്നാൽപ്പിന്നെ മടങ്ങുകയുണ്ടാവില്ലെന്നു് അദ്ദേഹമറി യിച്ചു. ഇപ്പോരം വേദ പറയുന്നു, അതു താങ്കരംതന്നെയാ യിരുന്നെന്നു്.''

രുദ്രദേവന്നു് കാര്യം മനസ്സിലായി. വേദയുണ്ടു് ഒരു തരം അമ്പരപ്പോടെ തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹം പൊട്ടിച്ചിരിച്ചുപോയി. ചുളിവീണ മുഖത്തും വെള്ളിത്താടിയിലും ഒന്നുഴിഞ്ഞതിന്നുശേഷം രുദ്രദേവൻ പറഞ്ഞു:

''ഇതിന്നു ഞാനെന്തു പറയണം! എനിക്കറിഞ്ഞുകൂ ടാ. പക്ഷേ, പ്രിയദശി ഇനിയും ഉജ്ജയിനിയിലേക്കു മട ങ്ങുകയില്ലെന്നു് എനിക്കും അന്നു തോന്നിയിരുന്നു. ആ തോന്നലങ്ങനെ വദ്ധിച്ചുകൊണ്ടേയിരുന്നു. ഭാവികാര്യങ്ങ ളെക്കുറിച്ചു ഞാനന്നു പലതും ചിന്തിക്കയുണ്ടായി. അതോ രോന്നും വാസ്തവമായി വരികയാണിപ്പോരം. ഇന്നലെ വീതാശോകരാജകുമാരൻ എന്നോടൊപ്പം രാമപൂവ്വത്തിലേ ക്കു വരികയാണെന്നു പറഞ്ഞു. കുമാരനെപ്പററി നന്നായറി യാവുന്നതുകൊണ്ടു് അതും ഞാൻ പ്രതീക്ഷിച്ചതുതന്നെ യായിരുന്നു.''

പ്രകാശിനെ സംബന്ധിച്ച ആ വാത്ത അശോകൻ തീരെ പ്രതീക്ഷിച്ചിരുന്നില്ല. പ്രകാശ് തന്നോടാവിവരം എന്താണറിയിക്കാഞ്ഞതു്? ഇപ്പോരം ജ്യേഷ്ഠൻെറ ഉദ്ദേശം വ്യക്തമായി. അശോകന്റെ മനം അസ്വസ്ഥമായിത്തീൎന്നു.

അദ്ദേഹം എഴുന്നേററു കിളിവാതിലിന്നരികിൽച്ചെന്നു പുറത്തേക്കു നോക്കിക്കൊണ്ടു നിന്നു.

ദീർഘമായ ആ മൗനം ഭഞ്ജിക്കുവാൻ രുദ്രദേവൻ ധൈര്യപ്പെട്ടില്ല. അദ്ദേഹം പതുക്കെ എഴുന്നേററു നിശ്ശബ്ദനായി പുറത്തുകടന്നു.

വേദസാഗരി പരിസരം മറന്നു ചിന്തയിൽ മുഴുകി. അല്പം കഴിഞ്ഞപ്പോൾ ചക്രവർത്തി മടങ്ങിവന്നു പല്യങ്കത്തിലിരുന്നു. അദ്ദേഹം പറഞ്ഞു: ''ഏതായാലും, ഇനിയും കുറെക്കാലം ഇവിടെ കഴിഞ്ഞുകൂടണമെന്നു തീർച്ചയായി.''

വേദ ഒന്നും പറഞ്ഞില്ല. അശോകൻ തുടന്നന്വേഷിച്ചു: ''നീ എന്താണാലോചിക്കുന്നതു്? ഉജ്ജയിനിയിലേക്കു പോകണമെന്നു തോന്നുന്നുണ്ടോ? അച്ഛനെക്കാണുവാൻ തിടുക്കമായോ?''

അച്ഛൻ!...വേദസാഗരി പൊടുന്നനെ അശോകൻെറ മുഖത്തേക്കു നോക്കി. അവളുടെ ചിന്തകൾ ഉജ്ജയിനിയിലെ പ്രശാന്തമായ ആ നാട്ടിൻപുറത്തേക്കു പറന്നു. അച്ഛനെ കണ്ടിട്ടെത്ര കാലമായി!

ചിന്തിക്കുന്നതിന്നു മുമ്പേ വേദയുടെ ചുണ്ടുകളിൽനിന്നു വാക്കുകൾ പുറത്തുവന്നു: ''അച്ഛനെക്കാണാൻ തോന്നുന്നുണ്ടു്.''

''ശരി.'' അശോകൻ പറഞ്ഞു. ''നമുക്കദ്ദേഹത്തെ ഇങ്ങോട്ടു ക്ഷണിച്ചുകൊണ്ടുവരാം. കുറച്ചുകാലം കഴിഞ്ഞിട്ടു നമുക്കൊരുമിച്ചു് ഉജ്ജയിനിയിലേക്കൊന്നു പോകയും ചെയ്യാം.''

അശോകൻ ഒരു പുഞ്ചിരിയോടെ വേദയെ നോക്കി തുടന്നു: ''ഒരു പുതിയ അതിഥിയേയുംകൊണ്ടു്.'' Congratulations

വേദസാഗരിയുടെ കവിളുകൾ തുടുത്തു. അധരങ്ങളിൽ ലജ്ജാപൂർണ്ണമായ ഒരു മന്ദസ്മിതം വിടന്നു.

* * *

കാശീ ആശ്രമാദ്ധ്യക്ഷനായ പർവ്വതകൻ മൂലദേവനോടൊരുമിച്ചു ചക്രവർത്തിയെച്ചെന്നു കണ്ടു. ശ്രാവസ്തിയിലേയും ബുദ്ധഗയയിലേയും പ്രധാന ന്യായാധിപന്മാരും ധർമ്മ

മഹാമാത്ര മഹാസേനനും അപ്പോരം അദ്ദേഹത്തോടൊരുമി ച്ചുണ്ടായിരുന്നു.

ആശ്രമത്തിൻെറ താല്ക്കാലികപ്രവൎത്തനങ്ങളെക്കുറിച്ച് ചക്രവൎത്തി അന്വേഷിച്ചു. യോഗിമാർ ആശ്രമധൎമ്മ ങ്ങളനുസരിച്ചു പ്രശാന്തമായി ധ്യാനനിരതമായ ജീവിതം നയിക്കയാണെന്നു പൎവ്വതകൻ അറിയിച്ചു. അദ്ദേഹത്തി ൻെറ മേൽനോട്ടത്തിലുള്ള മററു് ആശ്രമങ്ങളിലെ വിശേ ഷങ്ങളും ചുരുക്കിപ്പറഞ്ഞു.

അനന്തരം അശോകൻ പറഞ്ഞു: ''നാം ഇങ്ങനെയൊ രു സമ്മേളനം പ്രത്യേകമായി വിളിച്ചുകൂട്ടിയതെന്തി നെന്നു മാന്യ മൂലദേവനും മാന്യ മഹാസേനനും അറിയാം. അവർ താങ്കളോടു് എൻെറ ഉദ്ദേശമെന്തെന്നു പറഞ്ഞിരി ക്കുമെന്നും കരുതുന്നു. സാമ്രാജ്യത്തിൽ ഒരു പുതിയ ജീവിതം വളൎത്തിയെടുക്കണം. പാടത്തു പണിയെടുക്കുന്ന കൃഷിക്കാരനും ഉല്പന്നങ്ങരം വിതരണംചെയ്യുന്ന കച്ചവട ക്കാരനും നീതിയും ന്യായവും പാലിക്കുന്ന ഉദ്യോഗസ്ഥ നും ഒരു പുതിയ വീക്ഷണം ഉണ്ടായേ കഴിയൂ. ഇന്നത്തെ ഈ ഉദ്യോഗസ്ഥന്മാരെല്ലാം കുറെ കശ്മനക്കാരാണു്. നമു ക്കതിൽ വലുതായൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല. കുറെ യൊക്കെ അങ്ങനെ വേണംതാനും. ന്യായാധിപന്മാരാ കട്ടെ, അമിതമായിത്തന്നെ പ്രവൎത്തിക്കുന്നുണ്ടു്. അവരുടെ ആത്മാൎത്ഥതയെ ഞാൻ അഭിനന്ദിക്കുന്നു. ഒന്നും ചെയ്യാനി ല്ലാത്ത ഒരു വലിയ സൈന്യവും നമുക്കുണ്ടു്. ആകപ്പാടെ ജനങ്ങളുടെ ജീവിതവും ഭരണകൂടവും തമ്മിൽ എന്തോ ചില പൊരുത്തക്കേടുകളുണ്ടെന്നു ഞാൻ കാണുന്നു. ധാൎമ്മി കമായ മൂല്യങ്ങരംക്കു പൊതുവേ ഒരു വിലയിടിവു വന്നി രിക്കയാണെന്നു തോന്നുന്നു. ഈ സ്ഥിതിഗതികളൊന്നു മാററുവാൻ നമുക്കു ശ്രമിക്കേണ്ടതുണ്ടു്.

''ഉജ്ജയിനിയിൽ ഞങ്ങരം ചില ശ്രമങ്ങളെല്ലാം നടത്തിനോക്കി. മാന്യ മഹാസേനൻ അന്നെനിക്കു് വലി യൊരു സഹായമായിരുന്നു. ഇവിടെ അദ്ദേഹവും അതുപോ ലുള്ള മഹാശയന്മാരുമുണ്ടല്ലോ. പുതിയൊരു പദ്ധതി ആസൂ ത്രണംചെയ്തു നമുക്കു നടപ്പിൽവരുത്തണം. മാന്യ പൎവ്വത

കൻ ആ ഭാരം ഏറ്റെടുക്കമെന്നു ഞാനാശിക്കുന്നു. ശ്രാവസ്തിയിലെ ന്യായാധിപനായ മാന്യ വീരബലനേയും തല്ക്കാലം നമുക്കിങ്ങോട്ടു വിളിക്കാം. അദ്ദേഹം തികച്ചും പ്രായോഗികതത്വമറിയുന്നവനാണ്. നമ്മുടെ പ്രവൎത്തനങ്ങളിലെല്ലാം അടിസ്ഥാനതത്വം മനുഷ്യൻെറ ധാൎമ്മികമൂല്യങ്ങളെ വളൎത്തുക എന്നതാകണം. കൃഷിക്കാരനും കച്ചവടക്കാരനും അമാത്യനും ചക്രവൎത്തിയും ഒന്നാമതായി മനുഷ്യരാണ്. ഓരോരുത്തനും ആത്യന്തികമായി ആ ഒരു വിലയാണുള്ളതു്. അതിന്നിടിവുവരുന്ന ഒരുതരത്തിലുള്ള ദുരഭിമാനവും അധൎമ്മവും നമുക്കനുവദിച്ചുകൂടാ.''

ഉജ്ജയിനിയിലെ പ്രവൎത്തനസമ്പ്രദായങ്ങൾ എന്തെല്ലാമായിരുന്നെന്നു് മഹാസേനൻ വിസ്തരിച്ചു പറഞ്ഞു. വലിയ ബുദ്ധിജീവികളെയല്ല, ഹൃദയം നിറയെ സ്നേഹവും സഹാനുഭൂതിയുമുള്ള പ്രവൎത്തകരെയാണു് രാജ്യത്തിന്നു് ഇന്നാവശ്യമായിരിക്കുന്നതു്. നീതിയും ധൎമ്മവും ജനഹൃദയങ്ങളിലേക്കു പകരുവാൻ നിയമങ്ങളിലൂടെ സാദ്ധ്യമാവില്ല. ആ മഹത്തായ കൎത്തവ്യം നിറവേററുവാൻ ആത്മാൎത്ഥതയും സേവനതല്പരതയുമുള്ള കുറെപ്പേരെയാണാവശ്യം.

എല്ലാം മനസ്സിലാക്കിയതിന്നുശേഷം പൎവ്വതകൻ ചക്രവൎത്തിയോടു പറഞ്ഞു: ''പ്രഭോ! അവിടുത്തെ ആശയം ഞാൻ ശരിയായി ഗ്രഹിച്ചിരിക്കുന്നു. ഞാനും എൻെറ ആശ്രമങ്ങളിലുള്ള അന്തേവാസികളും എന്തുവേണമെങ്കിലും ചെയ്യുവാൻ തെയ്യാറാണു്.''

''മഹത്തായ ഒരു കൎത്തവ്യമാണു മുന്നിലുള്ളതു്.'' മൂലദേവൻ പറഞ്ഞു. ''നമുക്കു് നല്ലപോലെ ചിന്തിച്ചു് ഒരു പ്രവൎത്തനപരിപാടി ആസൂത്രണംചെയ്യേണ്ടതുണ്ടു്.''

''എൻെറ മനസ്സിലുള്ളതു് ഞാൻ നിങ്ങളെ അറിയിച്ചുകഴിഞ്ഞു. ഇനിയുള്ള ആസൂത്രണങ്ങളെല്ലാം നിങ്ങളെല്ലാവരും ഒന്നിച്ചു് ആലോചിക്കുക. ഒരാഴ്ചകഴിഞ്ഞു് ഇനിയും നമുക്കു സമ്മേളിക്കാം.''

ചക്രവൎത്തി എഴുന്നേററു.

* * *

രുദ്രദേവന്നു് രാമപൂൎവ്വത്തിലേക്കു മടങ്ങുവാൻ തിടുക്ക

മുണ്ടായിരുന്നു. പുറപ്പെടുന്നതിൻെറ തലേന്നു രാവിലെ പ്രകാശ് രണ്ടു് അമ്മമാരേയും സന്ദശിച്ചു. അദ്ദേഹം അവ്വരെ നമസ്കരിച്ചു് താൻ രുദ്രദേവനോടൊപ്പം രാമപൂവ്വത്തിലേക്കു പോകുവാൻ ഉദ്ദേശിക്കയാണെന്നറിയിച്ചു. അമ്മമാർ ഒന്നും പറഞ്ഞില്ല. അവക്കു് ആ വേർപാടു് ഒട്ടും സ്വാഗതാഹ്മായിരുന്നില്ല. എങ്കിലും പ്രകാശിനോടു് എതിത്തു പറയുവാൻ സാദ്ധ്യമല്ലായിരുന്നു. കഴിയുന്നതും വേഗം മടങ്ങിവരണമെന്നു മാത്രമപേക്ഷിച്ചു് അവർ അദ്ദേഹത്തിൻെറ നിറുകയിൽ മുകന്നു് ആശിസ്സുകളരുളി.

വൈകുന്നേരം പ്രകാശ് പ്രിയദശിയേയും മഹേന്ദ്രനേയും വിളിച്ചു് ദീഘനേരം സംസാരിച്ചുകൊണ്ടിരുന്നു. ഒന്നോ രണ്ടോ മാസത്തിന്നകം തിരിച്ചുവരണമെന്നു് അശോകവദ്ധനൻ വീണ്ടും വീണ്ടും അദ്ദേഹത്തോടപേക്ഷിക്കയുണ്ടായി. പ്രകാശാകട്ടെ, ആ അപേക്ഷകളൊന്നും സ്വീകരിക്കയോ നിരസിക്കയോ ചെയ്തില്ല.

## പതിനൊന്നു്

''ആരാണു് പടി തുറക്കുന്നതു്?'' ഗ്രന്ഥത്തിൽനിന്നു കണ്ണെടുത്തു് ആ വൃദ്ധൻ ആരോടെന്നില്ലാതെ അന്വേഷിച്ചു.

അടുത്ത മുറിയിൽനിന്നു് ഒരു ബാലൻ ധൃതിയിൽ പുറത്തുകടന്നു് വരാന്തയിലേക്കോടി. അവൻ പെട്ടെന്നു മടങ്ങിവന്നു് അറിയിച്ചു: ''കുതിരപ്പട്ടാളമാണു് മുത്തച്ഛാ!''

''കുതിരപ്പട്ടാളമോ?'' വൃദ്ധൻ ഗ്രന്ഥം താഴെവെച്ചെഴുന്നേററു. കുതിരയുടെ കുളമ്പടിശബ്ദം മുററത്തു കേരംക്കായി.

അദ്ദേഹം ഉമ്മറത്തു വന്നു നോക്കി. രണ്ടു് അശ്വഭടന്മാർ ചവിട്ടുപടിമേൽ നില്ക്കുന്നു. അവരുടെ കൂററൻ കുതിരകരം തെല്ലപ്പുറത്തു വിശ്രമിക്കയാണു്.

അവർ എവിടെനിന്നു വരുന്നുവെന്നു് അന്വേഷിക്കാതെതന്നെ വൃദ്ധന്നു മനസ്സിലായി. ഇതിന്നുമുമ്പു് പലപ്പോഴും രാജപുരുഷന്മാർ ആ വീട്ടിൽ വന്നിട്ടുണ്ടു്. അദ്ദേഹം

അവരെ സ്വാഗതംചെയ്ത് ഇരിപ്പിടങ്ങരം നല്കി. ആദ്യം അല്പമൊന്നു മടിച്ചുവെങ്കിലും പിന്നീട്, അദ്ദേഹത്തിന്റെ നിബ്ബന്ധത്താൽ, അവർ ഉപവിഷ്ടരായി.

''ഞങ്ങരം ഉജ്ജയിനിയിൽനിന്നാണ്.'' അവരിൽ ഒരാളറിയിച്ചു. ''പാടലീപുത്രത്തിൽനിന്ന് ചക്രവത്തി തിരുമനസ്സുകൊണ്ട് പ്രത്യേക സന്ദേശം അയച്ചിരിക്കുന്നു. കുശലാന്വേഷണം മാത്രമല്ല, മാന്യ ഭരതദത്തനോട് കഴി യുന്നതും നേരത്തെ കൊട്ടാരത്തിലേക്കു ചെല്ലണമെന്നും ക്ഷണിച്ചിരിക്കുന്നു.''

''ചക്രവത്തിയോ?'' ഭരതദത്തൻ തെല്ലൊരാശ്ചര്യ ത്തോടെ അന്വേഷിച്ചു.

''അതെ. ഉജ്ജയിനിയിലെ ഇപ്പോഴത്തെ രാജാവ് മാന്യ ദേവദാസനാണെന്നറിയാമല്ലൊ. അദ്ദേഹം ഇന്നലെ യാണ് പാടലീപുത്രത്തിൽനിന്നു മടങ്ങിവന്നതു്. ചക്ര വത്തിതിരുമനസ്സുകൊണ്ട് രാജാവിനോടു പറഞ്ഞയച്ച താണ് ഈ സന്ദേശം.''

''അദ്ദേഹം പ്രിയദശി രാജകുമാരനേയും കണ്ടിരിക്കു മല്ലൊ?'' ഭരതദത്തൻ ചോദിച്ചു.

''അശോകവദ്ധനൻതിരുമേനിയാണല്ലൊ ഇപ്പോഴ ത്തെ ചക്രവത്തി. പ്രകാശ്‌രാജകുമാരൻ സിംഹാസനം സ്വീകരിച്ചില്ല.''

ആ വാത്ത തികച്ചും അപ്രതീക്ഷിതമായിരുന്നു. ഭരത ദത്തന്ന് ഒരക്ഷരവും ഉരിയാടുവാൻ കഴിഞ്ഞില്ല. ബിന്ദു സാരചക്രവത്തി സ്വഗ്ഗാരോഹണംചെയ്ത വിവരം അദ്ദേ ഹം അറിഞ്ഞിരുന്നു. സന്ദേശഹാരികളായ രണ്ടു തത്തകരം ആ ദുഃഖവാത്തയുമായി വന്നെത്തുകയുണ്ടായി. പിന്നീടു വീതാശോകൻ സിംഹാസനസ്ഥനായിരിക്കുമെന്നാണ് ന്യായമായി ഭരതദത്തൻ ചിന്തിച്ചിരുന്നതു്. എന്നാൽ കിരീടധാരണമഹോത്സവമൊന്നും കൊണ്ടാടിയതായി അറിഞ്ഞിരുന്നുമില്ല.

തൻെറ മകരം ഇപ്പോരം ആരായിരിക്കുന്നു? ചക്രവ ത്തിനി!....ഭരതദത്തന്ന് അതു വിശ്വസിക്കുവാൻ പ്രയാ സമായിത്തോന്നി. അദ്ദേഹത്തിൻെറ ചിന്തകരം ഭൂതകാല

ത്തിലേക്കു പറന്നണഞ്ഞു. കുളികഴിഞ്ഞു. വീട്ടിലെത്തിയ വേദയുടെ പിന്നാലെ പ്രിയദശി ഗൃഹാങ്കണത്തിൽ പ്രത്യക്ഷപ്പെട്ട ചിത്രം ഇന്നലെ കഴിഞ്ഞതുപോലെ അദ്ദേഹത്തിൻെറ സ്മരണയിൽ തെളിഞ്ഞുനിന്നു. വിവാഹത്തിന്നു നാലുനാരം മുമ്പു മാത്രമാണു് ആ മഹാശയൻ ആരാണെന്നു മനസ്സിലായതു്.

ഇപ്പോരം?....ഭരതദത്തൻെറ ഹൃദയം വികാരപൂണ്ണമായി. അദ്ദേഹം ദീഘ്മായി നിശ്വസിച്ചു് ഉത്തരീയത്താൽ മുഖം തുടച്ചു.

വേദസാഗരി അദ്ദേഹത്തിൻെറ ഒരേയൊരു പുത്രിയായിരുന്നു. അവരംക്കു് ആറുമാസം പ്രായമെത്തുന്നതിന്നുമുമ്പു തന്നെ അമ്മ മരിച്ചുപോയി. അതുകൊണ്ടു് വളരെയേറെ ലാളിച്ചാണു് അവളെ ഭരതദത്തൻ വളത്തിയതു്. മൂത്ത രണ്ടു സഹോദരന്മാക്കും ആ പൊന്നനുജത്തി പ്രാണനായിരുന്നു. ഇന്നു വേദയുടെ അഭാവം ആ വീട്ടിനെത്തന്നെ മൂകമാക്കിയിരിക്കയാണു്. ആരോടും ആവശ്യത്തിലേറെ സംസാരിക്കാത്ത ആ പെൺകുട്ടി ആ വീടിനെ ആനന്ദപൂണ്ണമാക്കിയിരുന്നു.

സഹോദരന്മാർ ഇരുവരും താമസിയാതെ വന്നെത്തി. മൂത്തയാരംക്കു് മുപ്പതു വയസ്സുവരും, രണ്ടാമന്നു് ഇരുപത്താറും. ഓജസ്സുററ ശരീരവും പ്രസന്നമായ മുഖവും നിഷ്കളങ്കമായ മനസ്സുമുള്ള അദ്ധ്വാനശീലരായ യുവാക്കരം.

സഹോദരിയുടെ ഭാഗ്യാതിരേകമറിഞ്ഞു് അവാച്യമായ സന്തോഷത്തിലവർ മുഴുകി.

ഭക്ഷണത്തിന്നുശേഷം ദൂതന്മാർ പോകുവാനൊരുങ്ങി. ഭരതദത്തൻ ചക്രവത്തിക്കും വേദക്കും സന്ദേശങ്ങരം തയ്യാറാക്കി അവരെ ഏല്പിച്ചു. സഹോദരന്മാർ ഇരുവരും സഹോദരിക്കു് പ്രത്യേകമായ സന്ദേശങ്ങളും ദൂതന്മാക്കു സമ്മാനങ്ങളും നല്കി.

വാത്ത ചുററുപാടും പരക്കുവാൻ ഏറെനേരമൊന്നും വേണ്ടിവന്നില്ല. അയൽപക്കത്തെ വീടുകളിലും കളപ്പുരകളിലും കളിസ്ഥലങ്ങളിലുമെല്ലാം വേദസാഗരി മാത്രമായി സംസാരവിഷയം.

പുഴക്കടവിൽവെച്ച് ഒരു മദ്ധ്യവയസ്ക പറഞ്ഞു: ''ആ പെൺകുട്ടി ഒരു നല്ല നിലയിൽ വരുമെന്നു ഞാൻ വിചാരിച്ചിരുന്നു.''

''നല്ല നിലയെന്നോ! വിഡ്ഢി! അങ്ങനെയാണോ പറയേണ്ടതു്!'' ഒരു വൃദ്ധ ശാസിച്ചു: ''ചക്രവത്തിയുടെ പട്ടമഹിഷിയാണു വേദസാഗരി. നീ അതറിയുന്നില്ലെന്നുണ്ടോ? നിലയിലായത്രെ! ആ പെൺകുട്ടി ലോകം മുഴുവനും കീഴടക്കിയിരിക്കയാണു്!''

''എത്ര ചുരുങ്ങിയ കാലംകൊണ്ടു്!'' മററൊരു സ്ത്രീ പറഞ്ഞു: ''ഇരുപത്തിരണ്ടു വയസ്സേ ആയിട്ടുള്ളു. ഭാഗ്യവതി!''

''ഞങ്ങളോടൊപ്പം എന്നും കുളിക്കാൻ വരുമായിരുന്നു അവാം—'' ഒരു യുവതി പറയാൻ തുടങ്ങി.

''അവളോ!'' മറ്റൊരുത്തി വിലക്കി. ''ശ്ശ്! എന്തു മണ്ടത്തരമാണു പറയുന്നതു്! പ്രഭ്വിയെന്നു പറയൂ. ചക്രവത്തിനിയെക്കേറി വിളിക്കുന്നതു കേട്ടില്ലേ!''

അങ്ങനെയങ്ങനെ സവ്വത്ര വേദസാഗരി സംസാരവിഷയമായി. വേദയുടെ പ്രത്യേകമായ ഭാവവും സൗഭാഗ്യവും സ്വഭാവവും സ്നേഹവും ഓരോന്നും അവരഭിനന്ദിച്ചു. ആദ്യമായി അശോകവദ്ധനനെക്കണ്ടുമുട്ടിയപ്പോഠം വേദയുടെ കൂടെയുണ്ടായിരുന്ന യുവതികഠം അന്നു നടന്ന സംഭവങ്ങഠം മുഴുവനും വീണ്ടും വീണ്ടും വിസ്തരിച്ചു.

ഭരതദത്തൻ ഒരാഴ്ചയ്ക്കകംതന്നെ പാടലീപുത്രത്തിലേക്കു പുറപ്പെട്ടു. ഇളയ പുത്രനും മൂത്ത മകൻെറ മകനും അദ്ദേഹത്തെ അനുഗമിച്ചു. പലവിധ കാഴ്ചദ്രവ്യങ്ങളുമായി മൂവരും കുതിരവണ്ടിയിൽ കയറി. ഉജ്ജയിനിയിൽനിന്നു് അവക്കകമ്പടിയായി അഞ്ചു് അശ്വഭടന്മാരും ഉണ്ടായിരുന്നു.

* * *

ഭരതദത്തൻ അഞ്ചുദിവസത്തിന്നകം പാടലീപുത്രത്തിലെത്തിച്ചേന്നു. ദ്വാരപാലകൻ കൊട്ടാരത്തിൽ വിവരമറിയിച്ചപ്പോഠം അശോകൻതന്നെയാണു് അദ്ദേഹത്തെ സ്വീകരിക്കുവാൻ ചെന്നതു്. പ്രജകഠംക്കും കൊട്ടാരവാസികഠംക്കുമെല്ലാം ആ കൂടിക്കാഴ്ച ഏററവും വിസ്മയാ

വഹമായിരുന്നു. ലളിതമായ വേഷമണിഞ്ഞ ഒരു ഗ്രാമീണജന്മിയെ ചക്രവത്തി നേരേ ചെന്നെതിരേററു കൂട്ടിക്കൊണ്ടു വരുന്നു! ആ വൃദ്ധനോ? ചക്രവത്തിയുടെ ശ്വശ്രൂരൻ! കൊട്ടാരത്തിൻെറ ജീവനാഡിയായി അറിയപ്പെടുന്ന വേദസാഗരിയുടെ പിതാവു്! ആ ബന്ധം ഏററവും വിചിത്രമായി എല്ലാവക്കും തോന്നി. പക്ഷേ, ആരുമതിനെക്കുറിച്ചൊരക്ഷരവും ഉരിയാടുവാൻ ധൈര്യപ്പെട്ടില്ല.

വേദസാഗരി പിതാവിനെ സമീപിച്ചു് അദ്ദേഹത്തിൻെറ പാദങ്ങരം തൊട്ടു നിറുകയിൽ വെച്ചു. അച്ഛൻ മകളെ ആശ്ലേഷിച്ചു നിറുകയിൽ മുകന്നു.

വേദസാഗരി അദ്ദേഹത്തെ രണ്ടാംനിലയിലുള്ള ഒരു വിശാലമായ മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെയാണദ്ദേഹത്തിന്നു താമസിക്കുവാൻ സൗകര്യപ്പെടുത്തിയതു്. അതിന്നടുത്ത മുറി സഹോദരനും നൽകി. അവക്കു വേണ്ടതെല്ലാം അന്വേഷിക്കുവാൻ രണ്ടു പ്രതീഹാരികളേയും നിയോഗിച്ചു.

നാട്ടിലേയും വീട്ടിലേയും വിശേഷങ്ങരം ആരാഞ്ഞുകൊണ്ടു വേദസാഗരി അന്നു മുഴുവനും അച്ഛന്നരികെത്തന്നെയായിരുന്നു. അടുത്ത രണ്ടു ദിവസങ്ങളിൽ അവരംതന്നെ രണ്ടുപേരേയും കൊട്ടാരത്തിലെ ചിത്രശാലയും ഉദ്യാനത്തിലെ വിചിത്രമന്ദിരങ്ങളും കാണിച്ചുകൊടുത്തു. കൊട്ടാരത്തിലേയും നഗരത്തിലേയും മററു പ്രധാനസ്ഥലങ്ങളിലേക്കു മഹേന്ദ്രനാണവരെ കൂട്ടിക്കൊണ്ടുപോയതു്. ഏകദേശം രണ്ടാഴ്ചയോളം ഭരതദത്തൻ അവിടെ താമസിച്ചു.

* * *

സമയം സന്ധ്യയായിട്ടുണ്ടു്. അസ്തമനസൂര്യൻെറ കിരണങ്ങരം വൃക്ഷത്തലപ്പുകളിൽ ചെഞ്ചായം പുരട്ടുന്നു. വിശാലമായ വയലുകരംക്കു നടുവിൽ നീണ്ടുകിടക്കുന്ന പാതയിലൂടെ ധാന്യം നിറച്ച ഒരു വലിയ കാളവണ്ടി നീങ്ങിക്കൊണ്ടിരിക്കയാണു്. ഇരുപതുവയസ്സു പ്രായംവരുന്ന ഒരു യുവാവാണു് കാളകളെ തെളിക്കുന്നതു്. ഒരു വൃദ്ധൻ വണ്ടിയുടെ പിന്നിൽ പിടിച്ചുകൊണ്ടു നടക്കുന്നു. കാശി

യിൽ പ്രയാഗാനഗരത്തിന്നു കുറച്ചു ക്രോശമകലെയാണു് അവരിപ്പോറം.

വയൽ കഴിഞ്ഞു. പാത ഒരു കയററം കയറുവാൻ തുടങ്ങുകയാണു്. ആ വണ്ടി അവിടെ നില്ലായി. യുവാവു് ഇറങ്ങി വണ്ടിയുടെ പുറകിൽ വന്നു. വൃദ്ധൻ ചാട്ട കൈയിൽ വാങ്ങി സാരഥിസ്ഥാനം ഏറെറടുത്തു. ധാന്യച്ചാക്കുകറം നിറയെ ഉണ്ടായിരുന്നതുകൊണ്ടു കാളകറംക്കു് ആഞ്ഞു വലിക്കേണ്ടിയിരുന്നു. യുവാവു് എല്ലാ ശക്തിയും പ്രയോഗിച്ചുപിന്നിൽനിന്നു തള്ളിക്കൊടുത്തു. വണ്ടിച്ചക്രങ്ങറം ഞരങ്ങി നീങ്ങുവാൻ തുടങ്ങി.

ആ സമയത്തു കുതിരക്കുളമ്പടിയുടെ ശബ്ദം പിന്നിൽനിന്നു കേറംക്കായി. താമസിയാതെ ഒരു കുതിര വണ്ടിയുടെ അടുത്തുവന്നു നിന്നു. യാത്രക്കാരൻ ചാടി നിലത്തിറങ്ങി വണ്ടിയുടെ അരികിൽ വന്നു യുവാവിനോടൊപ്പം പിന്നിൽനിന്നു തള്ളുവാൻ സഹായിച്ചു.

ആരും ആവശ്യപ്പെടാതെ സ്വയം സേവനത്തിനൊരുമ്പെട്ട ആ യാത്രികനെ യുവാവു് അത്ഭുതത്തോടെ നോക്കി. ലളിതമായ വേഷവും സംതൃപ്തമായ മുഖഭാവവുമുള്ള ഒരരോഗദൃഢഗാത്രൻ. യുവാവിനെ നോക്കി പരിചയമുള്ളതുപോലെ മന്ദഹസിച്ചു് തള്ളിക്കൊള്ളുവാൻ അദ്ദേഹം തലകൊണ്ടു കാണിച്ചു.

കുതിര യജമാനന്റെ പിന്നാലെതന്നെ ഉണ്ടായിരുന്നു. കയററം കയറി മുകളിലെത്തിയപ്പോറം കാളകറം നിന്നു. വൃദ്ധൻ ഇറങ്ങി ആ മൃഗങ്ങളെ സ്നേഹപൂർവ്വം തലോടി. യുവാവും യാത്രക്കാരനും അദ്ദേഹത്തിന്റെ അരികിലെത്തി.

''വളരെ വളരെ നന്ദി.'' വൃദ്ധൻ മുന്നോട്ടു നീങ്ങി. ആ അപരിചിതനെ തൊഴുതു. യുവാവും നന്ദിപറഞ്ഞു.

''ഓ! അതിൻെറയൊന്നും ആവശ്യമില്ല.'' അപരിചിതൻ പറഞ്ഞു. ''നിങ്ങറം പട്ടണത്തിലേക്കാണോ? ഇരുട്ടിനുമുമ്പു ചെന്നെത്താൻ വിഷമമാണല്ലോ.''

''സാരമില്ല. ഒരുവിധമങ്ങെത്താം.'' വൃദ്ധൻ ചോദിച്ചു: ''നിങ്ങളും പട്ടണത്തിലേക്കാണോ?''

''അതെ, അവിടെ വിശ്രമിച്ചു നാളെ യാത്ര തുടരും.''

''എവിടെയാണു താമസിക്കാനുദ്ദേശിക്കുന്നതു്? പ്രയാഗാ വലിയൊരു പട്ടണമാണു്. പരിചയമുണ്ടല്ലോ?''

''അതിനെക്കുറിച്ചൊന്നും ഞാൻ ആലോചിച്ചിട്ടില്ല. ഭക്ഷണമെന്തെങ്കിലും വാങ്ങിക്കഴിക്കണം. ഏതെങ്കിലും പീടികക്കോലായിൽ കിടന്നാലും ഉറങ്ങാമല്ലൊ.''

''എന്നാൽ ഞങ്ങളോടൊപ്പം കൂടാൻ വിരോധമില്ലെങ്കിൽ അങ്ങനെയാവാം. ഉഷ്ണകാലമായതുകൊണ്ടു പുറമേ കിടന്നാലും സുഖമാണു്. ഭക്ഷണത്തിനു സൗകര്യമുണ്ടു്. പായും വണ്ടിയിലുണ്ടു്.''

നിഷ്കളങ്കമായ ആ ക്ഷണം യാത്രക്കാരൻ സ്വീകരിച്ചു. അദ്ദേഹം ആതിഥേയക്കു നന്ദിപറഞ്ഞു.

വണ്ടി നീങ്ങി. യാത്രികൻ കുതിരപ്പുറത്തു കയറി പതുക്കെ സഞ്ചരിച്ചു. അവർ ഗ്രാമജീവിതത്തേയും കൃഷിയേയും കച്ചവടത്തേയും കുറിച്ചു വഴിനീളെ സംസാരിച്ചുകൊണ്ടിരുന്നു.

പട്ടണത്തിലെത്തിയപ്പോഴേക്കും നേരം നല്ലപോലെ ഇരുട്ടിക്കഴിഞ്ഞിരുന്നു. പാതയ്ക്കരികിൽ ഒരു തുറന്ന സ്ഥലത്തു വണ്ടി നീക്കിനിർത്തപ്പെട്ടു. കാളകളെ അഴിച്ചു് അടുത്തുള്ള ഒരു മരത്തിൽ കെട്ടി. യുവാവു് അവയ്ക്കും യാത്രക്കാരന്റെ കുതിരയ്ക്കും വണ്ടിയിൽനിന്നു കുറെ വയ്ക്കോലെടുത്തിട്ടുകൊടുത്തു.

വൃദ്ധൻ ഒരു ചെറിയ എണ്ണവിളക്കു് എടുത്തു കൊളുത്തിവെച്ചു. അപ്പവും മററുചില പലഹാരങ്ങളും അവർ കൊണ്ടുവന്നിരുന്നു. യാത്രക്കാരൻ അടുത്ത കടയിൽച്ചെന്നു കുറെ പഴങ്ങളും മൂന്നു പാത്രം തൈരും വാങ്ങിക്കൊണ്ടുവന്നു. അത്താഴം മൂവക്കുമങ്ങനെ സമൃദ്ധിയായി. തെല്ലപ്പുറത്തുള്ള കിണററിലെ തണുത്ത വെള്ളം മനുഷ്യരുടേയും മൃഗങ്ങളുടേയും ദാഹവും ക്ഷീണവും തീർത്തു.

''ആട്ടെ, താങ്കളുടെ പേരെന്തെന്നു ഞാനിതുവരെ ചോദിച്ചില്ല.'' യാത്രക്കാരൻ അന്വേഷിച്ചു.

''എന്റെ പേരു് ഗുരു.'' വൃദ്ധൻ പറഞ്ഞു. ''ഇതു് എന്റെ മകൻ രോഹിതൻ. ഗ്രാമത്തിലെ ഒരിടത്തരം കൃഷിക്കാരനാണു ഞാൻ. ഇനി, താങ്കളോ?''

''വദ്ധനൻ. പ്രത്യേകിച്ചങ്ങനെ ജോലിയൊന്നും ഇല്ല.''

''ജോലിയില്ലേ!'' വൃദ്ധൻ അത്ഭുതപ്പെട്ടു. ''ഒന്നാന്തരം തടി. എന്നിട്ടൊരു പണിയും ചെയ്യാതെ....! അയ്യയ്യേ! അതു വളരെ മോശം!''

വദ്ധനൻ ചോദിച്ചു: ''എന്തിനാണമ്മാവാ ജോലി! വയറുനിറയാൻ വിഷമംകൂടാതിരുന്നാൽ! —''

''ഹേയ്!'' വൃദ്ധൻ ഇടയിൽ ചാടിക്കയറി: ''ആഴ് ഹാ! വയറുനിറയ്ക്കാൻ മാത്രമാണോ നമ്മളൊക്കെ ജീവിക്കുന്നതു്!''

വദ്ധനൻ ഒന്നും മിണ്ടിയില്ല.

വൃദ്ധൻ തുടൎന്നു: ''അല്ല കുഞ്ഞേ! അറിയില്ലെങ്കിൽ പറഞ്ഞുതരാം. നല്ല ആരോഗ്യവും നല്ലൊരു മനസ്സും കുഞ്ഞിന്നുണ്ടല്ലൊ. ഒരു ജോലിയും ചെയ്യാതെ ഇങ്ങനെ നടക്കരുതു്. അതു നാടിനോടും ചക്രവൎത്തിയോടും ചെയ്യുന്ന തെററാണു്.''

''അതെങ്ങനെ?'' വദ്ധനൻ ചോദിച്ചു.

''കഴിയുന്ന ജോലിചെയ്തു നാടിനെ സേവിക്കണം. ജോലി ചെയ്യുന്നവരെ മാത്രമേ ചക്രവൎത്തിക്കിഷ്ടമുള്ളു. ഹാ! അദ്ദേഹം എത്ര നല്ലൊരു തിരുമേനി! എനിക്കാണെങ്കിൽ വെറുതെയിരിക്കാൻ ഇഷ്ടമല്ല. ഈ വയസ്സുകാലത്തും കലപ്പപിടിക്കുന്ന കൈയാണിതു്. നോക്കൂ.'' വൃദ്ധൻ കൈ നീട്ടിക്കാണിച്ചു. ''എൻെറ മക്കളേയും വെറുതെയിരിക്കാൻ ഞാൻ സമ്മതിക്കില്ല.''

വൃദ്ധൻ വേലയുടെ മാഹാത്മ്യത്തെപ്പററി ഒരു ചെറിയ പ്രസംഗംതന്നെ നടത്തി. വദ്ധനൻ എല്ലാം മൂളിക്കേട്ടുകൊണ്ടിരുന്നു. അവസാനം അദ്ദേഹം ഉപദേശിച്ചു: ''കുഞ്ഞു് ഒരു കാൎയ്യം ചെയ്യു. ഒന്നും ചെയ്യാനില്ലെങ്കിൽ ഞാനൊരു പണി പറഞ്ഞുതരാം. നീതിമാത്രന്മാരുടെ കൂടെ ചേരൂ.''

''ആരുടെ?'' വദ്ധനന്നു മനസ്സിലായില്ല.

''ഛെ? അതറിഞ്ഞുകൂടേ! നീതിമാത്രന്മാർ!'' ഗുരുവിന്നാശ്ചൎയ്യം തോന്നി. ''കുഞ്ഞു് ഈ നാട്ടിലെങ്ങുമായിരുന്നില്ലേ? അങ്ങനെ ഒരു കൂട്ടരുണ്ടു്. എന്തു നല്ല

ജോലിയാണതു്! വില്പനവസ്തുക്കളെല്ലാം പരിശോധിക്കുക, കച്ചവടക്കാരേയും കൃഷിക്കാരേയും സഹായിക്കുക, അമിതലാഭക്കാരെ ശാസിക്കുക, അളവുകളും തൂക്കങ്ങളും ഇടയ്ക്കിടയ്ക്കു പരിശോധിക്കുക—അങ്ങനെ എന്തു നല്ല കാര്യങ്ങളാണവർ ചെയ്യുന്നതെന്നോ!''

''ആങ്ഹാ! അവരെവിടെയാണു്?'' വർദ്ധനൻ അന്വേഷിച്ചു.

''ഞാൻ കാണിച്ചുതരാം. നാളെ ചന്തയിൽച്ചെന്നാൽ അവിടെ കാണും. കുഞ്ഞു് നല്ലൊരുത്തനാണു്. അവരുടെ കൂടെ ചേർന്നോളൂ. ജോലിയൊന്നും ചെയ്യാതെ തിന്നുനടക്കുന്നതു തെറ്റാണു്. ചക്രവർത്തി അറിഞ്ഞാൽ പൊറുക്കില്ല.''

ഉറക്കംപിടിക്കുന്നതുവരെ വൃദ്ധൻ ആ ചെറുപ്പക്കാരന്നു് ഉപദേശങ്ങൾ നല്കിക്കൊണ്ടിരുന്നു.

പിറേറന്നു രാവിലെ ചന്തയിൽച്ചെന്നു ധാന്യമെല്ലാം കച്ചവടക്കാർക്കു് അവർ വിററു. വർദ്ധനൻ അക്കാര്യത്തിൽ അവർക്കൊരു സഹായമായി. അതിന്നുശേഷം നീതിമാത്രന്മാരിൽ ഒരാളെ സമീപിച്ചു ഗുരു വർദ്ധനന്നു പരിചയപ്പെടുത്തിക്കൊടുത്തു. വർദ്ധനൻ അവരുടെ അവിടുത്തെ പ്രവർത്തനസമ്പ്രദായമെല്ലാം വിസ്തരിച്ചുചോദിച്ചു മനസ്സിലാക്കി. താൻ രണ്ടാഴ്ചകഴിഞ്ഞു കാശിയിൽച്ചെന്നു പർവ്വതകനെ കണ്ടുകൊള്ളാമെന്നു് ഏല്ക്കുകയുംചെയ്തു. ഗുരുവിന്നായിരുന്നു അതിൽ ഏററവുമധികം സന്തോഷം.

ഗുരു പിന്നീടു ചില വസ്ത്രങ്ങളും മററും വാങ്ങി. ചക്രവർത്തിയുടെ ഒരു ചിത്രവുംകൂടി വാങ്ങിയാൽക്കൊള്ളാമെന്നു് അദ്ദേഹത്തിന്നുണ്ടായിരുന്നു. ചിത്രകാരന്മാർ പല വലുപ്പത്തിലും മട്ടിലുമുള്ള ചിത്രങ്ങൾ വില്ക്കുവാൻ കൊണ്ടുവരാറുണ്ടു്. പക്ഷേ, അന്നത്തെ ദിവസം, ആ വൃദ്ധൻെറ നിർഭാഗ്യമെന്നു പറയട്ടെ, ചിത്രകാരന്മാർ വന്നെത്തിക്കഴിഞ്ഞിരുന്നില്ല. ഏതായാലും അടുത്തതവണ വരുമ്പോൾ വാങ്ങാമെന്നു് അദ്ദേഹം തീരുമാനിച്ചു.

വർദ്ധനൻ യാത്ര പറഞ്ഞു. ഇനിയും ഈ വഴിക്കു വരുമ്പോൾ തൻെറ വീട്ടിൽ കയറിയേ പോകാവൂ എന്നു ഗുരു

ക്ഷണിച്ചു. കാശിയിൽച്ചെന്നു പർവ്വതകനെ കാണാൻ മറക്കരുതെന്നു വീണ്ടും ഓർമ്മിപ്പിക്കയും ചെയ്തു.

ഏതാണ്ടു് രണ്ടാഴ്ച കഴിഞ്ഞുകാണും. ഒരുദിവസം പ്രയാഗയ്ക്കടുത്തുള്ള ആ ഗ്രാമത്തിൽ ഒരു രാജപുരുഷൻ പ്രത്യക്ഷപ്പെട്ടു. ഗുരു എന്നൊരാളുടെ വീടാണയാൾക്കറിയേണ്ടിയിരുന്നതു്. വയൽനടുവിലുള്ള വീതിയുള്ള വരമ്പിലൂടെ അയാളുടെ കുതിര നീങ്ങി. വഴിയിൽ ഒരു യുവാവു് അകലെയൊരു വീടു ചൂണ്ടിക്കാണിച്ചുകൊടുത്തു.

വൈക്കോൽ മേഞ്ഞ ഒരു ചെറിയ ഗൃഹം. കുതിരയെ പടിക്കൽ നിറുത്തി ആ ഭടൻ മുററത്തേക്കു ചെന്നു. വൃത്തിയും വെടിപ്പുമുള്ള വരാന്തയിൽ നൂൽപ്പുയന്ത്രത്തിന്നരികെ ഇരുന്ന ഗുരു ആശ്ചര്യത്തോടെ ചോദിച്ചു: ''ആരാണു്? വരൂ, ഇരിക്കാം.''

നികുതി ചോദിക്കാൻ വന്നതായിരിക്കുമോ? ഗുരു ചിന്തിച്ചു. ഹേയ്! ആവാൻ തരമില്ല. താൻ കൃത്യസമയത്തുതന്നെ അടച്ചുകഴിഞ്ഞിരിക്കുന്നല്ലൊ.

ഭടൻ ഉമ്മറത്തുകയറി കൈയിലിരുന്ന നീണ്ടുപരന്ന പൊതിക്കെട്ടു ഗുരുവിനെ ഏല്പിച്ചു. ''ചക്രവർത്തി അശോകവർദ്ധനൻതിരുമേനി തന്നയച്ചതാണു്.''

''ങേ്!'' വൃദ്ധൻ അമ്പരന്നുപോയി! ''ചക്രവർത്തിയോ?''

''അതെ.'' ഭടൻ പറഞ്ഞു. ''താങ്കളാണല്ലൊ ഗുരു?''

''അതെയതെ.'' എന്നു പറഞ്ഞുകൊണ്ടു് വൃദ്ധൻ ആ പൊതി വാങ്ങി അഴിച്ചു. ചക്രവർത്തിയുടെ ഒരു പൂർണ്ണകായചിത്രമായിരുന്നു അതു്. ഗുരുവിന്റെ ആനന്ദം പറഞ്ഞറിയിക്കാൻ വയ്യാത്തതായിരുന്നു.

''ചിത്രം വേണമെന്നു വളരെക്കാലമായി ആശിക്കുന്നു. ചക്രവർത്തി എങ്ങനെ ഇതറിഞ്ഞു?''

''കാശിയിലെ കൊട്ടാരത്തിൽ വന്നപ്പോൾ തിരുമേനി എന്നെ വിളിച്ചു തന്നയച്ചതാണു്.'' ഭടൻ പറഞ്ഞു.

ഗുരു വീണ്ടും ചിത്രത്തിലേക്കു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ അത്യാശ്ചര്യംകൊണ്ടു വിടർന്നു. ചുളിവീണ ആ മുഖത്തു സംഭ്രമവും സന്തോഷവും കളി

യാടി. അതെ, നാലാഴ്ച മുമ്പ് പ്രയാഗയിലേക്കു പോയ പ്പോഠം പരിചയപ്പെട്ട വദ്ധനൻതന്നെയല്ലേ ഇതു്? വൃദ്ധൻ മകനെ വിളിച്ചു ചിത്രം കാണിച്ചു.

''നമ്മുടെ ഭാഗ്യം!'' ആ ചെറുപ്പക്കാരൻ പറഞ്ഞു. ''അതു ചക്രവത്തിതന്നെയായിരുന്നു.''

''അയ്യോ! ഞാനെന്തു മണ്ടനാണു്! അന്നു ഞാനെന്തെല്ലാം പറഞ്ഞു!'' ഗുരു ഭടനോടു് അപേക്ഷിച്ചു: ''തിരുമേനിയോടു് ഈയുള്ളവൻ മാപ്പു ചോദിക്കുന്നുവെന്നു പറയണേ. അന്നു ഞാൻ തിരുമേനിയാണെന്നറിയാതെ കുറെ ശാസിച്ചു. പറയണേ, പ്രത്യേകം പറയണേ! അറിയാതെ പറഞ്ഞുപോയതാണേ!''

വൃദ്ധൻ സംഭവമെല്ലാം വിവരിച്ചുകേഠപ്പിച്ചു. ഭടൻ ചിരിച്ചുകൊണ്ടു പറഞ്ഞു: ''തിരുമേനി തീച്ചയായും മാപ്പു തന്നിരിക്കുന്നു. ഒട്ടും പരിഭ്രമിക്കേണ്ട. അങ്ങയെപ്പോലുള്ളവരെയാണു തിരുമേനിക്കധികം പ്രിയം.''

* * *

നാലു മാസം നീണ്ടുനിന്ന രാജ്യസഞ്ചാരത്തിന്നുശേഷം പാടലീപുത്രത്തിൽ മടങ്ങിയെത്തിയ ചക്രവത്തിയെ ആനന്ദകരമായ ഒരു വാത്തയാണെതിരേററതു്. തനിക്കൊരു കുമാരൻ പിറന്നിരിക്കുന്നു! പട്ടണം മുഴുവനും ആ മംഗളാഘോഷത്തിൽ മുഴുകിയിരിക്കയാണു്. അന്തഃപ്പുരത്തിലെ അലങ്കൃതമായ മണിയറയിൽ, അമ്മയുടെ അരികിൽ കൈകാൽ കുടഞ്ഞു കളിക്കുന്ന ആ തങ്കക്കുടത്തേയും ലജ്ജാവിവശയായി മഞ്ഞളും മംഗലസൂത്രങ്ങളുമണിഞ്ഞു കിടന്ന വേദയേയും മാറിമാറി നോക്കി അശോകൻ മന്ത്രിച്ചു: ''എൻെറ വേദേ! ഇന്നു ഞാൻ തികച്ചും ഭാഗ്യവാനായി!''

## പന്ത്രണ്ടു്

പ്രകാശ് രാമപൂവ്വത്തിൽ വന്നിട്ടു കൊല്ലം അഞ്ചോളമായി. ഇനിയും പാടലീപുത്രത്തിലേക്കു മടങ്ങാനുള്ള സംരംഭമൊന്നും കണ്ടില്ല. 'എപ്പോഴും പ്രകൃതിസൗന്ദര്യമാസ്വ

ദിച്ചും തത്ത്വചിന്തകളിൽ മുഴകിയും കഴിച്ചുകൂട്ടുകയാണദ്ദേഹം. രുദ്രദേവനോടല്ലാതെ മററാരോടും അധികമൊന്നും സംസാരിക്കാറുമില്ല. അവിടത്തെ നീലക്കാടുകളും മലനിരകളും പൊട്ടിച്ചിരിച്ചു പുളഞ്ഞൊഴുകുന്ന കാട്ടാറുകളും നിറഞ്ഞ വനപ്രകൃതി ഒരു കാമുകിയെപ്പോലെ പ്രകാശിൻെറ അന്തരാത്മാവിൽ നവാനുഭൂതികറം വിരിയിച്ചു.

സംഭാഷണങ്ങറംക്കിടയിൽ രുദ്രദേവൻ പലതവണ പാടലീപുത്രത്തെക്കുറിച്ചോൎമ്മിപ്പിക്കയുണ്ടായി. പക്ഷേ, പ്രകാശിന്നു നഗരത്തേയും കൊട്ടാരജീവിതത്തേയുംകുറിച്ചു സംസാരിക്കുവാനേ താൽപര്യമില്ലായിരുന്നു. താൻ ഇനിയുള്ള ജീവിതം രാമപൂൎവ്വത്തിൽത്തന്നെ കഴിച്ചുകൂട്ടുവാനാണുദ്ദേശിക്കുന്നതെന്നു രണ്ടു പ്രാവശ്യം അദ്ദേഹം തുറന്നുപറയുകയുംചെയ്തു.

പ്രകാശിനോടു തക്കിച്ചിട്ടു ഫലമില്ല. അതിനാൽ രുദ്രദേവൻ പിന്നീടൊന്നും പറഞ്ഞില്ല. തികച്ചും അസാധാരണമായ ആ മനോഭാവത്തിന്നു് എന്തു കാരണമെന്നു് എത്ര ചിന്തിച്ചിട്ടും രാജാവിനോ മന്ത്രിമാൎക്കോ പിടികിട്ടിയതുമില്ല.

രുദ്രദേവൻ പ്രകാശിൻെറ ഇംഗിതം അമാത്യ മൂലദേവനേയും കോസലം, ഗാന്ധാരം, തക്ഷശില, ലളിതപത്തനം എന്നീ രാജ്യങ്ങളിലെ രാജാക്കന്മാരേയും അറിയിച്ചു. അശോകൻ ഇപ്പോറം ഭരിക്കുന്നതു് പ്രകാശിന്നു പകരമെന്ന നിലയ്ക്കാണു്. പ്രകാശ് ചക്രവൎത്തിപദം ഏറെറടുക്കുവാൻ മടങ്ങിച്ചെല്ലുമെന്നായിരുന്നു പരക്കെ ധാരണ. അവ്യവസ്ഥിതമായ ആ പരിതഃസ്ഥിതി ഇനിയും എത്രകാലം നിലനിൽക്കണം? പ്രകാശ് മടങ്ങുകയില്ലെന്നും ചക്രവൎത്തിസ്ഥാനം സ്വീകരിക്കയില്ലെന്നും തീൎച്ചയാക്കിക്കഴിഞ്ഞു. അതുകൊണ്ടു ഭാവിപരിപാടികറം എങ്ങനെ വേണമെന്നു് ആലോചിക്കുവാൻ രുദ്രദേവൻ അമാത്യന്നു പ്രത്യേകം എഴുതുകയുംചെയ്തു.

മൂലദേവൻ സേനാപതിമാരും രാജാക്കന്മാരും മഹാന്യായാധിപനുമായി ദീൎഘമായ ആലോചനനടത്തി. അവസാനം അവർ അശോകവൎദ്ധനനെ സമീപിച്ചു.

''രുദ്രദേവൻ ധൃതിപിടിക്കയാണു്.'' അശോകൻ പറഞ്ഞു. ''ജ്യേഷ്ഠൻെറ മനസ്സു് അദ്ദേഹമെങ്ങനെ അറിഞ്ഞു? കഴിഞ്ഞതവണ കണ്ടപ്പോഴും പ്രകാശ് എന്നോടൊന്നും സൂചിപ്പിച്ചില്ലല്ലോ.''

''പ്രകാശ്‌രാജകുമാരൻ തീൎച്ചപറഞ്ഞുവെന്നാണു് രുദ്രദേവൻ അറിയിക്കുന്നതു്. പലതവണ പറഞ്ഞിട്ടും ഉത്തരം അതുമാത്രമായിരുന്നു.''

മൂലദേവൻ തുടൎന്നു:

''ഏതായാലും ഇനിയും വ്യവസ്ഥപ്പെടാത്ത ഈ സ്ഥിതി തുടരുന്നതു ശരിയല്ല. കിരീടധാരണം വിധിപോലെ നടത്തണം. മഹാസിംഹാസനത്തിൽ ചക്രവൎത്തിയെ അഭിഷേചിച്ചിരുത്തുകയും വേണം.''

അശോകൻ ചിന്താമഗ്നനായി. ജ്യേഷ്ഠന്നെന്തു സംഭവിച്ചു എന്നദ്ദേഹം അത്ഭുതപ്പെട്ടു. താൻതന്നെ ഒരിക്കൽക്കൂടി അദ്ദേഹത്തെച്ചെന്നു കണ്ടു നിൎബ്ബന്ധിച്ചാലെന്താണു്? മൂലദേവൻ പറയുന്നതു തികച്ചും ശരിതന്നെ. ചക്രവൎത്തിപദത്തെ സംബന്ധിച്ചിടത്തോളം വ്യവസ്ഥയില്ലാത്ത ഒരു മട്ടാണിന്നുള്ളതു്. മൗൎയ്യവംശത്തിന്നു ചേൎന്നതല്ലതു്.

അടുത്തനാഠംതന്നെ അശോകൻ രാമപൂൎവ്വത്തിലേക്കു പുറപ്പെട്ടു. രുദ്രദേവനുമായി ഏറെനേരം ചൎച്ചചെയ്തതിന്നുശേഷമാണു് അദ്ദേഹം ജ്യേഷ്ഠനെക്കാണുവാൻ ചെന്നതു്. പ്രകാശ് തികച്ചും ഉല്ലാസവാനായിരുന്നു. അപ്രതീക്ഷിതമായ ആ സന്ദർശനത്തിന്നു കാരണമെന്തെന്നു് അദ്ദേഹം പ്രിയദൎശിയോടന്വേഷിച്ചു.

''ജ്യേഷ്ഠാ! അഞ്ചുകൊല്ലമായല്ലോ ഞാൻ അങ്ങേക്കുവേണ്ടി ഭരിക്കുന്നു. ഇനിയെങ്കിലും പാടലീപുത്രത്തിലേക്കു മടങ്ങിവരൂ. സിംഹാസനം സ്വീകരിക്കൂ. അങ്ങയെ കൂട്ടിക്കൊണ്ടുപോകാനാണു ഞാൻ വന്നതു്.''

പ്രകാശ് പുഞ്ചിരിച്ചുകൊണ്ടു രണ്ടു കൈകളും പ്രിയദൎശിയുടെ തോളിൽവെച്ചു പതുക്കെ ചോദിച്ചു: ''പ്രിയദൎശീ! എൻെറ പ്രിയപ്പെട്ട സഹോദരാ! എനിക്കുവേണ്ടി ഒരു കാര്യം ചെയ്യുമോ?''

അശോകൻ അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കി.

''സിംഹാസനം നിനക്കുള്ളതാണ്.'' പ്രകാശ് മന്ത്രിച്ചു. ''ഞാൻ ഈ രാമപൂർവ്വത്തിൽ ഇങ്ങനെ ജീവിക്കുവാനാണിഷ്ടപ്പെടുന്നതു്.''

അശോകൻ മൂകനായി. തർക്കിച്ചിട്ടൊരു നേട്ടവുമില്ല.

''നാളെത്തന്നെ മടങ്ങിപ്പോയി കിരീടധാരണമാഘോഷിക്കണം.'' പ്രകാശ് അനുജനെ ആശ്ലേഷിച്ച് ആശിസ്സുകൾ നൽകി.

കിരീടധാരണമഹോത്സവം വിധിപോലെ ആഘോഷിക്കുവാനുള്ള അനുവാദം മൂലദേവനു ലഭിച്ചു. അദ്ദേഹം മഹാസേനാപതിയും മററു മന്ത്രിമാരും ജ്യോതിഷികളുമായാലോചിച്ചു ദിവസം നിശ്ചയിച്ചു. സാമ്രാജ്യത്തിനകത്തും അന്യരാജ്യങ്ങളിലുമുള്ള രാജാക്കന്മാർക്കു സന്ദേശങ്ങളും ക്ഷണപത്രങ്ങളുമായി ദൂതന്മാരെ അയച്ചു. തെക്കു് ചോളം, പാണ്ഡ്യം, കേരളം, കിഴക്കു കലിംഗം, വടക്കു കപിനം, കടലിന്നപ്പുറത്തു സുവർണ്ണഭൂമി എന്നിവയായിരുന്നു അന്യരാജ്യങ്ങൾ. കാര്യാലോചനയ്ക്കായി രുദ്രദേവനേയും, ശ്രാവസ്തിയിലേയും ബുദ്ധഗയയിലേയും ന്യായാധിപതികളേയും അമാത്യ മൂലദേവൻ പ്രത്യേകം ക്ഷണിച്ചുവരുത്തി. അവർ സുപ്രധാനപ്രശ്നങ്ങൾ ചക്രവർത്തിയുമായും ചർച്ചചെയ്തു.

അശോകൻ അവസാനം പറഞ്ഞു: ''ഏതായാലും കിരീടധാരണാഘോഷം ഏററവും ലളിതമായ രീതിയിൽ നടത്തിയാൽ മതി. ഒരൊററദിവസംകൊണ്ടെല്ലാം കഴിയണം. അതിഥികൾക്കുവേണ്ടി എന്തൗദാര്യം വേണമെങ്കിലും ചെയ്തുകൊള്ളുക. അതെല്ലാം നിങ്ങളുടെ ഇഷ്ടം പോലെ.''

ചക്രവർത്തിയുടെ ഇഷ്ടംതന്നെയായിരുന്നു മൂലദേവന്റേയും മന്ത്രിമാരുടേയുമെല്ലാം ഇഷ്ടം. ഏററവും ലളിതമായ രീതിയിൽ, മാതൃകാപരമായ മട്ടിൽ, പ്രധാനാഘോഷം നടത്തുവാൻ തീർച്ചപ്പെടുത്തി.

മംഗലദിനം അടുത്തടുത്തുവന്നു. അതിഥികൾ പ്രവഹിക്കുവാൻ തുടങ്ങി. സാമന്തരാജാക്കന്മാർ പരിവാരങ്ങളോടുകൂടി എത്തിച്ചേർന്നു. ചോളം തുടങ്ങിയ അന്യരാജ്യങ്ങളിൽനിന്നു രാജാക്കന്മാരുടെ പ്രതിപുരുഷന്മാർ പലവിധ

വിശിഷ്ടോപഹാരങ്ങളും ആശംസാസന്ദേശങ്ങളുമായി വ ന്നണഞ്ഞു. അവക്കെല്ലാം താമസിക്കുവാനും വിനോദത്തി നും പ്രത്യേകം ഏപ്പാടുകൾ ചെയ്തിരുന്നു.

പ്രധാനാഘോഷം ഏററവും ലളിതമായിരുന്നു. മഹാ സഭാമന്ദിരം അനാർഭാടസുന്ദരമായി അലങ്കരിക്കപ്പെട്ടു. ശാലയുടെ അററത്തുള്ള വേദിയിൽ മൗര്യചക്രവത്തിയുടെ മഹാസിംഹാസനം വെൺകൊററക്കുടയ്ക്കു കീഴിൽ മിന്നി. അതിന്നരികിൽ അതിമനോഹരമായ കൊത്തുവേലകളോ ടുകൂടിയ മറെറാരാസനവുമിട്ടിരുന്നു. വേദിയുടെ മുന്നിൽ ഉയന്ന പിച്ചളവിളക്കുകൾ പ്രകാശിച്ചു. പുരോഹിതന്മാ രുടെ പീഠങ്ങൾ അവയ്ക്കരികിലായിരുന്നു.

ശംഖനാദവും വാദ്യഘോഷങ്ങളും മുഴങ്ങി. ശാല യിൽ നിരന്നിരുന്ന രാജാക്കന്മാരുടേയും രാജപുരുഷന്മാരു ടേയും നാഗരികരുടേയും കണ്ഠങ്ങളിൽനിന്നു ജയശബ്ദം ഉയ ന്നു മാറെറാലിക്കൊണ്ടു. അശോകവദ്ധനൻ വേദസാഗരി യോടുകൂടി വേദിയിലേക്കു പ്രവേശിച്ചു. അദ്ദേഹം മഹാ സിംഹാസനത്തിലും വേദസാഗരി അരികെയുള്ള ആസ നത്തിലും ഉപവിഷ്ടരായി. സദസ്സ് നിശ്ശബ്ദമായിത്തീന്നു.

രുദ്രദേവൻ എഴുന്നേററു വേദിയുടെ സമീപത്തു ചെന്നു. കൈയിലിരുന്ന ചുരുൾത്തകിടു നിവത്തി അദ്ദേഹം വാ യിച്ചു:

''ഈശ്വരൻ നമ്മുടെ സാക്ഷിയും നിയന്താവുമാണ്. രാജരാജൻെറ സേവകരും പ്രജകളുമായ നാം അന്തരിച്ച ന മ്മുടെ മഹാരാജാവായ ബിന്ദുസാരമൗര്യൻെറ പുത്രൻ അ ശോകവദ്ധനരാജകുമാരനെ നമ്മുടെ ചക്രവത്തിയായി സ്വീകരിക്കുന്നു. ഈശ്വരൻ നമ്മുടെ സാക്ഷിയും നിയന്താ വുമത്രെ.''

ആ ചുരുൾ അശോകവദ്ധനൻെറ പാദപീഠത്തിന്നരി കിൽ സമപ്പിച്ച് രുദ്രദേവൻ സ്വസ്ഥാനത്തേക്കു മടങ്ങി. കാശി ആശ്രമാദ്ധ്യക്ഷനായ പവ്വതകനും മഹാപുരോഹിത നും മുന്നോട്ടു വന്നു. ആ സമയത്തു മന്ത്രോച്ചാരണങ്ങൾ മുഴ ങ്ങി. അവർ രത്നനിമ്മിതമായ മഹാരാജകിരീടമെടുത്ത് അശോകൻെറ ശിരസ്സിലണിയിച്ചു. മറെറാരു ചെറിയ

കിരീടം വേദസാഗരിയുടെ ശിരസ്സിലും ചേൎത്തു. മംഗല വാദ്യങ്ങളും ശംഖനാദവും മുഴങ്ങി. സദസ്സിൽനിന്നു ജയ ശബ്ദങ്ങളുയൎന്നു.

മഹാന്യായാധിപൻ വേദിക്കു സമീപം വന്നു. വെള്ളി കെട്ടിയ മുടിയും ഉയൎന്ന നെററിയും നീണ്ട നാസികയുമുള്ള ഒരാജാനുബാഹുവാണു് അദ്ദേഹം. രാജസദസ്സുകളിൽ മൂല ദേവനോടൊപ്പം സമ്മാന്യമായ ഒരു സ്ഥാനമായിരുന്നു അ ദ്ദേഹത്തിന്നുണ്ടായിരുന്നതു്. സദസ്സിൻേറയും സാമ്രാജ്യ ത്തിലെ പ്രജാലക്ഷങ്ങളുടേയും പ്രതിനിധി എന്ന നില യിൽ അദ്ദേഹം ചക്രവൎത്തിയെ അഭിവാദനം ചെയ്തുകൊ ണ്ടു് അറിയിച്ചു: ''മഹാപ്രഭോ! അവിടുന്നു് ദേവാനാം പ്രിയഃ എന്ന ബിരുദനാമത്താലറിയപ്പെടട്ടെ എന്നു് ഈ യുള്ളവരാഗ്രഹിക്കുന്നു. രാജമാന്യ ദേവാനാം പ്രിയഃ പ്രിയ ദൎശി അശോകവൎദ്ധനമഹാരാജു് വിജയിക്കട്ടെ!''

സദസ്സു് ജയജയഘോഷങ്ങൾ മുഴക്കി. ന്യായാധി പൻ വീണ്ടുമുദ്ഘോഷിച്ചു:

''മഹാരാജ്ഞി വേദസാഗരിത്തമ്പുരാട്ടി വിജയി ക്കട്ടെ!''

സദസ്സിൽ വീണ്ടും ജയഘോഷങ്ങളുയൎന്നു.

* * *

അടുത്തദിവസം മന്ത്രമണ്ഡപത്തിൽ ചക്രവൎത്തിയും അമാത്യന്മാരും മഹാസേനാപതിയും സമ്മേളിച്ചു. കഴി ഞ്ഞ അഞ്ചുകൊല്ലത്തെ ഭരണരീതിയെ മൂലദേവൻ പുനര വലോകനം ചെയ്തു. കാശി ആശ്രമാദ്ധ്യക്ഷന്നു കീഴിൽ പുതുതായി രൂപീകരിക്കപ്പെട്ട നീതിമാത്രസംഘം വളരെ നല്ലകാര്യങ്ങൾ ചെയ്തുകഴിഞ്ഞിരുന്നു. അമാത്യന്മാർ പ്രതീ ക്ഷിച്ചതിലുമേറെ പുരോഗതി കൈവരുന്നുണ്ടു്. നാലുമാസ ക്കാലത്തോളം സാമ്രാജ്യത്തിൽ പലയിടത്തും സഞ്ചരി ച്ചതിന്നിടയ്ക്കു് ജനതയെക്കുറിച്ചു പലതും പഠിക്കുവാൻ ക ഴിഞ്ഞിട്ടുണ്ടെന്നു ചക്രവൎത്തി വ്യക്തമാക്കി. നീതിമാത്ര ന്മാരുടെ പ്രവൎത്തനം തൃപ്തികരമായിത്തന്നെ അദ്ദേഹത്തി നും അനുഭവപ്പെടുകയുണ്ടായി.

''പക്ഷേ,'' മാന്യ മഹാസേനൻ പറഞ്ഞു: ''നീതി

മാത്രന്മാരുടെ എണ്ണം വളരെ കുറവാണു്. കുറെപ്പേരെക്കൂടി പ്രത്യേക പരിശീലനം നല്കി തയ്യാറാക്കേണ്ടതുണ്ടു്.''

''മററു് ആശ്രമങ്ങളിലും പരിശീലനകേന്ദ്രങ്ങരം തുടങ്ങുവാൻ ഏപ്പാടചെയ്യു.'' ചക്രവത്തി ആ ഭാരം മഹാസേനനെ ഏല്പിച്ചു.

സാമാനങ്ങരം ദൂരദേശങ്ങളിലെത്തിക്കുവാൻ പട്ടാളവണ്ടികരം ഉപയോഗപ്പെടുത്തിവരുന്നതായി മഹാസേനാപതി അറിയിച്ചു. അദ്ദേഹം തുടന്നു: ''സേനാപതിമാരുടെ സമ്മേളനം ഇടയ്ക്കിടയ്ക്കു് വിളിച്ചുകൂട്ടാറും ഉണ്ടു്. അവക്കു വേണ്ടുന്ന നിർദ്ദേശങ്ങരം നല്കിവരികയാണു്.''

നിയമസംഹിതകളെക്കുറിച്ചായിരുന്നു പിന്നീടു പ്രധാനമായും ചർച്ചകരം നടന്നതു്. ചക്രവത്തി രണ്ടു നിർദ്ദേശങ്ങരം നല്കി---നിയമാവലി ഒന്നുകൂടി പരിശോധിച്ചു പരിഷ്കരിക്കണം. പ്രജകളിൽനിന്നു രാജഭോഗം പിരിച്ചെടുക്കുന്നതിനെസ്സംബന്ധിച്ചു രാജ്യത്തിലുടനീളം ഏകീകൃതമായ ഒരു പദ്ധതിയും വേണം. അടുത്ത ഒരു സമ്മേളനത്തിൽ അക്കാര്യങ്ങളെക്കുറിച്ചു വിശദമായി പര്യാലോചിക്കാമെന്നു തീർച്ചപ്പെടുത്തി.

അടുത്ത ആഴ്ചയിൽ നടന്ന സമ്മേളനത്തിൽ ചോളം പാണ്ഡ്യം തുടങ്ങിയ അയൽരാജ്യങ്ങളിലെ പ്രതിപുരുഷന്മാരേയും ക്ഷണിച്ചിരുന്നു. അന്യരാജ്യങ്ങളുമായി കൂടുതൽ ഗാഢമായ ബന്ധം സ്ഥാപിക്കുവാൻ ചക്രവത്തിക്കാഗ്രഹമുണ്ടെന്നു മൂലദേവൻ വിശദമാക്കി. വിദേശബന്ധങ്ങരം കൈകാര്യംചെയ്യുന്നതിനു് പുതിയ ഒരമാത്യനെത്തന്നെ നിയമിച്ചാൽ കൊള്ളാമെന്നായിരുന്നു മൂലദേവന്റെ അഭിപ്രായം. അക്കാര്യത്തെക്കുറിച്ചു ചച്ചചെയ്യുവാൻ ചോളരാജ്യത്തിലേക്കൊരു പ്രതിപുരുഷനെ അയയ്ക്കണമെന്നു ചോളപ്രതിനിധി അഭ്യത്ഥിച്ചു. ചക്രവത്തിക്കതു സ്വീകാര്യമായി. പാണ്ഡ്യം, കലിംഗം, സുവർണ്ണഭൂമി, കേരളം എന്നീ രാജ്യങ്ങളിലേക്കും പ്രതിപുരുഷന്മാരെ അയയ്ക്കുവാൻ അദ്ദേഹം തീർച്ചയാക്കി. ആ സംരംഭം അയൽരാജാക്കന്മാക്കു തികച്ചും സ്വാഗതാഹ്മാകുമെന്നായിരുന്നു പാണ്ഡ്യപ്രതിനിധിയുടെ അഭിപ്രായം.

ചക്രവത്തി പറഞ്ഞു: ''കടലിന്നപ്പുറത്തുള്ള രാജ്യങ്ങളുമായും ബന്ധം സ്ഥാപിക്കണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്. ആന്ധ്രയ്ക്കു കൂടുതൽ കപ്പലുകൾ തരുവാൻ കഴിയുമെങ്കിൽ നമുക്കതു സാധിക്കും.''

ആന്ധ്രാധിപനുമായി ഇക്കാര്യത്തെക്കുറിച്ചാലോചിക്കുവാൻ അമാത്യ വാസുദേവനെ മൂലദേവൻ ഭരമേല്പിച്ചു. ദക്ഷിണാപഥത്തിൽ ധാരാളം നൗകാശില്പികളുള്ളതുകൊണ്ടു് ആ പദ്ധതി വിജയിക്കുമെന്നുതന്നെയായിരുന്നു അമാത്യന്മാരുടെ വിശ്വാസം. നിയമസംഹിതകൾ പുനഃപരിശോധിക്കുന്നതിനു് മഹാന്യായാധിപനും രുദ്രദേവനും ശ്രാവസ്തിയിലെ ന്യായാധിപനുമാണു് നിയുക്തരായതു്.

* * *

കലിംഗരാജാവായ ശുദ്ധധമ്മന്റെ തലസ്ഥാനം വഞ്ചിമനഗരമായിരുന്നു. രാജാവിന്നു വയസ്സറുപതോളമായെങ്കിലും, ഒരു യുവാവിന്റെ പ്രസരിപ്പും പ്രസന്നതയുമാണദ്ദേഹത്തിന്നുള്ളതു്. തിളങ്ങുന്ന കണ്ണുകളും നീണ്ടു വളഞ്ഞ കൊമ്പൻമീശയുമാന്ന ആ മുഖം ആജ്ഞാശക്തിയുടെ നിദശ്നംപോലെ തോന്നും. വളരെക്കുറച്ചുമാത്രമേ അദ്ദേഹം സംസാരിക്കൂ. തികഞ്ഞ അച്ചടക്കത്തോടും അനുസരണയോടുംകൂടി ആ വാക്കുകൾ കേൾക്കുവാൻ തെയ്യാറില്ലാത്തവരെ അദ്ദേഹം നാട്ടിൽ വെച്ചുപൊറുപ്പിക്കാറുമില്ല. മന്ത്രിമാരുടെ ഉപദേശങ്ങളേക്കാൾ സ്വന്തം അഭിപ്രായങ്ങളെയാണു് ശുദ്ധധമ്മൻ മാനിച്ചിരുന്നതു്. പ്രധാനാമാത്യനായ കുമാരദത്തനുപോലും അദ്ദേഹത്തിന്റെ സദസ്സിൽ വലിയ പ്രാമുഖ്യമൊന്നും ഉണ്ടായിരുന്നില്ല.

കലിംഗം ഒരു കാഷികരാജ്യമാണു്. പേരെടുത്തു പറയാവുന്ന ഒരുവ്യവസായവുമവിടെയില്ല. എങ്കിലും പ്രജകൾക്കു് ഒരു നിലയ്ക്കും വിഷമതകളില്ലാതെ ഭരണംനടത്തുവാൻ ശുദ്ധധമ്മന്നു കഴിഞ്ഞു.

പന്ത്രണ്ടു വഷമായി ശുദ്ധധമ്മൻ സിംഹാസനസ്ഥനായിട്ടു്. അന്നുമുതൽ ഇന്നോളം രാജ്യം ക്രമത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കയാണു്. പക്ഷേ, അദ്ദേഹത്തി

ൻെറ മനസ്സിന്നൊരിക്കലും സ്വസ്ഥതയുണ്ടായിരുന്നില്ല. മൗര്യസാമ്രാജ്യത്തിൻെറ വിസ്തൃതിയും അവിടത്തെ സേനാശക്തിയും ശുദ്ധധമ്മനെ അലട്ടിക്കൊണ്ടിരുന്നു. തിന്നു മദിച്ചിരിക്കുന്ന ആ സൈന്യം എന്നെങ്കിലുമൊരുദിവസം കലിംഗത്തിലേക്കു പുറപ്പെട്ടുമെന്നുതന്നെ അദ്ദേഹം പ്രതീക്ഷിച്ചു.

പാടലീപുത്രത്തിൽനിന്നു്, കിരീടധാരണമഹോത്സവം കഴിഞ്ഞു തിരിച്ചെത്തിയ അമാത്യ കൃഷ്ണദാസനോടു് ശുദ്ധധമ്മൻ അന്വേഷിച്ചു:

''താങ്കൾ അമാത്യ മൂലദേവനെ കണ്ടുവോ? കലിംഗത്തെക്കുറിച്ചു് അദ്ദേഹം എന്തുപറഞ്ഞു?''

''നമ്മോടു വളരെ അനുഭാവം അദ്ദേഹത്തിന്നുണ്ടു്.'' കൃഷ്ണദാസൻ അറിയിച്ചു. ''തിരുമേനിയുടെ ആരോഗ്യത്തെക്കുറിച്ചും പ്രജകളുടെ ക്ഷേമത്തെക്കുറിച്ചും ചക്രവത്തിയും അന്വേഷിക്കയുണ്ടായി.''

''സേനാപതിമാരുടെ ഒരു വലിയ സൈന്യംതന്നെയുണ്ടല്ലൊ അവിടെ. അവരെന്തുപറയുന്നു?''

''രണ്ടുപേരോടു മാത്രമേ ഞാൻ സംസാരിച്ചുള്ളു. സൈന്യങ്ങൾക്കീയിടെ ഒന്നും ചെയ്യാനില്ലെന്നാണറിഞ്ഞതു്.''

''അശോകവദ്ധനൻ അവരോടെല്ലാം അഭിപ്രായം ചോദിക്കാതെ ഒന്നും ചെയ്യാറില്ലെന്നാണല്ലോ കേട്ടതു്.''

''സേനാപതിമാരുടെ സമ്മേളനം ഇടയ്ക്കിടയ്ക്കു കൂടാറുണ്ടെന്നറിഞ്ഞു.''

''ആ! അതുതന്നെയാണു് ഞാനും പറഞ്ഞതു്. സേനാപതിമാരോടു് അഭിപ്രായം ചോദിക്കുന്നു! എന്തൊരു വിഡ്ഢിത്തമാണതു്! തിന്നു കുററംകുത്തുന്ന സൈന്യത്തെ ഒരുദിവസം അവർ അതിത്തിയിലേക്കു നയിക്കും. നമ്മുടെ രാജ്യം അഭിവൃദ്ധിപ്പെടുന്നുണ്ടെന്നവക്കറിയാം. കൃഷിയെങ്ങനെ, പ്രജകളെങ്ങനെ, എൻെറ ആരോഗ്യമെങ്ങനെ എന്നെല്ലാം ചോദിച്ചതു് സ്നേഹംകൊണ്ടാണെന്നു കരുതിയോ?''

കൃഷ്ണദാസൻ മൂകനായി. അല്പം കഴിഞ്ഞു് അദ്ദേഹം അറിയിച്ചു: ''അയൽരാജ്യങ്ങളിലേക്കു പ്രതിപുരുഷന്മാരെ അയയ്ക്കാൻ അവരുദ്ദേശിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തിലേക്കുമയയ്ക്കും.''

''എന്തിനു്?''

''കൂടുതൽ ദൃഢമായ ബന്ധം സ്ഥാപിക്കാനാണത്രെ.''

''താങ്കളതിനെക്കുറിച്ചു് ആലോചിച്ചുനോക്കിയോ?'' ശുദ്ധധർമ്മൻ അല്പമൊന്നു നിർത്തി തുടൎന്നു: ''പാണ്ഡ്യനും ചോളനും ബുദ്ധിയില്ലാത്തവരാണു്. അവരതു സ്വീകരിച്ചേക്കും. പക്ഷേ, നമ്മൾ ഒന്നുമാലോചിക്കാതെ ആ പദ്ധതികളൊന്നും സ്വാഗതംചെയ്തുകൂടാ.''

''അത്രയൊക്കെ ദുരുദ്ദേശമുണ്ടോ?'' കൃഷ്ണദാസൻ സംശയിച്ചു. ''അവിടെ കൂടിയിരുന്ന മററു പ്രതിപുരുഷന്മാരെല്ലാം അതു സ്വാഗതംചെയ്യുകയാണുണ്ടായതു്.''

''താങ്കളെന്തു പറഞ്ഞു?''

''ഞാനൊന്നും വ്യക്തമായിപ്പറഞ്ഞില്ല.''

''അവർ സൂത്രശാലികളാണു്.'' ശുദ്ധധർമ്മൻ പറഞ്ഞു. ''ആക്രമിക്കാൻ നല്ല അവസരം കണ്ടുപിടിക്കാനായിരിക്കണം പ്രതിപുരുഷന്റെ വരവു്!''

''നമ്മുടെ പ്രതിനിധിയെ അങ്ങോട്ടും അയയ്ക്കാമല്ലൊ. വല്ല സംശയവും തോന്നിയാൽ നമുക്കു മുൻകൂട്ടി വിവരമറിയുകയും ചെയ്യാം.''

ശുദ്ധധർമ്മൻ ചിന്തയിലാണ്ടു. അങ്ങോട്ടു പ്രതിനിധിയെ അയയ്ക്കുന്നതു നല്ലതുതന്നെ. എങ്കിലും ആകപ്പാടെ കാര്യങ്ങൾ കുഴപ്പത്തിലാവാനാണു സാദ്ധ്യത.

''വീതാശോകൻ ചക്രവർത്തിയാവാഞ്ഞതു് എന്താണു്?'' രാജാവു ചോദിച്ചു. ''അദ്ദേഹമല്ലേ ബിന്ദുസാരന്റെ മൂത്ത മകൻ?''

''അദ്ദേഹത്തിന്നു സിംഹാസനം വേണ്ടെന്നു പറഞ്ഞതായി കേട്ടു. അദ്ദേഹം അവിടെയില്ല. രാമപൂർവ്വത്തിലാണു്.''

''വേണ്ടെന്നു പറഞ്ഞതായിക്കേട്ടു!—അല്ലേ? ഇതു

നാമങ്ങു വിശ്വസിക്കണമെന്നായിരിക്കും! അശോകവദ്ധ്നൻ മഹാ സൂത്രശാലിയാണു്!''

അല്പം കഴിഞ്ഞു രാജാവു തുടൻു: ''വീതാശോകനൊരു സാധുവാണു്. യുദ്ധം ചെയ്യുവാനൊന്നും ശേഷിയില്ല. സാമന്തന്മാക്കും മന്ത്രിമാക്കുമെല്ലാം അശോകവദ്ധ്നനെയാണു വേണ്ടതു്. കണ്ടില്ലേ, സേനാപതിമാരുടെ സമ്മേളനം നടത്തുന്നു, പ്രതിപുരുഷന്മാരെ അയയ്ക്കാനുദ്ദേശിക്കുന്നു. എന്തെല്ലാമാണു്! അതൊന്നും എനിക്കത്ര പിടിക്കുന്നില്ല!''

ശുദ്ധധമ്മൻ ചിന്താധീനനായി. അദ്ദേഹം പ്രധാനാമാത്യനെ വിളിച്ചു് അക്കാര്യങ്ങളെക്കുറിച്ചു ദീഘമായ ചച്ചകഠം നടത്തി. ഏതായാലും, പ്രതിപുരുഷന്മാർ വന്നുചേന്നാൽ സ്വീകരിക്കണമെന്നുതന്നെയായിരുന്നു കുമാരദത്തൻെറ ഉറച്ച അഭിപ്രായം. പകരമങ്ങോട്ടും ഒരു പ്രതിനിധിയെ അയയ്ക്കാമല്ലൊ എന്ന ഒരൊററ ഗുണമേ രാജാവതിൽ കണ്ടുള്ളു.

രണ്ടു മാസത്തിനകം മൗര്യപ്രതിപുരുഷൻ വന്നെത്തി. പ്രസന്നമുഖമുള്ള ഒരു ചെറുപ്പക്കാരൻ. രാജാവു് അഹിതമൊന്നും പ്രകടിപ്പിക്കയുണ്ടായില്ല. ഒട്ടും താമസിയാതെ നയകോവിദനായ ഒരാളെ തിരഞ്ഞെടുത്തു് അങ്ങോട്ടും അയയ്ക്കുവാൻ അദ്ദേഹം കല്പിച്ചു. മൗര്യപ്രതിപുരുഷനെ കഴിയുന്നതും രാജസദസ്സുകളിൽ പങ്കെടുപ്പിക്കാതെയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു.

വീണ്ടും രണ്ടു മാസംകൂടി കടന്നുപോയി. ഒരു ദിവസം കുമാരദത്തൻ രാജാവിനോടു പറഞ്ഞു: ''ഇന്നലെ മൗര്യൻെറ പ്രതിപുരുഷനുമായി ഞാൻ സംസാരിക്കയുണ്ടായി. അയാഠം പുതിയൊരു പദ്ധതി കൊണ്ടുവന്നിരിക്കയാണു്.''

''എന്തു പദ്ധതി?'' ശുദ്ധധമ്മൻ നെററിചുളിച്ചു.

''പാടലീപുത്രത്തിൽനിന്നും ഒരുസംഘം ആളുകഠം വന്നിട്ടുണ്ടു്. നീതിമാത്രന്മാരെന്നാണത്രെ അവരുടെ പേരു്. ജനങ്ങഠംക്കിടയിൽ നീതിയും ധമ്മവും പ്രചരിപ്പിക്കയാണത്രെ അവരുടെ ഉദ്ദേശം. അളവുകളും തൂക്കങ്ങളും

പരിശോധിക്കുക, കള്ളത്തരങ്ങളും കരിഞ്ചന്തകളും ഇല്ലാതാക്കാൻ ശ്രമിക്കുക, മതബോധം വദ്ധിപ്പിക്കുക—ഇതൊക്കെയാണവരുടെ ജോലി. നമ്മുടെ രാജ്യത്തിൽ പ്രവത്തിക്കുവാനവർ തെയ്യാറാണു്.''

''കൊള്ളാം!'' ശുദ്ധധമ്മൻ അത്ഥഗർഭമായി ചിരിച്ചു. ''കണ്ടില്ലേ? നമ്മുടെ പ്രജകളെ നന്നാക്കാൻ അവരങ്ങു മിനക്കെട്ടു വന്നിരിക്കയാണു്! ഞാനൊരു ഭോഷനല്ലെന്നവരെ അറിയിക്കൂ. ഇതെല്ലാം നമ്മുടെ ഉള്ളുകള്ളികളറിയാനുള്ള ശ്രമമാണെന്നു വ്യക്തമാണല്ലോ!''

നീതിമാത്രന്മാരുടെ പ്രവത്തനങ്ങൾ പ്രത്യക്ഷത്തിൽ സ്വീകാര്യമായിത്തോന്നുന്നുവെന്നു മന്ത്രിമാരിൽ പലക്കും അഭിപ്രായമുണ്ടായിരുന്നു. രണ്ടുപേർ രാജാവിൻെറ ആശയത്തെ ശക്തിയായി പിൻതാങ്ങി. അവരെ ഉടൻതന്നെ മടക്കിയയയ്ക്കുവാൻ ഉപദേശിച്ചു.

രാജാവു പറഞ്ഞു: ''എന്തു മതബോധമുണ്ടാക്കാനാണവർ ശ്രമിക്കുന്നതു്? നമ്മുടെ പ്രജകളൊന്നും മതമില്ലാത്തവരാണോ? നീതിയും ന്യായവും നടത്താൻ മൗര്യൻെറ ആൾക്കാർ എനിക്കാവശ്യമില്ല. ഉടൻതന്നെ അവരോടു പൊയ്ക്കൊള്ളുവാൻ പറയൂ. ആവശ്യമുണ്ടെങ്കിൽ നാമവരെ വിളിക്കുന്നതാണു്. പോകാൻ മടിക്കയാണെങ്കിൽ പറഞ്ഞയയ്ക്കാനും നമുക്കറിയാം.''

നീതിമാത്രന്മാർ അടുത്ത ദിവസംതന്നെ പാടലീപുത്രത്തിലേക്കു മടങ്ങി. പ്രതിപുരുഷനും അവിടെ ഒന്നും ചെയ്യുവാനുണ്ടായിരുന്നില്ല. അഥവാ അദ്ദേഹത്തെ ഒന്നിനും അനുവദിച്ചിരുന്നില്ല. അതിനാൽ മൂലദേവൻ അദ്ദേഹത്തേയും മടക്കിവിളിച്ചു.

മററു രാജ്യങ്ങളിലാകട്ടെ, അശോകൻെറ പുതിയ പരീക്ഷണം വിജയകരമായിരുന്നു; പ്രത്യേകിച്ചു സുവണ്ണഭൂമിയിൽ. അവിടത്തെ രാജാവിൻെറ പ്രത്യേക ക്ഷണമനുസരിച്ചു മഹാസേനൻതന്നെ അവിടെച്ചെല്ലുകയും നാട്ടുകാരായ കുറെ നീതിമാത്രന്മാരെ പരിശീലനം നല്കി സംഘടിപ്പിക്കയും ചെയ്തു. ചോളപാണ്ഡ്യദേശങ്ങളിലും ചക്ര

വത്തിയുടെ പ്രതിപുരുഷന്മാക്കു് ഹാദ്ദമായ സ്വീകരണം ലഭിച്ചു.

## പതിമൂന്നു്

മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു പ്രിയദശി വിശ്രമിക്കുകയായിരുന്നു. കഴിഞ്ഞ ഏഴെട്ടു വത്സരങ്ങളായി സാമ്രാജ്യത്തിന്നുവേണ്ടി തനിക്കെന്തുചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്നദ്ദേഹം ചിന്തിച്ചുനോക്കി. നീതിമാത്രന്മാരും ന്യായപതികളും തന്ന വിവരങ്ങൾ പ്രോത്സാഹകമാണു്. താൻ തന്നെ മൂന്നുതവണ സഞ്ചരിച്ചു സാമ്രാജ്യത്തിൽ എല്ലായിടത്തും എത്തിയിട്ടുണ്ടു്. സാധാരണക്കാരൻെറ ജീവിതം ശാന്തമായി ഒഴുകുകയാണു്. കുററവാളികളുടെ സംഖ്യ വളരെ കുറഞ്ഞിട്ടുണ്ടു്. അയൽരാജ്യങ്ങളുമായി സ്നേഹബന്ധം വദ്ധിപ്പിക്കുവാൻ കഴിഞ്ഞതിൽ അദ്ദേഹത്തിനു വളരെ സംതൃപ്തി തോന്നി. പക്ഷേ, കലിംഗം!....വളരെ അനുഭാവത്തോടെയാണു് ആ കൊച്ചു രാജ്യത്തെ താൻ കാണുന്നതു്. ശുദ്ധധമ്മൻെറ വ്യക്തിത്വത്തെക്കുറിച്ചു് ബഹുമാനം ഏറെയുണ്ടുതാനും. എന്നാലും, വിദേശബന്ധങ്ങൾക്കുവേണ്ടിയുള്ള തൻെറ ശ്രമങ്ങളെ ആ രാജാവു തെററിദ്ധരിച്ചതുപോലെ തോന്നുന്നു. ആദ്യമേ അയച്ച നീതിമാത്രന്മാരെ അദ്ദേഹം ഉടനെ മടക്കിയയച്ചു. കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലും പ്രതിപുരുഷന്മാരെപ്പോലും അദ്ദേഹം സ്വീകരിക്കയുണ്ടായില്ല. മഹാസേനാപതിയും പവ്വതകനും മറ്റും രണ്ടുകൊല്ലം മുന്നേതന്നെ ആ ധിക്കാരത്തിന്നു വാളുകൊണ്ടു മറുപടി പറയാനുപദേശിച്ചതാണു്. പക്ഷേ, വീണ്ടും വീണ്ടും ശുഭാശംസയോടെ പരീക്ഷണംനടത്തുവാൻതന്നെ താൻ തീരുമാനിച്ചു. തീച്ചയായും ധമ്മം വിജയിക്കുമെന്നു തന്നെയായിരുന്നു തൻെറ വിശ്വാസം. ഒരു രാജാവിൻെറ ബുദ്ധിഹീനതയെച്ചൊല്ലി പാവപ്പെട്ട പ്രജകളുടെ ക്ഷേമത്തെ മുടിക്കുവാൻ ഒരുമ്പെടുകയോ? അതൊരിക്കലും ശരിയല്ല.

ആ ചിന്താധാരയ്ക്കു വിരാമമിട്ടുകൊണ്ടു വേദസാഗരി

മുറിയിലേക്കു കടന്നുവന്നു. അവരുടെ കൈയിൽ ഒരു ലോഹച്ചുരുളുണ്ടായിരുന്നു. പ്രിയദശിയുടെ അരികിലിരുന്നു് വേദ അതു നിവത്തിക്കാണിച്ചു. അതിമനോഹരമായ ഒരു പ്രകൃതിദൃശ്യം. അശോകൻ അതു വാങ്ങി നോക്കി.

''ഇതു് എപ്പോഠം വരച്ചതാണു്?'' അദ്ദേഹമന്വേഷിച്ചു.

''ഞാനല്ല വരച്ചതു്. പ്രഭാവതിയുടെ വകയാണു്. അസ്സലായിരിക്കുന്നു, അല്ലേ?''

ചക്രവത്തി ആശ്ചര്യപ്പെട്ടു. ''ഇത്രയും ഭംഗിയായി വരയ്ക്കുവാൻ അവഠംക്കു കഴിവുണ്ടോ? ഇതുവരെ ഞാനതറിഞ്ഞില്ലല്ലോ?''

ഗ്രാമീണമായ ഒരു പ്രകൃതിദൃശ്യമായിരുന്നില്ല അതു്. തമാലനീലമായ ഒരു വനഭൂമി സായന്തനകാന്തിയിൽ മുങ്ങിനില്ക്കുകയാണു്. കൂടണയുവാൻ വെമ്പുന്ന പക്ഷികഠംക്കും, ഇണയെ നോക്കി കഴുത്തുതിരിച്ചു നില്ക്കുന്ന കലമാനിന്നും ജീവനുണ്ടെന്നു തോന്നും. വേടകഠം ഞാന്ന കൂററൻ വൃക്ഷങ്ങളിൽ ഇലകഠം ഇളങ്കാററുതട്ടി ഇളകുകതന്നെയല്ലേ? ഉദാത്തമായ സൗന്ദര്യം മൃദുലമായ ചായങ്ങളിലൂടെ ആവിഷ്ക്കരിച്ചിരിക്കയാണു്. നോക്കിനോക്കിയിരിക്കെ, രാമപൂവ്വത്തിലെ കാനനഭൂമിയിൽ ചെന്നെത്തിയതുപോലെ ഒരനുഭൂതി അശോകന്നുണ്ടായി.

പൊടുന്നനെ പ്രകാശ് അദ്ദേഹത്തിൻെറ സ്മൃതിപഥത്തിലേക്കു കടന്നുവന്നു. രാമപൂവ്വത്തിലെ കാനനാന്തരങ്ങളിൽ ജീവിതാനന്ദം കണ്ടെത്തിയ സ്വപ്നജീവി! അദ്ദേഹത്തിന്നു് അത്രമേൽ പ്രിയപ്പെട്ട ആ ഭൂവിഭാഗം അശോകന്നും പ്രിയങ്കരമായിത്തീന്നിരുന്നു. എത്രകാലമായി പ്രകാശിനെക്കണ്ടിട്ടു്! മൂന്നുവഷം മുമ്പേ രാജ്യസഞ്ചാരത്തിന്നിടയിലാണു് നാലുനാഠം അദ്ദേഹത്തോടൊത്തു കഴിച്ചുകൂട്ടിയതു്.

അശോകൻ ചോദിച്ചു: ''രാമപൂവ്വമൊന്നു സന്ദശിച്ചാലെന്താണു്?''

വേദസാഗരിയും ആ ചിത്രത്തിലൂടെ രാമപൂവ്വത്തിലെത്തിനില്ക്കുകയായിരുന്നു. വെള്ളിക്കമ്പികഠം നീണ്ട താടിയും ഉയന്ന നെററിയും തേജസ്സുററ കണ്ണുകളുമുള്ള രുദ്ര

ദേവൻെറ രൂപമാണ് അവളുടെ ചിന്തയിൽ തെളിഞ്ഞു നിന്നതു്. എട്ടുകൊല്ലം മുമ്പ് ഉജ്ജയിനിയിൽവെച്ചു താൻ കണ്ട സ്വപ്നത്തെക്കുറിച്ചും വേദ ഓൎത്തുപോയി. കേവലം യാദൃച്ഛികമെങ്കിലും ആ സാദൃശ്യം എന്തോ കാര്യകാരണബന്ധമുള്ളതായിരിക്കുമെന്നു് വേദയുടെ അന്തരംഗം പലപ്പോഴും പറയാറുണ്ടായിരുന്നു. രാമപൂൎവ്വവും അവിടത്തെ രാജാവും അങ്ങനെ വേദസാഗരിയുടെ മനസ്സിൽ നിറംപിടിച്ചുനിന്നു.

''ഞാനും വരുവാനാഗ്രഹിക്കുന്നു.'' വേദ പറഞ്ഞു.

''ശരി. അടുത്ത ആഴ്ചയിൽത്തന്നെ പോകാം. നമ്മുടെ മകനെ ജ്യേഷ്ഠൻ കണ്ടിട്ടില്ലല്ലോ.''

''ശരിയാണ്. അദ്ദേഹത്തിന്നവനെ കാണുവാൻ മോഹമുണ്ടാവും. വല്യച്ഛനെപ്പററി ഞാൻ അവനു പറഞ്ഞു കൊടുത്തിട്ടുണ്ടു്. അവനും വല്യച്ഛൻ എന്നു വരുമെന്നു് ഇടയ്ക്കന്വേഷിക്കുന്നു.''

അല്പംകഴിഞ്ഞു വേദ തുടൎന്നു: ''പ്രഭാവതികൂടി പോന്നുകൊള്ളട്ടെ.''

അശോകൻ സമ്മതിച്ചു. പ്രഭാവതിയുടെ കാര്യം വേദസാഗരി പറയുമെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു.

അശോകൻ വീണ്ടും ചിത്രത്തിലേക്കു നോക്കിക്കൊണ്ടിരുന്നു.

''ഇതെത്ര നന്നായിരിക്കുന്നു!'' അദ്ദേഹം പറഞ്ഞു. ''ഏതായാലും ഇതിനു നല്ലൊരു സമ്മാനം പ്രഭയ്ക്കു കൊടുക്കണം.''

''നല്ലൊരു സമ്മാനം!'' വേദസാഗരി ഒന്നു നിൎത്തി, സാകൂതമായ ഒരു പുഞ്ചിരിയോടെ തുടൎന്നു: ''കൊടുക്കണം.''

അശോകൻ വേദയുടെ മുഖത്തേക്കു നോക്കി. ചെന്തൊണ്ടികൾക്കിടയിലൂടെ മുല്ലമൊട്ടുകൾ വിരിയുന്ന ആ മുഖത്തു് അല്പനേരം അദ്ദേഹത്തിൻെറ കണ്ണുകൾ ഓടിക്കളിച്ചു. എന്തിനാണ് വേദ അൎത്ഥഗൎഭമായി പുഞ്ചിരിക്കുന്നതു്? അദ്ദേഹത്തിന്നു മനസ്സിലായില്ല.

''നീ വല്ല പ്രത്യേകസമ്മാനവും ഉദ്ദേശിച്ചിട്ടുണ്ടോ?'' അദ്ദേഹം ചോദിച്ചു. ''അതോ, കൊട്ടത്തുകഴിഞ്ഞോ?''

''അങ്ങയുടെ അനുവാദംകൂടാതേയോ?''

''ഏതാണാ പ്രത്യേകസമ്മാനം?''

വേദ മറുപടിയായി വിശദമായ ഒരു മന്ദസ്മിതംകൂടി തൂകിയതേയുള്ളു.

ചക്രവർത്തി ഉൽക്കണ്ഠിതനായി. വേദയ്ക്കു് സഹോദരീനിർവ്വിശേഷമായ സ്നേഹമാണു് പ്രഭയെക്കുറിച്ചുള്ളതെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. ''ഏതാണാ വിശിഷ്ടവസ്തു? പറയൂ.''

വേദസാഗരി സ്വരമൊന്നു താഴ്ത്തി, ചോദിച്ചു: ''മഹേന്ദ്രൻെറ പെരുമാററം ശ്രദ്ധിച്ചിട്ടുണ്ടോ?''

അശോകൻ ആലോചിച്ചുനോക്കി. 'ആങ്ഹാ! അങ്ങനെയുണ്ടോ!' എന്നദ്ദേഹത്തിനു തോന്നി. ഈയിടെ മഹേന്ദ്രൻ ഇടയ്ക്കിടയ്ക്കു് വേദയുമായി സംസാരിക്കുന്നതും അമ്മയെക്കാണുവാൻ കൂടക്കൂടെ ചെല്ലുന്നതും അശോകന്നിപ്പോഴാണു മനസ്സിലായതു്. ഒന്നുരണ്ടു തവണ മഹേന്ദ്രൻ എന്തോ പറയുവാൻ ഓങ്ങിയിട്ടു്, പൊടുന്നനെ വേണ്ടെന്നു വെച്ചതും അശോകൻ ഓർമ്മിച്ചു.

പക്ഷേ, ഒന്നുമറിയാത്തമട്ടിൽ അദ്ദേഹമന്വേഷിച്ചു: ''ഉം? മഹേന്ദ്രന്നെന്തുപററി?''

''എല്ലാവക്കും പററുന്നതുതന്നെ!'' വേദ പറഞ്ഞു. ''അങ്ങയെ അറിയിക്കുവാൻ എന്നെ ഏല്പിച്ചിരിക്കയാണു്.''

''എന്തറിയിക്കുവാൻ?'' അശോകൻ ഗൗരവം വിട്ടില്ല.

വേദസാഗരി മൗനമവലംബിച്ചു. അശോകന്നു കാര്യം മനസ്സിലായിട്ടുണ്ടെന്നവൾക്കു ബോദ്ധ്യമുണ്ടു്. പിന്നെ, സാധാരണമട്ടിൽ വെറുമൊരു തമാശയ്ക്കു് ഒന്നുമറിയില്ലെന്നു ഭാവിക്കുകയാണു്!

വേദയുടെ ആ നോട്ടവും ഭാവവും കണ്ടു് അശോകൻ പൊട്ടിച്ചിരിച്ചുപോയി. അദ്ദേഹം ചോദിച്ചു:

''മഹേന്ദ്രന്നു് അത്രമാത്രം താല്പര്യമുണ്ടെങ്കിൽ എന്തേ ഇതുവരെ പറയാഞ്ഞതു്?''

''എന്നോടു് ഈയിടെയാണു പറഞ്ഞതു്.''

''ആട്ടെ, പ്രഭയുടെ അഭിപ്രായമെന്താണു്?''

''ഞാൻ ചോദിച്ചില്ല. അങ്ങയോടു പറഞ്ഞതിന്നു ശേഷമാകട്ടെ എന്നുവെച്ചു. പക്ഷേ, എനിക്കറിയാം.''

''എന്തറിയാം?''

''അറിയേണ്ടതൊക്കെ അറിയാം.'' വേദസാഗരി പറഞ്ഞു. ''ഒരുദിവസം ഞാൻ കണ്ടുപിടിച്ചു!''

''കണ്ടുപിടിച്ചോ!'' അശോകൻ ചിരിച്ചു. ''അതെങ്ങനെ?''

''ഉദ്യാനത്തിലെ വള്ളിക്കുടിലിന്നടുത്തു് പ്രഭ പൂവിറുക്കുമ്പോൾ ഞാൻ മണിഭൂമിയിൽ നില്പുണ്ടായിരുന്നു. അപ്പോൾ പൊടുന്നനെ മഹേന്ദ്രൻ അവിടെ പ്രത്യക്ഷപ്പെട്ടു.''

വേദസാഗരി നിർത്തി.

''ശരി.'' അശോകൻ പറഞ്ഞു. ''എന്നാലിതു മുമ്പേ നടത്താമായിരുന്നല്ലോ. മഹേന്ദ്രൻ പറയാൻ മടിച്ചു കാണും.''

വേദ ഒന്നും പറഞ്ഞില്ല.

''അമ്മ എന്തു പറഞ്ഞു? അവരറിഞ്ഞിട്ടുണ്ടോ?'' അശോകൻ അന്വേഷിച്ചു.

''അമ്മയ്ക്കു് പ്രഭയെ വളരെ പ്രിയമാണു്. അവക്കതിൽ സമ്മതക്കേടുണ്ടാവില്ല.''

''അപ്പോൾ, നല്ലൊരു സമ്മാനം കൊടുക്കാൻ കണ്ടുവെച്ചതിതാണല്ലേ?'' അശോകൻ ചിരിച്ചു. ''രാമപുവ്വത്തിൽനിന്നു മടങ്ങിവന്നാൽ നമുക്കു നല്ലൊരു സദസ്സിൽ വെച്ചു സമ്മാനിച്ചേക്കാം.''

രണ്ടു സന്തോഷവാൎത്തകളൊരുമിച്ചു് പ്രഭാവതിയെ അറിയിക്കുവാൻ വേദസാഗരിക്കു തിടുക്കമായി. രാമപുവ്വമൊന്നു സന്ദൎശിക്കുവാൻ അവൾക്കും ആഗ്രഹമുണ്ടെന്നു് വേദസാഗരിക്കറിയാമായിരുന്നു.

* * *

ചക്രവത്തിയുടെ സന്ദശ്നനം മുൻകൂട്ടി അറിയിക്കുവാൻ രാമപൂവ്വത്തിലേക്കു പക്ഷികളെ വിട്ടു. കാശി ആശ്രമാദ്ധ്യക്ഷനും മഹാസേനനും രുദ്രദേവൻെറ കൊട്ടാരത്തിലേക്കു വരുവാൻ ക്ഷണപത്രങ്ങളും അയച്ചു. മഹേന്ദ്രൻെറ മേൽനോട്ടത്തിൽ യാത്രോദ്യോഗങ്ങളെല്ലാം നാലഞ്ചുദിവസത്തിനകം പൂത്തിയായി. ആഡംബരങ്ങളൊന്നുമില്ലാതെ ചുരുങ്ങിയ പരിവാരത്തോടെയാണ് അവർ യാത്ര തിരിച്ചത്.

രാമപൂവ്വത്തിൽ ഗംഭീരമായ സ്വീകരണസന്നാഹങ്ങളോടെ എല്ലാവരും വിശിഷ്ടാതിഥികളെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. കൊട്ടാരഗോപുരത്തിന്ന് അരക്രോശമകലെവെച്ച് രുദ്രദേവൻ നൂറു കുതിരപ്പടയാളികളോടുകൂടി ചക്രവത്തിയെ സ്വീകരിച്ചു. ആ സമയത്തു ശംഖനാദവും വാദ്യഘോഷങ്ങളും മുഴങ്ങി. ഭടന്മാർ ഇരുവശത്തും നിരന്നുനിന്ന് ഒരേസമയത്ത് കുരമ്പുകൾ ആകാശത്തിലേക്കു തൊടുത്തുവിട്ടു. ജയശബ്ദങ്ങളാൽ അന്തരീക്ഷം മുഖരിതമായി.

മൗര്യചക്രവത്തിമാർ എഴുന്നെള്ളുമ്പോൾ താമസിക്കുവാൻ രാജഭവനത്തിന്നടുത്തുതന്നെ മററൊരു വിചിത്രമായ കൊട്ടാരമുണ്ട്. സ്ഫടികക്കൽത്തളങ്ങളോടുകൂടിയ ആ രമ്യഹമ്മ്യത്തിലേക്കു ചക്രവത്തി ആനയിക്കപ്പെട്ടു. ആഡംബരങ്ങളിൽ അശോകന്നു താല്പര്യമില്ലെന്ന് നല്ലതുപോലെ അറിയാമായിരുന്നതുകൊണ്ട്, രുദ്രദേവൻ കഴിയുന്നതും ലളിതമായ സജ്ജീകരണങ്ങളാണ് ഏപ്പെടുത്തിയിരുന്നത്. എങ്കിലും ചുററുപാടും കണ്ണോടിച്ച് അശോകൻ മഹേന്ദ്രനോടു മന്ത്രിച്ചു:

''പാരമ്പര്യം വലിയൊരു ശക്തിതന്നെ!''

മഹേന്ദ്രൻ പുഞ്ചിരിതൂകി.

പിറേറന്നു രാവിലെ പ്രിയദശി സഹോദരനെ കാണുവാൻ ചെന്നു. രാജഭവനത്തിന്ന് ഏതാണ്ടരക്രോശമകലെ ഒരു കുന്നിൻമുകളിലാണ് പ്രകാശിൻെറ കൊട്ടാരം. ധാരാളം മരങ്ങളിട്ടു തീത്ത ഒരു കുററൻ മന്ദിരം. ചുററുപാടുമുള്ള

ഉദ്യാനത്തിൽ പലതരത്തിലുള്ള പൂമരങ്ങളും വള്ളികളും ചെടികളും ജലയന്ത്രങ്ങളുമുണ്ട്.

അശോകൻ ചെല്ലുമ്പോഗ പ്രകാശ് മുകളിലത്തെ നിലയിലുള്ള വിശ്രമമുറിയിൽത്തന്നെയായിരുന്നു. പ്രകൃതിദൃശ്യങ്ങഗ വരച്ച ചിത്രഫലകങ്ങഗ നിറഞ്ഞ ചുവരുകളോടുകൂടിയ അതിവിശാലമായ ആ മുറിയിൽ ജനലിന്നരികിൽ നിന്നു്, അങ്ങകലെയുള്ള ഒരു നീച്ചാട്ടത്തിൻെറ സൗന്ദര്യമാസ്വദിക്കുകയായിരുന്നു അദ്ദേഹം. അശോകൻെറ സമാഗമമറിഞ്ഞു് പ്രകാശ് താഴേക്കിറങ്ങിവന്നു; സ്നേഹപൂർവ്വം അനുജനെ ആലിംഗനംചെയ്തു മുകളിലേക്കു കൊണ്ടുപോയി.

പ്രകാശ് വളരെ കൃത്യനിഷ്ഠയുള്ള ഒരേകാന്തജീവിതമാണു നയിച്ചിരുന്നതു്. പ്രഭാതത്തിൽ ഉദയത്തിന്നു മുമ്പേതന്നെ ഉണൎന്നേററു് ഉദ്യാനത്തിലെ പുൽത്തകിടിയിൽച്ചെന്നു തനിക്കു പഥ്യമായ ചില യോഗാസനങ്ങഗ പരിശീലിക്കും. അനന്തരം മുകളിലത്തെ ആ മുറിയിൽ സ്വല്പനേരം വിശ്രമിക്കും. കുളിയും തേവാരവും കഴിഞ്ഞാൽ ചിലദിവസങ്ങളിൽ കുതിരസ്സവാരിക്കു പോകാറുണ്ടു്.

പകൽ മുഴുവനും വല്ലതും വായിച്ചും ഉദ്യാനത്തിലെ വള്ളിക്കുടിലുകളിലും, കൊട്ടാരത്തിൻെറ താഴത്തെ നിലയിൽ പ്രതിമാശില്പങ്ങളലങ്കരിച്ച നീണ്ട ശാലയിലും വിശ്രമിച്ചും ഏറെയാരോടും സംസാരിക്കാതെ കഴിച്ചുകൂട്ടും. വൈകുന്നേരമായാൽ ദേവദാസൻനന്ന ഒരു പരിചാരകനെമാത്രം കൂട്ടി വനാന്തരാളത്തിലേക്കു കുതിരപ്പുറത്തു സക്കീട്ടുപോവും. രാത്രിയിൽ ഉറക്കം വരുവോളം മട്ടുപ്പാവിലിരുന്നു നക്ഷത്രങ്ങളോടും മന്ദമാരുതനോടും ഹൃദയസംവാദം നടത്തുകയാണു വിനോദം.

രുദ്രദേവനും പ്രധാനാമാത്യനും മാത്രമേ അദ്ദേഹത്തെ സന്ദശിക്കാറുള്ളു. മററാരും അദ്ദേഹത്തിൻെറ മുന്നിലേക്കു ചെല്ലുവാൻപോലും ധൈര്യപ്പെടാറില്ല.

കുശലപ്രശ്നങ്ങഗക്കുശേഷം പ്രകാശ് രാജ്യകാര്യങ്ങളെക്കുറിച്ചന്വേഷിച്ചു. നീതിമാത്രന്മാരുടെ പ്രവത്തനങ്ങളേയും നിയമസംഹിതകളുടെ പുതിയ ക്രോഡീകരണ

ത്തേയും മററു പല പരിഷ്കാരങ്ങളേയുംകുറിച്ചു രുദ്രദേവ ന്റിൽനിന്നു പ്രകാശ് മനസ്സിലാക്കിയിരുന്നു. പ്രിയദർശി യുടെ പുതിയ പദ്ധതികൾ അദ്ദേഹത്തിന്നു തികച്ചും പ്രിയ പ്പെട്ടു. അശോകൻ അവയെക്കുറിച്ചെല്ലാം വിശദമായി പറ ഞ്ഞുകേൾപ്പിക്കയും ഉപദേശമാരായുകയും ചെയ്തു.

''ഞങ്ങൾ ഇതു് അയൽ രാജ്യങ്ങളിലേക്കും വ്യാപി പ്പിക്കുവാൻ ശ്രമിച്ചുവരികയാണു്.'' അശോകൻ പറഞ്ഞു.

''അതാവശ്യംതന്നെ.'' പ്രകാശ് വ്യക്തമാക്കി.

''ഈശ്വരന്റെ ഭൂമിക്കു നാം അതിർത്തിയും വരമ്പു മിട്ടിട്ടുണ്ടെങ്കിലും ജീവനുള്ള മനുഷ്യർക്കു് അതിർവരമ്പുകളി ല്ലല്ലൊ. നമ്മുടെ സാമ്രാജ്യത്തിൽ ഒരു നല്ല ആദശം ആവി ഷ്കരിക്കാൻ നമുക്കു കഴിഞ്ഞാൽ അതു് അയൽപക്കത്തേക്കും നാം സമ്മാനിക്കേണ്ടതാണു്. അവരും ഈശ്വരന്റെ ഓമന കളല്ലേ? ഭൗതികമായ വസ്തുക്കൾക്കു് ആത്മീയതയുമുണ്ടെന്നു തീച്ച്.''

''പക്ഷേ, എല്ലാ അയൽക്കാരും അതു സ്വീകരിച്ചി ട്ടില്ല. കലിംഗം നമ്മുടെ ആളുകളെ ഉടനെ മടക്കി അയച്ചു കളഞ്ഞു. പ്രതിപുരുഷനെപ്പോലും അവരടുപ്പിക്കുന്നില്ല.''

''അതെന്താണു്?'' പ്രകാശ് അല്പമാശ്ചര്യപ്പെട്ടു. ''അതു മോശമായി! ശുദ്ധധർമ്മൻ ബോധമുള്ളവനാണെ ന്നാണല്ലൊ ഞാൻ ധരിച്ചിരുന്നതു്!''

''മൂന്നു തവണ ഞങ്ങൾ ശ്രമിച്ചുനോക്കി. നമുക്കു നിർബ്ബന്ധിക്കാൻ പററില്ലല്ലൊ. അതൊരു സ്വതന്ത്രരാജ്യ മല്ലേ?''

''ചോളവും സുവർണ്ണഭൂമിയും സ്വതന്ത്രരാജ്യങ്ങളല്ലേ? കഷ്ടം! ശുദ്ധധർമ്മൻ തെററിദ്ധരിച്ചുകാണും! ഒന്നുകൂടി ശ്രമി ച്ചുനോക്കു. അദ്ദേഹത്തിന്റെ പെരുമാററത്തിൽ ഞാൻ വളരെ വ്യസനിക്കുന്നു!''

അശോകൻ നിശ്ശബ്ദനായി. പ്രകാശ് അല്പനേരം കഴിഞ്ഞു് അന്വേഷിച്ചു:

''കുമാരനെ കൊണ്ടുവന്നിട്ടില്ലേ?''

''ഉവ്വു്. അവന്റെ അമ്മയും വന്നിട്ടുണ്ടു്. മഹേന്ദ്രനു മുണ്ടു്. ജ്യേഷ്ഠനേക്കാണാൻ അവരിങ്ങോട്ടു വരും.''

മഹേന്ദ്രൻെറ വിവാഹകാര്യത്തെക്കുറിച്ച് ഇപ്പോഠം പറഞ്ഞാലെന്താണ്? അല്ലെങ്കിൽ വരട്ടെ, രുദ്രദേവനും കൂടിയുള്ളപ്പോഠം പറകയാണ നല്ലതെന്ന് അശോകൻ തീരുമാനിച്ചു.

പവ്വതകനും മഹാസേനനും വന്നെത്തിക്കഴിഞ്ഞിരുന്നു. അവക്കു തങ്ങളുടെ പ്രവത്തനങ്ങളെക്കുറിച്ചു പല പുതിയ വിവരങ്ങളും ചക്രവത്തിയെ അറിയിക്കാനുമുണ്ടായിരുന്നു. പ്രകാശുമായി സംസാരിച്ച കാര്യത്തെപ്പററി രുദ്രദേവനും അവക്കും എന്താണഭിപ്രായമെന്ന് അറിയുവാനാണ് അശോകൻ അവരെ ക്ഷണിച്ചിരുന്നതു്. കലിംഗനെ എങ്ങനെ സമീപിക്കണമെന്നു നാലുപേരും ഗാഢമായി ചിന്തിച്ചു. മന്ത്രിമാരിൽ പലക്കും സേനാപതിമാക്കൊക്കെയും മുമ്പേയുള്ള ആശയം ചക്രവത്തിക്കു സ്വീകാര്യമായിരുന്നില്ല. അതിനാൽ രുദ്രദേവൻെറയും മഹാമാത്രന്മാരുടേയും യുക്തിപൂവ്വമായ ചിന്താഗതി അറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു.

പവ്വതകൻ മഹാസേനാപതിയുടെ അഭിപ്രായക്കാരനായിരുന്നു. ധമ്മപ്രവത്തനങ്ങളെ ചവിട്ടിമെതിക്കുവാനൊരുമ്പെടുന്ന രാജാവ് തീച്ചയായും ശിക്ഷയഹിക്കുന്നുവെന്നാണ് അദ്ദേഹം വാദിച്ചതു്. ഒരു ശ്രമംകൂടി പരാജയപ്പെടുന്നപക്ഷം ബലപ്രയോഗം ചെയ്യാമെന്നായിരുന്നു രുദ്രദേവൻെറയും മഹാസേനൻെറയും അഭിപ്രായം. മൂന്നുതവണ പരാജയപ്പെട്ട നിലയ്ക്കു് ഇനിയും കെഞ്ചുവാൻപോകുന്നതു് അനാവശ്യമാണെന്നു പവ്വതകൻ ഉറപ്പിച്ചു പറഞ്ഞു. ഏതായാലും ഒരു ഉറച്ച തീരുമാനത്തിലെത്തുവാൻ ചക്രവത്തിക്കു സാധിച്ചില്ല.

അതിഥികഠം ഒരാഴ്ചക്കാലമേ അവിടെ താമസിച്ചുള്ളു. ജ്യേഷ്ഠനോട് മഹേന്ദ്രൻെറ വിവാഹക്കാര്യത്തെക്കുറിച്ച് അശോകൻ സംസാരിച്ചു. പ്രകാശിനു് ആ ബന്ധം വളരെ പ്രിയപ്പെട്ടു. വിവാഹം ആത്മസാക്ഷികമാണെന്നും ഈശ്വരകൃതമാണെന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അഗ്നിയോ ബന്ധുക്കളോ മാലകളോ പട്ടുവസ്ത്രങ്ങളോ അല്ല, ഹൃദയവികാരങ്ങളാണ്. സ്ത്രീപുരുഷന്മാരെ

സഖികളാക്കുന്നതു്. പ്രകാശ് അപ്പോൾത്തന്നെ മഹേന്ദ്രനേയും പ്രഭാവതിയേയും അടുത്തുവിളിപ്പിച്ചു. ''ഇന്നു മുതൽ നീ എൻെറ അനുജത്തിയാണു്.'' പ്രകാശ് പ്രഭാവതിയുടെ ശിരസ്സിൽ കൈചേർത്തനുഗ്രഹിച്ചു. മഹേന്ദ്രനും ആശിസ്സുകളരുളി ആശ്ലേഷിച്ചു. പാരമ്പര്യക്രമമനുസരിക്കുവാൻ മാത്രം വിവാഹാഘോഷം മംഗളമായ മുഹൂർത്തത്തിൽ നടത്തിക്കൊള്ളുവാൻ അശോകനോടു പറകയുംചെയ്തു.

മഹേന്ദ്രനേക്കാളും പ്രഭാവതിയെക്കാളും അശോകനും വേദസാഗരിയുമാണു് ആ ബന്ധത്തിൽ ആനന്ദിച്ചതു്. നഗരത്തിൻെറ മോടികളും അരമനയുടെ ഗാംഭീര്യവും ഗ്രാമജീവിതത്തിൻെറ നിഷ്കളങ്കമായ ലാളിത്യത്തിൽ അലിഞ്ഞുചേൎന്നു് അപ്രത്യക്ഷമാവുകയാണല്ലൊ. ഭാവങ്ങളും പുറംപൂച്ചുകളും ആത്മാൎത്ഥതയ്ക്കു വഴിമാറിക്കൊടുക്കുന്നു!

പാടലീപുത്രത്തിൽ അമാത്യ മൂലദേവൻ സേനാപതിമാരുടെ മഹാസമ്മേളനത്തിന്നൊരുക്കങ്ങൾ ചെയ്യുകയായിരുന്നു. അശോകൻ്റെ കിരീടധാരണത്തിനുശേഷമുള്ള രണ്ടാമത്തെ സമ്മേളനമാണു് അതു്. സാമന്തരാജാക്കന്മാരേയും ക്ഷണിച്ചുകൊള്ളുവാൻ ചക്രവൎത്തി നിൎദ്ദേശിച്ചു. അവരെയെല്ലാം ഒരുമിച്ചു കണ്ടിട്ടു വൎഷം പലതായിരിക്കുന്നു. നീതിമാത്രന്മാരിൽ പ്രധാനികൾക്കും ക്ഷണപത്രികകൾ അയയ്ക്കപ്പെട്ടു.

* * *

സമ്മേളനം നാലുദിവസം നീണ്ടുനില്ക്കുകയുണ്ടായി. രണ്ടാമത്തെ ദിവസം മൂലദേവൻ കലിംഗത്തിലെ അപ്രതീക്ഷിതമായ സംഭവവികാസങ്ങൾ സഭയെ അറിയിച്ചു. പലൎക്കും അത്ഭുതവും ധാൎമ്മികരോഷവുമാണു് അതു കേട്ടപ്പോഴുണ്ടായതു്. സാമ്രാജ്യത്തിൻെറ അന്തസ്സിനും അഭിമാനത്തിനും കനത്ത ഒരടിയാണതെന്നു മഹാസേനാപതി ഉദ്ഘോഷിച്ചു. രാജാവിനെ ഒന്നുകൂടി ഉപദേശിക്കയാണു നല്ലതെന്നു ചിലൎക്കഭിപ്രായമുണ്ടായിരുന്നു. ഉപദേശിച്ചിട്ടു ഫലമില്ലെന്നും നീതിനടത്തുവാൻ ബലം പ്രയോഗിക്കുന്നതിൽ തെററില്ലെന്നും ഭൂരിപക്ഷം മന്ത്രിമാരും രാജാക്കന്മാരും സേനാപതിമാരും ഗബ്ബമുയൎത്തി.

മൂന്നാമത്തെദിവസം ചർച്ചകറം ഏറെനേരം നീണ്ടുനിന്നു. പവ്വതകനും രുദ്രദേവനൊഴിച്ചുള്ള രാജാക്കന്മാരും സേനാപതിമാരും വളരെ വീറോടെയാണു വാദിച്ചതു്. രുദ്രദേവനും മഹാസേനനനും യുദ്ധം കൂടാതെകഴിക്കുവാൻ ആഗ്രഹിച്ചു. മൂലദേവനും ആദ്യമാദ്യം അതേ അഭിപ്രായമാണുണ്ടായിരുന്നതെങ്കിലും, സാമ്രാജ്യത്തിൻെറ അന്തസ്സിനു കോട്ടംതട്ടുവാൻ ഇടയായെന്ന വാദഗതിയോടു പിന്നീടദ്ദേഹം യോജിച്ചുനിന്നു.

ആന്ധ്രയിലെ രാജാവു്, ഉടനെ സൈന്യത്തെ അയയ്ക്കണമെന്നു ചക്രവത്തിയോടഭ്യത്ഥിച്ചു. ‘‘കുപിനത്തെ നോക്കൂ!’’ ആദ്ദേഹം പറഞ്ഞു. ‘‘നാമൊരിക്കലും അവരെ ആക്രമിച്ചിട്ടില്ല. എന്നിട്ടും നമ്മുടെ സാമ്രാജ്യത്തിൻെറ ഒരു ഭാഗമെന്നപോലെ സ്നേഹത്തോടെ അവർ പെരുമാറുന്നു. നമ്മെ ആദരിക്കുന്നു. കലിംഗത്തിലെ ആ വിവരംകെട്ട ബോധശൂന്യനോ! ജീവിതത്തിൽ പകുതിയും നമ്മെ പേടിച്ചും സംശയിച്ചും കഴിച്ചുകൂട്ടി. കഴിഞ്ഞ ഇരുപതു കൊല്ലമായി യുദ്ധം പ്രതീക്ഷിച്ചുമാത്രം കാത്തിരിക്കയാണദ്ദേഹം. ആ പ്രതീക്ഷ വിഫലമാകാതെ കഴിച്ചാലും! അദ്ദേഹം നിരാശനാകേണ്ട! അത്രമാത്രം ദുരഭിമാനവും ഗവ്വംധിക്കാരവുമുള്ള അയൽക്കാരെ ഒരു പാഠം പഠിപ്പിക്കതന്നെ വേണം!’’

അശോകൻ നിശ്ശബ്ദനായി ഇരുന്നു. സദസ്സിൽ ഭൂരിപക്ഷവും, മൂലദേവൻപോലും, അതേ അഭിപ്രായക്കാരനാണു്. രുദ്രദേവനും ഏതാണ്ടൊന്നു് അവരോടു ചാഞ്ഞിട്ടുണ്ടോ എന്നു ചക്രവത്തിക്കു സംശയം തോന്നി. തൻെറ ചുണ്ടിൽനിന്നു് ഒരു വാക്കു വീഴുവാൻ കാത്തുനില്ക്കയാണവരെല്ലാം. ഏതായാലും ഒന്നുകൂടി ഗാഢമായി ചിന്തിച്ചു് അടുത്തദിവസം തീരുമാനമറിയിക്കാമെന്നു് അദ്ദേഹം തീർച്ചയാക്കി.

പതിവുള്ള സായന്തനസവാരിക്കു് അന്നദ്ദേഹം പോയില്ല. പല്യങ്കത്തിൽ ഒരേയിരുപ്പിലിരുന്നു ചിന്തയിൽ മുഴുകി. കേവലം യാന്ത്രികമായാണു ഭക്ഷണം കഴിച്ചതു്.

അദ്ദേഹത്തിൻെറ ഉല്ലാസമെല്ലാം എവിടെപ്പോയൊളിച്ചു വെന്നു വേദസാഗരി വ്യാകുലപ്പെട്ടു.

രാത്രിയുടെ നിശ്ശബ്ദമായ യാമങ്ങരം കടന്നുപോയി. എന്തുചെയ്തിട്ടും വ്യക്തമായ ഒരു തീരുമാനത്തിലെത്താൻ അശോകന്നു കഴിഞ്ഞില്ല. കുറേനേരം പല്യങ്കത്തിലിരിക്കും; പിന്നെ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കും. എന്താണു ഭത്താവിൻെറ ഹൃദയത്തെ മഥിക്കുന്നതെന്നു വേദ രണ്ടുമൂന്നു തവണ അന്വേഷിച്ചു. ഒരു നെടുവീപ്പല്ലാതെ ഉത്തരമൊന്നും ലഭിച്ചില്ല. ഏതാണ്ടു പുലരാൻകാലത്തു് അവരം വീണ്ടുമുണന്നുനോക്കി. അദ്ദേഹം ജനലിന്നടുത്തു് അപ്പോഴും ഇരിക്കുകയാണു്. വേദസാഗരി എഴുന്നേററു നിശ്ശബ്ദയായി അദ്ദേഹത്തിന്നടുത്തുചെന്നിരുന്നു.

അല്പം കഴിഞ്ഞു് അദ്ദേഹം മന്ത്രിച്ചു: ''ദാഹിക്കുന്നു.''

വേദസാഗരി അടുത്ത മുറിയിൽ കടന്നു വെള്ളിക്കൂജയിൽനിന്നു് ഒരുപാത്രം പാൽ പകൻു കൊണ്ടുവന്നു. അതു കുടിച്ചുകഴിഞ്ഞപ്പോരം വേദ ചോദിച്ചു: ''എന്താണുറങ്ങാത്തതു്? എന്താണങ്ങയെ വിഷമിപ്പിക്കുന്ന കാര്യം? എന്നോടു പറയില്ലേ?''

''പറയാം.'' ചക്രവത്തി എഴുന്നേററു പല്യങ്കത്തിൽ ചെന്നു കിടന്നു. ''നീ എന്നും വായിക്കാറുള്ള ആ പുസ്തകമെവിടെ?''

വേദ അടുത്ത മുറിയിൽക്കടന്നു പുസ്തകം എടുത്തുകൊണ്ടുവന്നു.

''അതിലേതെങ്കിലും ഭാഗം വായിക്കൂ.''

വേദസാഗരി വിളക്കിന്നരികിലിരുന്നു ഗ്രന്ഥം നിവത്തി വായന തുടങ്ങി. കിഷ്കിന്ധയിലെ രാജാവായിരുന്ന സൂര്യപുത്രനായ സുഗ്രീവൻെറ കഥയായിരുന്നു ആ ഭാഗം. വേദയുടെ മധുരവും സംഗീതാത്മകവുമായ ശബ്ദം ചക്രവത്തിയുടെ അന്തഃകരണത്തിലേക്കു കിനിഞ്ഞിറങ്ങി. ഞരമ്പുകളെ കുളിപ്പിച്ചു. അല്പനേരത്തിന്നുള്ളിൽ അദ്ദേഹം നിദ്രയിൽ വിലയിച്ചു.

പക്ഷികരം പാടുവാൻ തുടങ്ങിയിരുന്നു. വേദ വായന നിത്തി എഴുന്നേററു. ചുളിവീണ പട്ടുമെത്തയിൽ ചെരി

ഞ്ഞുകിടന്നു് അശോകൻ ഉറങ്ങിക്കഴിഞ്ഞിരുന്നു. അവരം നിശ്ശബ്ദമായ കാൽവെപ്പുകളോടെ ഗ്രന്ഥം അടുത്ത മുറിയിൽത്തന്നെ കൊണ്ടുപോയി വെച്ചു.

വളരെ വൈകിയാണു ചക്രവത്തി എഴുന്നേററതു്. ദിനകൃത്യങ്ങളെല്ലാം ഒരുവിധമവസാനിപ്പിച്ചു് അദ്ദേഹം മന്ത്രമണ്ഡപത്തിലേക്കു ചെന്നു. അവിടം ശൂന്യമായിരുന്നു. പ്രധാനസഭാശാലയിലാണു് സമ്മേളനം നടന്നിരുന്നതു്. എല്ലാവരും തന്നെക്കാത്തു് അക്ഷമരായി ഇരിക്കയാണെന്നദ്ദേഹത്തിന്നറിയാം.

''മൂലദേവനേയും മഹാസേനാപതിയേയും വിളിക്കൂ.'' ചക്രവത്തി പ്രതീഹാരിയോടു കല്പിച്ചു.

മൂലദേവനും സേനാപതിയും പ്രത്യക്ഷപ്പെട്ടപ്പോരം, അശോകൻ ക്ഷീണസ്വരത്തിൽ അവരോടു ചോദിച്ചു: ''ഏതായാലും, നിങ്ങളുടെ അഭിപ്രായം കലിംഗത്തിലേക്കു സേനയെ അയയ്ക്കണമെന്നല്ലേ?''

മൂലദേവൻ ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം പറഞ്ഞു: ''പ്രഭോ! പൊറുക്കാനാവാത്ത ധിക്കാരത്തിന്നു മറുപടി പറയേണ്ടതല്ലേ?''

''ശരി. എന്നാലങ്ങനെയാകട്ടെ.''

അശോകൻ എഴുന്നേററു. വീണ്ടുമൊന്നും ഉരിയാടാതെ സ്വന്തം മുറിയിലേക്കു നടന്നു.

## പതിന്നാല്

നേരം നല്ലപോലെ ഇരുട്ടിക്കഴിഞ്ഞു. മൗര്യസേനാപതി പ്രഭുവീരൻെറ മണിമന്ദിരത്തിന്നു മുന്നിൽ അക്ഷമനായി നില്ക്കയാണാ യുവാവു്. വളരെ സമയമായി വന്നിട്ടു്. സേനാപതിയെക്കാണുവാൻ ഇതുവരെ അനുവാദം ലഭിച്ചുകഴിഞ്ഞില്ല. അകത്തു പോയ കാവൽക്കാരൻ തിരിച്ചു വന്നതുമില്ല. എന്താണിത്ര താമസം? അയാരം കൈയിലിരുന്ന കനത്ത വടി വെറുതെ നിലത്തു കുത്തി ശബ്ദമുണ്ടാക്കി.

അല്പം കഴിഞ്ഞപ്പോഠം കാവൽക്കാരൻ തിരിച്ചുവന്നു് അറിയിച്ചു: "ചെല്ലൂ."

യുവാവു് ഉത്സാഹത്തോടെ പടികടന്നു. ഇരുവശത്തും പൂമരങ്ങഠം വെച്ചുപിടിപ്പിച്ച നടപ്പാതയിലൂടെ മന്ദിരത്തിൻെറ മുററത്തു ചെന്നു.

മുൻവശത്തെ വിശാലമായ ശാലയിൽ തൂക്കുവിളക്കിൻെറ ഉജ്ജ്വലമായ പ്രകാശം പരന്നൊഴുകുന്നു. മഹാസേനാപതി പ്രഭുവീരനും ഗജസൈന്യത്തലവനായ ഭരതനും അവിടെ സംസാരിച്ചുകൊണ്ടിരിക്കയാണു്. സമപ്രായക്കാരാണിരുവരും—ഏതാണ്ടു് അമ്പതു വയസ്സുണ്ടു്. നിരന്തരമായ വ്യായാമംമൂലം ഉറച്ച ശരീരമുള്ള രണ്ടു് ആജാനുബാഹുക്കഠം.

യുവാവിനെക്കണ്ടപ്പോഠം പ്രഭുവീരൻ ക്ഷണിച്ചു:

"വരൂ ലക്ഷ്മണാ!"

ലക്ഷ്മണൻ അകത്തുകയറി.

"ഇരിക്കൂ." പ്രഭുവീരൻ ഒരു പീഠം ചൂണ്ടിക്കാണിച്ചു.

യുവാവു് വടി വാതില്ക്കൽ ചാരി, കൈയിലിരുന്ന മൺകുജ സേനാപതിയുടെ മുമ്പിൽ കൊണ്ടുപോയി വെച്ചു. എന്നിട്ടു് ഏതാണ്ടു് ഒരു കുന്തപ്പാടകലെക്കിടന്ന ആ പീഠത്തിലിരുന്നു.

മൗര്യസാമ്രാജ്യത്തിന്നും കലിംഗത്തിന്നുമിടയിലെ അതിർത്തിവർഗ്ഗത്തിൻെറ തലവനായ ദേശഗിരിമന്നിയുടെ പുത്രനാണു് ലക്ഷ്മണമന്നി. ആ മലവർഗ്ഗക്കാർ ഇരുവശത്തെ രാജ്യങ്ങളോടും ഒരുപോലെയാണു പെരുമാറിയിരുന്നതു്. കാട്ടിൽ വേട്ടയാടിയും ചുരുക്കം ചില കൃഷിവിളവുകഠം ചെയ്തും തേൻ, മരുന്നുകഠം, ആനക്കൊമ്പു് തുടങ്ങിയ വന്യവിഭവങ്ങഠം രണ്ടു ദിക്കിലുമുള്ള പട്ടണങ്ങളിൽ വിററും അവർ ജീവിച്ചുപോന്നു. പലപ്പോഴും ആടുമാടുകളെ കട്ടുകൊണ്ടുപോവുകയും അവരുടെ ഒരു തൊഴിലായിരുന്നു. പാടലീപുത്രത്തിലേയും കലിംഗത്തിലേയും രാജപുരുഷന്മാരുമായി ദേശഗിരിമന്നി ഒരുപോലെ സൗഹൃദം പുലർത്തി.

സേനാപതി മൺകൂജയുടെ അടപ്പു തുറന്നു പരിശോധിച്ചു് ഭരതനോടഭിപ്രായപ്പെട്ടു: ''ഉഗ്രൻ!''

ഭൃത്യനെ വിളിച്ചു് അദ്ദേഹം മൂന്നു പാത്രങ്ങൾ കൊണ്ടുവരുവാൻ കല്പന നൽകി. അവൻ മൂന്നു വെള്ളിക്കപ്പുകൾ കൊണ്ടുവന്നു് ആ മൺകൂജയിൽനിന്നു് ഒരു ചുവന്ന ദ്രാവകം അവയിൽ പകൎന്നു് സേനാപതിയുടേയും ഭരതൻേറയും മുന്നിൽ വെച്ചു.

''ഉം.'' പ്രഭുവീരൻ ലക്ഷ്മണനെച്ചൂണ്ടി. ഭൃത്യൻ ഒരു വെള്ളിപ്പാത്രം ആ യുവാവിന്നു നീട്ടി.

പ്രഭുവീരൻ ഒരൊററ വലിക്കു് പാത്രം ശൂന്യമാക്കി. വീണ്ടും പകൎന്നു മുന്നിൽവെച്ചു.

''ലക്ഷ്മണാ! ഇതു കുടിക്കുമ്പോൾ നിങ്ങൾക്കൊക്കെ ദീൎഘായുസ്സു ഞാൻ നേരുന്നു!'' സേനാപതി പറഞ്ഞു. ''പക്ഷേ, നിങ്ങളിനിയും എത്രകാലം ജീവിക്കുമെന്നാണെനിക്കു സംശയം!''

''ഞങ്ങൾക്കാ സംശയമില്ല!'' ലക്ഷ്മണൻ പതുക്കെ ചിരിച്ചു.

''അടുത്തകാലത്തു വല്ല സാധുക്കളുടേയും ആടുകളെ കട്ടുകൊണ്ടുപോയിട്ടുണ്ടോ?''

''ഞങ്ങളങ്ങനെ കട്ടുനടക്കുന്ന വകയല്ല!'' ലക്ഷ്മണൻ മറുപടി നൽകി. ''ആടുമാടുകളുടെ ഉടമസ്ഥന്മാർ അവററയെ ശ്രദ്ധിക്കാറില്ല. അവയങ്ങനെ അങ്ങുമിങ്ങും വെറുതെ അലഞ്ഞു നടക്കും. അപ്പോൾ ഞങ്ങളവയെ പിടിച്ചുകൊണ്ടുപോയി വേണ്ടവിധം സംരക്ഷിക്കയാണു് ചെയ്യാറു്. അതാണോ കളവു്?''

പ്രഭുവീരൻ പാത്രമെടുത്തുയൎത്തി കുടിക്കാൻ ഭാവിക്കവേ ചോദിച്ചു:

''ആട്ടെ, എന്താണിങ്ങനെ പോന്നതു്?''

''താക്കോർ ദേശഗിരിമന്നി അദ്ദേഹത്തിൻെറ ശുഭാശംസകൾ അറിയിക്കുന്നു.'' ലക്ഷ്മണൻ പറഞ്ഞു. ''കൂടാതെ, കലിംഗരോടുള്ള യുദ്ധത്തിൽ ഞങ്ങളെന്തു സഹായമാണു ചെയ്യേണ്ടതെന്നും അന്വേഷിക്കുന്നു.''

പ്രഭുവീരൻ പാനീയമാസ്വദിച്ചുകൊണ്ടു് അല്പനേരം ലക്ഷ്മണനെത്തന്നെ നോക്കിയിരുന്നു.

''അപ്പോഠം യുദ്ധത്തെക്കുറിച്ചെല്ലാം ഞങ്ങഠം തീരുമാനിക്കുംമുമ്പേ നിങ്ങളറിഞ്ഞുകഴിഞ്ഞു! എവിടെയാണു ചാടിവീഴാൻ തക്കമെന്നു കാത്തിരിക്കയൊണല്ലേ? അതു ശരി. പക്ഷേ, നിങ്ങളുടെ സഹായമൊന്നും ഞങ്ങഠംക്കാവശ്യമില്ല. മാത്രമല്ല, നിങ്ങഠം മഹാ ഉപദ്രവകാരികളാണു്. കലിംഗത്തിലേക്കു ചെല്ലുംമുമ്പേ നിങ്ങളെയൊക്കെ ശരിപ്പെടുത്താനാണു് എൻെറ തീരുമാനം!''

''അതു കൊള്ളാം!'' ലക്ഷ്മണൻ ചിരിച്ചു. ''അച്ഛനതു സ്വാഗതംചെയ്യും. ഏതായാലും ഞാനദ്ദേഹത്തോടെന്തു മറുപടി അറിയിക്കണം?''

പ്രഭുവീരൻ ഉറപ്പിച്ചു പറഞ്ഞു: ''അദ്ദേഹത്തിൻെറ സഹായം ഞങ്ങഠംക്കാവശ്യമില്ല. കലിംഗനെ സഹായിച്ചുകൊള്ളാൻ ഞാൻ പറഞ്ഞെന്നു പറയൂ. ശുദ്ധധർമ്മനു് ഒരു ദിവസംകൂടി കൂടുതൽ ജീവിച്ചിരിക്കാമല്ലോ!''

''അതെങ്ങനെ?''

''ഒന്നാമത്തെ ദിവസം നിങ്ങളെയൊക്കെ വേട്ടയാടാൻ ഞങ്ങളവിടെ തങ്ങും. ഒരു കുഞ്ഞിനെപ്പോലും ബാക്കി വെച്ചേക്കില്ല, പറഞ്ഞേക്കാം. പിറേറന്നേ ശുദ്ധധർമ്മനെ നേരിടുന്നുള്ളൂ!''

ലക്ഷ്മണൻ ചിരിച്ചുകൊണ്ടു് മീശ തടവി. പ്രഭുവീരൻ ഒരു പാത്രം പാനീയംകൂടി ആയാഠംക്കു കൊടുക്കാൻ ഭൃത്യനോടു കല്പിച്ചു. ഭരതനും ഒരുപാത്രം പകന്നു് പതുക്കെ ആസ്വദിച്ചുകൊണ്ടിരുന്നു.

അല്പനേരം കഴിഞ്ഞു് ലക്ഷ്മണൻ ചോദിച്ചു:

''അപ്പോഠം, ഞങ്ങളും ശത്രുക്കളാണല്ലേ?''

''ദേശഗിരിമന്നി കലിംഗൻെറ വലിയ കൂട്ടാളിയാണെന്നു കേട്ടല്ലോ! രണ്ടു തോണിയിൽ നില്ക്കുന്നവൻ വെള്ളത്തിലാണു വീഴുക—അറിയാമോ?'' ഭരതൻ പറഞ്ഞു.

''ഓഹോ! അതാണോ! ഞങ്ങഠംക്കങ്ങനെ ആരോടും വിരോധമില്ല. രണ്ടു കൂട്ടരും വേണംതാനും.''

''അതു നടപ്പില്ല!'' പ്രഭുവീരൻ പൊട്ടിച്ചിരിച്ചു.

''രണ്ടു ദിക്കിലും കളവു നടത്തണമല്ലോ. അല്ലേ? അപ്പോരം രണ്ടുകൂട്ടരും വേണം. ഒന്നുകിൽ നിങ്ങരം കള്ളത്തരമവസാനിപ്പിച്ച് ആരോടെങ്കിലും ചേരണം. അല്ലെങ്കിൽ ഞങ്ങരം നിങ്ങളുടെ കള്ളത്തരമൊക്കെ ഇതോടെ അവസാനിപ്പിച്ചുകളയാം.''

''ഞങ്ങരംക്കു പേടിയുണ്ടെന്നു കരുതരുത്!'' ലക്ഷ്മണൻ നിവന്നിരുന്നു.

''ഹേയ്! ഒട്ടും ഭയപ്പെടരുത്.'' പ്രഭുവീരൻ പൊട്ടിച്ചിരിച്ചുകൊണ്ടു് പരിഹാസസ്വരത്തിൽ പറഞ്ഞു. ''കലിംഗനെ സഹായിക്കാൻ അച്ഛനോടു പറഞ്ഞേക്കു. ഞങ്ങരംക്കാരുടേയും സഹായം വേണമെന്നില്ല!''

ലക്ഷ്മണൻ എഴുന്നേററു യാത്രപറഞ്ഞു പിരിഞ്ഞു. അയാരം പടിക്കലെത്തിയപ്പോഴും പ്രഭുവീരൻെറ പൊട്ടിച്ചിരി ഉയന്നു കേരംക്കാമായിരുന്നു.

''ഞാനപ്പഴേ പറഞ്ഞു,'' അയാരം സ്വയം മന്ത്രിച്ചു. ''ഇതു പ്രഭുവീരനാണ്. ഓ! ഭയങ്കരൻ!''

ദേശഗിരിമന്നിയെ ശുദ്ധധമ്മൻ മൂന്നുവഷം മുമ്പേ സ്വാധീനിച്ചുവെച്ചിരുന്നു. കവിണിയിലും കൂരമ്പുപ്രയോഗത്തിലും അതിവിദഗ്ദ്ധന്മാരായ ആ കാട്ടുവഗ്ഗക്കാരുടെ സഹായം എന്നെങ്കിലും വേണ്ടിവരുമെന്നു് അദ്ദേഹത്തിന്നറിയാം. ഇപ്പോരം അതാവശ്യമായിവന്നു. ആക്രമണത്തെ ചെറുത്തുനില്ക്കുന്നതെങ്ങനെയെന്നു് ചച്ചചെയ്തുകൊണ്ടിരിക്കെ ദേശഗിരി അഭിപ്രായപ്പെട്ടു:

''പാടലീപുത്രത്തിൽ ചെന്നു് മൗര്യൻെറ സേനയിൽ ചേരാമെന്നു് ഞങ്ങരം പറയാം. ലക്ഷ്മണൻെറ കീഴിൽ കുറെപ്പേരെ അങ്ങോട്ടു വിട്ടാൽ പല നിലയ്ക്കും നേട്ടമുണ്ടു്.''

കുമാരദത്തൻ ആ അഭിപ്രായത്തെ പിന്താങ്ങി. ശുദ്ധധമ്മൻ ആലോചിച്ചുനോക്കി: ശരിയാണ്, ആ പദ്ധതി വിജയിക്കാൻ സാദ്ധ്യതയുണ്ടു്. ഓരോ നീക്കവും ഒരുക്കവും അപ്പപ്പോരം അറിയാമല്ലോ.

പാടലീപുത്രത്തെപ്പററി കൂടുതൽ പഠിച്ചുവെച്ചിരുന്ന ലക്ഷ്മണൻ, വിവരമറിഞ്ഞപ്പോരം അച്ഛനോടു പറഞ്ഞു:

''അവക്കു നമ്മളെ അറിയാം. പററുമോ എന്നു സംശയ മാണു്!''

ദേശ്ഗിരിമന്നിക്കു് ഒരു സംശയവും ഇല്ലായിരുന്നു. ശുദ്ധധമ്മനും ശുഭപ്രതീക്ഷയോടെ കാത്തിരുന്നു.

മൗര്യസേനയ്ക്കു് വലിയ ഒരുക്കങ്ങളൊന്നും ബദ്ധപ്പെടേണ്ടതില്ലായിരുന്നു. ഗജസൈന്യം വേണ്ടെന്നുവെച്ചു. കാലാളും കുതിരപ്പടയും കുറച്ചുമാത്രം രഥസൈന്യവുമാണു് കലിംഗത്തിലേക്കു നീങ്ങിയതു്. വില്ലും അമ്പും പരിചകളും കുന്തങ്ങളും വെട്ടിത്തിളങ്ങി. ഉത്സാഹം നിറഞ്ഞ കാൽവെപ്പുകളോടെ മനുഷ്യരും കുതിരകളും കുതികൊണ്ടു.

രണ്ടു വിഭാഗമായാണു് സേനയെ തിരിച്ചിരുന്നതു്. മഹേന്ദ്രൻെറ ആധിപത്യത്തിലാണു് ഒരു വിഭാഗം. മറേറ വിഭാഗത്തെ പ്രഭുവീരൻ നയിച്ചു. ചക്രവത്തിയും പള്ളിത്തേരിലേറി മഹേന്ദ്രനോടൊപ്പം ഉണ്ടായിരുന്നു.

മറുവശത്തു് സവ്വശക്തിയും സമാഹരിച്ചു് അതിഗംഭീരമായ സജ്ജീകരണങ്ങൾ നടന്നു. യുദ്ധാവശ്യങ്ങൾക്കായി രാജാവു് തല്ക്കാലത്തേക്കു് തോസാലിയിലേക്കു് തലസ്ഥാനം മാററി. ശുദ്ധധമ്മൻതന്നെ എല്ലാ സേനാവിഭാഗത്തേയും നയിച്ചുകൊണ്ടു് മുന്നിൽ നിന്നു. ഉപസേനാപതിമാക്കു് ഓരോരോ സ്ഥാനവും ആക്രമണസമ്പ്രദായവും അദ്ദേഹംതന്നെ നിദ്ദേശിച്ചുകൊടുത്തു. സേനയിൽ ചേരുന്നതിന്നു് ഒരുതരത്തിലും ആരേയും രാജാവു നിബ്ബന്ധിച്ചിരുന്നില്ല. എങ്കിലും പ്രജകളിൽ ഭൂരിഭാഗം യുവാക്കളും യുദ്ധസന്നദ്ധരായി സ്വയം മുന്നോട്ടുവന്നു. പാറിക്കളിക്കുന്ന കൊടിക്കൂറയ്ക്കു ദേശസ്നേഹവും രാജഭക്തിയും തുളുമ്പുന്ന ഒരു വൻപട അണിനിരന്നതുകണ്ടു് രാജാവു സംതൃപ്തനായി.

അതിത്തിക്കു് അരികെവെച്ചു്, ദേശഗിരിമന്നിയുടെ അപരിഷ്കൃതമെങ്കിലും അതിശക്തമായ സേനയോടു് പ്രഭുവീരൻ ഏററുമുട്ടി. മഹേന്ദ്രൻ മുന്നോട്ടു കുതിച്ചു. അല്പമപ്പുറത്തുതന്നെ ശുദ്ധധമ്മൻ കാത്തുനില്പായിരുന്നു. ഉദയസൂര്യൻെറ കിരണങ്ങൾതട്ടി വെട്ടിത്തിളങ്ങുന്ന ആയിരമായിരം പരിചകളും കുന്തങ്ങളും കണ്ടു് അശോകവദ്ധനൻ വിസ്മിതനായി. എല്ലാററിനും മുന്നിൽ, വീണ്ടും യുവത്വമാജ്ജിച്ച

തുപോലെ, ശ്രുദ്ധധർമ്മൻ ചുരമാന്തുന്ന കുതിരമേൽ വാളുരിപ്പിടിച്ച് ഇരിക്കുന്നു. ഇത്ര വലിയ സേനയോ ഇത്രയും ചെറിയൊരു രാജ്യത്ത്? അപ്പുറത്ത് നാടും നഗരവും ശൂന്യമായി കിടപ്പാണെന്ന് ചക്രവർത്തിക്കു തോന്നി.

അന്ന് സന്ധ്യയാവോളം പൊരുതിയിട്ടും ഒരിഞ്ചുപോലും മുന്നേറുവാൻ മൗര്യസേനയ്ക്കു കഴിഞ്ഞില്ല. അസാധാരണമായ വീര്യമാണ് കലിംഗപ്പട പ്രദർശിപ്പിച്ചത്. അസ്തമനത്തിന്നു് അല്പംമുമ്പുമാത്രം പ്രഭുവീരൻ വിജയിയായി എത്തിച്ചേർന്നു. അദ്ദേഹത്തിൻെറ സേനയും പ്രതീക്ഷിച്ചതിലേറെ എണ്ണം കുറഞ്ഞുപോയിരുന്നു.

ദിവസങ്ങൾ ഒന്നൊന്നായി കടന്നുപോയി. കാലാൾ കാലാളോടും കുതിരപ്പട കുതിരപ്പടയോടും, രഥികൾ രഥികളോടുമേറ്റുമുട്ടി. പോർവിളികളും ശംഖനാദങ്ങളും, വാൾ വീശുന്ന ചീററലും, മൂളിപ്പായുന്ന അമ്പുകളുടെ മുഴക്കങ്ങളും, കുതിരകളുടെ ഹേഷയും, ആർത്തനാദവുംകൊണ്ടു പകൽ മുഴുവനും അന്തരീക്ഷം ശബ്ദപൂർണ്ണമായി. കലിംഗരുടെ ധീരതയും യുദ്ധസാമർത്ഥ്യവും അത്ഭുതകരമെന്നു ചക്രവർത്തി പലപ്പോഴും പുകഴ്ത്തി. മൗര്യസേനയിൽ പകുതിയിലധികം പേരേയും അവർ കൊന്നൊടുക്കിക്കഴിഞ്ഞിരിക്കുന്നു. വളരെയൊന്നും മുന്നേറുവാൻ തങ്ങൾക്കു കഴിഞ്ഞിട്ടില്ല. ശ്രുദ്ധധർമ്മൻെറ ഗർജ്ജനങ്ങൾ യുദ്ധഭൂമിയിൽ മുഴുവനും മാറ്റൊലിക്കൊണ്ടുയരുന്നുകേട്ടു.

പാടലീപുത്രത്തിൽനിന്നു് ഒരു വിഭാഗം കുതിരപ്പടകൂടി വന്നുചേർന്നു. ചക്രവർത്തിയും മുന്നണിയിൽത്തന്നെ നിന്നു് മഹേന്ദ്രനോടൊപ്പം പോരാടുവാൻ തുനിഞ്ഞു. അതോടെ യുദ്ധത്തിൻെറ ഭീകരത വർദ്ധിച്ചു. കലിംഗത്തിലെ പടത്തലവന്മാർ മിക്കപേരും കൊല്ലപ്പെട്ടു. ശ്രുദ്ധധർമ്മനോടെതിർക്കുവാൻ യുവാക്കളിൽ പലരും കൊതിച്ചുവെങ്കിലും, അദ്ദേഹത്തിൻെറ ചുററും നിന്ന കാവൽപ്പടയുടെ നിര ഭേദിക്കുക എളുപ്പമല്ലായിരുന്നു. ഒടുവിൽ പ്രഭുവീരൻ രാജാവുമായേറ്റുമുട്ടി ഒരു നിമിഷം!—സേനാപതിയുടെ നീണ്ടു തിളങ്ങുന്ന കുന്തം അദ്ദേഹത്തിൻെറ മാറിടത്തിൽ ആഞ്ഞുതറച്ചു!....

പൊട്ടന്നനെ, ദിഗന്തങ്ങരം ഭേദിക്കമാറു് ശംഖനാദവും ഭെപരുമ്പറകളും മുഴങ്ങി. ''ജയ ജയ പ്രിയദശി അശോകമഹാരാജ്!'' ''ജയ ജയ ദേവാനാം പ്രിയഃ'' എന്നിങ്ങനെ നൂറു നൂറു കണ്ഠങ്ങളിൽനിന്നുയന്ന വിജയഘോഷങ്ങരം മാറെറാലിക്കൊണ്ടു.

യുദ്ധം അല്പനേരംകൂടി മാത്രമേ നീണ്ടുനിന്നുള്ളു. കലിംഗപ്പട നാമാവശേഷമായി. മൗര്യചക്രവത്തിയുടെ വിജയപതാക ഉയന്നു പാറിക്കളിച്ചു. ഓടിപ്പോയവരെയൊന്നും പിടിച്ചുകെട്ടുവാൻ ആരും മുതിന്നില്ല. പ്രഭുവീരൻെറ പിന്നാലെ മൗര്യസേനയിൽ ഭൂരിഭാഗവും തോസാലിയെ ലക്ഷ്യമാക്കി നിബ്ബാധം കുതിച്ചുപാഞ്ഞു.

പടിഞ്ഞാറൻചക്രവാളത്തിൽ രക്തംപുരണ്ട മേഘശകലങ്ങരം കുന്നുകൂടുകയാണു്. ഉജ്ജ്വലപ്രകാശമായ കിരണങ്ങളെല്ലാമൊതുക്കി, അവയ്ക്കിടയിലൂടെ ചുവന്നുതുടുത്ത സൂര്യൻ താണിറങ്ങിക്കൊണ്ടിരുന്നു. കുളിരുള്ള ഒരിളങ്കാറ്റു് എങ്ങുനിന്നോ കടന്നുവന്നു.

അശോകൻ ചുററുംനോക്കി. അതെ, എല്ലാം അവസാനിച്ചിരിക്കുന്നു. മൗര്യചക്രവത്തിയുടെ അഭിമാനവും പ്രതാപവും ഭദ്രമായി സംരക്ഷിക്കപ്പെട്ടുകഴിഞ്ഞു.

രഥം മുന്നോട്ടു നീങ്ങി. നോക്കിയാൽ നോക്കെത്തുന്ന ദിക്കു മുഴുവനും തലങ്ങും വിലങ്ങും ചത്തും ചാവാറായും കിടക്കുന്ന മനുഷ്യശരീരങ്ങരം! ചോരയിൽ കുതിന്ന തലകളും, കബന്ധങ്ങളും, നുറുങ്ങിച്ചതഞ്ഞു വേർപെട്ടു കിടക്കുന്ന കൈകളും കാലുകളും! അസഹ്യമായ വേദനയാൽ പുളഞ്ഞു, പല്ലിളിച്ചു്, വാപൊളിച്ചു്, ഞരങ്ങുന്ന മനുഷ്യരൂപങ്ങരം! പച്ചമാംസത്തിൻെറയും ചോരയുടെയും രൂക്ഷമായ ഗന്ധം! കുടലുകരം വെളിയിൽച്ചാടിയും തലകരം തകന്നും, മാറിടം ഞെരിഞ്ഞമന്നും, എല്ലുകരം പുറത്തേക്കുന്തിയും കണ്ണുകരം തുറിച്ചും!....

ചക്രവത്തി അസ്വാസ്ഥനായി. മുന്നിലും പിന്നിലും ഇടത്തും വലത്തും, തിരിഞ്ഞാൽ തിരിഞ്ഞേടത്തെല്ലാം ചിതറിയ മജ്ജയും മാംസവും ചോരയുംതന്നെ! ഭീകരവും ജുഗുപ്സാവഹവുമായ കാഴ്ച!....

എന്തിനു്? എന്തിനുവേണ്ടിയായിരുന്നു ഇതെല്ലാം? മൗര്യസിംഹാസനത്തിൻെറ അഭിമാനവും പ്രതാപവും കാത്തു സംരക്ഷിക്കുവാൻ!

അഭിമാനവും പ്രതാപവും!...ആയിരക്കണക്കിനു മനുഷ്യജീവികളുടെ ചോരയിൽ കുളിച്ചെഴുന്നേററ അഭിമാനവും പ്രതാപവും!....

അശോകൻെറ ശിരസ്സിന്നുള്ളിൽ കൊള്ളിമീനുകഠം മിന്നി. എന്തിനെച്ചൊല്ലിയായിരുന്നു ഈ അഭിമാനവും പ്രതാപവും! പാരമ്പര്യവും സാമ്രാജ്യാഭിമാനവും ആജ്ഞാശക്തിയും ലംഘിക്കപ്പെടുവാനുള്ള കാരണമെന്തായിരുന്നു?

ധർമ്മം! നീതിയും ധർമ്മവും പുലത്തുവാനും പ്രചരിപ്പിക്കുവാനുമുള്ള വെമ്പൽ! എന്നിട്ടു നീതിയും ധർമ്മവും എവിടെ? പാവപ്പെട്ട കൃഷിക്കാരനും തൊഴിലാളനുമടങ്ങിയ ഒരു രാജ്യത്തിൻെറ നാഡിയും ഞരമ്പുമിതാ തകൻനുകിടക്കുന്നു! ചോരയിൽ, ജീവനും ചൂടുമുററ ചോരയിൽ കുഴഞ്ഞു്.

ആരാണിതിനുത്തരവാദി? ഈ മഹാപാപത്തിനു്? ഈ കൂട്ടക്കൊലയ്ക്കു്? ഈ കുരുതിതപ്പ്ണത്തിന്നു്?

പെട്ടെന്നു് തേരുരുളുകഠംക്കിടയിൽ ഞരക്കം! കിടുക്കം!....അശോകൻ താഴേക്കു നോക്കി. ശവങ്ങഠം! ജിവച്ഛവങ്ങഠം! അവയ്ക്കിടയിലൂടെ, അവയുടെ നെഞ്ചിലും കഴുത്തിലും ചവിട്ടിച്ചവിട്ടി കുതിരകഠം നീങ്ങുന്നു; ചക്രങ്ങഠം ഉരുളുന്നു!

''നിർത്തു....!'' ചക്രവത്തി ഉറക്കെ വിളിച്ചുപറഞ്ഞു: ''നിർത്തു....! നിർത്തു!...''

സാരഥി ഞെട്ടിത്തരിച്ചു. രഥം നിന്നു. അശോകൻ ഒരു ചാട്ടത്തിന്നു നിലത്തിറങ്ങി. ചോര! ചോരക്കുഴമ്പിലാണു നില്ക്കുന്നതു്. ചളികെട്ടിയ കട്ടച്ചോര പാദരക്ഷകളിൽ കരിഞ്ചുമപ്പു പുരട്ടുന്നു! തൊട്ടു മുന്നിലതാ തേർച്ചക്രങ്ങഠംക്കിടിയിൽ ഞെരിഞ്ഞമന്ന കൈത്തലം! അതിൻെറ ഉടമസ്ഥൻ അപ്പുറത്തുകിടന്നു് ഒരു തുള്ളി വെള്ളത്തിന്നു വാപൊളിക്കുകയാണു്! തുറിച്ചുനില്ക്കുന്ന ആ കണ്ണുകഠം തൻെറ മുഖത്തേക്കു നീളുന്നതു ചക്രവത്തി കണ്ടു.

അപ്പുറത്തും അതിന്നപ്പുറത്തും ചുററിലും മുഴവനും ആയി

രമായിരം തുറുകണ്ണുകഠം തൻെറ നേരെ, തൻെറനേരെ മാത്രം തുറിച്ചുനില്ക്കുകയാണ്!

"....ഇതാണോ ധമ്മരക്ഷണം? ഇതാണോ നീതിയുടെ പ്രചരണം? ഇതാണോ സാമ്രാജ്യാഭിമാനത്തിൻെറ സംരക്ഷണം!...''

''ഹാ!'' അശോകൻ തേർ കടന്നുപിടിച്ചു. ധമനികഠം പൊട്ടിത്തകന്നു രക്തം ശിരസ്സിലടിച്ചുകയറുന്നതായ് അദ്ദേഹത്തിന്നു തോന്നി. ഹൃദയം നുറുങ്ങി നൂറായിത്തീരുന്നു!...

ഒരു ചാട്ടത്തിനു് ചക്രവത്തി വീണ്ടും തേരിൽക്കയറി. വെള്ളിത്തൂണിൽ മുറുകെപ്പിടിച്ചു തലയമത്തി ഗജ്ജിച്ചു: ''വിട്ടു!''

ഒരു കുലുക്കത്തോടെ തേർ മുന്നോട്ടു കുതിച്ചു. ''വേഗം!'' അദ്ദേഹം ആവേശഭരിതനായിരുന്നു. ആയിരമായിരം മിന്നൽപ്പിണരുകഠം, ഇടിനാദങ്ങഠം തലച്ചോറിലൂടെ കടന്നുപോകുന്നു!....ശവങ്ങഠംക്കു മുകളിലൂടെയുള്ള ജൈത്രയാത്ര! രക്തത്തുള്ളികളും മാംസക്കഷണങ്ങളും ഉരുളുകഠംക്കടിയിൽനിന്നു തെറിച്ചുചാടുന്ന ജൈത്രയാത്ര!

കുതിരകഠം കുതിച്ചുപാഞ്ഞു. അശോകൻ കണ്ണുകഠം ഇറുക്കെച്ചിമ്മി, പല്ലുകഠം ഞെരിച്ചു്, തൂണു് രണ്ടു കൈകൊണ്ടും മുറുകെ പിടിച്ചുകൊണ്ടിരുന്നു.

രഥം നില്പായി.

''പ്രഭോ! വിജയിച്ചാലും!'' സാരഥിയുടെ ശബ്ദം. ചക്രവത്തി കൺമിഴിച്ചു. ഒന്നും കാണുന്നില്ല. ഇരുഠം! കൂരിരുഠം! അല്ല, രക്തം കട്ടപിടിച്ച കഴുത്തുകഠം. ഞെരിഞ്ഞമന്ന വാരിയെല്ലുകഠം പുറത്തു ചാടിയ മാറിടങ്ങഠം. നീണ്ടുകിടക്കുന്ന നാക്കുകഠം. ചുവന്ന പല്ലുകഠം. തീക്കട്ടപോലെ തോന്നിക്കുന്ന തുറുകണ്ണുകഠം! ധമ്മത്തിന്നും നീതിക്കും ദുരഭിമാനത്തിന്നുംവേണ്ടി ബലിയപ്പിക്കപ്പെട്ട മനുഷ്യസോദരങ്ങഠം!

നിമിഷങ്ങഠം നീങ്ങി.

''ജയ ജയ പ്രിയദശി അശോക്മഹാരാജ്!''

''ജയ ജയ ദേവാനാം പ്രിയഃ!''

നൂറുനൂറു കണ്ഠങ്ങളിൽനിന്നു ജയഘോഷങ്ങൾ മുഴങ്ങുകയാണ്—കൂടാരത്തിന്നു മുന്നിൽ, രക്തപ്പുഴയ്ക്കപ്പുറത്തു്.

തേരിൽനിന്നു് ഇറങ്ങുകയോ ചാടുകയോ വീഴുകയോ ഉണ്ടായതെന്നു ചക്രവർത്തിക്കോർമ്മയില്ലായിരുന്നു. തിരിഞ്ഞുനോക്കിയപ്പോൾ, അതാ, മുന്നിൽ അകലെയായി അസ്തമനസൂര്യന്റെ ചരമരശ്മികൾ തട്ടി കൂടുതൽ തുടുത്തുപോയ പടനിലം! ധർമ്മരക്ഷണത്തിന്റെ കുരുതിക്കളം! അഭിമാനത്തിന്റെ ബലിപീഠം!

ഈ മഹാപാപത്തിന്നു് ആരു മാപ്പുതരും? മാപ്പ്...! ഈ കൊടുംകൊലയ്ക്കു മാപ്പോ?

ചക്രവർത്തി കൈകൾ നീട്ടി. ഒരു മിന്നൽ. വലംകൈയിൽ വെട്ടിത്തിളങ്ങുന്ന പടവാൾ. കുത്തുവളഞ്ഞ മുനയും മൂർച്ചയേറിയ വായ്ത്തലയും. രക്തപങ്കിലമായ ഉടവാൾ. ശാന്തിയും സമൃദ്ധിയും പുലർന്നുപോന്ന ഒരു കൊച്ചുരാജ്യത്തിന്റെ ഹൃദയരക്തത്തിൽ കുളിച്ച വാളാണിതു്! ധർമ്മത്തിന്നുവേണ്ടി കൊടിയ അധർമ്മമാചരിച്ച രാജകീയമായ ആയുധം. ഇതുകൊണ്ടാണു് നൂറുനൂറു തലകൾ, നൂറുനൂറു കുടലുകൾ അററുചാടിയതു്!

അശോകൻ നടുങ്ങിപ്പോയി! പൊടുന്നനെ, ഉള്ള ശക്തിയെല്ലാം സംഭരിച്ചു് അദ്ദേഹം മുന്നോട്ടാഞ്ഞു. ആ ക്രൂരമായ ആയുധം ആഞ്ഞു ചുഴററി അന്തരീക്ഷത്തിലേക്കെറിഞ്ഞു. നിസ്തബ്ധമായ പരിസരത്തിലെങ്ങോനിന്നു് ഒരു കിങ്കിലരവം ഉയർന്നു!...

★

Kollayam
Public libra

Kollayam

"Public library"

Very good
Novel

KOTTAYAM PUBLIC LIBRARY
KOTTAYA

Cl. No MFB Acc. No 29132

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 19 MAY 1981 | 8 JUL 1991 | |
| 10 JUN 1981 | 19 AUG 1991 | |
| 15 AUG 1981 | | |
| 26 AUG 1981 | | |
| 30 DEC 1981 | | |
| 29 MAR 1982 | | |
| 20 MAY 1982 | | |
| 16 AUG 1982 | | |
| 27 SEP 1982 | | |
| 24 AUG 1983 | | |
| 3 DEC 1983 | | |
| 20 JUN 1984 | | |

MF3 29132

അച്യുതനുണ്ണി ചാത്തനാത്ത്

ദേവാനാംപ്രിയ.